


# പരിശുദ്ധകുർബാന

റവ. ഡോ. ജോസഫ് വട്ടക്കളം

# പരിശുദ്ധകുർബാന

റവ. ഡോ. ജോസഫ് വട്ടക്കളം

മെറിറ്റ് ബുക്സ്, എറണാകുളം

**PARISHUDHA KURBANA**
Malayalam

**Rev. Dr. Joseph Vattakalam**

Published by &
Copyright to the author

Distribution :

Merit Books
P.B. No. 2050, Ernakulam-18
E-mail : meritbooks@rediffmail.com
Ph: 0484 - 3257115

Layout & Printing

SR Graphics
Mass Tower, Viaskara
Kottayam - 39, Kerala, India
Tel: +91 481 2301142

Price : ₹ 80/-

# സമർപ്പണം

പൗരോഹിത്യമെന്ന ദിവ്യദാനം നൽകി
അയോഗ്യനായ എന്നെ കഴിഞ്ഞ
40 വർഷം ഉള്ളംകൈയ്യിൽ കാത്തുപരിപാലിച്ച
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
ത്രീയേക ദൈവത്തിന്റെ നിത്യസ്തുതിക്കും
മഹത്ത്വത്തിനും എന്റെ പൗരോഹിത്യത്തിനു
മധ്യസ്ഥയായ എന്റെ സ്വർഗ്ഗീയ അമ്മയുടെ
സവിശേഷ ബഹുമാനത്തിനും...

## ഗ്രന്ഥകാരനെപ്പറ്റി

സെന്റ് ബർക്കുമാൻസ് കോളജ് ചങ്ങനാശ്ശേരി, മാർ അത്തനേഷ്യസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് , തിരുവല്ലാ, മലങ്കര കത്തോലിക് കോളജ്, കന്യാകുമാരി, കന്യാകുമാരി കമ്മ്യൂണിറ്റി കോളജ് (രണ്ടും മാർത്താണ്ഡം രൂപതയുടെ കോളജുകൾ) ഇവയുടെ പ്രിൻസിപ്പൽ സ്ഥാനം അലങ്കരിച്ചിട്ടുള്ള വട്ടക്കളത്തിലച്ചൻ ടാഗോറിന്റെ ഗീതാഞ്ജലിയിലെ മിസ്റ്റിസിസം എന്ന വിഷയത്തിൽ പി. എച്ച്. ഡി.യും കരസ്ഥമാക്കിയിട്ടുണ്ട്. ഗ്രന്ഥകാരൻ. വാഗ്മി, ധ്യാനപ്രസംഗകൻ, കൺവൻഷൻ പ്രഭാഷകൻ, പ്രഗത്ഭനായ പ്രൊഫസ്സർ എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന വട്ടക്കളത്തിലച്ചൻ സെന്റ് ബർക്കുമാൻസിൽ ഇംഗ്ലീഷ് പ്രൊഫസ്സറുമായിരുന്നു. ദീർഘകാലം ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോണിന്റെ ചെയർമാനായിരുന്ന അദ്ദേഹം നിരവധി കൺവൻഷനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷമായി അച്ചൻ കുന്നന്താനത്തുള്ള 'ദൈവപരിപാലനയുടെ ചെറിയ ദാസികൾ' എന്ന സന്ന്യാസിനീ സമൂഹത്തിന്റെ ജനറലേറ്റിൽ ആധ്യാത്മിക നിയന്താവായി സസന്തോഷം സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിനു 'ജീവിക്കുക വിശുദ്ധ കുർബാനയാണ്.'

'സ്നേഹത്തിന്റെ കഥ', 'പ്രേമസംഗീതം', 'ആ മനുഷ്യസ്നേഹി', 'ആശ്വാസപ്രദൻ', 'സ്നേഹപ്രവാഹം', 'സ്നേഹലാളനം', 'സ്നേഹതാത', 'സ്നേഹവചനം', 'സങ്കീർത്തന സംക്ഷേപം', 'ഈശോയുടെ സ്വന്തം', 'മിസ്റ്റിസിസം ഇൻ ഗീതാഞ്ജലി', 'ലിറ്ററി ക്രിട്ടിസിസം', സ്പോക്കൺ ഇംഗ്ലീഷ്, തുടങ്ങിയവ ബഹുമാനപ്പെട്ട വട്ടക്കളത്തിലച്ചന്റെ ഇതരകൃതികളാണ്.

# ഗ്രന്ഥരചനയെക്കുറിച്ച്

തിരിച്ചറിവായ കാലം മുതൽ വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കാനുള്ള അനുഗ്രഹം നല്ലവനായ ദൈവം കനിഞ്ഞു നൽകിയതിനു സീമാതീതമായ നന്ദിയാണ് ഈ എളിയ ഹൃദയത്തിനുള്ളത്. വളരെ ചെറുപ്പത്തിലേ തന്നെ അൾത്താരബാലനാകുവാനും അഖിലേശ്വരൻ കൃപ തന്നു. കുറച്ചുകൂടെ പ്രായമായപ്പോൾ ഓരോ കുർബാനയും പുത്തൻ കുർബാനയാണെന്ന ഒരു അവബോധം നൽകി അനുഗ്രഹിച്ചു. കരുണാമയനായ കർത്താവ് എനിക്കു തന്ന ഏറ്റം വലിയ ദാനമാണു പൗരോഹിത്യം. ഇതിനു പരിശുദ്ധ അമ്മ പ്രത്യേക മദ്ധ്യസ്ഥയായിരുന്നു.

പുരോഹിതനായതിനുശേഷം ഓരോ കുർബാനയും പുത്തൻ കുർബാനയാണെന്ന സത്യം ഉൾക്കൊണ്ട്, ഈ അവബോധത്തിൽ, ബലിയർപ്പിക്കാനാണു, തീർത്തും അയോഗ്യനായ ഞാൻ, പരിശ്രമിച്ചിട്ടുള്ളത്. എന്റെ സാരസർവ്വസ്വവുമായ പരിശുദ്ധകുർബാനയെക്കുറിച്ച് എന്റെ സഹോദരങ്ങൾക്കുവേണ്ടി എന്തെങ്കിലും കുറിക്കണമെന്നു ചിന്തിച്ചു തുടങ്ങിയിട്ട് വർഷങ്ങളായി. ഏതാണ്ട് എട്ടുകൊല്ലം മുമ്പ് മലബാറിലെ ഏതോ ഒരു പ്രാർത്ഥനാ ഗ്രൂപ്പിലുള്ള ആരോ (അവർക്ക് എന്നെയും എനിക്ക് അവരെയും അറിഞ്ഞുകൂടാ) ഇങ്ങനെയൊരു സന്ദേശം എന്റെ സഹോദരൻ ഏലംകുന്നം സണ്ണി വഴി കൊടുത്തുവിട്ടതുമാണ്. അഭിലാഷം സഫലമാകുന്നത്, സന്ദേശം നിറവേറുന്നത്, ഇപ്പോഴാണ്. ദൈവത്തിന്റെ സമയം നിർണ്ണായകമാണ്. ദൈവമേ, നന്ദി.

ഈ സമയത്ത് ഈ ഗ്രന്ഥം പ്രസാധനം ചെയ്യുന്നതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. സ്നേഹസ്വരൂപ

നായ ദൈവം തന്റെ തിരുക്കുമാരന്റെ പൗരോഹിത്യത്തിൽ എളിയവനായ എന്നെ പങ്കാളിയാക്കിയിട്ട് ഈ ഡിസംബർ 18 –ന് 40 വർഷം പൂർത്തിയാകുകയാണ്. ദൈവത്തിന്റെ അനന്തപരിപാലനയ്ക്കു നന്ദി! ദൈവമേ, നന്ദി!

**ഈ ഗ്രന്ഥരചനയിൽ എനിക്കുള്ള ലക്ഷ്യങ്ങൾ**

1. ദൈവമഹത്ത്വം
2. എന്റെ സഹോദരങ്ങൾ പരിശുദ്ധ കുർബാനയുടെ വലിയ ഭക്തരാകുക.
3. ഏവരും പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ക്രിസ്തീയജീവിതം ജീവിതം നയിക്കുക.
4. ബലിയും വിരുന്നും കൂദാശയുമായി പരിശുദ്ധ കുർബാനയെ ആഴമായി, വൈയക്തികമായി മനസ്സിലാക്കുക.
5. സാധിക്കുന്നിടത്തോളം എല്ലാവരും എന്നും ബലിയർപ്പിക്കുന്നവരാകുക.
6. ബലിയർപ്പിക്കുമ്പോഴൊക്കെ ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുന്നവരാകുക.
7. ഈശോയുമായി ഐക്യപ്പെടുക.
8. അങ്ങനെ പരിശുദ്ധത്രിത്വമായി ഐക്യപ്പെട്ട്, വിശുദ്ധ കുർബാന ജീവിക്കുന്നവരാകുക.

# ഉള്ളടക്കം


| | | |
|---|---|---|
| | ഉപക്രമം | 9 |
| 1. | സഭാപിതാക്കന്മാരുടെ പ്രബോധനം | 21 |
| 2. | പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമന്റെ പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള പ്രബോധനങ്ങൾ | 34 |
| 3. | എവുക്കരിസ്തിയാ (EUCHARISTIA) | 45 |
| 4. | പരിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രം: ബലിയും വിരുന്നും കൂദാശയും | 57 |
| 5. | ബലി പുതിയനിയമത്തിൽ | 69 |
| 6. | ദൈവത്തെ പ്രീതിപ്പെടുത്തുക | 77 |
| 7. | സീറോ മലബാർ സഭയുടെ കുർബാന ഒറ്റനോട്ടത്തിൽ | 87 |
| 8. | വിശദാംശങ്ങളിലേക്ക് | 94 |
| 9. | ഉത്ഥാനഗീതം | 101 |
| 10. | ദിവ്യരഹസ്യഗീതം | 107 |
| 11. | അനാഫൊറ | 111 |
| 12. | ത്രിത്വത്തിന്റെ മഹത്ത്വത്തിനും സമൂഹത്തിന്റെ നന്മയ്ക്കും | 117 |
| 13. | THE HIGH POINT | 121 |
| 14. | റൂഹാക്ഷണപ്രാർത്ഥന | 125 |
| 15. | നിത്യജീവന്റെ അപ്പം | 129 |
| 16. | കർത്താവിന്റെ സമാധാനം | 132 |
| 17. | മഹത്തമം | 138 |
| 18. | കർത്താവിന്റെ കാരുണ്യം വലുത് | 141 |
| | ഉപസംഹാരം | 145 |

# ഉപക്രമം

ചൈനയിൽ കടുത്ത മതപീഡനം നടന്ന ഒരു കാലം. പീഡനം അതിന്റെ മൂർദ്ധന്യത്തിലെത്തിയിരുന്ന ഒരു ഗ്രാമത്തിന്റെ അരുമമകളായിരുന്നു, ഫ്രാൻസെസ്ക്കാ. പന്ത്രണ്ടു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ പെൺകുട്ടി പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ പ്രത്യേക ഭക്തയായിരുന്നു. ഫ്രാൻസെസ്ക്കായും കുടുംബവും മാത്രമല്ല, അവിടെയുള്ള മറ്റ് ഒട്ടനവധി കുടുംബങ്ങളും അതീവ തീക്ഷ്ണമതികളായ കത്തോലിക്കരായിരുന്നു. അവർക്കു ദിവ്യബലിയർപ്പിക്കുന്നതിനും മറ്റ് ആധ്യാത്മികാഭ്യാസങ്ങൾക്കുമായി ഒരു ദൈവാലയം അവർ കണ്ണിലുണ്ണിപോലെ കാത്തുസൂക്ഷിച്ചിരുന്നു. മതപീഡനം തുടർക്കഥയായിരുന്നതുകൊണ്ട് ക്രിസ്ത്യാനികൾ തങ്ങളുടെ ദൈവാലയങ്ങളുടെ കാര്യത്തിൽ രഹസ്യാത്മകത പാലിച്ചിരുന്നു.

എങ്കിലും പട്ടാളക്കാർ ഫ്രാൻസെസ്ക്കായുടെ പരിപാവനമായ ഇടവക ദൈവാലയം കണ്ടുപിടിച്ചു. തൽക്ഷണം അവർ ആ ദൈവാലയം ഭേദിച്ച് അകത്തു കടന്ന് സക്രാരി തുറന്ന് കുസ്തോദിയെടുത്ത് അതിൽ സൂക്ഷിച്ചിരുന്ന തിരുവോസ്തികൾ ദൈവാലയത്തിൽ വാരിവിതറി. വിവരമറിഞ്ഞു ദൈവാലയത്തിലെത്തിയ വിശ്വാസികളെയെല്ലാം വെടിവച്ചുകൊന്നു. അറിഞ്ഞു കേട്ടുവന്നവർക്കെല്ലാം മുൻഗാമികളുടെ അതേ അനുഭവം തന്നെ ഉണ്ടായി. ദൈവാലയവും പരിസരവും രക്തപ്പുഴയായി. തിന്മയുടെ ഈ താണ്ഡവനൃത്തം സായംകാലം വരെ തുടർന്നു. ആ ഇടവകയിലെ കുടുംബനാഥന്മാരും, യുവാക്കന്മാരും, എല്ലാവരും തന്നെ, പീഡകരുടെ നിറതോക്കിനിരയായി.

അവശേഷിച്ച വിശ്വാസികൾ പ്രാർത്ഥനയിലും പരിത്യാഗപ്രവൃത്തികളിലും വ്യാപൃതരായി ജീവിച്ചുപോന്നു. പട്ടാളക്കാർ പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ അങ്ങേയറ്റം അവഹേളിച്ച വാർത്ത ഫ്രാൻസെസ്കായുടെ മനസ്സിനെ അത്യന്തം വേദനിപ്പിച്ചു. പിറ്റേദിവസം അതിരാവിലെ അവൾ വളരെ രഹസ്യമായി പള്ളിയിലെത്തി. ദൈവകൃപയാൽ ആ സമയത്തു പള്ളിപ്പരിസരത്ത് ആരും ഉണ്ടായിരുന്നില്ല. അവൾ വേഗം അകത്തുകയറി, മുട്ടുകുത്തി, അവഹേളിതനായി പള്ളിക്കുള്ളിൽ കിടന്നിരുന്ന ഈശോയെ ഭയഭക്ത്യാദരവുകളോടെ ആരാധിച്ചു. ഈ സമയമെല്ലാം അവൾ കരയുകയായിരുന്നു.

ദൈവാലയത്തിനുള്ളിൽ മുട്ടിന്മേൽ നിന്ന് കണ്ണീരൊഴുക്കി ദിവ്യകാരുണ്യ ഈശോയെ ആരാധിച്ചുകൊണ്ടിരുന്ന ആ പെൺകുട്ടിയെ മതപീഡകർ ആരെങ്കിലും കണ്ടിരുന്നെങ്കിൽ അവൾക്കു നേരെ അവർ നിറയൊഴിക്കുമായിരുന്നു. ദൈവത്തിന്റെ അനന്തപരിപാലനയിൽ അന്ന് ആരും അവളെ കണ്ടില്ല. അവൾ കുറച്ചു സമയം ദിവ്യനാഥനെ ആരാധിച്ചശേഷം വലിയ സ്നേഹത്തോടെ കുമ്പിട്ട് ഒരു തിരുവോസ്തി നാവുകൊണ്ടെടുത്തു ഭക്ഷിച്ചു. അനന്തരം അവൾ വീട്ടിലേക്കു മടങ്ങി. ഇപ്രകാരം ഇരുപത്തൊമ്പതു ദിവസം ഈശോയെ ആരാധിക്കാനും സ്നേഹവായ്പോടെ ഹൃദയത്തിൽ സ്വീകരിക്കാനും അവൾക്കു സാധിച്ചു.

മുപ്പതാം ദിവസം പതിവുപോലെ അതിരാവിലെ അവൾ ദൈവാലയത്തിനുള്ളിൽ പ്രവേശിച്ച് ദിവ്യനാഥനെ അൽപ്പസമയം ആരാധിച്ചുകൊണ്ടിരുന്നു. ആ സമയത്ത് തോക്കുധാരികളായ രണ്ടു പട്ടാളക്കാർ പള്ളിക്കുള്ളിൽ പ്രവേശിച്ചുവെന്ന് അവൾ മനസ്സിലാക്കി. ആരാധന അവസാനിപ്പിച്ചതിനുശേഷം അത്യാദരവോടും അത്യഗാധമായ സ്നേഹത്തോടും, ലോകപാപത്തിനു പരിഹാരം പ്രാർത്ഥിച്ചുകൊണ്ടും അവൾ കുമ്പിട്ട് തന്റെ സർവ്വസ്വവുമായ കർത്താവിനെ, തിരുപ്പാഥേയമാക്കി, നാവ് ഉപയോഗിച്ച്, ഹൃദയത്തിൽ സ്വീകരിച്ചു. ആ കുഞ്ഞു മാലാഖായുടെ ഇരുവശങ്ങളിലായി നിലയുറപ്പിച്ചിരുന്ന കഠിനഹൃദയരായ ആ കശ്മലന്മാർ അവളുടെ ഇരുതോളിനും താഴെ ഉന്നം വച്ചു നിറയൊഴിച്ചു. “ഈശോ” എന്നുറക്കെ നിലവിളിച്ചുകൊണ്ട് അവൾ മരിച്ചു വീണു. അവളുടെ പാവനാത്മാവു നിത്യസൗഭാഗ്യം, നിത്യജീവൻ, സ്വർഗ്ഗം, പ്രാപിച്ചു. പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയിലുള്ള അത്യഗാധമായ വിശ്വാസവും അവിടുത്തെ വാഗ്ദാനങ്ങ

ളിലുള്ള നിറഞ്ഞ പ്രത്യാശയും അവിടുത്തോടുള്ള അതിരുകളില്ലാത്ത സ്നേഹവുമാണ് രക്തസാക്ഷി മകുടം ചൂടാൻ ഫ്രാൻസെസ്ക്കായെ പ്രേരിപ്പിച്ചതെന്ന സത്യം അനുക്തസിദ്ധമാണല്ലോ.

ഒരു ക്രിസ്ത്യാനിക്ക് പരിശുദ്ധ ത്രിത്വത്തിനു നൽകാവുന്ന പരമാരാധനയാണ്, അനുപമമായ കൃതജ്ഞതാപ്രകാശനമാണ്, സമുന്നത സ്തുതിപ്പാണ്, പ്രത്യാശാനിർഭരമായ പാപപ്പരിഹാരയാചനയാണ്, സ്നേഹം തന്നെയായ പരിശുദ്ധ ത്രിത്വത്തോടുള്ള പരമോന്നത സ്നേഹപ്രകാശനമാണ്, അവിടുന്നുമായുള്ള അതിവിശുദ്ധമായ കൂട്ടായ്മയാണ് പരിശുദ്ധകുർബാന. ഒപ്പം, പരിശുദ്ധ ത്രിത്വത്തിനു മനുഷ്യമക്കളോടുള്ള അനന്തമായ, നിത്യമായ, അതുല്യമായ സ്നേഹത്തിന്റെ സുമോഹനസമ്മാനവുമാണു പരിശുദ്ധ കുർബാന. പരിശുദ്ധ കുർബാനയിൽ, പരിശുദ്ധകുർബാനയിലൂടെ പരമകാരുണികനായ പരമോന്നതൻ പാപിയായ മനുഷ്യനോടു കാണിക്കുന്ന സ്നേഹാതിരേകം ആവിഷ്കരിക്കാൻ പരിമിതവിഭവനായ മനുഷ്യന് പറ്റിയ വാക്കുകളില്ല. അവൻ എന്തൊക്കെയോ പറഞ്ഞു വയ്ക്കുന്നുവെന്നുമാത്രം. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം അവർണ്ണനീയവും വർണ്ണനാതീതവുമാണ്.

ദൈവം പരിശുദ്ധകുർബാനയിലൂടെ മനുഷ്യരിലേക്ക് ഒഴുക്കുന്ന സ്നേഹസാഗരത്തിന്റെ ആഴം മനസ്സിലാക്കാൻ ആർക്കും സാധിക്കുകയില്ല. എങ്കിലും തുടർന്നു പ്രതിപാദിക്കുന്ന സംഭവങ്ങൾ അല്പമൊരു സൂചന നൽകിയേക്കും. പട്ടിണി കൊണ്ടു പിടഞ്ഞുമരിക്കാൻ പോകുന്ന തന്റെ കുഞ്ഞുങ്ങളുടെ ജീവൻ നിലനിർത്താൻ പെലിക്കൻ പക്ഷി ചെയ്യുന്ന സ്നേഹയാഗം ദൈവത്തിന്റെ ഈ മഹാസ്നേഹത്തിന്റെ പ്രതീകമായി പരമ്പരാഗതമായി കരുതിപ്പോരുന്നു. നമ്മുടെ പല അൾത്താരകളിലും ഇതിന്റെ ചിത്രീകരണം നമുക്കു കാണാം. തള്ളപ്പെലിക്കൻ തന്റെ ചുണ്ടുകൊണ്ട് സ്വന്തം ചങ്കു കുത്തിപ്പൊട്ടിച്ച് ആ ചങ്കിലെ ചോര കൊടുത്തു കുഞ്ഞുങ്ങളെ മരണത്തിൽ നിന്നു രക്ഷിച്ചിട്ട് മരിച്ചു വീഴുന്നു! തന്റെ കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കാൻ സ്വരക്തം ഊറ്റിക്കൊടുക്കുന്ന പെലിക്കൻ പക്ഷി! മനുഷ്യർക്കുവേണ്ടി 28430 തുള്ളി രക്തം ചിന്തി കാൽവരിയിൽ മരിക്കുകയും പരിശുദ്ധ കുർബാനയിലൂടെ ആ മരണം അനുനിമിഷം ആവർത്തിക്കുകയും ചെയ്യുന്ന, തന്റെ തിരുശരീരരക്തങ്ങൾ മനുഷ്യർക്കു ഭക്ഷണപാനീയ

ങ്ങളായി നൽകി അവരെ നിത്യജീവന്റെ അവകാശികളാക്കുന്ന ദിവ്യ ഈശോയുടെ, സ്നേഹഈശോയുടെ, ഒരു സുന്ദരപ്രതീകം തന്നെയല്ലേ പെലിക്കൻ?

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ട കാലം. ജപ്പാനിലെ ഒരു ഗ്രാമം മുഴുവൻ യുദ്ധത്തിന്റെ കെടുതിയിൽ ഞെരിഞ്ഞമർന്നു. പട്ടിണിയും പകർച്ചവ്യാധികളും പലവിധ ഇതരരോഗങ്ങളും മൂലം നൂറുകണക്കിനാളുകൾ ദിനംപ്രതി മരിച്ചുവീഴുകയാണ്. എല്ലായിടത്തും നിസ്സാഹായത. മരിച്ചുവീഴുന്ന മനുഷ്യശരീരങ്ങൾ മറവുചെയ്യാൻ പോലും ആളുകളില്ല. മരണത്തിന്റെ വായിൽ നിന്നു കഷ്ടി രക്ഷപ്പെട്ടു നിൽക്കുന്ന ഒരു കുടുംബത്തിന്റെ കഥയാണു ചുവടെ ചേർക്കുന്നത്. അവിടെ അപ്പനും അമ്മയും അഞ്ചു മക്കളുമായിരുന്നു. മാതാപിതാക്കളുടെ അതീവശ്രദ്ധയും കഠിനാധ്വാനവും വഴി കുടുംബം മുമ്പോട്ട് ഇഴഞ്ഞു നീങ്ങുകയാണ്. രണ്ടുമൂന്നു ദിവസമായി അവരും കൊടുംപട്ടിണിയിലായിട്ട്. മാതാപിതാക്കളുടെ പരിശ്രമങ്ങളൊന്നും വിജയിക്കുന്നില്ല. ഒരു സായംകാലത്ത് വിശന്നുപൊരിയുന്ന കുട്ടികൾ വാവിട്ടു കരയുകയാണ്. അവർ ചീരപോലെ തളർന്നു കിടക്കുന്നു.

ഈ ദൃശ്യം കണ്ടു സഹിക്കാനാവാതെ, വേദനയിൽ ഉഴലുന്ന പിതാവ് കുടുംബനാഥയോടു പറഞ്ഞു: “അടുത്തൊരു കടയിൽ ഇറച്ചി കിട്ടുമെന്നു കേട്ടു. ഞാനൊന്നു പോയി അന്വേഷിക്കട്ടെ.” അയാൾ പോയി അധികം വൈകാതെ തന്നെ മടങ്ങി വന്നു; കൈയ്യിൽ ഒരു പൊതി മാംസവുമുണ്ടായിരുന്നു. ജീവിതപങ്കാളിയെ വിളിച്ച് പൊതി ഏൽപ്പിച്ചിട്ട് അയാൾ നിർദ്ദേശിച്ചു: “വേഗം ഇതു പാകം ചെയ്ത് കുഞ്ഞുങ്ങൾക്ക് കൊടുക്കുക. ഞാനൊന്നു പുറത്തുപോയിട്ട് താമസിയാതെ മടങ്ങിവരാം”. ഇത്രയും പറഞ്ഞിട്ട് ആ കുടുംബനാഥൻ അപ്രത്യക്ഷനായി. എന്തോ പന്തികേടു തോന്നിയ മൂത്തമകൻ താമസംവിനാ വീടിനു പുറത്തേയ്ക്കിറങ്ങി. അപ്പനെക്കുറിച്ച് അവന്റെ മനസ്സിൽ ആശങ്കകൾ ഉണ്ട്. അവന്റെ കണ്ണുകൾ അത്യാകാംക്ഷയോടെ പറക്കുകയാണ്.

അപ്പോൾ അവരുടെ ഔട്ട്ഹൗസിൽനിന്ന് ഒരു അപസ്വരം അവൻ കേട്ടു. അവൻ അങ്ങോട്ടു കുതിച്ചു. അവൻ കണ്ട ദയനീയ ദൃശ്യം ഹൃദയഭേദകമായിരുന്നു. അവനു ജന്മം നൽകിയ, അവനെ പൊന്നുപോലെ

വളർത്തിയ, വാത്സല്യം കൊണ്ട് അവനെ വാരിപ്പൊതിഞ്ഞിരുന്ന, സ്നേഹധനനായ, ത്യാഗമൂർത്തിയായ, നിസ്വാർത്ഥനായ അവന്റെ പിതാവു രക്തംവാർന്നു മരിച്ചുകൊണ്ടിരിക്കുന്നു! വാവിട്ടു നിലവിളിച്ചുകൊണ്ട് ഒരു നിരീക്ഷണം നടത്തിയപ്പോൾ അവനു മനസ്സിലായത് തന്റെ പിതാവിന്റെ ഇരുതുടയിൽ നിന്നും മാംസം വാർന്നെടുത്തിരിക്കുകയാണെന്ന ഞെട്ടിപ്പിക്കുന്ന സത്യമാണ്. അവനും സഹോദരങ്ങൾക്കും ഭക്ഷണമായി അപ്പൻ അമ്മയെ ഏൽപ്പിച്ചതു സ്വശരീരരക്തങ്ങളാണെന്ന തിരിച്ചറിവും അവനുണ്ടായി. അവന്റെ അമ്മയും സഹോദരങ്ങളും അയൽക്കാരും ഓടിയെത്തി. ഇതിനകം ആ രക്തസാക്ഷിയുടെ പാവനാത്മാവ് തന്റെ നിത്യവസതിയിലേക്കു പറന്നുയർന്നിരുന്നു. തന്റെ മക്കൾ മരിക്കാതെ ജീവിക്കാൻ വേണ്ടി സ്വശരീരരക്തങ്ങൾ മുറിച്ചുവിളമ്പിക്കൊടുത്ത ഈ മഹാനെ, ഈ ധീരരക്തസാക്ഷിയെ, നാമാരും മറക്കാനിടയില്ല.

നാം പരാമർശിച്ച ആ പിതാവിനു തന്റെ മക്കളോടുള്ള സ്നേഹത്തെ, പരിമിതമായ അർത്ഥത്തിൽ, അത്യത്ഭുതാവഹമെന്നു വിശേഷിപ്പിക്കാൻ സാധിക്കും. എങ്കിൽ, മാനവരാശിക്കു മുഴുവനായി, പരിശുദ്ധ കുർബാനയിൽ തന്നെത്തന്നെ, നിത്യം മുറിച്ചു, വിഭജിച്ചു വിളമ്പുന്ന ഈശോയുടെ സ്നേഹം എത്ര അഗാധം! എത്ര മഹനീയം! “ആരുണ്ടിതുപോലെന്നെ സ്നേഹിക്കാൻ/ ജീവൻ നൽകി രക്ഷിക്കാൻ!”

നാമെല്ലാവരും അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരു വലിയ സ്നേഹത്തിന്റെ കഥ കൂടി പറയാം. ഈ സ്നേഹം അനുഭവിക്കാത്ത മനുഷ്യവ്യക്തികൾ ആരുമില്ല. നാമോരോരുത്തരും നമ്മുടെ അമ്മയുടെ ഉദരത്തിൽ, ഒരിഞ്ചിന്റെ നാനൂറിലൊന്നു വലിപ്പത്തിൽ, നഗ്നനേത്രങ്ങൾക്കു പൂർണ്ണമായും അദൃശ്യമായി, ഉരുവായവരാണ്. ഓരോരുത്തരെ സംബന്ധിച്ചും അതുനിമിഷങ്ങളുടെ നിമിഷങ്ങളുടെ നിമിഷമാണ്. സർവ്വശക്തന്റെ സ്നേഹഹൃദയത്തിൽ നിന്നു നാം ഭൗമികാസ്തിത്വം സ്വീകരിച്ച നിമിഷം! അവിടുത്തെ അനന്തസ്നേഹത്തിലും അനന്തപരിപാലനയിലും അനന്തപരിലാളനയിലുമാണ് ഈ മംഗളകർമ്മം നടന്നത്. 9 മാസവും 9 ദിവസവും 9 നാഴികയും 9 വിനാഴികയും നാം നമ്മുടെ അമ്മയുടെ ഉദരത്തിലായിരുന്നു. ഈ കാലഘട്ടത്തിൽ നാം പൂർണ്ണശിശുത്വത്തിലേക്കു വളരുകയായിരുന്നു. ദൈവത്തിന്റെ കരങ്ങളിലിരുന്നാണു നാം വളർന്നത്. ഈ വളർച്ച കൈവരുത്താൻ കർത്താവ് ആരെ

യാണ് ഉപകരണമാക്കിയത്. നമ്മുടെ പ്രിയപ്പെട്ട അമ്മയെത്തന്നെ. അമ്മ എങ്ങനെയാണു നമ്മെ വളർത്തിയത്? സ്വന്തം ശരീരരക്തങ്ങൾ നമ്മുടെ പുക്കിൾക്കൊടിയാകുന്ന കാസായിൽ അനുനിമിഷം സമർപ്പിച്ചു, സമർപ്പിച്ച്. ഇത് അത്ഭുതങ്ങളുടെ അത്ഭുതമല്ലേ?

നിരുപമസ്നേഹം, സമാനങ്ങളില്ലാത്ത ത്യാഗം, അനന്യ സഹനം, നിതാന്തശ്രദ്ധ, കരുതൽ, മധുരോദാരമായ പരിരക്ഷയും പരിഗണന യും, സർവ്വോപരി ഉള്ളുരുകിയ പ്രാർത്ഥന ഇവയൊക്കെ ഈ പ്രേമപ്രക്രിയയ്ക്കു പിന്നിലുണ്ട്. ഓരോ മകനും മകളും തന്റെ അമ്മ തനിക്കായി ചെയ്തതെല്ലാം ഓർമ്മയിൽ സൂക്ഷിച്ച് പുത്ര, പുത്രീ സഹ ജമായ സ്നേഹത്തോടെ, ഹൃദയംഗമായ നന്ദിയോടെ, വലിയ കരുത ലോടെ ആയിരിക്കണം അമ്മയോട് ഇടപെടുക. ഇങ്ങനെ അമ്മയെ കരു താത്തവർ, ഈശ്വരതുല്യം അമ്മയെ ആദരിക്കാത്തവർ, അമ്മയ്ക്കു വേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കാൻ സന്നദ്ധത കാണിക്കാത്ത വർ, തങ്ങളുടെ അക്ഷന്തവ്യമായ കൃത്യവിലോപത്തിനു ദൈവതിരുമു മ്പിൽ കണക്കു ബോധിപ്പിക്കേണ്ടി വരും. 'മാതാ, പിതാ, ഗുരു, ദേവോ ഭവ:'

പിറന്നു വീഴുന്ന നിമിഷം വരെ മാത്രമല്ല നമ്മുടെ അമ്മ തന്റെ ശരീ രരക്തങ്ങൾ നമുക്കു പകർന്നുതരുന്നത്. അമ്മ നൽകുന്ന അതിവിശി ഷ്ടമായ അമ്മിഞ്ഞപ്പാൽ അമ്മയുടെ മാംസനിണങ്ങളുടെ തദ്ഭവരൂപ മാണ്. നമ്മുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും ബൗദ്ധിക, മാനസിക വികാസങ്ങൾക്കുമെല്ലാം ഈ ദിവ്യ ഔഷധം അത്യന്താപേക്ഷിതമാ ണ്. അമ്മയുടെ സ്വയംദാനത്തിനു പരിമിതികളുണ്ടെന്ന സത്യം എടു ത്തുപറയേണ്ടിയിരിക്കുന്നു. നമ്മുടെ വളർച്ചയുടെ ഒരു ഘട്ടം വരെ മാത്രമേ മുലപ്പാൽ തന്നു നമ്മെ വളർത്താൻ അമ്മയ്ക്കു സാധിക്കുക യുള്ളൂ. എന്നാൽ, അപരിമേയനായ കർത്താവ് തന്റെ അനന്തസ്നേഹ ത്തിലും പരിപാലനയിലും കാരുണ്യത്തിലും തന്റെ തിരുശ്ശരീരരക്ത ങ്ങൾ നമ്മുടെ ആത്മാവിന്റെ ഭോജനമായി അപ്പത്തിന്റെയും വീഞ്ഞി ന്റെയും സാദൃശ്യങ്ങളിൽ നിത്യമായി നമുക്കു നൽകുന്നു. അവിടുത്തെ ആത്മദാനത്തിന്റെ അന്തസാരവും ആകെത്തുകയുമാണ് പുൽക്കൂടും കാൽവരിയും.

ദൈവത്തിന്റെ സ്നേഹം കാച്ചിക്കുറുക്കി അപ്പത്തിന്റെയും വീഞ്ഞി ന്റേയും സാദൃശ്യങ്ങളിലാക്കിയിരിക്കുന്നതാണ് പരിശുദ്ധകുർബാന.

ഇതിനോടു കിടപിടിക്കുന്നതൊന്നുമില്ല. ഇത്ര അതുല്യവും അഗ്രാഹ്യവും അനന്തവും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവും ആയി മറ്റൊന്നില്ല. സർവ്വശ്രേഷ്ഠമായ ഈ ആരാധന, സ്തുതിപ്പ്, കൃതജ്ഞത, പാപപ്പരിഹാരം, അനുഗ്രഹസ്രോതസ്സ് നമ്മെ അടിമുടി ഗ്രസിക്കുന്നുണ്ടോ? പാലാരൂപതയിൽപ്പെട്ട (അന്നു ചങ്ങനാശ്ശേരി) ഒരു പുരാതന കുടുംബമാണ് തലച്ചിറ. നിരവധി വൈദികർക്കു ജന്മം കൊടുത്ത ഈ കുടുംബത്തിലെ ഒരു മകൻ ചങ്ങനാശ്ശേരി മൈനർ സെമിനാരിയിലും ആലുവായിലെ മേജർ സെമിനാരിയിലും പഠിച്ച്, സെമിനാരിയിൽ വച്ചുതന്നെ പട്ടം സ്വീകരിച്ച്, സെമിനാരി ചാപ്പലിൽ പുത്തൻ കുർബാനയും ചൊല്ലി. പുത്തൻ കുർബാന ചൊല്ലാൻ സ്വന്തം ഇടവകയിലേക്കു യാത്രചെയ്യുമ്പോൾ വാഹനാപകടത്തിൽ ആ നല്ല വൈദികൻ തൽക്ഷണം മരിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷയയ്ക്കു ശേഷം ഭാഗ്യസ്മരണാർഹനായ കാളാശ്ശേരി പിതാവ് അദ്ദേഹത്തിന്റെ ഡയറി പരിശോധിച്ചപ്പോൾ അതിൽ അവസാനമായി എഴുതിയിരുന്നത്, "എന്റെ ദൈവമേ, ഒരു കുർബാന ചൊല്ലിക്കഴിഞ്ഞു മരിക്കാനും ഞാൻ സന്നദ്ധനാണ്" എന്നാണ്. പരിശുദ്ധ കുർബാനയുടെ അമൂല്യത മനസ്സിലാക്കിയ വൈദികൻ! അച്ചന്റെ വിശിഷ്ടമായ ഓർമ്മയ്ക്കു മുമ്പിൽ പ്രണാമം!

പരിശുദ്ധകുർബാനയിൽ എന്താണു സംഭവിക്കുക? രാജാധിരാജൻ വിനീതനായി, സ്വയം ശൂന്യനായി നമ്മെത്തേടി അണയുന്നു. പാപിക്കും രോഗിക്കും സൗഖ്യമേകാൻ, അന്ധനും ബധിരനും മോചനമേകാൻ, തളർന്ന മനസ്സുകൾക്കു നവോത്ഥാനം നൽകാൻ, ദിവ്യബലിയിൽ ഈശോ എഴുന്നള്ളുന്നു. സ്നേഹം മാത്രം പകർന്നീടാൻ, ജീവൻ പോലും നൽകീടാൻ, തകർന്ന ഹൃദയങ്ങൾക്കു ശാന്തിയായി, അവിടുന്നു വരുന്നു. മനുഷ്യൻ മുറിയുമ്പോൾ പരിശുദ്ധ കുർബാനയിലെ ഈശോ ആ മുറിപ്പാടിൽ സ്വന്തം മുഖം പതിപ്പിച്ച് സ്നേഹവും സൗഖ്യവും ശാന്തിയും പകരുന്നു. നാം മുറിഞ്ഞു, വിഭജിച്ചു പങ്കിടുകയാണെങ്കിൽ നാമും കുർബാനയാകും. അവിടുന്നു തന്നെത്തന്നെ നമുക്കു പങ്കുവച്ചു തരുന്നു. നമ്മുടെ ജീവിതം അവിടുത്തേക്കു സമർപ്പിച്ചാൽ അവിടുന്നു ശാശ്വത ജീവൻ നമുക്കു പകർന്നു തരും.

കുരിശിൽ ജീവൻ നമുക്കായി ഹോമിച്ചവൻ അൾത്താരവേദിയിലും അനുദിനവീഥിയിലും നമ്മോടുകൂടെയുണ്ട്: "അമ്മനുഏൽ". അവിടുന്ന്

അൾത്താരയിൽ സ്നേഹം രക്തവും മാംസവുമായി രൂപാന്തരപ്പെടുത്തി നമുക്കായി വിളമ്പുന്നു. അനുദിനജീവിതവീഥിയിൽ താങ്ങായ്, തണലായ് അവിടുന്നു നമ്മോടു കൂടെ നടക്കുന്നു. ഭൂസ്വർഗ്ഗങ്ങൾ കൈകോർക്കുന്ന മദ്ബഹായിൽ, മാലാഖമാർ സ്തുതിഗീതങ്ങൾ പാടുന്ന അൾത്താരയിൽ, മിശിഹാനാഥൻ പെസഹാക്കുഞ്ഞാടാകുന്നു. അൾത്താരയിൽ, ഈശോയുടെ സ്നേഹബലിയിൽ നമ്മുടെ ജീവിതബലി കൂടി ചേർക്കാം. നമുക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണല്ലോ അവിടുന്നു സ്വജീവൻ സമർപ്പിക്കുന്നത്. നാം നമ്മെത്തന്നെ അവിടുത്തേക്കു സമർപ്പിക്കണം. അനുദിനം അൾത്താരയിൽ യാഗമായിത്തീരണം. അവിടുത്തെ പ്രവൃത്തികൾ നാം ചെയ്യണം. അവിടുത്തെ പാതയിൽ സഞ്ചരിക്കണം. ഈശ്വരചിന്തയിൽ നമ്മുടെ മനസ്സു ലയിക്കണം. വിശുദ്ധകുർബാന അർപ്പിക്കുന്ന നമ്മുടെ ഹൃദയങ്ങൾ ഈശ്വരനിൽ വിലയം കൊള്ളണം.

ജീവിതം മുഴുവൻ ബലിയായിരിക്കുവാൻ നമുക്കു നമ്മുടെ ഉള്ളിലൊരൾത്താരയൊരുക്കാം. നമ്മെത്തന്നെ പൂർണ്ണമായി അവിടുത്തേക്കു നൽകാം. നമ്മുടെ ഭാരവും ജീവിതക്ലേശവും ഈശോ ഏറ്റുവാങ്ങും. നമുക്കു പ്രത്യാശയുള്ളവരാകാം. നമ്മുടെ സ്നേഹത്തൂവാല കൊണ്ട് ദിവ്യനാഥന്റെ തൂമുഖം തുടച്ച്, ഒരു സ്നേഹപൂമാല കൊരുത്ത് അവിടുത്തെ തിരുമാറിൽ ചാർത്താം. ബലിവേദിയിൽ നമ്മെത്തന്നെ കാണിക്കയായ് നല്കുമ്പോൾ ദിവ്യസ്നേഹം രക്തവും മാംസവുമായി നമ്മിൽ അലിയും. കുരിശോളമെത്തുന്ന സ്നേഹം, ബലിയായിത്തീരുന്ന സ്നേഹം, മുറിയപ്പെടും ദിവ്യസ്നേഹം, ചുടുചോര ചിന്തുന്ന സ്നേഹം, പാദം കഴുകുന്ന സ്നേഹം, സ്വയം ശൂന്യമാക്കുന്ന സ്നേഹം, മാംസം ധരിക്കുന്ന അൾത്താര നമ്മുടെ സാരസർവ്വസ്വവുമാകട്ടെ. ദിവ്യബലിയിൽ ഈശോ തന്റെ ശരീരവും രക്തവും നമുക്കു പുതുജീവനായി പകർന്നുതരുന്നു.

പാപകടങ്ങൾ പോക്കുന്ന ഈശോയുടെ ബലി, പരിശുദ്ധി പകരുമീ പരമയാഗം, സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂതലവും സ്വർഗ്ഗീയവൃന്ദവും മാനവരും ഒരുമയോടെ അണിചേരുന്ന തിരുബലിയിൽ അണിചേരുന്നവർ ഭാഗ്യപ്പെട്ടവരല്ലേ? തിരുവത്താഴമേശയിലെ ഈ സുമോഹന, സുന്ദര, സുരഭില സമ്മാനം നമ്മുടെ അമൂല്യനിധിയായിരിക്കട്ടെ. ബലിവേദിയിൽ ബലിയാവുക എളുപ്പമല്ല. പക്ഷേ, ദൈവം നമ്മിൽ നിന്ന് അത്

ആഗ്രഹിക്കുന്നു. പ്രിയ സൂനു യേശു പ്രിയതാതനു സമർപ്പിച്ച സ്നേഹ ബലി, അവിടുത്തെ ആത്മബലിയാണിത്. ഇതു നമ്മുടെയും ബലിയാവണം. നാമോരോരുത്തരും ഈശോയെപ്പോലെ ബലിയർപ്പകനും ബലിവസ്തുവുമാകണം.

ദൈവസ്നേഹം ജ്വലിക്കുന്ന അൾത്താരയിൽ, ആത്മാർപ്പണത്തിന്റെ നൈവേദ്യമായി, ബലിയർപ്പകരോരുത്തരും രൂപാന്തരപ്പെടണം. ഈശോയോടൊപ്പം അർപ്പകരെല്ലാം ബലിയാകണം. ബലിവസ്തുവായി സമർപ്പിക്കണം. നമ്മുടെ ജീവിതം ബലിയായി മാറ്റണം. അപ്പത്തോടും വീഞ്ഞിനോടുമൊപ്പം അർപ്പകന്റെ ഉള്ളും ഉള്ളവും ഉള്ളതും സമർപ്പിക്കപ്പെടണം.

സ്വർഗ്ഗം ചേരാൻ നമ്മെ ഒരുക്കുന്ന ദിവ്യബലിയിൽ, നാഥൻ വീണ്ടും തന്നെത്തന്നെ മുറിക്കുമ്പോൾ, ജീവൻ നൽകുന്ന ദിവ്യശരീരം കൈക്കൊള്ളാൻ നമ്മെത്തന്നെ നമുക്കു മുറിക്കാം, സഹജർക്കായ് നമുക്ക് മുറിഞ്ഞുപകരാം.

സ്നേഹത്തിലൊന്നായ്, ആത്മാർപ്പണത്തിന്റെ ഈ കൂദാശയിൽ, എല്ലാവരും ഒരുമിക്കണം. ബലിയർപ്പകർ ഈശോയുടെ സാക്ഷികളായ്ത്തീർന്ന് എന്നും ആസ്നേഹം പങ്കുവയ്ക്കണം. സ്നേഹമായ്ത്തീർന്ന ഈ അപ്പം, അപ്പമായി തീർന്ന ഈ സ്നേഹം, നമ്മിലലിയാനായ് വെമ്പൽ കൊള്ളുകയാണ്.

കാലിത്തൊഴുത്തിൽ പിറന്നവനെ, കരുണ നിറഞ്ഞവനെ, കരളിലെ ചോരയാൽ പാരിന്റെ പാപങ്ങൾ കഴുകിക്കളഞ്ഞവനെ നന്ദിയോടെ വാഴ്ത്താൻ ലഭിക്കുന്ന അവസരങ്ങളെല്ലാം നമുക്കു പ്രയോജനപ്പെടുത്താം. കനിവിന്റെ കടലായ, അറിവിന്റെ പൊരുളായ, അവിടുന്ന് അനുഗ്രഹമാരി പൊഴിക്കുന്ന പരിശുദ്ധ കുർബാന സജീവമായി അർപ്പിക്കുകയാണ് ഈ ലോകത്തിലെ നമ്മുടെ ഏറ്റം വലിയ പുണ്യപ്രവൃത്തി.

ജീവിതം മുഴുവൻ ബലിയായയണയ്ക്കുവാൻ ഉള്ളിലൊരൾത്താര ഒരുക്കി നമ്മൾ കൈക്കുമ്പിളുമായി നില്ക്കണം. ഈ ജന്മം ബലിയായ് നൽകാൻ സ്നേഹത്തോടെ കൈകൾ കൂപ്പി തിരുമുമ്പിൽ അണയാം. രാജാധിരാജൻ കാലിത്തൊഴുത്തിൽ മനുജനായി പിറന്നതിന്റേയും പാപികളായ നമുക്കു പാഥേയമാകാൻ തിരുവോസ്തിയായതിന്റെയും, മൃതിയെത്തകർത്തു മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റതിന്റെയും

രഹസ്യം സ്നേഹം, സ്നേഹം, സ്നേഹം മാത്രം. സ്നേഹം പ്രതിസ്നേഹത്താലേ കടം വീടൂ. ദൈവം നമ്മോടു കാട്ടുന്ന അനുപമസ്നേഹത്തിന്റെ, അനന്തസ്നേഹത്തിന്റെ, അനശ്വരസ്നേഹത്തിന്റെ, കരുണാർദ്രസ്നേഹത്തിന്റെ, അത്യുച്ചകോടിയാണു പരിശുദ്ധ കുർബാന. അവിടുത്തേക്കു പ്രതിസ്നേഹം കാണിക്കാൻ നമുക്കുള്ള ഏറ്റം ഉദാത്തമായ, ഏറ്റം അനുഗൃഹീതമായ മാർഗ്ഗമാണ് പരിശുദ്ധ കുർബാന. ദൈവത്തിനു കൊടുക്കാൻ കൂടുതൽ മഹത്തമമായ യാതൊന്നും നമുക്കില്ല.

പരിശുദ്ധി പകരുന്ന പരമയാഗമാണ് പരിശുദ്ധകുർബാന. സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂതലവും വിശ്വം മുഴുവനും ഒരുമയോടെ അണിചേരുകയാണിവിടെ. ഇവിടെ സ്നേഹം ബലിയാകുകയാണ്, ബലിയേകുകയാണ്. ജീവിതപാതയിൽ നമുക്കു 'വഴിയും സത്യവും ജീവനു' മാകുവാൻ ജീവനാഥൻ സ്വയം അലിയുന്നു; നമ്മോട് അലിഞ്ഞുചേരുന്നു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ശൂന്യവത്കരണത്തിന്റെയും സ്വയംദാനത്തിന്റെയും സമ്പൂർണ്ണ സമർപ്പണമാണ് ഇവിടെ സംഭവിക്കുക. ഈ സ്നേഹയാഗം നിറഞ്ഞുകവിയുന്ന പ്രതിസ്നേഹത്തോടെ നിത്യപിതാവിനു സമർപ്പിക്കാം.

നമ്മെ വാനോളമുയർത്താൻ സ്നേഹം താണിറങ്ങുന്നു. നമ്മുടെ ഉൾത്തടം സ്വർഗ്ഗീയഗേഹമാക്കാനാണ് അവിടുന്ന് അണയുന്നത്. എന്നെന്നും നമ്മോടൊപ്പമായിരിപ്പാൻ അപ്പമായതാണവിടുന്ന്. സ്നേഹിതനാകുന്ന സ്നേഹമാണവിടുന്ന്. ദിവ്യബലി അർപ്പിച്ച് ആത്മാവിനൾത്താരയിൽ നമുക്ക് അവിടുത്തെ ആരാധിക്കാം.

"എന്നും നിന്നോടൊന്നായിരിക്കാൻ
എന്നും നിന്നിലലിഞ്ഞുചേരാൻ
സോദരങ്ങളെ സ്നേഹിച്ചു സ്നേഹിച്ചു
ദിവ്യകാരുണ്യമായ്ത്തീരാൻ
ഞാൻ ചരിക്കുന്ന സക്രാരിയാകാൻ
അങ്ങിൽ അലിയാൻ കഴിഞ്ഞിരുന്നെങ്കിൽ...
ബലിയായിത്തീരുന്ന സ്നേഹം/ കറയറ്റ കുഞ്ഞാടിൻ സ്നേഹം-"

ത്രിത്വകാരുണ്യമാണ് ഈ മഹാനുഗ്രഹം നമുക്കു സംലഭ്യമാക്കുന്നത്. രക്തം ചിന്താതെ പാപമോചനമില്ല (ഹെബ്രാ. 9:22).

ദിവ്യബലിയുടെ കാതൽ നിത്യനാഥന്റെ രക്തം ചിന്തലാണ്. സകല ബന്ധനങ്ങളിൽ നിന്നും ആ തിരുരക്തം നമുക്കു വിടുതൽ നൽകുന്നു. യേശുവിന്റെ രക്തത്താലാണ് എല്ലാ അടിമച്ചങ്ങലകളും തകരുന്നത്. ഈശോ വസിക്കുന്ന ഹൃദയങ്ങൾ സക്രാരികളാണ്. അതുകൊണ്ടു തന്നെ ഓരോ അധരവും ദൈവസ്തുതിയുടെ സാഗരമാവണം.

പരമദിവ്യകാരുണ്യം, മധുരസ്നേഹപാരമ്യം എന്റെ നാവിലലിഞ്ഞ് എന്റെ രക്തത്തിൽ കലരുന്നു, ഞാനായി രൂപാന്തരപ്പെടുന്നു. അത്ഭുത ങ്ങളുടെ അത്ഭുതമാണിവിടെ സംഭവിക്കുക.

എനിക്കായ് മുറിഞ്ഞവനേ,
എനിക്കായ് തകർന്നവനേ,
എനിക്കായ് രക്തം ചിന്തിയവനേ,
എനിക്കായ് മരിച്ചവനേ,
എൻ കണ്ണുനീർ നീ ഒപ്പിയെടുത്തു;
എൻ ദുഃഖമേറ്റെടുത്തു,
ഘോരമാമെൻ പാപങ്ങൾ നീ ക്ഷമിച്ചു;
എന്നെ മാറോടു ചേർത്തണച്ചു;
നിൻ തിരുമുറിവിനാൽ സൗഖ്യമേകി
എനിക്കായ് അടികൾ ഏറ്റൂ
നിൻ ചുടുരക്തത്താൽ രക്ഷയേകി
നിൻ സ്നേഹമെന്നിൽ ചൊരിഞ്ഞൂ

................................

നന്ദി, നന്ദി, നല്ലവനേ
നന്മകളരുളും വല്ലഭനേ
നന്ദിയോടങ്ങയെ വാഴ്ത്തുന്നു
നിരതം വാഴ്ത്തിപ്പാടുന്നു
നിരതം വാഴ്ത്തിപ്പാടുന്നു!

കുർബാന സ്ഥാപനസമയത്ത് ഈശോ ചെയ്തതും അനുഷ്ഠി ക്കാൻ നമ്മോടു പറഞ്ഞതുമായ കാര്യങ്ങൾ ഒരർത്ഥത്തിൽ മിശിഹാ യെ സംബന്ധിച്ച രഹസ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നവയാണ്. അവി ടുത്തെ മനുഷ്യാവതാരം, മർത്യജീവിതം, ഐഹിക ജീവിതത്തിൽ

പിതാവുമായുള്ള ബന്ധം, പീഡാനുഭവം, മരണം, ഉയിർപ്പ്, പരിശുദ്ധാത്മദാനം, നിത്യജീവൻ തുടങ്ങിയുള്ള രക്ഷാകരമായ ദിവ്യരഹസ്യങ്ങളെല്ലാം ഈ കർമ്മങ്ങളിലും പ്രാർത്ഥനകളിലുമായി ഉള്ളടങ്ങിയിട്ടുണ്ട്.

ഈ കർമ്മങ്ങളും പ്രാർത്ഥനകളും തുടർന്ന് അനുഷ്ഠിക്കണമെന്നു മാത്രമല്ല, ഇവയിൽ ഉൾക്കൊള്ളുന്നതും ഇതുവഴി അവിടുന്നു കൈമാറുന്നതുമായ ഉദാത്ത ദർശനങ്ങൾ സ്വന്തമാക്കി ജീവിക്കണമെന്നും കൂടിയാണ് അവിടുന്ന് അഭിലഷിക്കുന്നത്. ഈ ദർശനങ്ങളാകട്ടെ, സ്നേഹം, കാരുണ്യം, ഐക്യം, പങ്കുവയ്ക്കൽ, സേവനം, വിനയം, വിശ്വാസം, സമർപ്പണം, വിശുദ്ധി, സത്യം, നീതി തുടങ്ങിയ ദൈവിക സുകൃതങ്ങളാൽ ചൈതന്യവത്തായ ജീവിതശൈലിയാണു നമ്മിൽനിന്ന് ആവശ്യപ്പെടുന്നത്.

കുന്നന്താനം

റവ. ഡോ. ജോസഫ് വട്ടക്കളം

# 1

# സഭാപിതാക്കന്മാരുടെ പ്രബോധനം

## 1. വിശുദ്ധ ക്ലെമന്റ്

**വി. കുർബാനയെക്കുറിച്ച് ആദ്യമായി പ്രതിപാദിക്കുന്ന സഭാപിതാവ് വി. ക്ലെമന്റാണ്.**

പഴയനിയമത്തിലെ എല്ലാ ബലികളെയും അതിജീവിക്കുന്ന ഏകവും ഉത്തമവുമായ ബലിയാണ് വിശുദ്ധ കുർബാനയെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. "ആത്മീയ ഭക്ഷണപാനീയങ്ങൾ" എന്നാണ് ഡിഡാക്കെ ഗ്രന്ഥം വിശുദ്ധ കുർബാനയെ വിളിക്കുക. മലാക്കിയുടെ പ്രവചനവും ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. വിശുദ്ധ കുർബാന സ്വീകരണത്തിനുമുമ്പ് പാപമോചനം അത്യന്താപേക്ഷിതമാണ് എന്ന ക്ലെമന്റിന്റെ പരാമർശം പ്രത്യേകം ശ്രദ്ധേയമാണ്. വി. കുർബാനയിൽ ഉത്ഥിതനായ കർത്താവ് തന്റെ ജനത്തിന്റെ അടുത്തേക്കു വരുന്നു. അതിനാൽ, വി. കുർബാനയുടെ ആഘോഷാവസരത്തിൽ, ദൈവരാജ്യം സന്നിഹിതമാണ്. സഭ ദൈവരാജ്യമായി ഒരുമിച്ചു കൂട്ടപ്പെടുന്ന വേദിയാണത് (ഡിഡാക്കെ 9:4)

## 2. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ്

വിശുദ്ധ കുർബാനയെക്കുറിച്ച് അമൂല്യമായ ഉൾക്കാഴ്ചകൾ ഇദ്ദേഹത്തിന്റെ കത്തുകളിൽ ഉണ്ട്. അദ്ദേഹം പറയുന്നു: "നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരവും നമ്മെ ഒന്നാക്കിത്തീർക്കുന്ന രക്തത്തിന്റെ കാസായും അൾത്താരയും ഒന്നാണ്." വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശയാണെന്ന് ഇഗ്നേഷ്യസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണിവിടെ. സഭ ഏകമാണ്; ഒപ്പം ശ്ലൈഹികവും അപ്പസ്തോലികവും സാർവ്വത്രികവും. ഈശോമിശിഹായുടെ ശരീരം ഒന്നായിരിക്കുന്നതുപോലെ അതിൽ പങ്കു പറ്റുന്നവരും ഐക്യത്തിന്, ഒരുമയ്ക്ക്, കൂട്ടായ്മക്കു മുൻഗണന നൽകണം. എല്ലാവരെയും ഒന്നിച്ചു ചേർക്കാനുള്ള ഈശോയുടെ രക്തത്തിന്റെ ശക്തിയെക്കുറിച്ച് ഇഗ്നേഷ്യസ് എടുത്തുപറയുന്നു. "അമർത്യതയുടെ ഔഷധം" എന്നാണ് വി. കുർബാനയെ അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത്. ബന്ധപ്പെടുത്തി അദ്ദേഹം ഊന്നിപ്പറയുന്ന മറ്റൊരുകാര്യം ഐക്യത്തോടെ 'അപ്പ' ത്തിൽ പങ്കുചേരുന്നവർക്കു മാത്രമേ അത് യാഥാർത്ഥ്യമായി ഭവിക്കുകയുള്ളൂ എന്നാണ്.

ഈശോയുടെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതുവഴിയാണ് വിശ്വാസവും സ്നേഹവും പ്രത്യാശയും വർദ്ധിച്ചുവരുന്നത്. വിശുദ്ധ കുർബാനസ്വീകരണം സ്വർഗ്ഗീയവിരുന്നിന്റെ മുന്നാസ്വാദനമാണ്.

## 3. വിശുദ്ധ ജസ്റ്റിൻ

മലാക്കിയുടെ പ്രവചനം പരിശുദ്ധ കുർബാനയെക്കുറിച്ചാണെന്നു വി. ജസ്റ്റിനും പഠിപ്പിക്കുന്നു. "എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും ശുദ്ധമായ കാഴ്ചയും അർപ്പിക്കപ്പെടുന്നു. എന്തെന്നാൽ ജനതകളുടെ ഇടയിൽ എന്റെ നാമം ഉന്നതമാണ്. സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു." (1:11) യഹൂദബലി നീക്കിക്കളഞ്ഞിട്ടു പിതാവായ ദൈവം ക്രിസ്തുവിന്റെ ബലി സ്വീകരിക്കുന്നു. മിശിഹായുടെ കല്പനയാണ് പുതിയബലിയുടെ നിരന്തരമായ ആവർത്തനത്തിനു നിദാനം. "എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നതാണ് അവിടുത്തെ കല്പന.

പിതാവു സുതനിലൂടെ തന്റെ ജനത്തിനു ചെയ്ത കാര്യം അനുസ്മരിക്കുകയെന്നാൽ ക്രിസ്തുവിന്റെ സജീവസാന്നിദ്ധ്യം പുതുക്കുക

എന്നാണ് മിശിഹാ അർത്ഥമാക്കുന്നതെന്ന് ജസ്റ്റിൻ അർത്ഥശങ്കയ്ക്കിടമില്ലാത്തവിധം പ്രഖ്യാപിക്കുന്നു. വിശുദ്ധ കുർബാനയിലെ അനുസ്മരണം പ്രഥമത: മിശിഹായുടെ പീഡാനുഭവത്തിന്റെ അനുസ്മരണമാണ്. പക്ഷേ, അവിടുത്തെ പെസഹാ രഹസ്യം മുഴുവൻ, 'സജീവസാന്നിദ്ധ്യം പുതുക്കുക' എന്ന രീതിയിൽ ദിവ്യബലിയിൽ സംഭവിക്കുന്നുണ്ട്. മനുഷ്യനുവേണ്ടി പ്രപഞ്ചത്തെ സൃഷ്ടിച്ചതിനും ഈശോമിശിഹാ വഴി സാത്താന്റെ മേൽ വിജയം വരിച്ചതിനും പരിശുദ്ധ കുർബാനയിൽ ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നുണ്ട്.

വിശുദ്ധ കുർബാന എന്നും എപ്പോഴും ഒന്നു തന്നെ. ദൈവവചനശുശ്രൂഷയിൽ ആരംഭിച്ച് അപ്പത്തിന്റെ ശുശ്രൂഷകൊണ്ട് അവസാനിക്കുന്നു. വചനം പാരായണം ചെയ്തതിനുശേഷം അതേപ്പറ്റിയുള്ള വിശദീകരണവും ഉപദേശവും ഉണ്ടാകും. അതേത്തുടർന്നാണു സ്തോത്രപ്രാർത്ഥന എന്നു ജസ്റ്റിൻ പറയുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ അപ്പം മുറിക്കൽ ശുശ്രൂഷയിൽ ഈശോയെ തിരിച്ചറിഞ്ഞ സംഭവം (ലൂക്കാ, 24:13-33) വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഒരു മാതൃകയായി അദ്ദേഹം നൽകുന്നുണ്ട്. ഉത്ഥിതനായ ക്രിസ്തു വഴിയിൽ വച്ച് വിശുദ്ധലിഖിതം ശിഷ്യർക്കു വ്യാഖ്യാനിച്ചു കൊടുത്തതു വചന ശുശ്രൂഷയായും, അവരോടൊപ്പം ഭവനത്തിനുള്ളിൽ പ്രവേശിച്ച് അപ്പമെടുത്തു വാഴ്ത്തിമുറിച്ച് അവർക്കു നൽകിയതു കൂദാശയുടെ ശുശ്രൂഷയായും ജസ്റ്റിൻ അവതരിപ്പിക്കുന്നു. വിശുദ്ധ കുർബാന ബലിയാണെന്നും പഴയനിയമബലികളെയെല്ലാം പൂർത്തീകരിക്കുന്ന യഥാർത്ഥ ബലിയാണതെന്നും അദ്ദേഹം സമർത്ഥിക്കുന്നുണ്ട്.

ദിവ്യബലിയർപ്പണം സഭയുടെ എല്ലാ ജീവകാരുണ്യപ്രവർത്തനങ്ങളുടെയും ഉറവിടമായി ജസ്റ്റിൻ കരുതുന്നു. ദിവ്യകാരുണ്യം ജീവകാരുണ്യത്തിലേക്കു നയിക്കണം. ദിവ്യബലിയിൽ സംബന്ധിച്ചിരുന്നവർ സമർപ്പിച്ചിരുന്ന സ്തോത്രക്കാഴ്ച സമൂഹത്തിന്റെ അധ്യക്ഷൻ സ്വീകരിച്ച്, സമൂഹത്തിലുള്ള അനാഥരുടെയും വിധവകളുടെയും രോഗികളുടെയും തടവുകാരുടെയും ആവശ്യങ്ങൾക്കു ചെലവഴിച്ചിരുന്ന ശ്ലാഘനീയമായ കാര്യവും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ജസ്ററിൻ ദിവ്യകാരുണ്യത്തെപ്പറ്റി താഴെ പറയുന്ന കാര്യങ്ങൾ വളരെ ശ്രദ്ധേയമാണ്. "ഈ ആഹാരത്തെ ഞങ്ങൾ എവുക്കരിസ്തിയാ

എന്നുവിളിക്കുന്നു; ഞങ്ങളുടെ പ്രമാണം സത്യമാണെന്നു വിശ്വസിക്കുകയും, പാപമോചനത്തിനും പുനർജന്മത്തിനുമുള്ള സ്നാനത്താൽ കഴുകപ്പെടുകയും ക്രിസ്തു പഠിപ്പിച്ച പ്രകാരം ജീവിക്കുകയും ചെയ്യുന്നവർ മാത്രമേ ഇതു സ്വീകരിക്കുന്നുള്ളൂ... അർപ്പിക്കപ്പെട്ട ആഹാരം... അവതരിച്ച യേശുവിന്റെ ശരീരവും രക്തവും ആയിത്തീരുന്നുവെന്നു ഞങ്ങൾ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു." (അപ്പോളജി. 1:66)

ജസ്റ്റിൻ തറപ്പിച്ചു പറയുന്ന മറ്റൊരു കാര്യം മനുഷ്യാവതാരത്തിന്റെ ലക്ഷ്യം ദിവ്യകാരുണ്യമാണെന്നും ദിവ്യകാരുണ്യത്തിന്റെ ലക്ഷ്യം മനുഷ്യവംശത്തിന്റെ യുഗാന്ത്യത്തിലുള്ള രൂപാന്തരീകരണമാണെന്നുമുള്ളതാണ്.

## 4. വിശുദ്ധ ഇരനെയൂസ്

ഈശോമിശിഹായുടെ ശരീരരക്തങ്ങളിലുള്ള ഭാഗഭാഗിത്വം മനുഷ്യശരീരങ്ങളുടെ ഉയിർപ്പിന് അച്ചാരവും തെളിവുമായി ഇരനെയൂസ് അവതരിപ്പിക്കുന്നു. അദ്ദേഹവും മലാക്കി പ്രവചിച്ച ബലിയുമായി പരിശുദ്ധകുർബാനയെ സാമ്യപ്പെടുത്തുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായാണ് അപ്പവും വീഞ്ഞും മിശിഹായുടെ തിരുശ്ശരീരരക്തങ്ങളായിത്തീരുന്നതെന്ന് അദ്ദേഹം പറയുന്നതു പ്രത്യേകം പരിഗണനാവിഷയമാക്കാവുന്നതാണ്.

നാം ദൈവത്തിനു സമർപ്പിക്കുന്ന അപ്പവും വീഞ്ഞും അവിടുന്നു സ്വീകരിച്ച്, അവയെ വിശുദ്ധീകരിച്ച്, ഈശോയുടെ ശരീരരക്തങ്ങളാക്കി, നമുക്കു തിരികെ നൽകുന്നു. വിശുദ്ധ കുർബാന ഈ പ്രപഞ്ചത്തെ മുഴുവൻ വിശുദ്ധീകരിക്കുന്നു. സൃഷ്ടിസാകല്യം അതിന്റെ പൂർണ്ണത കണ്ടെത്തുന്നതു പരിശുദ്ധ കുർബാനയിലാണ്. സൃഷ്ടിയുടെ ഒരു ഭാഗം ദൈവപുത്രന്റെ ശരീരരക്തങ്ങളായി മാറുന്നതു വഴി സൃഷ്ടി മുഴുവൻ വിശുദ്ധീകരിക്കപ്പെടുന്നു. വിശുദ്ധ കുർബാനയുടെ ആത്യന്തികലക്ഷ്യം നമ്മുടെ പുനരുത്ഥാനവും മഹത്ത്വീകരണവുമാണ്.

## 5. തെർത്തുല്യൻ

ആഫ്രിക്കയിൽ നിന്നുള്ള ഈ ക്രൈസ്തവ സാഹിത്യകാരൻ വിശുദ്ധ കുർബാനയെ "ദൈവത്തിന്റെ അത്താഴം", "ദൈവത്തിന്റെ വിരുന്ന്", "മിശിഹായുടെ വിരുന്ന്" എന്നൊക്കെ വിശേഷിപ്പിച്ചിരിക്കു

ന്നു. അദ്ദേഹം തിരുവോസ്തിയെ മിശിഹായുടെ ശരീരമായും വിശുദ്ധ കുർബാനയെ കൃതജ്ഞതാ സ്തോത്രബലിയായും അവതരിപ്പിക്കുന്നുണ്ട്.

വിശുദ്ധകുർബാന പുതിയനിയമത്തിലെ ഏകബലിയാണെന്നും, അതു കൂദാശയാണെന്നും സൂചിപ്പിക്കാൻ തെർത്തുല്യൻ പ്രത്യേക ശ്രദ്ധ കാണിക്കുന്നുണ്ട്. "അപ്പത്തിന്റെയും കാസായുടെയും കൂദാശ," "വിശുദ്ധകുർബാനയാകുന്ന കൂദാശ," തുടങ്ങിയ അദ്ദേഹത്തിന്റെ അനന്യപ്രയോഗങ്ങൾ ഇതിനു ദൃഷ്ടാന്തങ്ങളാണ്. ബലിസമൂഹം, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങൾ, പരസ്പരം സ്നേഹിച്ചും പങ്കുവച്ചും ജീവിക്കേണ്ടതിന്റെ അവശ്യാവശ്യകത, അദ്ദേഹം ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്. വിശുദ്ധ കുർബാനയുടെ ആഘോഷം, വിശുദ്ധ കുർബാനയിൽ അർപ്പകർക്കുണ്ടായിരിക്കേണ്ട ആഴമേറിയ വിശ്വാസം, ഇവയെക്കുറിച്ചൊക്കെ അദ്ദേഹം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സ്ഥലകാലഭേദമെന്യേ പ്രസക്തമാണ്.

## 6. ഹിപ്പൊളിറ്റസ്

വിശുദ്ധകുർബാനയെ "സഭയുടെ കാഴ്ചയർപ്പണം" എന്നാണ് ഹിപ്പൊളിറ്റസ് വിശേഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ 'അപ്പസ്തോലികപാരമ്പര്യം' എന്ന ഗ്രന്ഥത്തിൽ വിശുദ്ധകുർബാനയുടെ അനുഷ്ഠാനത്തെ ക്കുറിച്ചു പ്രത്യേകം പ്രതിപാദിച്ചിരിക്കുന്നതു കാണാം.

## 7. ഒരിജൻ

പണ്ഡിതവരേണ്യനായ ഒരിജൻ കർത്താവിന്റെ ശരീരത്തെ ദൈവത്തിന്റെ വചനവുമായി താരതമ്യം ചെയ്യുന്നു. ഈശോയുടെ ശരീരത്തോടു കാണിക്കുന്ന ആദരവും പരിശ്രദ്ധയും അവിടുത്തെ വചനത്തിനും നാം നൽകണം. തിരുവോസ്തി ഈശോയുടെ ശരീരമായിരിക്കുന്നതുപോലെ, അവിടുത്തെ വചനവും അവിടുത്തെ ശരീരം തന്നെയാണ്. സജീവവും ഊർജ്ജസ്വലവുമായ ദൈവത്തിന്റെ വചനം ഉൾക്കൊള്ളുമ്പോഴെല്ലാം നാം മിശിഹായുടെ രക്തം പാനം ചെയ്യുകയാണ്. ദൈവത്തിന്റെ വചനത്തിന്റെ വലിയ പ്രാധാന്യം ഊന്നിപ്പറയാൻ വേണ്ടിയാണ് വിശുദ്ധകുർബാനയെപ്പറ്റി ഒരിജൻ പ്രതിപാദിക്കുന്നത്. വിശുദ്ധ കുർബാനയിൽ ഈശോ യഥാർത്ഥമായി സന്നിഹിതനായിരി

ക്കുന്നതുപോലെതന്നെ വചനത്തിലും അവിടുന്നു സന്നിഹിതനാണെന്ന് ഒരിജൻ പഠിപ്പിക്കുന്നു.

## 8. വിശുദ്ധ സിപ്രിയാൻ

മൂന്നാം നൂറ്റാണ്ടിൽ സഭയ്ക്കു വിശുദ്ധ കുർബാനയിലുണ്ടായിരുന്ന അഗാധമായ വിശ്വാസത്തിന്റെയും ഭക്തിയുടെയും മഹാസാക്ഷിയാണ് കാർത്തേജിലെ മെത്രാനായിരുന്ന വി. സിപ്രിയാൻ. "നമ്മൾ മിശിഹായുടെ പ്രബോധനങ്ങളോടും സഭയുടെ പാരമ്പര്യങ്ങളോടും വിശ്വസ്തരായിരിക്കണമെന്നും വീഞ്ഞിന്റെയും ജലത്തിന്റെയും മിശ്രിതം പാനപാത്രത്തിൽ ഉപയോഗിക്കുകവഴി അവിടുത്തെ രക്ഷാകരമായ ബലിയുടെ ഓർമ്മ (ഈശോയുടെ തിരുബലി ആവർത്തിക്കുക) പുതുക്കുകയാണു ചെയ്യുന്ന"തെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ ഒരുമിച്ചുകൂടിയിരുന്നതു വചനം ശ്രവിക്കാനും അപ്പത്തിലും വീഞ്ഞിലും സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ കർത്താവിനെ അനുഭവിച്ച് അവിടുന്നുമായി ഐക്യത്തിൽ വരാനും, തങ്ങളുടെ കഴിവനുസരിച്ച്, അവശതയനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കാനും വേണ്ടിയായിരുന്നു. ഈ ഒന്നിച്ചുചേരലിൽ കർത്താവിന്റെ മഹത്ത്വപൂർണ്ണമായ തിരിച്ചുവരവിനെക്കുറിച്ചു സന്തോഷപൂർണ്ണമായ പ്രതീക്ഷ അവർ വച്ചുപുലർത്തിയിരുന്നു.

വിശുദ്ധ കുർബാനയിൽ തങ്ങൾ സ്വീകരിക്കുന്നത് ഉത്ഥിതനായ ഈശോയുടെ തിരുശ്ശരീരരക്തങ്ങളാണെന്ന് അവർ ഉറപ്പായി വിശ്വസിച്ചിരുന്നു. ഈശോയുടെ മനുഷ്യാവതാരം യഥാർത്ഥമായിരുന്നുവെന്നും അന്തിമദിവസത്തിൽ ശരീരങ്ങൾ ഉയിർപ്പിക്കപ്പെടുമെന്നുമുള്ള സത്യങ്ങളുടെ അടിസ്ഥാനമായി നിലകൊണ്ടിരുന്നത് ഉത്ഥിതനായ കർത്താവിന്റെ വിശുദ്ധ കുർബാനയിലുള്ള യഥാർത്ഥസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധമായിരുന്നു. വിശുദ്ധ സിപ്രിയാൻ പറയുന്നു, പ്രലോഭനഘട്ടങ്ങളിലും പ്രയാസങ്ങളിലും ഒരുവനു ശക്തിലഭിക്കുന്നതു കർത്താവിന്റെ വിശുദ്ധ കുർബാനയിലുള്ള സജീവസാന്നിദ്ധ്യത്തിൽ നിന്നാണ്.

രക്തസാക്ഷികളുടെ ഈ കാലഘട്ടത്തിൽ ബലിയർപ്പണം മൂലം ക്രൈസ്തവർക്കുണ്ടായിരുന്ന ബോധ്യങ്ങളെ ഇങ്ങനെ സമാഹരിക്കാം.

1. വിശുദ്ധ കുർബാനയിൽ ഈശോ യഥാർത്ഥത്തിൽ സന്നിഹിതനാണ്

2. വിശുദ്ധ കുർബാനയ്ക്കായി ദൈവജനം ഒന്നിച്ചു കൂടിയിരുന്നു

3. വിശുദ്ധ കുർബാനയുടെ വിരുന്നു സ്വഭാവം

4. ഇതിന്റെ പവിത്രതയെക്കുറിച്ചുള്ള ബോധ്യം

5. വിശുദ്ധ കുർബാനയോടൊപ്പം പാവപ്പെട്ടവരെ പ്രത്യേകം പരിഗണിക്കണമെന്ന ചിന്ത

6. അതിനായി പ്രായോഗികമായി ചെയ്തിരുന്ന കാര്യങ്ങൾ

7. വിശുദ്ധ കുർബാന അർപ്പിക്കുന്നവർക്കുണ്ടായിരിക്കേണ്ട നിർമ്മലമനസ്സാക്ഷിയും അപങ്കിലമായ ജീവിതവും

8. പ്രാദേശിക സഭയെ പടുത്തുയർത്തുന്നതിനു പരിശുദ്ധകുർബാനയുടെ അവശ്യാവശ്യകത

9. നല്ല ക്രൈസ്തവ ജീവിതത്തിന് ആവശ്യമായ ശക്തിയും ചൈതന്യവും വിശുദ്ധ കുർബാന നൽകുന്നുവെന്ന വിശ്വാസം.

10. പഴയനിയമത്തിലെ എല്ലാത്തരം ബലികളെയും പൂർത്തീകരിക്കുന്ന പുതിയ ഉടമ്പടിയിലെ ബലിയാണു വിശുദ്ധ കുർബാനയെന്ന ചിന്ത

11. ഈശോമിശിഹായുടെ സഹനമരണോത്ഥാനങ്ങളുടെ കൗദാശികമായ ഓർമ്മയാചരണമാണു പരിശുദ്ധ കുർബാനയെന്ന വിശ്വാസം; **പരിശുദ്ധ കുർബാന പെസഹാരഹസ്യത്തിന്റെ പുനരാവർത്തനമാണ്.**

അവസാനം പറഞ്ഞിരിക്കുന്നതാണു പരമപ്രധാനമായ കാര്യം.

## 9. വിശുദ്ധ അഗസ്റ്റിൻ

വിശുദ്ധ കുർബാനയെക്കുറിച്ച് പൗലോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അഗസ്റ്റിൻ പറയുന്നു: "അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായ നാം ഒരു ശരീരമാണ്" (1 കൊറി. 10:7). "വിശുദ്ധ കുർബാനയുടെ വെളിച്ചത്തിൽ സ്നേഹം, സത്യം, സുകൃതം, ഐക്യം ഇവയെ നമ്മൾ മനസ്സിലാക്കുകയും ഇവയിൽ സന്തോഷിക്കുകയും വേണം. ഒരു ധാന്യമണി കൊണ്ടല്ല, പല ധാന്യമണികൾ കൊണ്ടാണ് അപ്പം ഉണ്ടാ

ക്കിയിരിക്കുന്നത് എന്നോർക്കുക. പൊടിയുന്നതിനു സമമായിരിക്കുന്നു നിന്റെ വിശുദ്ധീകരണം. മാമ്മോദീസായിലൂടെ നിന്നെ നനച്ച്, പരിശുദ്ധാത്മാവാകുന്ന അഗ്നിയുടെ സ്വീകരണം വഴി നീ രൂപാന്തരപ്പെടുകയായിരുന്നു. അതുകൊണ്ട് നീ കാണുന്നതും സ്വീകരിക്കുന്നതും പോലെ ആയിഭവിക്കുക, അതാണു വി. പൗലോസ് പഠിപ്പിക്കുന്നത്."

അനേകം ധാന്യമണികൾ പൊടിഞ്ഞു ചേർന്ന് അപ്പമുണ്ടാകുന്നതുപോലെതന്നെയാണ് ക്രിസ്തീയജീവിതവും. വിശുദ്ധ ഗ്രന്ഥം സ്പഷ്ടമായി പറയുന്നു: "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു" (നട. 4:32). ഇങ്ങനെയാകാൻ എത്രയേറെ ഒരുവൻ സഹിക്കണം, സഹിഷ്ണുത കാണിക്കണം? ഇനി വീഞ്ഞിന്റെ കാര്യമെടുക്കാം. മുന്തിരിപ്പഴങ്ങൾ ശേഖരിച്ച്, പിഴിഞ്ഞ്, ചാറുണ്ടാക്കുന്നു. അപ്പോൾ അത് ഒന്നായിത്തീരുന്നു. ഇതു നമ്മുടെ തന്നെ ഒരു ചരിത്രമാണ്. നമ്മുടെ സമാധാനത്തിനും ഐക്യത്തിനും നിത്യരക്ഷയ്ക്കും വേണ്ടി അവിടുന്നു തന്നെത്തന്നെ സമർപ്പിക്കുന്നു, അതിൽ നാം ഭാഗഭാക്കുകളാകുന്നു.

ഭയപ്പെടുത്തുന്ന ഒരു പ്രസ്താവനയാണ് മേൽപ്പറഞ്ഞതിന്റെ ചുവടുപിടിച്ച് അഗസ്റ്റിൻ നടത്തുന്നത്. "സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഈ കൂദാശ സ്വീകരിക്കുന്നവൻ എല്ലാവരുമായി സമാധാനത്തിലും സഹവർത്തിത്വത്തിലും ജീവിക്കുന്നില്ലെങ്കിൽ, അവനെ പരിപോഷിപ്പിക്കുന്ന ഈശോമിശിഹായെ അല്ല അവൻ സ്വീകരിക്കുന്നത്. ഒരു വിപരീതസാക്ഷ്യമായിരിക്കും അവൻ ലോകത്തിനു നൽകുക."

നാം 'അപ്പം മുറിക്കുമ്പോൾ' കർത്താവിനെ തിരിച്ചറിയണം. അതാണ് അവിടുന്ന് ആഗ്രഹിച്ചത്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ ഈശോയെ വീട്ടിലേക്കു വിളിച്ചു. അവരുടെ കൂടെ വസിക്കണമെന്ന് അഭ്യർത്ഥിച്ചു. അപ്പോൾ അവിടുന്ന് അവർക്ക് അപ്പം മുറിച്ചു കൊടുത്തു. അവർ അവിടുത്തെ തിരിച്ചറിഞ്ഞു.

നമുക്കു ദൈവികജീവൻ വേണമെങ്കിൽ, അവിടുത്തെ തിരിച്ചറിയണമെങ്കിൽ, ആ ശിഷ്യന്മാർ ചെയ്തതുപോലെ നാമും ചെയ്യണം. അവർ പറഞ്ഞു: 'നാഥാ, കൂടെ വസിക്കണമേ!' അവിശ്വാസം നഷ്ടപ്പെടുത്തിയത് ആതിഥേയത്വം നേടിക്കൊടുത്തു. അപ്പം മുറിക്കുന്നതിലാണ് (വിശുദ്ധ കുർബാനയിലാണ്) അവിടുത്തെ നാം കണ്ടെത്തുക. വിശ്വാസി

കൾക്ക് ഇത് ഒരനുഭവമാണ്. പീഡാനുഭവം ദർശിച്ചപ്പോൾ വിശ്വാസം നഷ്ടപ്പെട്ട അവർക്ക് 'അപ്പം മുറിക്കുന്നതു കണ്ടപ്പോൾ' വിശ്വാസം അതിശക്തമായി തിരിച്ചുവന്നു. അവരുടെ വിശ്വാസം സജീവമായപ്പോൾ ഈശോ അപ്രത്യക്ഷനായി. അവർ അതിവേഗം ജറുസലെമിലേക്കു മടങ്ങിപ്പോകുകയും ചെയ്തു.

കാണാത്തതിനെ വിശ്വസിക്കണം. അപ്പോൾ അതു കാണുന്ന സമയം നിങ്ങൾ സന്തോഷിക്കും. വിശ്വാസം സ്ഥിരപ്പെടുത്തുക, അപ്പോൾ കാഴ്ച പുനരുദ്ധരിക്കപ്പെടും. നാം കാണാത്തതു വരും. വരുമെന്നു മാത്രമല്ല, വിശ്വസിക്കുന്നവർക്ക് സന്തോഷവും വിശ്വസിക്കാത്തവർക്കു കഷ്ടവും കൊണ്ടുവരും. വിശ്വാസികൾ സന്തോഷിച്ചു നന്ദി പറയും; അവിശ്വാസികൾക്ക് സംഭ്രമം മാത്രം അവശേഷിക്കും.

ദിവ്യനാഥന്റെ ഉത്ഥാനം വഴി നമ്മുടെ ഉത്ഥാനത്തിന്റെ മുന്നോടി നമ്മെ കാണിച്ചിരിക്കുന്നു. എല്ലാവരും ഉയിർപ്പിക്കപ്പെടും; എന്നാൽ, നീതിമാന്മാർ നിത്യായുസ്സിലേക്കും നീതിരഹിതർ നിത്യനാശത്തിലേക്കും പ്രവേശിക്കും.

## 10. ജറുസലെമിലെ വിശുദ്ധ സിറിൽ

വിശുദ്ധ കുർബാനയെ 'ഭീതിജനകവും ഭക്തിജനകവുമായ രഹസ്യ'മെന്ന് ആദ്യം അഭിസംബോധന ചെയ്യുന്നതു സിറിലാണ്. അപ്പത്തിന്റെ സാദൃശ്യത്തിൽ അവിടുത്തെ ശരീരവും വീഞ്ഞിന്റെ സാദൃശ്യത്തിൽ അവിടുത്തെ രക്തവും നമുക്കായി അവിടുന്നു നൽകുന്നു. ഈശോയുമായി ഐക്യപ്പെടുന്നതിനുവേണ്ടിയാണ് ഇതു നൽകപ്പെട്ടിരിക്കുന്നത്. നമുക്കു ക്രിസ്തുവിനെ വഹിക്കുന്നവർ (Christophers) ആകാം. ഇതു വിശ്വാസത്തിന്റെ മേഖലയാണ്. വിശ്വാസം നമ്മെ ഉറപ്പിക്കണം. കാഴ്ചയിൽ അവ അപ്പവും വീഞ്ഞുമാണെങ്കിലും സത്തയിൽ, വിശ്വാസത്തിൽ, അവ ഈശോയുടെ തിരുശ്ശരീരരക്തങ്ങളാണ്. (കൂദാശവചനങ്ങളിലൂടെ വസ്തുഭേദം, Transubstantiation സംഭവിക്കുന്നുവെന്നർത്ഥം)

നിങ്ങളുടെ ഹൃദയങ്ങൾ ഉന്നതങ്ങളിലേക്കുയർത്തുവിൻ എന്നു വൈദികൻ പറയുന്നു. നമ്മുടെ ചിന്തകൾ – മനസ്സ് – ദൈവത്തിലേക്ക് ഉയർത്തുക എന്നാണതിന്റെ അർത്ഥം. എല്ലാ പ്രാരാബ്ധങ്ങളും

ആകുലതകളും ദൈവകൃപയ്ക്കായി വിട്ടുകൊണ്ട്, മനസ്സിനെ അവയിൽ നിന്നു സ്വതന്ത്രമാക്കി, ഈ ദിവ്യരഹസ്യങ്ങളിൽ കേന്ദ്രീകരിക്കാം. സ്രാപ്പേന്മാരുടെ സ്തുതികളോടു നമുക്കു ചേരാം. ആത്മീയഗീതങ്ങളാൽ നമ്മെത്തന്നെ വിശുദ്ധീകരിക്കാം. സൈന്യങ്ങളുടെ ഗീതാലാപനത്തിൽ നമുക്കും പങ്കുകാരാകാം. അതിനുവേണ്ടിയാണു സ്രാപ്പേന്മാരിൽ നിന്നു ലഭിച്ച ഈ ദൈവികഗീതം നാമും ആലപിക്കുക.

സ്വയം വിശുദ്ധീകരിച്ച നാം 'സമർപ്പിക്കപ്പെട്ട ദാനങ്ങളുടെ' മേൽ പരിശുദ്ധാത്മാവിനെ അയയ്ക്കുവാൻ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു. പിന്നീട് ആവശ്യത്തിലിരിക്കുന്ന സകലർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ബലിയിൽ നാം ആർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുന്നുവോ അവർക്കെല്ലാം അത് അനുഗ്രഹപ്രദവും ഫലദായകവുമായിരിക്കും. നമ്മുടെ മരിച്ചവർക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ, മിശിഹായെത്തന്നെയാണ് അവരുടെ കടങ്ങളുടെ മോചനത്തിനായി, നാം അർപ്പിക്കുന്നത്. അങ്ങനെ നാം അവർക്കുവേണ്ടിയും നമുക്കുവേണ്ടിയും ദൈവത്തെ പ്രസാദിപ്പിക്കുന്നു.

ഈശോയുടെ തിരുശ്ശരീരരക്തങ്ങൾ ആത്മാവിന്റെ അന്തഃസത്തയിലേക്കാണ് ആഗിരണം ചെയ്യപ്പെടുക. നമ്മുടെ വ്യക്തിത്വം മുഴുവനിലേക്കും അതു വ്യാപിക്കുന്നു.

സത്തയിൽ പരിശുദ്ധനായി ഒരാൾ മാത്രമേ ഉള്ളൂ, ഏകകർത്താവായ ഈശോമിശിഹാ. ഈശോമിശിഹാ, പരിശുദ്ധത്രിത്വം തന്നെ, നമ്മിൽ ജീവിക്കുന്നതുകൊണ്ട് നാമും വിശുദ്ധർ തന്നെ. പങ്കാളിത്തം, പ്രാർത്ഥന, ശിക്ഷണം ഇവവഴി, വിശ്വാസത്തിലൂടെ, കർത്താവ് എത്ര നല്ലവനാണെന്നു രുചിച്ചറിയാൻ നമുക്കു കഴിയണം. ഇതിനെ സമീപിക്കുമ്പോൾ ഇടതുകൈ വലതുകൈക്കു സിംഹാസനമായിരിക്കട്ടെ. ആമ്മേൻ എന്നു പറഞ്ഞു കൊണ്ടു മിശിഹായുടെ ശരീരം സ്വീകരിക്കുക എന്നും സിറിൽ നിർദ്ദേശിക്കുന്നു.

## 11. വിശുദ്ധ ജോൺ ക്രിസോസ്റ്റം

വിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രജ്ഞൻ എന്നാണ് ക്രിസോസ്റ്റം അറിയപ്പെടുന്നത്. ഈശോ പറയുന്നതായി സങ്കൽപ്പിച്ച്, അദ്ദേഹം പറയുന്നു: "നിങ്ങളുടെ സഹോദരനാകാൻ ഞാൻ ആഗ്ര

ഹിച്ചു. അതിനാൽ ഞാൻ നിങ്ങൾക്കായി മാംസവും രക്തവും സ്വീകരിച്ചു. നിങ്ങളുടെ ബന്ധുവായിരിക്കുമ്പോൾ ഞാൻ സ്വീകരിച്ച അതേ മാംസവും രക്തവും ഞാൻ തിരിച്ചു തന്നു. ഈ രക്തം നമ്മുടെ രാജകീയ മുദ്ര നമ്മിൽ പ്രശോഭിതമാക്കുന്നു. ഇതു നിരന്തരം നാം നവീകരിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിനാൽ നമ്മുടെ ആത്മാവിന്റെ നന്മ അണഞ്ഞു പോകുന്നില്ല."

ഈശോയുടെ തിരുരക്തത്തെക്കുറിച്ചാണു ക്രിസോസ്റ്റാം ഊന്നുക. ഈശോയുടെ രക്തം നമ്മുടെ ആത്മാവിനെ ഉത്തേജിപ്പിച്ച് ഒരു പ്രത്യേക ശക്തിവിശേഷം നമ്മുടെ ആത്മാവിൽ സന്നിവേശിപ്പിക്കുന്നു. ഇതു യോഗ്യതയോടെ സ്വീകരിക്കുമ്പോൾ സാത്താൻ പുറത്താക്കപ്പെടുന്നു. കർത്താവിന്റെ രക്തം ഉള്ളിടത്തുനിന്ന് അവൻ ഓടി ഒളിക്കുകയും മാലാഖമാർ അവിടെ ഒന്നിക്കുകയും ചെയ്യുന്നു. സമൃദ്ധമായി ചിന്തപ്പെട്ട ഈ തിരുരക്തം ലോകത്തെ മുഴുവൻ കഴുകി വിശുദ്ധീകരിക്കുന്നു.

ഈശോയുടെ രക്തം നമ്മുടെ ആത്മാവിന്റെ രക്ഷയാണ്. ഇതിനാൽ നമ്മുടെ ആത്മാവു നിർമ്മലമാക്കപ്പെട്ടിരിക്കുന്നു. ഇതു നമ്മുടെ ബുദ്ധിയെ അഗ്നിയേക്കാൾ പ്രകാശമുള്ളതാക്കുന്നു. ആത്മാവിനെ സ്വർണ്ണത്തേക്കാൾ ശോഭയുള്ളതുമാക്കുന്നു. നമുക്കുവേണ്ടി ചിന്തപ്പെട്ട ഈ രക്തം നമ്മുക്കു സ്വർഗ്ഗത്തിലേക്കുള്ള വഴി തുറക്കുന്നു. നമ്മുടെ ഹൃദയം മലർക്കെ തുറക്കപ്പെടുമ്പോൾ ഈ രക്തത്തിന്റെ സ്വീകരണത്തിലൂടെ ജീവജലത്തിന്റെ അരുവികൾ നമ്മിലേക്കൊഴുകും.

ഈ അരുവി അഗ്നിയേക്കാൾ ശക്തിയായി ഒഴുകുന്നു; പക്ഷേ അതു ചാമ്പലാക്കുന്നില്ല. അതു തൊടുന്നവയെ ശുദ്ധീകരിക്കുക മാത്രമേ ഉള്ളൂ. ലോകത്തിന്റെ വില ഈശോയുടെ തിരുരക്തത്തിന്റെ വിലയാണ്. ഇതുവഴി അവിടുന്നു സഭയെ വിലയ്ക്കു വാങ്ങി. ഇതുവഴി സഭയെ വസ്ത്രാലങ്കാരവിഭൂഷിതയാക്കി. ഈ രക്തത്തിൽ പങ്കുകൊള്ളുന്നവരെല്ലാം മാലാഖമാരുടെയും പ്രധാന മാലാഖായുടെയും, ഉന്നതങ്ങളിൽ നിന്നുള്ള ശക്തിയുടെയും ഒപ്പം മിശിഹായുടെ രാജകീയ വസ്ത്രങ്ങൾ ധരിച്ച്, ആധ്യാത്മികായുധങ്ങൾ പിടിച്ചു കൊണ്ടു നിൽക്കുന്നു. അവർ രാജാവിനെത്തന്നെയാണ് ധരിച്ചിരിക്കുന്നത്. നിർമ്മലതയോടെ ഈ രക്തത്തെ സമീപിച്ചാൽ നിത്യരക്ഷ കൈവരുകയും ചെയ്യും.

ഈശോ പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനുണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിൽ ജീവിക്കുന്നു." മഹത്ത്വപൂർണ്ണവും അവർണ്ണനീയവുമായ നിത്യജീവനെക്കുറിച്ചാണ് ഈശോ സംസാരിക്കുന്നത്.

## 12. വിശുദ്ധ ജോൺ ഡമഷീൻ

നമ്മുടെ കർത്താവായ മിശിഹാ നമുക്കുവേണ്ടി സ്വയം അർപ്പിക്കുകയും യഥാർത്ഥമായി നമ്മുടെ മഹാപുരോഹിതനായിത്തീരുകയും ചെയ്തതിനാൽ, അൾത്താരയെ സമീപിക്കുന്ന പുതിയനിയമപുരോഹിതൻ മിശിഹായുടെ ഛായയെ പ്രതിഫലിപ്പിക്കുന്നുവെന്നു നാം മനസ്സിലാക്കണം. ക്രിസ്തുവിന്റെ അവാച്യമായ ബലി പ്രതീകാത്മകമായി അവൻ തന്റെ ശുശ്രൂഷവഴി പരികർമ്മം ചെയ്യുന്നു. വാനവസൈന്യം മുഴുവൻ ഓരോ ദിവ്യബലിയിലും സന്നിഹിതമാകുന്നു. മിശിഹായുടെ രക്ഷയുടെ അവകാശികളാകുവാനിരിക്കുന്നവർക്കു ശുശ്രൂഷ ചെയ്യാൻ അയയ്ക്കപ്പെട്ട സേവകാത്മാക്കളാണ് അവരെല്ലാം (ഹെബ്രാ. 1:14).

ദിവ്യകാരുണ്യം ഉന്നതവും ഭീതിജനകവും പരിശുദ്ധവും ആണെന്നും അതു സത്യമായും കർത്താവാണെന്നും അറിഞ്ഞ് അതിനെ കാണുകയും സൂക്ഷിക്കുകയും കൈകാര്യം ചെയ്യുകയും വേണം. വലിയഭയത്തോടെ വേണം ദിവ്യകാരുണ്യത്തെ കൈകാര്യം ചെയ്യുവാൻ. നാം വിശ്വാസത്താലാണു ജീവിക്കുന്നത്. എപ്പോഴും കർത്താവിനോടു കൂടെ ആയിരിക്കാൻ ക്ഷമാപൂർവ്വം പരിശ്രമിക്കണം. ഉത്ഥാനം വഴി നാം പ്രത്യാശിക്കുന്ന പുതിയ ജന്മമാണ് യഥാർത്ഥമായുള്ളത്.

നമ്മുടെ കർത്താവായ ഈശോ നമുക്കായി അർപ്പിച്ച ബലി ഏകമാണ്. ഇതുവഴി അവിടുന്നു നമുക്കു പൂർണ്ണത നേടിത്തന്നു. വിശുദ്ധീകരിക്കപ്പെട്ടവരെ അവിടുന്ന് എന്നേക്കുമായി പൂർണ്ണരാക്കി (ഹെബ്രാ.10:14). നാമെല്ലാവരും എല്ലായിടത്തും എപ്പോഴും ആ ബലിയുടെ അനുസ്മരണത്തിലായിരിക്കണം. കാരണം, നാം ഈ അപ്പം ഭക്ഷിക്കുകയും ഈ കാസ പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം

കർത്താവിന്റെ മരണമാണ് അവന്റെ വരവുവരെ അനുസ്മരിക്കുന്നത് (1 കൊറി.11:26). ഭീതിജനകമായ ഈ ശുശ്രൂഷ നിർവ്വഹിക്കുമ്പോഴെല്ലാം നാം വ്യക്തമായി സ്വർഗ്ഗത്തിലാണെന്ന് വിഭാവനം ചെയ്യണം. ഈ ബലി വ്യക്തമായി സ്വർഗ്ഗീയ സംഗതികളുടെ സാദൃശ്യമാണ്.

ഈശോയുടെ തിരുശ്ശരീരരക്തങ്ങളുടെ സ്വീകരണം വഴി നാം പൂർണ്ണരാക്കപ്പെട്ട് സ്വർഗ്ഗീയ സൗഭാഗ്യത്തിൽ പങ്കുചേർക്കപ്പെടുന്നു. വിശ്വാസം വഴി സ്വർഗ്ഗീയ കാര്യങ്ങളുടെ ചിത്രം നമ്മുടെ ഭാവനയിൽ കൊണ്ടുവരണം. അതേസമയം, സ്വർഗ്ഗസ്ഥനായിരിക്കുകയും നമുക്കു വേണ്ടി മരിക്കുകയും ഉയിർക്കുകയും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ഇപ്പോൾ വീണ്ടും അർപ്പിക്കപ്പെടുകയും ചെയ്യുന്ന ഈശോമിശിഹായെപ്പറ്റി നാം ചിന്തിക്കണം. ഇങ്ങനെ ധ്യാനിക്കുന്നതു വഴി അവൻ അനുനിമിഷം മരിച്ചുയർക്കുന്നെന്നും സ്വർഗ്ഗത്തിലേക്കു കരേറുന്നെന്നും ഉള്ള, നേരത്തേ സംഭവിച്ച സംഗതികളുടെ, ദർശനത്തിലേക്കു നാം ആനീതരാകും.

ദൈവദൂതന്മാരുടെ ജോലിയാണ്– ശുശ്രൂഷയാണ്– അൾത്താരബാലന്മാർ ചെയ്യുക.

ഒരിക്കൽ പീഡനത്തിനായി വലിച്ചിഴയ്ക്കപ്പെടുകയും പിന്നീട് അൾത്താരയിൽ ബലിയർപ്പിക്കപ്പെടുകയും ചെയ്ത ഈശോയെ ദിവ്യബലിയിൽ അനുസ്മരിക്കണം. അർപ്പിതവസ്തുക്കൾ കാസായിലും പീലാസായിലും സജ്ജമാക്കപ്പെടുമ്പോൾ നമ്മുടെ കർത്താവായ മിശിഹാ തന്റെ പീഡാനുഭവത്തിനായി ആനീതനാകുന്നതു നാം അനുസ്മരിക്കണം.

# 2

# പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമന്റെ പരിശുദ്ധകുർബാനയെക്കുറിച്ചുള്ള പ്രബോധനങ്ങൾ

## 1. ദൈവമഹത്ത്വത്തിന്റെ ആഘോഷം

നിഗൂഢമാം വിധം ഉന്നതമെങ്കിലും എളിയരീതിയിൽ ദൈവം വെളിപ്പെടുത്തിയ തന്റെ മഹത്ത്വത്തിന്റെ ഈ ലോകത്തിലെ പരമമായ ആഘോഷമാണ് ദിവ്യബലി! ഈ പ്രബോധനത്തെ പരിശുദ്ധ പിതാവ് ഇങ്ങനെ വിശദീകരിക്കുന്നു: "അത് ഉന്നതമാണ്." കാരണം, 'കാലത്തിന്റെ അന്ത്യം വരെ എല്ലായ്പ്പോഴും' നമ്മുടെ മധ്യേയുള്ള ക്രിസ്തുസാന്നിധ്യത്തിന്റെ മുഖ്യമായ ആവിഷ്കാരമാണത്. "അത് എളിമയുള്ളതാണ്." കാരണം, 'അനുദിന ജീവിതത്തിലെ, നിസ്സാരമായ അപ്പത്തിന്റെയും വീഞ്ഞിന്റെയും പ്രതീകങ്ങളിലാണ് അതു നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നത്.'

ദിവ്യകാരുണ്യം മഹത്തമമാണ്. കാരണം, 'കാലത്തിന്റെ അന്ത്യംവരെ എന്നും' (മത്താ. 28:20) അതു നമ്മോടു കൂടെ ആയിരിക്കും. അനുദിനമുള്ള ഈ പരിപോഷണത്തിൽ, ദിവ്യകാരുണ്യം അവതരിപ്പിക്കുന്നത്, വാഗ്ദാനം മാത്രമല്ല, മറിച്ച്, ഭാവിമഹത്ത്വത്തിന്റെ പ്രതിജ്ഞ കൂടിയാണ്. ഈ കൂദാശയിൽ ഭാവിമഹത്ത്വത്തിന്റെ അച്ചാരം നമുക്കു നൽകപ്പെടുന്നു.

"ആകാശം ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു" (സങ്കീ. 19:1). ദൈവികമഹത്ത്വത്തിന്റെ പ്രകാശത്താൽ ലോകം മുഴുവൻ പ്രകാശിപ്പിക്കപ്പെടുന്നു. പഴയനിയമത്തിൽ 'കബോദ്' (Kabod) എന്ന ഹീബ്രു പദം ചരിത്രത്തിലും സൃഷ്ടപ്രപഞ്ചത്തിലുമുള്ള ദൈവികസാന്നിദ്ധ്യത്തിന്റെയും ദൈവികമഹത്ത്വത്തിന്റെയും വെളിപ്പെടുത്തലിനെ സൂചിപ്പിക്കുന്നു. ദൈവവചനത്തിന്റെ വെളിപ്പെടലിന്റെ സ്ഥലമായ സീനായ് മലമുകളിൽ കർത്താവിന്റെ മഹത്ത്വം പ്രകാശിച്ചു (പുറ. 24:16). മരുഭൂമിയിൽ തീർത്ഥാടനം ചെയ്തിരുന്ന ദൈവജനത്തിന്റെ തിരുക്കർമ്മങ്ങളിലും പവിത്രകൂടാരത്തിലും കർത്താവിന്റെ മഹത്ത്വത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു (ലേവ്യ. 9:23). "അങ്ങയുടെ മഹത്ത്വത്തിന്റെ ഇരുപ്പിടമായ (സങ്കീ. 26:8) ദൈവാലയത്തിൽ അതു വാഴുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനതകളെയെല്ലാം പ്രകാശത്തിന്റെ ഒരു ആവരണമെന്നതുപോലെ അതു പൊതിയുന്നു" (ഏശ. 60:1).

"പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ; ഭൂമി മുഴുവൻ അവിടുത്തെ മഹത്ത്വം നിറഞ്ഞിരിക്കുന്നു" (ഏശ. 6:3). എന്ന് സെറാഫുകൾ പ്രഘോഷിക്കുന്നത്, തന്റെ ദൗത്യം സ്വീകരിക്കുന്ന മുഹൂർത്തത്തിൽ, ഏശയ്യാ കേട്ടു. അതുപോലെ, ഒരു പ്രത്യേക വിധത്തിൽ, ഇസ്രായേലിൽ ആവിഷ്കൃതമായ ദൈവികമഹത്ത്വം ലോകം മുഴുവൻ സന്നിഹിതമായിരിക്കുന്നു.

"എല്ലാ ജനതകളും അവിടുത്തെ മഹത്ത്വം ദർശിക്കുന്നു" (സങ്കീ. 97:6) എന്നു സങ്കീർത്തന പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ, യഥാർത്ഥത്തിൽ കർത്താവ് തന്റെ മഹത്ത്വം എല്ലാ ജനതകൾക്കും വെളിപ്പെടുത്തുന്നു. അതിനാൽ, സകലമനുഷ്യരാശിയും പ്രപഞ്ചത്തിലുള്ള ദൈവികസാന്നിദ്ധ്യം കണ്ടെത്താൻ തക്കവിധത്തിൽ

മഹത്ത്വത്തിന്റെ പ്രകാശത്തെ ജ്വലിപ്പിക്കുക എന്നത് സകലരുടെയും കടമയാണ്.

ക്രിസ്തുവിലാണു സവിശേഷമായും ഈ വെളിപാടു പൂർത്തീകരിക്കപ്പെടുക. കാരണം, അവിടുന്നു ദൈവത്തിന്റെ മഹത്ത്വം പ്രതിഫലിപ്പിക്കുന്നു (ഹെബ്രാ. 1:3). കാനായിലെ അത്ഭുതം (അടയാളം) സംബന്ധിച്ചു യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ അവിടുത്തെ പ്രവൃത്തികളിലൂടെ ഇതു പൂർത്തീകരിക്കപ്പെടുന്നു. "ഈശോ തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹ. 2:11). ദൈവികമായ അവിടുത്തെ വചനത്തിലൂടെയും അവിടുന്നു ദൈവികമഹത്ത്വം പ്രസരിപ്പിക്കുന്നു: "അവിടുത്തെ വചനം അവർക്കു ഞാൻ നൽകിയിരിക്കുന്നു." ഈശോ പിതാവിനോട് വീണ്ടും പറയുന്നു, "അങ്ങ് എനിക്കു തന്ന മഹത്ത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു" (യോഹ. 17: 14, 22). മനുഷ്യാവതാരത്തിൽ സ്വീകരിച്ച തന്റെ മാനുഷികതയിലൂടെ ഈശോ ദൈവികമഹത്ത്വം ആവിഷ്കരിക്കുന്നു: "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു; കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം" (യോഹ. 1:14).

ദിവ്യകാരുണ്യബലിയർപ്പണത്തിൽ ദൈവമഹത്ത്വം അതിന്റെ സാകല്യപൂർണ്ണതയിൽ വെളിപ്പെടുന്നു. ദൈവികമഹത്ത്വത്തിന്റെ ഭൗമിക വെളിപ്പെടുത്തൽ അതിന്റെ ഉച്ചകോടിയിലെത്തുന്നത് ഉയിർപ്പിലാണ്. യോഹന്നാന്റെയും പൗലോസിന്റെയും രചനകളിൽ, പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന ഈശോയുടെ മഹത്ത്വീകരണം എന്ന വിധത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത് (യോഹ. 12:23; 13:31; 17:1; ഫിലി 2:6-11; കൊളോ. 3:1, 1 തിമോ. 3:16). "ദൈവം പരിപൂർണ്ണമായും മഹത്ത്വീകരിക്കപ്പെട്ട" പെസഹാ രഹസ്യം പരിശുദ്ധ കുർബാനയിലൂടെ ഇപ്പോൾ ചിരന്തനമാക്കപ്പെട്ടിരിക്കുകയാണ്.

ഈശോ തന്റെ പ്രിയമണവാട്ടിയായ സഭയെ ഏൽപ്പിച്ച മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഈ അനുസ്മരണത്തിൽ "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ"(ലൂക്കാ. 22:19)എന്ന കല്പനയോടെ, മനു

ഷ്യചരിത്രത്തിന്റെ ദിവ്യപ്രവാഹത്തെ വെളിപ്പെടുത്തുന്ന, എല്ലാ ദിവ്യ കാരുണ്യബലിയർപ്പണങ്ങളിലും തന്റെ പെസഹാ മഹത്ത്വത്തിന്റെ സാന്നിദ്ധ്യം ഈശോ വാഗ്ദാനം ചെയ്യുന്നു. "വി. കുർബാനയിലൂടെ ക്രിസ്തുവിന്റെ പെസഹാ സംഭവം സഭയിലുടനീളം വ്യാപിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലുമുള്ള കൂട്ടായ്മയിലൂടെ, വിശ്വാസികൾ നിഗൂഢമായ ദൈവികതത്വത്തിൽ വളരുന്നു: പിതാവിന്റെ മക്കൾ എന്ന നിലയിൽ പുത്രനിൽ വസിക്കുവാൻ അത് അവരെ പ്രാപ്തരാക്കുന്നു." ദൈവിക മഹത്ത്വത്തിന്റെ ഏറ്റം മഹത്തായ വെളി പ്പെടുത്തൽ, ആഘോഷം, പരിശുദ്ധകുർബാനയിൽ ഇന്ന് ഉറപ്പായും നമുക്കുണ്ട്.

"സഭയുടെ അനുദിന ജീവിതത്തിന്റെയും ക്രിസ്തുവിന്റെ നിത്യ മായ പെസഹാ വാഗ്ദാനത്തിന്റെയും പൊരുളിനു രൂപം നൽകുന്നത് ഈശോയുടെ കുരിശുമരണവും അവിടുത്തെ ഉത്ഥാനവുമാണ്. അതി നാൽ നമ്മൾ ജീവനിലേയ്ക്കു പ്രവേശിക്കുന്നതിന് സ്വയം മരണത്തെ സ്വീകരിക്കാൻ ഈശോ സമാരംഭിച്ച ഈസ്റ്റർ തീർത്ഥാടനത്തിലേക്കു നമ്മെ തളരാതെ തിരിച്ചുവിടാനുള്ള ചുമതല പ്രഥമമായും തിരുക്കർമ്മാ നുഷ്ഠാനത്തിനുണ്ട്." അവിടുത്തെ മരണം മാനവരാശിക്കു നിത്യജീ വൻ നൽകുന്നു. ഉത്ഥാനാനുഭവം വിശുദ്ധകുർബാനയുടെ കാതലാണ്.

ഇപ്പോൾ ഈ ദൗത്യം വി. കുർബാനയുടെ ആഘോഷത്തിലൂടെ യാണു നടക്കുന്നത്. അത് ഈശോയുടെ പെസഹായെ സജീവമാക്കു കയും അതിന്റെ ചൈതന്യം വിശ്വാസികൾക്കു പകരുകയും ചെയ്യു ന്നു. അതിനാൽ ദൈവികമഹത്ത്വവും മനുഷ്യഹൃദയങ്ങളിൽ നിന്നും അധരങ്ങളിൽ നിന്നും ഉയരുന്ന മഹത്ത്വപ്പെടുത്തലും തമ്മിലുള്ള കണ്ടു മുട്ടലിന്റെ ഏറ്റം വ്യക്തമായ ആവിഷ്കാരമാണ് ക്രിസ്തീയാരാധന. നാം 'കർത്താവിനെ മനം തുറന്നു മഹത്ത്വപ്പെടുത്തുന്ന' (പ്രഭാ. 35:8) മാർഗ്ഗം, "കൂടാരത്തിൽ നിറഞ്ഞുനിൽക്കുന്ന കർത്താവിന്റെ മഹത്ത്വ ത്തിന് അനുയോജ്യമായിരിക്കണം" (പുറ. 40:34).

വി. പൗലോസ് ഓർമ്മിപ്പിക്കുന്നതുപോലെ നമ്മുടെ ശരീരങ്ങളിൽ, അതായത് നമ്മുടെ അസ്തിത്വം മുഴുവനിലും, നാം ദൈവത്തെ മഹ ത്ത്വപ്പെടുത്തണം. കാരണം, നമ്മുടെ ശരീരങ്ങൾ, നമ്മുടെയുള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ്. ഒപ്പം പരിശുദ്ധത്രി

ത്വത്തിന്റെ വാസകേന്ദ്രങ്ങളും (1 കൊറി. 6:19, 20). ഇതിന്റെ വെളിച്ചത്തിൽ, ദൈവിക മഹത്ത്വത്തിന്റെ പ്രാപഞ്ചികമായ ആഘോഷത്തെക്കുറിച്ച് ഒരുവനു സംസാരിക്കാൻ കഴിയും. “സ്വാർത്ഥതയാലും ദുരാഗ്രഹത്താലും സൃഷ്ടലോകം മിക്കപ്പോഴും വിരൂപമാക്കപ്പെടുന്നെ”ങ്കിലും അതിന് അതിൽത്തന്നെ ഒരു “ദിവ്യകാരുണ്യാത്മകമായ ശക്തിയുണ്ട്.” അൾത്താരയുടെ ബലിയിൽ, അവിടുത്തെ പെസഹായിൽ, സന്നിഹിതമായിരിക്കുന്ന കർത്താവിന്റെ ദിവ്യകാരുണ്യത്തിൽ, സ്വീകരിക്കപ്പെടുന്നതിനായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒന്നാണത്.

## 2. ദിവ്യകാരുണ്യം: ദൈവത്തിന്റെ അത്ഭുത പ്രവർത്തനങ്ങളുടെ “അനുസ്മരണം”

ദിവ്യകാരുണ്യത്തിന്റെ അനേകസവിശേഷതകളിൽ പ്രമുഖസ്ഥാനത്തുള്ളത് ‘സ്മാരകം’ എന്ന സവിശേഷതയാണ്. അടിസ്ഥാനപരമായി പ്രാധാന്യമുള്ള ഒരു ബൈബിൾ വിഷയവുമായി ബന്ധപ്പെട്ടതാണിത്. പുറപ്പാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു, “ദൈവം അവരുടെ ദീനരോദനം ശ്രവിക്കുകയും അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടി ഓർമ്മിക്കുകയും ചെയ്തു” (പുറ. 2:24).

ബൈബിളിൽ, ദൈവത്തെക്കുറിച്ചുള്ള സ്മരണയും മനുഷ്യനെക്കുറിച്ചുള്ള സ്മരണയും ഇടകലർന്ന് ദൈവജനത്തിന്റെ ജീവിതത്തിൽ, ഒരു അടിസ്ഥാന വസ്തുത രൂപപ്പെടുന്നു. എന്നിരുന്നാലും ഇപ്പോഴില്ലാത്ത ഒരു ഭൂതകാലത്തിന്റെ വെറും അനുസ്മരണമല്ല ഇത്. മറിച്ച് ഒരു പൂർവ്വകാലസംഭവത്തിന്റെ ആവർത്തനമാണിത്. പരാജയപ്പെടാത്ത ഒരു ഉടമ്പടിയുടെ ബന്ധത്തെ ഈ “സ്മാരകം” തിരികെക്കൊണ്ടുവരുകയാണ്. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളുടെ “സ്മാരക” മായിരുന്നു പെസഹാത്തിരുക്കർമ്മം. 136-ാം സങ്കീർത്തനം അവസാനിക്കുന്നത് ഇപ്രകാരമാണ്: “നമ്മുടെ ദുസ്ഥിതിയിൽ അവിടുന്നു നമ്മെ ഓർത്തു: അവിടുത്തെ കാരുണ്യം അനന്തമാണ്. അവിടുന്നു എല്ലാ ജീവികൾക്കും ആഹാരം കൊടുക്കുന്നു. അവിടുത്തെ കാരുണ്യം അനന്തമാണ്” (സങ്കീ. 136:23-25).

ദൈവത്തിന്റെ, ചരിത്രത്തിലെ പ്രവൃത്തികളുടെ അതിവിശിഷ്ടമായ ‘സ്മാരകം’ പുറപ്പാടിലെ പെസഹാത്തിരുക്കർമ്മമായിരുന്നു. ഇസ്രാ

യേൽ ജനം പെസഹാ ആചരിച്ചിരുന്നപ്പോഴെല്ലാം ദൈവം, ഫലപ്രദ മായ വിധത്തിൽ, രക്ഷയുടെയും വിമോചനത്തിന്റെയും ദാനങ്ങൾ അവർക്കു വാഗ്ദാനം നൽകുമായിരുന്നു. അതിനാൽ പെസഹാത്തിരു ക്കർമ്മത്തിൽ രണ്ടു സ്മരണകൾ ഒന്നുചേരുന്നു: ഒന്നു ദൈവികം, മറ്റതു മാനുഷികം. അതായത്, രക്ഷാകരമായ കൃപയും കൃതജ്ഞതാനിർഭര മായ വിശ്വാസവും. "ഇസ്രായേൽ എല്ലായ്പ്പോഴും അനുസ്മരണയിൽ അധിഷ്ഠിതമായ ഒരു സംഭവമായിരിക്കും."

ക്രിസ്തീയ പെസാഹായുടെ അതിവിശിഷ്ട സ്മാരകമായ ദിവ്യ കാരുണ്യത്തിന്റെ കേന്ദ്രഭാഗത്താണ് ഈശോയുടെ പീഡാനുഭവം, മര ണം, ഉയിർപ്പ്,സ്വർഗ്ഗാരോഹണം ഇവ ആവർത്തിക്കപ്പെടുക. ഈ ആഘോഷത്തിന്റെ കാതലാണ് ഈ ആവർത്തനം. "എന്നേയ്ക്കുമായി ഒരിക്കൽ"(ഹെബ്രാ. 7:27; 9:11,26; 10:12), അനന്യമായ വിധത്തിൽ നടന്ന ഈശോയുടെ ബലിയുടെ രക്ഷാകരമായ സാന്നിദ്ധ്യം മനുഷ്യചരിത്ര ത്തിലെ സ്ഥലകാലങ്ങളിലേക്കു വ്യാപിക്കുന്നു. അന്ത്യഅത്താഴത്തിന്റെ വിവരണത്തിൽ വി. ലൂക്കായും വി. പൗലോസും രേഖപ്പെടുത്തുന്ന അന്ത്യ കല്പനയിൽ ഇത് ആവിഷ്കൃതമാകുന്നുണ്ട്. 'എന്റെ ഓർമ്മ യ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ... ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്, നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' (1 കൊറീ. 11:24-25, ലൂക്കാ. 22:19). "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യു കയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗ മനം വരെ പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്" (1 കൊറീ. 11:26). ഇപ്ര കാരം വിശുദ്ധ കുർബാന ഈശോയുടെ മരണത്തിന്റെ സ്മാരകമാ ണ്; അതേ സമയം തന്നെ അത് അവിടുത്തെ ബലിയർപ്പണത്തിന്റെ സാന്നിദ്ധ്യവും അവിടുത്തെ മഹത്ത്വപൂർണ്ണമായ ആഗമനത്തിന്റെ മുന്നാ സ്വാദനവുമാണ്. ചരിത്രത്തിലുള്ള ഉത്ഥിതനായ കർത്താവിന്റെ നിര ന്തരമായ രക്ഷാകര സാമീപ്യത്തിന്റെ കൂദാശയാണു ദിവ്യകാരുണ്യം. അങ്ങനെ പൗലോസിന്റെ തിമോത്തിക്കുള്ള ഉപദേശം നമുക്കു മനസ്സി ലാക്കാൻ കഴിയും, "എന്റെ സുവിശേഷത്തിൽ പ്രഘോഷിച്ചിട്ടുള്ളതു പോലെ, ദാവീദിന്റെ വംശജനും മരിച്ചവരിൽ നിന്നുയിർത്തവനുമായ യേശുക്രിസ്തുവിനെ സ്മരിക്കുക" (2 തിമോ. 2:8). ഈ സ്മരണ

വിശുദ്ധ കുർബാനയിൽ പ്രത്യേകമായ വിധത്തിൽ സജീവവും പ്രവർത്തനനിരതവുമാണ്.

ക്രിസ്തുവചനങ്ങളുടെയും ക്രിസ്തുസംഭവങ്ങളുടെയും "ഓർമ്മയാചരണത്തിന്റെ" ആഴത്തിലുള്ള അർത്ഥം യോഹന്നാൻ തന്റെ സുവിശേഷത്തിൽ നമുക്കു വെളിപ്പെടുത്തുന്നു. കച്ചവടക്കാരെക്കൊണ്ടു നിറഞ്ഞ ദൈവാലയം ശുദ്ധീകരിച്ചപ്പോൾ, "തകർക്കുവിൻ നിങ്ങൾ ഈ ദൈവാലയം. മൂന്നു ദിനങ്ങൾക്കുള്ളിൽ ഞാനതു പുനർനിർമ്മിക്കും" എന്നു പറഞ്ഞതിനെ യോഹന്നാൻ തന്നെ വിശദീകരിക്കുന്നു: "അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ അവന്റെ ശിഷ്യന്മാർ അവനിതു പറഞ്ഞിരുന്നുവെന്ന് ഓർമ്മിക്കുകയും അങ്ങനെ വിശുദ്ധ ലിഖിതവും ഈശോ പ്രസ്താവിച്ച വചനവും വിശ്വസിക്കുകയും ചെയ്തു" (യോഹ. 2:22).ഈശോയുടെ തിരുശ്ശരീരമാണ് യഥാർത്ഥ ദൈവാലയം.

വിശ്വാസത്തെ ഉരുവാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഈ ഓർമ്മയാചരണം ഈശോയുടെ "നാമത്തിൽ പിതാവ് അയയ്ക്കുന്ന"പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ. 14:26). ഇവിടെ ഫലദായകമായ ഒരു സ്മരണയുണ്ട്. അതായത്, പെസഹാരഹസ്യത്തിന്റെ സജീവമായ പുനരാവർത്തനമാണ് പരിശുദ്ധ കുർബാന.

## 3. വിശുദ്ധ കുർബാനയുടെ അഭാവത്തിൽ സഭ വിസ്മൃതിയിൽ ആണ്ടുപോകും

'അനുസ്മരിക്കുക' എന്നാൽ സ്മരണയും വാത്സല്യവും "ഹൃദയത്തിലേക്കു കൊണ്ടുവരുക എന്നതാണ്; അതോടൊപ്പം ഒരു സാന്നിദ്ധ്യം ആഘോഷിക്കലുമാണ്." അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ പരിശുദ്ധകുർബാനയിൽ സത്യമായി എഴുന്നള്ളി വരുന്ന ദിവ്യ ഈശോയ്ക്ക് പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും അർപ്പകർ സ്നേഹവാത്സല്യങ്ങൾ സമ്മാനിക്കണം. സ്നേഹിക്കുക എന്നതാണു പരിശുദ്ധ കുർബാനയിൽ ആദ്യമായും അവസാനമായും സംഭവിക്കേണ്ടത്.

“ഈശോയുടെ പെസഹാരഹസ്യത്തിന്റെ യഥാർത്ഥ ഓർമ്മയാചരണമായ വിശുദ്ധകുർബാനയ്ക്കു മാത്രമേ, അവിടുത്തെ സ്മരണ നമ്മിൽ സജീവമാക്കാൻ കഴിയുകയുള്ളൂ. അതിനാൽ അത് സഭയുടെ നിതാന്തമായ ജാഗ്രദാവസ്ഥയുടെ രഹസ്യമാണ്. നിരന്തരവും ഏറ്റം മധുരമുള്ളതുമായ ഈ പ്രചോദനത്തിന്റെ ഫലദായകത്വവും അവളിൽ കേന്ദ്രീകൃതമായിരിക്കുന്ന അവളുടെ മണവാളന്റെ നേട്ടത്തിന്റെ അഗാധമായ ശക്തിയും ഇല്ലായിരുന്നുവെങ്കിൽ വിസ്മൃതിയിലേക്കും ചൈതന്യമില്ലായ്മയിലേക്കും അവിശ്വസ്തതയിലേക്കും വീണുപോകുക എന്നത് അവളെ സംബന്ധിച്ച് ഏറ്റവും എളുപ്പത്തിൽ സംഭവ്യമാകുമായിരുന്നു.” ജാഗ്രദാവസ്ഥയിലേയ്ക്കുള്ള ഈ വിളി സ്വർഗ്ഗീയ ജറുസലേമിന്റെ പ്രത്യക്ഷത്തിലേക്കും കർത്താവിന്റെ പൂർണ്ണമായ വരവിലേയ്ക്കും നമ്മുടെ ദിവ്യകാരുണ്യതിരുക്കർമ്മങ്ങളെ നയിക്കുന്നു. ക്രൈസ്തവർ തങ്ങളുടെ കർത്താവുമായുള്ള സുനിശ്ചിതമായ കണ്ടുമുട്ടലിന്റെ പ്രത്യാശയെ വിശുദ്ധകുർബാനയിൽ പരിപോഷിപ്പിക്കുന്നു.

## 4. ദിവ്യകാരുണ്യം സ്തുതിയുടെ സമ്പൂർണ്ണ ബലി

"Eucharist" എന്ന പദത്തിന്റെ അർത്ഥം ‘നന്ദി പറയുക’ എന്നാണ്. “കൃതജ്ഞതാ പ്രകാശനത്തിന്റെയും സ്തുതിയുടെയും സങ്കീർത്തനത്തിൽ, ദൈവപുത്രൻ, രക്ഷിക്കപ്പെട്ട മനുഷ്യവംശവുമായി തന്നെത്തന്നെ ദിവ്യകാരുണ്യത്തിൽ ഐക്യപ്പെടുത്തുന്നു.” പരിണതഫലമോ, പരിശുദ്ധ കുർബാനയിൽ പരിശുദ്ധ ത്രിത്വവും മനുഷ്യനും ഒന്നാകുന്നു.

“ത്രിത്വാത്മക സ്തുതിയുടെ പ്രഘോഷണം എല്ലാ വിശുദ്ധ കുർബാന ആഘോഷത്തിലും കാനോന പ്രാർത്ഥനയെ മുദ്രവയ്ക്കുന്നു. ദിവ്യകാരുണ്യം വാസ്തവത്തിൽ സ്തുതിയുടെ സമ്പൂർണ്ണ സമർപ്പണമാണ്. ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേയ്ക്കുയരുന്ന അത്യുന്നത മഹത്ത്വീകരണമാണ്.” ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ഉറവിടവും പാരമ്യവുമായ പരിശുദ്ധകുർബാന എന്ന ബലിയിൽ ഭാഗഭാക്കുകളായിക്കൊണ്ട് ബലിയർപ്പകർ ദൈവികബലിയാടിനെ ദൈവത്തിനു സമർപ്പിക്കുന്നതോടൊപ്പം തങ്ങളെക്കൂടെയും സമർപ്പിക്കുന്നുണ്ട് (തിരുസ്സഭ, നമ്പർ 11).

ഹെബ്രായ ലേഖനം നമ്മെ പഠിപ്പിക്കുന്നു, "തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേയ്ക്കുമായി ഒരിക്കൽ ബലിയർപ്പിച്ച", "പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും പാപികളിൽ നിന്നു വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമായ ഒരു പ്രധാന പുരോഹിതൻ തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേയ്ക്കുമായി ബലിയർപ്പിച്ചിരിക്കുന്നു" (ഹെബ്രാ. 7:26,27). ലേഖനത്തിൽ വീണ്ടും നാം കാണുന്നു, "അവനിലൂടെ നമുക്ക് എല്ലായ്പ്പോഴും സ്തുതിയുടെ ബലി അർപ്പിക്കാം" (ഹെബ്രാ. 13:15).

## 5. ദിവ്യകാരുണ്യം രക്ഷാകരബലി

ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിന്റെ ബലി സന്നിഹിതമായിരിക്കുന്നു. "ഇത് എന്റെ ശരീരമാണ്... ഇത് എന്റെ രക്തമാണ്" (മത്താ. 26:28) എന്ന് അനാഫൊറയിൽ പുരോഹിതൻ പറയുമ്പോൾ സ്വർഗ്ഗം താണിറങ്ങുന്നു; അത്ഭുതങ്ങളുടെ അത്ഭുതം സംഭവിക്കുന്നു. ദുഃഖവെള്ളിയാഴ്ച കുരിശിൽ തന്നെത്തന്നെ സമർപ്പിച്ചവനും ഇപ്പോൾ മഹത്വീകൃതനുമായ ക്രിസ്തുവാണ് ദിവ്യകാരുണ്യത്തിൽ സന്നിഹിതനാകുന്നത്. വീഞ്ഞിന്റെ പാനപാത്രം ഉയർത്തിക്കൊണ്ട് അവിടുന്നു പറഞ്ഞവാക്കുകൾ ഇതാണു വ്യക്തമാക്കുന്നത്. "ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മത്താ. 26:28; മർക്കോസ് 14:24; സഖ. 22:20). പ്രസ്തുത വാക്കുകളെ അവയുടെ ബൈബിൾപരമായ അർത്ഥത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ അർത്ഥപൂർണ്ണമായ രണ്ടു സൂചനകൾ പ്രത്യക്ഷമാകുന്നു. "ചിന്തപ്പെട്ട രക്തം" എന്ന ആവിഷ്കരണം (ഉൽപ. 9:6) ഉഗ്രമായ മരണത്തിന്റെ പര്യായമാണ്. 'അനേകർക്കുവേണ്ടി' എന്ന ഹ്രസ്വമായ പ്രസ്താവന അർത്ഥമാക്കുന്നത് ഈ രക്തം ചൊരിയപ്പെടുന്നത് ആർക്കുവേണ്ടിയാണെന്നതാണ്.

ഇവിടെയുള്ള പരാമർശം നമ്മെ വിശുദ്ധ ഗ്രന്ഥത്തിലെ ഏശയ്യായുടെ നാലാമത്തെ പ്രവചനത്തിന്റെ ക്രിസ്തീയമായ വ്യാഖ്യാനത്തിന് അടിസ്ഥാനപരമായ ഗദ്യഭാഗത്തിലേക്കു കൊണ്ടുപോകുന്നു. തന്റെ ബലിയിലൂടെ കർത്താവിന്റെ ദാസൻ "തന്റെ ജീവനെ മരണത്തിന് ഏൽപ്പിച്ചുകൊടുക്കുകയും അനേകരുടെ പാപഭാരം വഹിക്കുകയും" (ഏശ. 53:12; ഹെബ്രാ. 9:28; 1 പത്രോ. 2:24) ചെയ്തു.

വി. ലൂക്കായും വി. പൗലോസും പാരമ്പര്യാനുസൃതമായി ബന്ധിപ്പിക്കുന്നതുപോലെ, വിശുദ്ധകുർബാനയുടെ അർപ്പണാത്മകവും രക്ഷാകരവുമായ അതേ തലത്തെ, അന്ത്യഅത്താഴവേളയിൽ അപ്പം ഉയർത്തിക്കൊണ്ട് ഈശോയുടെ വാക്കുകൾ ആവിഷ്കരിക്കുന്നുണ്ട്. "ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്" (ലൂക്കാ. 12:19, 1 കൊറീ. 11:24). ഏശയ്യാ 53:12 ഭാഗത്ത് കർത്താവിന്റെ ദാസന്റെ അർപ്പണാത്മകമായ സ്വയം ദാനത്തെക്കുറിച്ചുള്ള സൂചനയുമുണ്ട്. "അവൻ തന്റെ ജീവനെ മരണത്തിന് ഏൽപ്പിച്ചു കൊടുത്തു... അനേകരുടെ പാപഭാരം അവൻ പേറി, അതിക്രമങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു."

"ദിവ്യകാരുണ്യം എല്ലാത്തിലും ഉപരിയായി ഒരു ബലിയാണ്. നമ്മൾ വിശ്വസിക്കുകയും പൗരസ്ത്യ സഭകൾ വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്യുന്നതുപോലെ, അതു രക്ഷയുടെ ബലിയും പുതിയ ഉടമ്പടിയുടെ ബലിയുമാണ്. ഗ്രീക്കുസഭ നൂറ്റാണ്ടുകൾക്കുമുമ്പു പ്രഖ്യാപിച്ചതുപോലെ "ഇന്നത്തെ ബലി, ഏകസുതനായ, മനുഷ്യാവതാരം ചെയ്ത, വചനം ഒരിക്കൽ അർപ്പിച്ചതിനു സദൃശ്യമാണ്. (അന്നത്തേതുപോലെ ഇന്നും) ഈ ബലി അവിടുന്ന് അർപ്പിക്കുന്നു. കാരണം അത് ഏകവും അനന്യവുമായ ബലിയാണ്."

മോശ ബലിമൃഗങ്ങളുടെ രക്തം പകുതി, ദൈവത്തിന്റെ പ്രതീകമായ അൾത്താരയിലും പകുതി ഇസ്രായേൽ മക്കളുടെ മേലും തളിച്ചുകൊണ്ട് (പുറ. 24:5-8) സീനായ് ഉടമ്പടിക്ക് ഒപ്പുവച്ചു. സീനായിൽ അർപ്പിച്ച ഉടമ്പടിയുടെ വികസിത രൂപവും പൂർത്തീകരണവുമാണ് പുതിയ ഉടമ്പടിയുടെ ബലിയായ വിശുദ്ധ കുർബാന. ഈ "ഉടമ്പടിയുടെ രക്തം" ഐക്യത്തിന്റെ കൂട്ടായ്മയിൽ ദൈവത്തെയും മനുഷ്യനെയും തമ്മിൽ ദൃഢമായി ബന്ധിക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ആലിംഗനം അതിന്റെ ഉച്ചകോടിയിലെത്തുന്നു. ഇതാണു ജറെമിയാ മുൻകൂട്ടി പ്രവചിച്ച 'പുതിയ ഉടമ്പടി'യുടെ പൂർത്തീകരണം (31: 31-34). പ്രവാചകന്റെ വെളിപാടു സ്വീകരിക്കുകയും അതിനെ ക്രിസ്തുവിന്റെ സുനിശ്ചിതമായ ഏകബലിയുമായി ബന്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ഹെബ്രായർക്കെഴുതിയ ലേഖനം പുകഴ്ത്തുന്ന ആത്മാവിലും ഹൃദയത്തിലുമുള്ള ഒരു ഉടമ്പടി (ഹെബ്രാ. 10:14 -17)യാണിത്.

ഈ ഘട്ടത്തിൽ നമുക്ക് മറ്റൊരു സത്യം കൂടി വിശദമാക്കാൻ കഴിയും. വിശുദ്ധ കുർബാന സ്തുതിയുടെ ബലിയാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള പരിപൂർണ്ണ ലയനത്തോട് ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ, വിശുദ്ധ കുർബാന സഭയുടെ സകല ആരാധനയുടെയും മുഴുവൻ ക്രിസ്തീയ ജീവിതത്തിന്റെയും ഉറവിടവും ഉച്ചകോടിയുമാണ്. വിശ്വാസികൾ പൂർണ്ണഹൃദയത്തോടെ, പുരോഹിതനോടൊപ്പം, പിതാവിനു തങ്ങളെത്തന്നെ പവിത്രബലിയായി അർപ്പിക്കുമ്പോൾ മാത്രമല്ല, അതേ ബലിവസ്തു അവർ കൗദാശികമായി സ്വീകരിക്കുമ്പോഴുമാണ്, കൃതജ്ഞതാപ്രകാശനത്തിന്റെയും, അനുരഞ്ജനത്തിന്റെയും, അപേക്ഷയുടെയും, സ്തുതിയുടെയും ഈ കൂദാശയിൽ അവർ പരിപൂർണ്ണമായി ഭാഗഭാക്കാവുന്നത്.

# 3

# എവുക്കരിസ്തിയാ
## (EUCHARISTIA)

കൃതജ്ഞതാപ്രകാശനത്തിന്റെയും സ്തുതിയുടെയും അംശങ്ങൾ ദിവ്യബലിയിൽ അങ്ങോളമിങ്ങോളം ഉണ്ട്. ദൈവപുത്രൻ, രക്ഷിക്കപ്പെട്ട മനുഷ്യവംശവുമായി തന്നെത്തന്നെ, ദിവ്യകാരുണ്യത്തിൽ, ഐക്യപ്പെടുത്തുന്നു. 'സ്തുതിക്കുക' എന്നു വിവർത്തനം ചെയ്തിരിക്കുന്ന 'todah' എന്ന ഹീബ്രു പദത്തിന്റെ അർത്ഥം 'നന്ദി പറയുക' എന്നാണെന്നു നമുക്കു സ്മരിക്കാം. സ്തുതിയുടെ ബലി നന്ദിപ്രകാശനത്തിന്റെ ബലിയായിരുന്നു (മത്താ. 26: 26–27). ഇതാണ് ഈ കൂദാശയുടെ എവുക്കരിസ്തിയാ എന്ന പേരിന്റെ ഉത്ഭവത്തിന് അടിസ്ഥാനം.

### 1. ശരീരങ്ങളെ സജീവബലിയായി അർപ്പിക്കുക

"ദിവ്യകാരുണ്യബലിയിൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്ന സകല സൃഷ്ടികളും, ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും, പിതാവിനു സമർപ്പിക്കപ്പെടുന്നു." (CCC, 1359) സഭ, വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ ബലിയോടൊപ്പം തന്നെയും ചേർത്തുകൊണ്ട് സകലസൃഷ്ടികളുടെയും സ്തുതി ഉണർത്തുന്നു. വിശുദ്ധ

പൗലോസ് പറയുന്നതുപോലെ, ക്രിസ്തുവിനോടുള്ള പരിപൂർണ്ണ ഐക്യത്തിൽ, ഓരോ വിശ്വാസിയും തന്റെ അസ്തിത്വത്തെ, തന്റെ 'ശരീരത്തെ' വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവാനുള്ള (റോമ. 12:1) പ്രതിജ്ഞാബദ്ധത ഇതിനു പൂരകമാകുന്നുണ്ട്. ഈ വിധത്തിൽ, ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു 'കൂട്ടായ്മ'യുടെ ജീവിതം പരിശുദ്ധ കുർബാനയിൽ യാഥാർത്ഥ്യമാകണം. എല്ലാവർക്കും വേണ്ടി ക്രൂശിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യപ്പെട്ട ക്രിസ്തുവും, തങ്ങളെത്തന്നെ പൂർണ്ണമായി അവിടുത്തേക്കു സമർപ്പിക്കുന്ന ശിഷ്യരും തമ്മിലുള്ള കൂട്ടായ്മയുടെ ഒരു ജീവിതം ഇവിടെ വിഭാവനം ചെയ്യപ്പെടുന്നു.

സ്നേഹത്തിന്റെ ഈ അഗാധമായ ലയനത്തെക്കുറിച്ച് ഫ്രഞ്ചുകവി പോൾ ക്ലാവുദേൻ, ക്രിസ്തുവിന്റെ അധരങ്ങളിൽ നിന്നുള്ള വാക്കുകൾ എന്ന വിധം പാടുന്നു: "ഞാൻ ആയിരിക്കുന്നിടത്തേയ്ക്ക്, നിങ്ങളും, എന്നോടൊപ്പം വരുക. ജീവനിലേക്കുള്ള താക്കോൽ നിങ്ങൾക്കു ഞാൻ നൽകാം. ഞാൻ എവിടെയാണോ, അവിടെയാണ് നിത്യമായ നിങ്ങളുടെ ഉറവിടത്തിന്റെ രഹസ്യം. എന്റേതല്ലാത്ത നിങ്ങളുടെ കരങ്ങൾ എവിടെയാണ്? അതേ, കുരിശിനോടു ചേർത്തു തറയ്ക്കപ്പെടാത്ത നിങ്ങളുടെ പാദങ്ങൾ എവിടെ? ഞാൻ നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഒരിക്കൽ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു! നമ്മൾ പരസ്പരം വളരെ ഉറ്റവരായിരുന്നു. എന്റെ ഹൃദയത്തെ തകർക്കാതെ, നിങ്ങൾക്ക് എങ്ങനെയാണ് നിങ്ങളെ എന്നിൽ നിന്നും വേർതിരിക്കാനാവുക?"

## 2. ദിവ്യകാരുണ്യം: ദൈവവുമായുള്ള സംസർഗ്ഗത്തിന്റെ വിരുന്ന്

ദിവ്യകാരുണ്യം ക്രിസ്തുവിന്റെ ബലിയുടെ അനുസ്മരണവും ആവർത്തനവുമാണ്. എന്നാൽ അത് ദൈവവുമായുള്ള നമ്മുടെ സംസർഗ്ഗത്തിന്റെ ഏറ്റം ഉദാത്തമായ അടയാളമായ, കുഞ്ഞാടിന്റെ പവിത്രമായ, വിവാഹവിരുന്നു കൂടിയാണ്.

സെന്റ് അഗസ്റ്റിൻ അത്ഭുതപരതന്ത്രനായി ഉദ്ഘോഷിക്കുന്നു: "നമ്മൾ ക്രിസ്തുവായിത്തീർന്നിരിക്കുന്നു! കാരണം, അവിടുന്നു ശിരസ്സാണെങ്കിൽ നാമെല്ലാവരും അംഗങ്ങളാണ്; അവിടുന്നും നമ്മളും

ഒന്നുചേർന്നാണ് സമ്പൂർണ്ണമനുഷ്യൻ ആകുന്നത്.” ദൈവത്തിനും മനുഷ്യനുമിടയിൽ സൃഷ്ടിക്കപ്പെട്ട ഗാഢമായ ഈ സംസർഗ്ഗത്തിന്റെ പരമോന്നതമായ അടയാളം ദിവ്യകാരുണ്യത്തിൽ നമുക്കു കണ്ടെത്താനാകും. തന്റെ ഭൗമികജീവിതത്തിലെ അവസാനസായാഹ്നത്തിൽ ജറുസലെമിലെ ഒരു വീടിന്റെ ഊട്ടുശാലയിൽ വച്ച് ഈശോ തന്റെ ശിഷ്യന്മാർക്കു നൽകിയ കല്പനകളായ, “വാങ്ങി ഭക്ഷിക്കുവിൻ... ഇതിൽ നിന്നും പാനം ചെയ്യുവിൻ” എന്നിവ ഏറെ അർത്ഥസമ്പുഷ്ടമാണ്. വിരുന്നിന്റെ സാർവ്വത്രികമായ പ്രതീകാത്മകമൂല്യം അപ്പത്തിലൂടെയും വീഞ്ഞിലൂടെയും നൽകപ്പെട്ടത് സംസർഗ്ഗത്തെയും ഗാഢ ബന്ധത്തെയുമാണ് സൂചിപ്പിക്കുക. ദൈവവുമായുള്ള സൗഹൃദത്തിന്റെയും ഉടമ്പടിയുടെയും വിരുന്നെന്ന നിലയിൽ കൂടുതൽ സ്പഷ്ടമായ മറ്റു ഘടകങ്ങളും ദിവ്യകാരുണ്യത്തിനുണ്ട്. കാരണം, കത്തോലിക്കാ സഭയുടെ സാർവ്വത്രിക മതബോധനഗ്രന്ഥം അനുസ്മരിപ്പിക്കുന്നതുപോലെ, വിശുദ്ധകുർബാന “ഒരേസമയം തന്നെ, അവിഭാജ്യമായ വിധത്തിൽ, കുരിശിലെ ബലി ശാശ്വതമാക്കുന്ന യാഗാത്മകമായ അനുസ്മരണവും കർത്താവിന്റെ ശരീരരക്തങ്ങളുമായുള്ള സംസർഗ്ഗത്തിന്റെ വിശുദ്ധ വിരുന്നുമാണ്” (ccc n. 1382).

## 3. സീനായിലെ ഉടമ്പടി ക്രിസ്തുവിന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയെ മുൻകൂട്ടി പ്രവചിക്കുന്നു

പഴയനിയമത്തിൽ, “ദൈവവും അവിടുത്തെ ജനതയും തമ്മിലും, വിശ്വാസത്തിൽ സഹോദരങ്ങളായവർ തമ്മിൽത്തമ്മിലും, കണ്ടുമുട്ടിയിരുന്ന, മരുഭൂമിയിൽ തീർക്കപ്പെട്ട കൂടാരം “സമാഗമകൂടാരം” എന്നു വിളിക്കപ്പെട്ടിരുന്നു. അതുപോലെ തന്നെ പുരാതന ക്രൈസ്തവ പാരമ്പര്യം ദിവ്യകാരുണ്യാഘോഷത്തെ ‘സിനാക്സിസ്’ (Synaxis) അഥവാ സമ്മേളനം എന്നു വിളിച്ചിരുന്നു. അതിൽ സഭയുടെ ആന്തരികസ്വഭാവം വെളിപ്പെടുത്തപ്പെട്ടിരുന്നു. ബലിയർപ്പകനും ബലിവസ്തുവും ആയവന്റെ ദാനം ആഘോഷിക്കുന്നതിനു വിളിക്കപ്പെട്ടിരുന്നവരുടെ സമൂഹം എന്ന നിലയിൽ, വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളുന്നതിലൂടെ, അവർ, “ദൈവികതയും മാനുഷികതയും ക്രിസ്തുവിൽ ഒന്നായിത്തീരുന്ന അവിഭാജ്യബന്ധത്തിൽ, ദൈവാനുഭവം മുൻകൂട്ടി പ്രതീക്ഷിക്കുന്ന ക്രിസ്തുവിന്റെ ചാർച്ചക്കാരായിത്തീരുന്നു.”

ദൈവവും വിശ്വാസികളും തമ്മിലുള്ള സംസർഗ്ഗത്തിന്റെ ഈ രഹസ്യത്തിന്റെ യഥാർത്ഥ അർത്ഥത്തെക്കുറിച്ചു കൂടുതൽ ആഴത്തിൽ പരിചിന്തിക്കുവാൻ അന്ത്യത്താഴവേളയിലെ ഈശോയുടെ വചനങ്ങളിലേയ്ക്കു നാം തിരികെ പോകണം. അവ ബൈബിളിലെ ഉടമ്പടിയെയാണു സൂചിപ്പിക്കുന്നത്. ഈശോയുടെ രക്തവും സീനായിൽ ചിന്തപ്പെട്ട ബലിയുടെ രക്തവും തമ്മിലുള്ള ബന്ധത്തിലൂടെ അതു വ്യക്തമായി അനുസ്മരിക്കപ്പെടുന്നു. "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മർക്കോ. 14:24). മോശ പറഞ്ഞു: "ഇത് ഉടമ്പടിയുടെ രക്തമാകുന്നു" (പുറ. 24:8). സീനായ് ഉടമ്പടി ഇസ്രായേലിനെ കർത്താവുമായി രക്തത്താൽ ഒന്നിപ്പിച്ചത് ഗ്രീക്കുപിതാക്കന്മാരുടെ ആവിഷ്കരണമനുസരിച്ചു പറഞ്ഞാൽ ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ഒരു ബന്ധത്തിന് ആവിർഭാവം നൽകുന്ന പുതിയ ഉടമ്പടിയെക്കുറിച്ചു മുന്നറിവു നൽകുന്നു.

പ്രത്യേകമായും യോഹന്നാന്റെയും പൗലോസിന്റെയും ദൈവശാസ്ത്രങ്ങളിലാണ് ക്രിസ്തുവും വിശ്വാസികളുമായുള്ള ദിവ്യകാരുണ്യത്തിലെ ഐക്യത്തെ പുകഴ്ത്തുന്നത്. കഫർണാമിലെ സിനഗോഗിലെ തന്റെ പ്രഭാഷണത്തിൽ ഈശോ വ്യക്തമായി പറയുന്നുണ്ട്: "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും" (യോഹ. 6:51). ജീവന്റെ അപ്പമായ ക്രിസ്തുവും അതു ഭക്ഷിക്കുന്നവരും തമ്മിൽ വിശ്വാസത്തിൽ സ്ഥാപിതമായിരിക്കുന്ന സജീവമായ സംസർഗ്ഗത്തിന് ഊന്നൽ നൽകുക എന്നതാണ് ഈ പ്രഭാഷണത്തിന്റെ മുഴുവൻ ഭാഗവും ലക്ഷ്യം വയ്ക്കുന്നത്. പ്രത്യേകമായി, 'നിവസിക്കുക' എന്നർത്ഥമുള്ള "മെനേയിൻ" എന്ന ഗ്രീക്കു ക്രിയാപദം നാം കണ്ടെത്തുന്നു. നാലാമത്തെ സുവിശേഷത്തിൽ മുഖ്യമായും ഉപയോഗിച്ചിരിക്കുന്ന "വസിക്കുക" "താമസിക്കുക" (To abide, to dwell) എന്ന ഈ പദങ്ങൾ ക്രിസ്തുവും ശിഷ്യന്മാരും തമ്മിലുള്ള നിഗൂഢമായ ഗാഢബന്ധം സൂചിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ. 6:56, 15:4-9).

ഇപ്രകാരം തന്നെ, “സംസർഗ്ഗത്തി” നുള്ള ഗ്രീക്കു പദമായ ‘കൊയി നോണിയ’ (Koinonia) കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലെ പരി ചിന്തനത്തിലും ഉപയോഗിക്കുന്നുണ്ട്. എല്ലാ ബലികൾക്കും ബാധക മായ ഒരു തത്ത്വമാണ് ബലിയർപ്പകർ ബലിവസ്തു ആഹരിക്കണ മെന്നത്. “ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർക്കല്ലേ ബലിപീഠത്തിലെ ഭാഗഭാഗിത്വം?” (കൊറി. 10:18). ക്രിസ്തുവുമായുള്ള നമ്മുടെ താദാ ത്മ്യപ്പെടലിന്റെ പാരമ്യം പുതിയ ഉടമ്പടിയുടെ കൂദാശയായ വിശുദ്ധകുർബാനയിലുള്ള പങ്കുചേരലാണ് (1 കൊറി. 11:23–29). “നിത്യ ജീവന്റെ സ്രോതസ്സാണത് (യോഹ. 6:51–58); സമ്പൂർണ്ണമായ ആത്മദാ നത്തിന്റെ ഉറവിടവും ശക്തിയുമാണത്.”

## 4. വിശുദ്ധിയും സ്നേഹവും സത്യവും ദൈവത്തോടുള്ള നമ്മുടെ ഗാഢബന്ധം പൂർത്തിയാക്കുന്നു

ഈശോയുമായുള്ള സംസർഗ്ഗം വിശ്വാസിയുടെ ആന്തരികമായ നവീകരണം ഉളവാക്കുന്നു. “വിശുദ്ധീകരണം, നീതി, പുണ്യത്തിന് അനുഗുണമായ നല്ല ജീവിതം, എന്നിവയിലൂടെ ക്രിസ്തുവിന്റെ ദൈവിക സ്വഭാവത്തിന്റെ സവിശേഷതകൾ പ്രകാശിപ്പിക്കാൻ തക്ക വിധം അവിടുത്തെ പ്രതിച്ഛായയിൽ ഈശോ നമ്മെ രൂപാന്തരപ്പെടു ത്തുന്നു.” കുരിശിന്റെ ബലിയിൽ ഭാഗഭാഗിത്വം വഹിക്കുന്ന ക്രൈസ്ത വർ, ഈശോയുടെ ആത്മദാനപരമായ സ്നേഹത്തിലും പങ്കുപറ്റുന്നു. തന്റെ എല്ലാ വിചാരങ്ങളിലും പ്രവൃത്തികളിലും, ഇതേ സ്നേഹമനു സരിച്ചു ജീവിക്കുവാൻ സജ്ജീകൃതനാകുകയും സമർപ്പിതനാകുകയും ചെയ്യുന്നു. ധാർമ്മിക ജീവിതത്തിൽ ക്രൈസ്തവന്റെ രാജകീയ ശുശ്രൂ ഷയും വ്യക്തമാകുകയും ഫലപ്രദമാകുകയും ചെയ്യുന്നു. ഈ രാജ കീയ ശുശ്രൂഷ ജ്ഞാനസ്നാനത്തിൽ ഉടലെടുക്കുകയും ദിവ്യകാരു ണ്യത്തിൽ പക്വത പ്രാപിക്കുകയും ചെയ്യുന്നു. അതിനാൽ വിശുദ്ധി യുടെയും സ്നേഹത്തിന്റെയും സത്യത്തിന്റെയും മാർഗ്ഗം, ദിവ്യകാരുണ്യ വിരുന്നിൽ പ്രകടിതമാകുന്ന ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മ, ലോകത്തിനു വെളിപ്പെടുത്തുകയാണ്.

ക്രിസ്തുവിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ദൈവികജീവനു വേണ്ടിയുള്ള നമ്മുടെ അഭിലാഷം ദാനത്തിനുവേണ്ടി മാത്രമല്ല ദായ കനു വേണ്ടിയും ആയിരിക്കണം. ഞാൻ അഭിലഷിക്കുന്നതു മഹത്ത്വ

മായിരിക്കരുത്, മറിച്ച് മഹത്ത്വീകൃതനായവനെ ആശ്ലേഷിക്കാനായിരിക്കണം. ഞാൻ തേടുന്നതു വിശ്രമമായിരിക്കരുത്, മറിച്ചു വിശ്രമം നൽകുന്നവന്റെ തിരുമുഖം ആയിരിക്കണം. വിവാഹവിരുന്നിനു വേണ്ടിയല്ല, മണവാളനുവേണ്ടിയുള്ള അഭിലാഷത്തിനു വേണ്ടിയാണ് ഞാൻ കാംക്ഷിച്ചു തളരേണ്ടത്.

## 5. ദിവ്യകാരുണ്യം "നിത്യതയുടെ കാലികമായ ആസ്വാദനം"

സ്വർഗ്ഗീയമായ ആ ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനം എന്ന നിലയിലാണു ഭൗമികമായ ഈ ആരാധനക്രമത്തിൽ നാം പങ്കു ചേരുക (ആരാധനക്രമം n.8, സഭ ആധുനികലോകത്തിൽ n. 38). രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വ്യക്തവും സാരവത്തുമായ ഈ വാക്കുകൾ, ദിവ്യകാരുണ്യത്തിന്റെ അടിസ്ഥാനപരമായ ഒരു തലം നമുക്കു കാണിച്ചുതരുന്നു. വി. തോമസ് അക്വീനാസ് വ്യക്തമാക്കുന്നു, "ഈ കൂദാശ, ഉടമ്പടിയുടെ മഹത്ത്വത്തിലേയ്ക്കു പ്രവേശിക്കുന്നതിനുള്ള ശക്തി നമ്മിലേക്കു ചൊരിയുന്നു. അതിനാൽ ഇതു പാഥേയം എന്നു വിളിക്കപ്പെടുന്നു" (Summa 111, 79 ad.1). തീർത്ഥാടകരും ചരിത്രത്തിന്റെ പാതകളിലെ വഴിയാത്രക്കാരുമായിരിക്കുന്ന നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന ഈശോയുമായുള്ള സംസർഗ്ഗം "നാം അവിടുത്തെപ്പോലെ ആകുകയും അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യുന്ന" (1യോഹ. 3:2) ആ ദിനത്തിലെ പരമമായ കണ്ടുമുട്ടലിനെ മുൻകൂട്ടി വ്യക്തമാക്കുന്നു.

മരുഭൂമിയിലൂടെയുള്ള യാത്രയിൽ, ഒരു വാടാമുൾച്ചെടിയുടെ തണലിൽ നിസ്സഹായനും തകർന്നവനുമായിക്കിടന്ന ഏലിയാ ഒരപൂർവ്വമായ ഭോജ്യത്താൽ ശക്തി കൈവരിച്ച് ദൈവമായ കർത്താവിനെ അഭിമുഖം ദർശിക്കുന്നതുവരേയ്ക്കും മുന്നേറി (1 രാജാ. 19:1–8). വിശുദ്ധനഗരത്തിന്റെ ശോഭയാർന്ന ലക്ഷ്യത്തിലേയ്ക്കു മുന്നേറുന്നതിനു ദിവ്യകാരുണ്യഭോജ്യത്തിൽ ശക്തി കണ്ടെത്തുന്ന വിശ്വാസികളുടെ തീർത്ഥാടനത്തിന്റെ പരമ്പരാഗതമായ പ്രതീകമാണിത്.

## 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടി

തന്റെ മക്കളോടുള്ള വാത്സല്യത്തിന്റെ മാധുര്യം പ്രകടിപ്പിക്കുന്നതിനു ദൈവം ഒരുക്കിയതും സീനായ് മരുഭൂമിയിൽ നല്കപ്പെട്ടതുമായ

“ദൈവദൂതന്മാരുടെ അപ്പമായ” മന്ന അതു ഭക്ഷിക്കുന്നവരുടെ രുചിക്കനുയോജ്യവും എല്ലാവർക്കും ആസ്വാദ്യകരവുമായി മാറിയ യാഥാർത്ഥ്യം ആവിഷ്കരിക്കുന്ന ആഴമേറിയ ആശയവും ഇതു തന്നെയാണ്. പുറപ്പാടു സംഭവത്തിന്റെ ഈ ആത്മീയാർത്ഥത്തിലേക്കു വെളിച്ചം വീശേണ്ടത് ഈശോ തന്നെയാണ്. തീർത്ഥാടകന്റെ ഭക്ഷണത്തിന്റെയും നിത്യതയിലുള്ളരക്ഷണീയ പൂർണ്ണതയുടെ (ഏശ. 25:6) ഭക്ഷണത്തിന്റെയും ദ്വിവിധമായ സ്വാദ് ദിവ്യകാരുണ്യത്തിൽ ആസ്വദിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും അവിടുന്നാണ്.

ദൈവപുത്രന്റെ മഹത്ത്വത്തിലായിരിക്കുമ്പോഴും ക്രിസ്തു ശരീരത്തോടുകൂടി വസിക്കുന്നു. അതുപോലെ തന്നെയാണു ദിവ്യകാരുണ്യം, ദൈവികവും സർവ്വാതിശായിയുമായ സാന്നിദ്ധ്യവും നിത്യതയുമായുള്ള സംസർഗ്ഗവും ആകുന്നത്. “ഭൗമികനഗരവും സ്വർഗ്ഗീയനഗരവും പരസ്പരം ഒന്നുചേരുന്നതിന്റെ (സഭ ആധുനികയുഗത്തിൽ no. 40) ഒരു അടയാളവുമാണത്.” ഈശോയുടെ പെസഹായുടെ സ്മാരകമാണ് ദിവ്യകാരുണ്യം. സ്വാഭാവികമായും മനുഷ്യചരിത്രത്തിൽ അതു നിത്യതയും അനന്തതയും സംവഹിക്കുന്നു.

ജറെമിയ പ്രവാചകൻ മുൻകൂട്ടി പ്രവചിച്ചിരുന്ന ‘പുതിയ ഉടമ്പടി’യുടെ പൂർത്തീകരണം ലൂക്കായും പൗലോസും വെളിപ്പെടുത്തുന്നു. “ഇസ്രായേൽ ഗോത്രത്തോടും യൂദാഗോത്രത്തോടും ഞാനൊരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു. അവരുടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടി പോലെ ആയിരിക്കുകയില്ല അത്” (ജറെ. 31:31–32). വാസ്തവത്തിൽ ഈശോ ഇവിടെ പ്രസ്താവിക്കുന്നത്: “ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയുടെ പാനപാത്രമാകുന്നു” എന്നാണ്. ബൈബിൾ ഭാഷയനുസരിച്ചു “പുതിയത്” എന്നാൽ പുരോഗതി, അന്തിമമായ പരിപൂർണ്ണത, എന്നെല്ലാമാണ് പൊതുവേ അർത്ഥമാക്കുന്നത്.

ദൈവരാജ്യത്തിന്റെ മഹത്ത്വപൂർണ്ണമായ പ്രകാശമണ്ഡലത്തിന്റെ മുൻകൂട്ടിയുള്ള ആവിഷ്കരണമാണു ദിവ്യകാരുണ്യമെന്ന് ഊന്നൽ നൽകിപ്പറയുന്നതും ലൂക്കായും പൗലോസും തന്നെയാണ്. അന്ത്യഅത്താഴത്തിനു മുമ്പ് ഈശോ പറഞ്ഞു: “പീഡയനുഭവിക്കുന്നതിനു മുമ്പ് നിങ്ങളോടു കൂടെ ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ അത്യധികം ആഗ്ര

ഹിച്ചു. ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഞാനിനി ഇതു ഭക്ഷിക്കുകയില്ല. അവൻ പാനപാത്രമെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തതിനു ശേഷം പറഞ്ഞു: ഇതു വാങ്ങി നിങ്ങൾ പങ്കുവയ്ക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു: ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽ നിന്നു ഞാൻ പാനം ചെയ്യുകയില്ല" (ലൂക്കാ 22:15-18). ദിവ്യകാരുണ്യവിരുന്ന് കർത്താവിന്റെ അന്തിമ ആഗമനത്തെ ലക്ഷ്യം വയ്ക്കുന്നുവെന്നു പൗലോസ് സ്പഷ്ടമായി അനുസ്മരിക്കുന്നുണ്ട്. "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമംവരെ, പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്" (1 കൊറി. 11:26).

"ജീവന്റെ അപ്പത്തെക്കുറിച്ചു" കഫർണാമിലെ സിനഗോഗിൽ വച്ച് ഈശോ നൽകിയ പ്രസിദ്ധമായ പ്രബോധനത്തിലും, ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേയ്ക്കുള്ള ദിവ്യകാരുണ്യത്തിന്റെ ആഭിമുഖ്യമാണു പ്രതിപാദിക്കപ്പെടുന്നത്. അതാണു നാലാമത്തെ സുവിശേഷകനായ യോഹന്നാൻ പ്രകീർത്തിക്കുന്നത്. ബൈബിൾ സംബന്ധമായ പരാമർശമെന്ന വിധത്തിൽ അദ്ദേഹം ഉപയോഗിക്കുന്ന പ്രതീകം, മരുഭൂമിയിലൂടെയുള്ള ഇസ്രായേലിന്റെ പ്രയാണത്തിൽ ദൈവം ഇസ്രായേൽക്കാർക്കു നൽകിയ മന്നയാണ്. ദിവ്യകാരുണ്യത്തെക്കുറിച്ച് ഈശോ ദൃഢമായി പ്രതിപാദിക്കുന്നു: "ആരെങ്കിലും ഈ അപ്പത്തിൽനിന്നും ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും... എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും... ഇതു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പമാണ്. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു. എങ്കിലും മരിച്ചു. അതുപോലെയല്ല, ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും" (യോഹ. 6:51, 54, 58).

നാലാമത്തെ സുവിശേഷത്തിന്റെ ഭാഷയ്ക്കനുസരിച്ച് "നിത്യജീവൻ" എന്നാൽ, കാലത്തിന്റെ അതിരുകളെ അതിജീവിക്കുന്ന ദൈവികജീവൻ തന്നെയാണ്. നിത്യമായതും മരണത്തെ കീഴടക്കുന്നതുമായ ദിവ്യകാരുണ്യം ദൈവികജീവനിലുള്ള പങ്കാളിത്തമാണ്. അതിനാൽ ഈശോ പറയുന്നു: "അവിടുന്ന് എനിക്കു നൽകിയവരിൽ ഒരു

വനെപ്പോലും നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണമെന്നതാണ് എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവനുണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും" (യോഹ. 6:39-40).

## 7. ക്രിസ്തുതന്നെ തന്റെ ശിഷ്യരുടെയിടയിലേയ്ക്കു വരുന്നു

സെർജിബുൾഗാക്കോവ്, റഷ്യൻ ദൈവശാസ്ത്രജ്ഞൻ പറയുന്നു: "ഈ അനുഷ്ഠാനം സ്വർഗ്ഗം ഭൂമിയിലാകുന്നതാണ്." ഇക്കാരണത്താൽ, "കർത്താവിന്റെ ദിവസം" എന്ന അപ്പസ്തോലിക ലേഖനത്തിൽ പോൾ ആറാമൻ മാർപ്പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ക്രിസ്ത്യാനികളെ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ഉപദേശിക്കുന്നു: " ഈ കൂടിക്കാഴ്ച - ക്രിസ്തു തന്റെ സ്നേഹത്തിൽ നമുക്കായി ഒരുക്കുന്ന ഈ വിരുന്ന്, നിങ്ങൾ അവഗണിക്കരുത്. അതിലുള്ള നമ്മുടെ പങ്കുചേരൽ ഏറ്റവും യോഗ്യവും സന്തോഷപൂർണ്ണവുമായിരിക്കട്ടെ. ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തു തന്നെയാണ് തന്റെ ശിഷ്യന്മാരുടെ ഇടയിലേയ്ക്ക്, തന്റെ ഉത്ഥാനത്തിന്റെ പുതുമയിലേയ്ക്ക് അവരെയെല്ലാം ഒന്നിച്ചു നയിക്കാൻ, വന്നുചേരുന്നത്. ദൈവവും തന്റെ ജനവും തമ്മിലുള്ള സ്നേഹത്തിന്റെ ഉടമ്പടിയുടെ ഈ ലോകത്തിലുള്ള പാരമ്യമാണത്. ക്രൈസ്തവ സന്തോഷത്തിന്റെ അടയാളവും ഉറവിടവും ശാശ്വത വിരുന്നിലേയ്ക്കുള്ള വഴിയിലെ ഒരു ഘട്ടവുമാണത്."

## 8. ദിവ്യകാരുണ്യം, സഭയുടെ ഐക്യത്തിന്റെ കൂദാശ

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ചുള്ള വിശുദ്ധ ആഗുസ്തീനോസിന്റെ വ്യാഖ്യാനത്തിലെ പ്രസിദ്ധമായ ഒരു പ്രകീർത്തനമാണ് ചുവടെ ചേർക്കുന്നത്: "സമർപ്പണത്തിന്റെ കൂദാശയേ! ഐക്യത്തിന്റെ അടയാളമേ! കാരുണ്യപാശമേ." ഈ പ്രകീർത്തനം നമ്മുടെ വിഷയം സമാഹരിക്കുന്നുണ്ട്. വി. പൗലോസിന്റെ: "അപ്പം ഒന്നേയുള്ളൂ, അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കൊറി. 10:17) എന്ന വാക്കുകൾ ആഗുസ്തീനോസിന്റെ പ്രകീർത്തനത്തിന്റെ ഒരു പ്രതിഫലനമാണ്.

സഭയുടെ ഐക്യത്തിന്റെ ഉറവിടവും കൂദാശയുമാണ് ദിവ്യകാരുണ്യം. ക്രൈസ്തവപാരമ്പര്യത്തിന്റെ ആരംഭകാലം മുതലേ ഇതിന് ഊന്നൽ നൽകപ്പെട്ടിരുന്നു. അതേസമയം അപ്പത്തിന്റെയും വീഞ്ഞിന്റെയും അടയാളത്തെ അടിസ്ഥാനപ്പെടുത്തിയുമായിരുന്നു അത്. ക്രൈസ്തവികതയുടെ ഉദയത്തിൽ രചിക്കപ്പെട്ട 'ദിദക്കെ' (Didache) യിൽ ഇതു പ്രസ്താവിച്ചിരിക്കുന്നത് ഇങ്ങനെയാണ്: "ആദ്യം മലകളിൽ വിതയ്ക്കപ്പെടുകയും അനന്തരം വിളവെടുപ്പിനു ശേഷം ഒറ്റ യാഥാർത്ഥ്യമായിത്തീരുകയും ചെയ്ത ഈ മുറിക്കപ്പെട്ട അപ്പത്തെപ്പോലെ നിങ്ങളുടെ സഭയും ഭൂമിയുടെ അതിർത്തികളിൽ നിന്ന് നിങ്ങളുടെ രാജ്യത്തേയ്ക്ക് ഒന്നിക്കപ്പെടുകയാണ്" (9:1).

## 9. ദിവ്യകാരുണ്യം ക്രിസ്തുവും വിശ്വാസിയും തമ്മിലുള്ള കൂട്ടായ്മ സ്ഥാപിക്കുന്നു

ബിഷപ്പ് സിപ്രിയന്റെ വാക്കുകൾ ഈ സത്യം വെളിവാക്കുന്നവയാണ്. "കർത്താവിന്റെ ത്യാഗങ്ങൾ തന്നെയും ദൃഢവും അവിഭക്തവുമായ സ്നേഹത്താൽ ശക്തിപ്പെട്ട ക്രിസ്ത്യാനികളുടെ ഐക്യത്തെ ഉദാത്തമായി ഉയർത്തിക്കാണിക്കുന്നു. കാരണം, അനേകം ധാന്യമണികൾ സംയോജിക്കപ്പെട്ടു രൂപപ്പെട്ട അപ്പത്തെ കർത്താവ് തന്റെ ശരീരമാക്കിപ്പകർത്തുകയും അനേകം മുന്തിരിക്കുലകളിൽ നിന്നു പിഴിഞ്ഞൂറ്റിയെടുക്കുന്ന വീഞ്ഞിനെ തന്റെ രക്തമാക്കിപ്പകർത്തുകയും ചെയ്യുമ്പോൾ, ഇതേ വിധത്തിൽ ഒന്നായിത്തീർന്ന ഒരുജനതയിൽ നിന്നു രൂപമെടുത്ത നമ്മുടെ അജഗണത്തെയും അവിടുന്നു സൂചിപ്പിക്കുന്നു." സഭയുടെ ഐക്യത്തിന്റെ ദിവ്യകാരുണ്യാത്മകമായ ഈ പ്രതിരൂപത്മകത സഭാപിതാക്കന്മാരിലും ദൈവശാസ്ത്രപണ്ഡിതന്മാരിലും ഇടയ്ക്കിടെ തിരികെ വരുന്നുണ്ട്. "എല്ലാ ക്രൈസ്തവരും പരസ്പരം ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നതിനായി അവിടുന്ന് ആഗ്രഹിക്കുന്ന ഉപവിയുടെയും സഭയുടെ ഐക്യത്തിന്റെയും പ്രതീകമെന്ന നിലയിൽ തന്റെ സഭയ്ക്കു നമ്മുടെ രക്ഷകൻ നൽകിയതാണ് വി. കുർബാന എന്നുപഠിപ്പിച്ചുകൊണ്ടു ട്രെന്റ് സൂനഹദോസ് ഈ സിദ്ധാന്തം സംഗ്രഹിച്ചിരിക്കുന്നു, ഇക്കാരണത്താൽ അവിടുന്ന് ശിരസ്സായിരിക്കുന്ന ഏകശരീരത്തിന്റെ ഒരു പ്രതീകമാണ് ഇത്."കത്തോലിക്കാസഭയുടെ മതബോ

ധനം ഇതു വളരെ സമ്യക്കായി സംഗ്രഹിക്കുന്നു: "ദിവ്യകാരുണ്യം സ്വീകരിക്കുന്നവരെല്ലാം കൂടുതൽ ഗാഢമായി ഈശോയോട് ഒന്നു ചേരുന്നു. അതുവഴി, എല്ലാ വിശ്വാസികളും, ഒരു ശരീരമായിരിക്കുന്ന സഭയിലേയ്ക്കു ക്രിസ്തു അവരെയെല്ലാം ഒന്നിപ്പിക്കുന്നു" (ccc 1396).

പരമ്പരാഗതമായ ഈ സിദ്ധാന്തം വിശുദ്ധ ഗ്രന്ഥത്തിൽ ആഴത്തിൽ വേരുറപ്പിക്കപ്പെട്ടിരിക്കുന്നു. സംസർഗ്ഗം (Koinonia) അഥവാ ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിനും വിശ്വാസിക്കുമിടയിൽ സ്ഥാപിതമാകുന്ന ഐക്യം അടിസ്ഥാന വിഷയമാക്കി, കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ നിന്നുള്ള ഇവിടെ പരാമർശിക്കപ്പെട്ട ഈ ഭാഗം പൗലോസ് ആവിഷ്ക്കരിക്കുന്നത് ഇങ്ങനെയാണ്: "നാം ആശീർവ്വദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ?" (1 കൊറീ. 10:16). "പരസ്പരമുള്ള ആന്തരികതയുടെ" അസാധാരണമായ ഒരു ബന്ധമെന്ന വിധത്തിൽ ഈ സംസർഗ്ഗത്തെ കൂടുതൽ വ്യക്തമായി യോഹന്നാന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നു: "അവൻ എന്നിലും ഞാൻ അവനിലും." വാസ്തവത്തിൽ, ഈശോ കഫർണാമിലെ സിനഗോഗിൽ വച്ചു പറയുന്നുണ്ട്: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു"(യോഹ. 6:56).

മുന്തിരിച്ചെടിയുടെ പ്രതീകത്തോടെ, അന്ത്യഅത്താഴവേളയിലെ പ്രഭാഷണങ്ങളിൽ ഈശോ അടിവരയിട്ടു പറയുന്ന ഒരു വിഷയമാണിത്. ശാഖകൾ ജീവരസവും താങ്ങും സ്വീകരിക്കുന്ന മുന്തിരിച്ചെടിയോടു ചേർന്നുനിന്നെങ്കിൽ മാത്രമേ, തഴച്ചുവളരുകയും ഫലം കായ്ക്കുകയുമുള്ളൂ (യോഹ. 15:1-7). അല്ലെങ്കിൽ അതു തീയിലെറിഞ്ഞു കളയാനുള്ള ഉണങ്ങിയ കമ്പുമാത്രമായി നിലകൊള്ളും. ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർക്കല്ലേ ബലിപീഠത്തിലെ ഭാഗഭാഗിത്വം? (1 കൊറീ. 10:18) എന്ന വിധത്തിൽ വി. പൗലോസ് ശ്ലീഹാ ആവിഷ്കരിക്കുന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ദിവ്യകാരുണ്യത്തിൽ സന്നിഹിതമായിരിക്കുന്ന ക്രിസ്തുവും വിശ്വാസിയും തമ്മിലുള്ള കൂട്ടായ്മയും ഐക്യവും നാം ഇവിടെ കാണുന്നു.

ഈ വിധത്തിലുള്ള ആശ്രയത്തിന്റെ കൂട്ടായ്മ (Koinonia) നമ്മെ ദൈവികരഹസ്യവുമായി ഒന്നിപ്പിക്കുന്നു. അതേ സമയം സമാന്തരം എന്നു നമുക്കു വിളിക്കാവുന്ന ഒരു കൂട്ടായ്മയും അതു സൃഷ്ടിക്കുന്നുണ്ട്. സഭാത്മകവും സഹോദരനിർവിശേഷവുമായ, ഒരേ മേശയിൽ ഭാഗഭാഗിത്വം വഹിക്കുന്ന എല്ലാവരെയും ഒരു സ്നേഹബന്ധത്തിൽ ഒന്നിപ്പിക്കാൻ പ്രാപ്തമാക്കുന്ന ഒരു കൂട്ടായ്മ പൗലോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു, “പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്” (1 കൊറി. 10:17).

# 4

# പരിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രം ബലിയും വിരുന്നും കൂദാശയും

എല്ലാ കൂദാശകളിലും സംഭവിക്കുന്നത് ദൈവജനത്തോടൊപ്പം, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, ഈശോമിശിഹാ പിതാവായ ദൈവത്തിനു സ്വയം സമർപ്പിക്കുന്നുവെന്നതാണ്. എന്നാൽ, കൂദാശകളുടെ കൂദാശയായ പരിശുദ്ധ കുർബാന ബലികളുടെ ബലിയും വിരുന്നുകളുടെ വിരുന്നും കൂടിയാണ്. ഈശോ കാൽവരിയിൽ, മർത്യപാപപരിഹാരാർത്ഥം, സ്വയം സമർപ്പിച്ച, ബലികളുടെ ബലിയാണിത്. യഥാർത്ഥ ബലിയർപ്പകൻ ഈശോയാണ്. കാൽവരിയിൽ പ്രത്യക്ഷമായി രക്തം ചിന്തി ജീവൻ ഹോമിച്ചു. പരിശുദ്ധ കുർബാനയിൽ പരോക്ഷമായി, മൗതികമായി, രക്തം ചിന്തി ജീവൻ ഹോമിക്കുന്നുവെന്നൊരു വ്യത്യാസം മാത്രമേ ഉള്ളൂ. പരിശുദ്ധ കുർബാന സ്വർഗ്ഗീയ വിരുന്നാണ്. ഈ വിരുന്നൊരുക്കുന്നതു ദൈവപിതാവാണ്. വിഭവം ഈശോമി

ശിഹായാണ്. ദൈവപിതാവു തന്നെ വച്ചു വിളമ്പുന്ന ഈ ദിവ്യവിരുന്നിൽ ബലിയർപ്പകരെല്ലാം പങ്കുകാരായെങ്കിലേ, അവർ ബലിവസ്തു ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടി ഭക്ഷിച്ചെങ്കിൽ മാത്രമേ, അവരെ സംബന്ധിച്ചിടത്തോളം, തങ്ങളുടെ ബലി പരിപൂർത്തിയിലെത്തുകയുള്ളൂ.

പരിശുദ്ധകുർബാന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അന്തരിക്ഷം, അനുഭവം ആണ് അർപ്പകരിൽ ഉളവാക്കേണ്ടത്. പരിശുദ്ധ കുർബാന സഭയെ കെട്ടിപ്പടുക്കുന്നു. പരിശുദ്ധകുർബാന ഇല്ലെങ്കിൽ സഭ വിസ്മൃതിയിലാണ്ടുപോകും. പരിശുദ്ധ ത്രിത്വത്തെ പൂർണ്ണാത്മാവോടും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും സ്നേഹിക്കാൻ, അവിടുത്തേക്കു പരമാരാധന നടത്താൻ, അനുസ്യൂതം അവിടുത്തേയ്ക്കു നന്ദിപറയാൻ, നിരന്തരം അവിടുത്തെ സ്തുതിക്കാൻ, മഹത്ത്വപ്പെടുത്താൻ, ഓശാനപാടാൻ, ഹല്ലേലൂയ്യാ പാടാൻ, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് അവിടുത്തെ അനവരതം പാടിപ്പുകഴ്ത്താൻ, വാഴ്ത്താൻ, കീർത്തിക്കാൻ പ്രകീർത്തിക്കാൻ അർപ്പകർക്കുള്ള സർവ്വശ്രേഷ്ഠമായ ഉപാധിയാണിത്. ദൈവം തന്റെ അനന്തസ്നേഹത്തിൽ സൃഷ്ടിയുടെയെല്ലാം മണിമകുടമായി മനുഷ്യനെ മെനഞ്ഞെടുത്തു. ആ സ്രഷ്ടാവിനെ ആരാധിക്കുക, സ്തുതിക്കുക, മഹത്ത്വപ്പെടുത്തുക, അവിടുത്തേക്കു നന്ദി പറയുക - ഇവയൊക്കെയാണ് മനുഷ്യന്റെ ജീവിതത്തിലെ പരമപ്രധാനമായ കടമകൾ. രക്ഷാദായകമാണ് ഈ തിരുബലി. ഈശോമിശിഹാ കുരിശുചുമന്നും ചോര വിയർത്തുമാണ് ഈ തിരുബലി നമുക്കായി ആദ്യമായി കാൽവരിയിലർപ്പിച്ചത്.

## 1. ദൈവവും മനുഷ്യനുമായ മിശിഹായുടെ സ്വയംദാനം

ദൈവവും മനുഷ്യനുമായ മിശിഹാ മനുഷ്യനു സ്വയം ദാനം ചെയ്യുന്ന സംഭവമാണ് പെസഹാരഹസ്യം. ത്രിത്വവും മനുഷ്യനും ഒന്നാകുന്ന സുന്ദരാനുഭവം. ഇത്, പ്രസ്താവിച്ചതുപോലെ, ബലിയാണ്, വിരുന്നാണ്, കൂദാശയാണ്. സെന്റ് അഗസ്റ്റിൻ ആശ്ചര്യപരതന്ത്രനായി ഉദീരണം ചെയ്യുന്നു: "ആരാധനയ്ക്കു യോഗ്യമായ ദിവ്യകൂദാശയേ! ഐക്യത്തിന്റെ പ്രതീകമേ! കാരുണ്യപാശമേ!" സെന്റ് തോമസ് അക്വീനാസ് പരിശുദ്ധ കുർബ്ബാനയെക്കുറിച്ചു കൂടുതൽ വാചാലനാണ്. അദ്ദേഹം

ദിവ്യകാരുണ്യത്തെ അഭിസംബോധന ചെയ്യുന്നത്, 'നല്ല ഇടയാ, യഥാർത്ഥ അപ്പമേ' എന്നാണ്. ഇത് ഏറ്റുപറഞ്ഞിട്ട് അദ്ദേഹം പ്രാർത്ഥിക്കുന്നു: "നല്ല ഇടയാ, ദൈവികഅപ്പമേ, വരൂ. ഇനിയും അങ്ങയുടെ കാരുണ്യത്തിന്റെ അടയാളം ഞങ്ങൾക്കു കാണിച്ചു തരണമേ. യേശുവേ ഞങ്ങളിൽ കനിയണമേ. ഞങ്ങളെ തീറ്റിപ്പോറ്റണമേ, ഞങ്ങളെ അങ്ങയുടേതായി സൂക്ഷിക്കണമേ. അങ്ങനെ അമർത്യതയുടെ മണ്ഡലങ്ങളിൽ അങ്ങയുടെ മഹത്ത്വം പ്രശോഭിക്കുന്നതു ഞങ്ങൾ കാണട്ടെ". തുടർന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു: "ഏറ്റവും വലിയ ജ്ഞാനിയായ, ഏറ്റവും ശക്തനായ, ഏറ്റവും നല്ലവനായ അങ്ങുന്ന് ഞങ്ങളുടെ ഇപ്പോഴത്തെ ആഹാരവും ഞങ്ങളുടെ ഭാവിവിശ്രമവുമാണ്. അവിടുന്ന് വന്ന് ഞങ്ങളിൽ ഓരോരുത്തരേയും അങ്ങയുടെ ഇഷ്ടപ്പെട്ട അതിഥിയാക്കണമേ! അങ്ങയുടെ കൂട്ടവകാശികളാക്കണമേ! അങ്ങയോടൊപ്പം വസിക്കുന്ന വിശുദ്ധരോടൊപ്പം അനുഗൃഹീതരായ കൂട്ടുകാരാക്കണമേ!"

## 2. പെസഹാസംഭവം

വിശുദ്ധ കുർബാനയിലൂടെ, ക്രിസ്തുവിന്റെ പെസഹാ സംഭവം സഭയിലുടനീളം വ്യാപിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലുമുള്ള കൂട്ടായ്മയിലൂടെ, വിശ്വാസികൾ നിഗൂഢമായി ദൈവികത്വത്തിൽ വളരുന്നു. പിതാവിന്റെ മക്കൾ എന്ന നിലയിൽ പുത്രനിൽ വസിക്കുവാൻ അത് അവരെ പ്രാപ്തരാക്കുന്നു. ക്രിസ്തുസമാരംഭിച്ച ഈസ്റ്റർ തീർത്ഥാടനത്തിലേക്കു നമ്മെ തളരാതെ തിരിച്ചുവിടുന്ന അനുപമസംഭവമാണ് വിശുദ്ധകുർബാനയുടെ ആഘോഷം. അത് അവിടുത്തെ പെസഹായെ സജീവമാക്കുകയും അതിന്റെ ചൈതന്യം വിശ്വാസികൾക്കു പകരുകയും ചെയ്യുന്നു. അൾത്താരയിലെ ബലിയിൽ, അവിടുത്തെ പെസഹായിൽ, സന്നിഹിതമായിരക്കുന്ന കർത്താവിന്റെ ദിവകാരുണ്യത്തിൽ, "ദിവ്യകാരുണ്യാത്മകമായ" ശക്തിയുണ്ട്.

## 3. ഈശോമിശിഹായുടെ മരണത്തിന്റെ അനുസ്മരണം

ദിവ്യകാരുണ്യം ക്രിസ്തുവിന്റെ മരണത്തിന്റെ അനുസ്മരണമാണ്. ഒപ്പം അത് അവിടുത്തെ ബലിയുടെ സാന്നിദ്ധ്യവും (ബലിയുടെ ആവർത്തനം) അവിടുത്തെ മഹത്ത്വപൂർണ്ണമായ വരവിന്റെ മുൻകൂട്ടിയുള്ള ആസ്വാദനവുമാണ്. അത്, ഉത്ഥിതനായ കർത്താവിന്റെ, ചരിത്ര

ത്തിലുള്ള നിരന്തരമായ രക്ഷാകരസാമീപ്യത്തിന്റെ, കൂദാശയുമാണത്. ഭൂതകാലസംഭവങ്ങളുടെ കേവല അനുസ്മരണമല്ല വി. കുർബാന. മറിച്ച്, ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയ അത്ഭുതപ്രവൃത്തികളുടെ ആവർത്തനവും പ്രഘോഷണവുമാണത്. അവയെല്ലാം ദിവ്യബലിയിൽ, പ്രത്യക്ഷമാംവിധം, സജീവവും യഥാർത്ഥവുമായിത്തീരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, രക്ഷാകരപ്രവൃത്തികളുടെ ഫലപ്രദമായ അനുസ്മരണമാണത്. "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ, പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്" (1 കൊറി. 11:26). അങ്ങനെയാണു വിശുദ്ധ കുർബാന ക്രിസ്തുവിന്റെ മരണത്തിന്റെ സ്മാരകമാവുന്നത്. അതേസമയം തന്നെ അത് അവിടുത്തെ ബലിയർപ്പണത്തിന്റെ സാന്നിദ്ധ്യവും അവിടുത്തെ മഹത്ത്വപൂർണ്ണമായ ആഗമനത്തിന്റെ മുന്നാസ്വാദനവുമാണ്.

'അനുസ്മരിക്കുക' എന്നാൽ സ്മരണയും വാത്സല്യവും ഹൃദയത്തിലേക്കു തിരികെ കൊണ്ടുവരുക എന്നാണർത്ഥമാക്കുക എന്നു നാം കണ്ടതാണ്. അതോടൊപ്പം അത് ഒരു സാന്നിധ്യം ആഘോഷിക്കലുമാണ്. പരിശുദ്ധകുർബാനയിൽ, അർപ്പകർ ക്രിസ്തുവുമായി ഒന്നാകുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ നൽകിയ ഉത്ഥിതനായ ഈശോ കാൽവരിയിൽ നേടിയ രക്ഷയുടെ ഫലങ്ങൾ നിരന്തരം പരിശുദ്ധകുർബാനയിലൂടെ നമുക്ക്, ലോകത്തിന് അവിടുന്നു നൽകിക്കൊണ്ടിരിക്കുന്നു.

## 4. വിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയും

ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ഉറവിടവും പാരമ്യവുമാണ് പരിശുദ്ധ കുർബാന. ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കുയരുന്ന അത്യുന്നത മഹത്ത്വീകരണമാണത്. ബലിയർപ്പകർ 'പെസഹാക്കുഞ്ഞാടിനെ' ദൈവത്തിനുസമർപ്പിക്കുന്നതോടൊപ്പം, തങ്ങളെയും സമർപ്പിക്കുന്നു. തന്നെത്തന്നെ അർപ്പിച്ച്, സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ട നിത്യപുരോഹിതനായ ഈശോയാണ് യഥാർത്ഥത്തിൽ ഓരോ ദിവ്യബലിയും അർപ്പിക്കുന്നത്. "അവനിലൂടെ നമുക്ക് എല്ലായ്പ്പോഴും ദൈവത്തിനു സ്തുതിയുടെ ബലി അർപ്പിക്കാം" (ഹെബ്രാ. 13:15).

അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ഈശോ തന്നെയാണ് യഥാർത്ഥത്തിൽ ബലിയിൽ സന്നിഹിതനാകുന്നത്. "ഇത് എന്റെ ശരീരമാണ്. ഇത് എന്റെ രക്തമാണ്" (മത്താ. 26:28). "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ", ഈ മൂന്നു വാക്യങ്ങളാണു വിശുദ്ധ കുർബാനയുടെ സ്വത്വം, അന്തഃസത്ത. ആദ്യത്തേതു രണ്ടും സ്ഥാപനവാക്യങ്ങളും മൂന്നാമത്തേത് തുടർന്ന് അനുഷ്ഠിക്കാനുള്ള നാഥന്റെ കല്പനയുമാണ്. ദുഃഖവെള്ളിയാഴ്ച കാൽവരിക്കുരിശിൽ തന്നെത്തന്നെ സമർപ്പിച്ചവനും ഇപ്പോൾ മഹത്ത്വീകൃതനുമായ ഈശോയാണ് ദിവ്യകാരുണ്യത്തിൽ സന്നിഹിതനാകുന്നതും സന്നിഹിതനായിരിക്കുന്നതും.

അർപ്പണാത്മകമായ സ്വയം ദാനമാണ് ദിവ്യനാഥൻ ദിവ്യബലിയിൽ നടത്തിയത്, നടത്തുന്നത്. എല്ലാവരുടേയും പാപഭാരം അവിടുന്നു പേറി. അതിക്രമങ്ങൾക്കു വേണ്ടി അവിടുന്നു മാദ്ധ്യസ്ഥ്യം വഹിച്ചു. ദിവ്യകാരുണ്യം എല്ലാറ്റിലും ഉപരി ഒരു ബലിയാണ്. അതു രക്ഷയുടെ ബലിയും പുതിയ ഉടമ്പടിയുടെ ബലിയുമാണ്. ഇത് ഏകജാതന്റെ ബലിയാണ്. അന്നത്തേതുപോലെ ഇന്നും അവിടുന്ന് ഈ ബലി അർപ്പിക്കുന്നു. കാരണം, അത് ഏകവും അനന്യവുമായ ബലിയാണെന്നതുതന്നെ. പഴയനിയമബലിയുടെ (പുറ. 24:5-8) വികസിതരൂപവും പൂർത്തീകരണവുമാണ് മിശിഹായുടെ തിരുബലി. ഈ "ഉടമ്പടിയുടെ രക്തം" ഐക്യത്തിന്റെ കൂട്ടായ്മയിൽ ദൈവത്തെയും മനുഷ്യനെയും ഗാഢമായി ബന്ധിക്കുന്നു; ഐക്യം പരിപൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നു. ദിവ്യബലിയിൽ, ദൈവവും മനുഷ്യനും തമ്മിലുള്ള ആലിംഗനം അതിന്റെ ഉച്ചകോടിയിലെത്തുന്നു. 'പുതിയ ഉടമ്പടിയുടെ' ഈ പൂർത്തീകരണം ജറെമിയ മുൻകൂട്ടി പ്രവചിച്ചതാണ് (31:31-34). ഇത് ആത്മാവിലും ഹൃദയത്തിലുമുള്ള ഒരു ഉടമ്പടിയാണ് (ഹെബ്രാ. 16: 14-17).

ദൈവവും മനുഷ്യനും തമ്മിലുള്ള പരിപൂർണ്ണലയനത്തോടു ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ വിശുദ്ധകുർബാന സഭയുടെ സകല ആരാധനയുടെയും മുഴുവൻ ക്രിസ്തീയ ജീവിതത്തിന്റെയും ഉറവിടവും ഉച്ചകോടിയുമാണ്. പൂർണ്ണഹൃദയത്തോടെ, പുരോഹിതനോടൊപ്പം നിത്യപിതാവിന് നമ്മെത്തന്നെ പവിത്രബലിയായി അർപ്പിക്കുമ്പോൾ മാത്രമല്ല, അതേ ബലിവസ്തു കൗദാശികമായി സ്വീകരിക്കുമ്പോഴും, കൃത

ജ്ഞതാപ്രകാശനത്തിന്റെയും അനുരജ്ഞനത്തിന്റെയും അപേക്ഷയുടെയും സ്തുതിയുടെയും ഈ ബലി-കൂദാശയിൽ നാം പരിപൂർണ്ണമായി ഭാഗഭാക്കാകുകയും പരിശുദ്ധ ത്രിത്വത്തിനു സ്വീകാര്യമായ സ്തുതികൾ അർപ്പിക്കുകയും ചെയ്യുന്നു.

## 5. എല്ലാം പിതാവിനു സമർപ്പിക്കപ്പെടുന്നു

വിശുദ്ധകുർബാനയിൽ, ഈശോയുടെ ബലിയോടൊപ്പം തന്നെയും ചേർത്ത് സഭ സകല സൃഷ്ടികളുടെയും സ്തുതികൾ ഉണർത്തുന്നു. ഈശോയോടുള്ള പരിപൂർണ്ണഐക്യത്തിൽ, ഓരോ വിശ്വാസിയും തന്റെ അസ്തിത്വത്തെ, തന്റെ 'ശരീരത്തെ' വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കാനുള്ള (റോമ. 12:1) പ്രതിജ്ഞാബദ്ധത ഈ സ്തുതി ഉണർത്തലിനു പൂരകമാകുന്നുണ്ട്. ഇവ്വിധം ആരാധനാസമൂഹവും, സകലർക്കും വേണ്ടി ക്രൂശിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്ത ഈശോയും, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, തങ്ങളെത്തന്നെ പൂർണ്ണമായും പിതാവിനു സമർപ്പിക്കുന്നു, സമർപ്പിക്കണം. അങ്ങനെ, ത്രിത്വവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയുടെ ഒരു ജീവിതമാണ് വിശുദ്ധ കുർബാന വിഭാവനം ചെയ്യുന്നതും ഊട്ടി ഉറപ്പിക്കാൻ ശ്രമിക്കുന്നതും.

## 6. ദൈവവുമായുള്ള കൂട്ടായ്മ

പരിശുദ്ധ കുർബാന ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയുടെ, സംസർഗ്ഗത്തിന്റെ, മഹത്തമമായ അടയാളം മാത്രമല്ല, അതു കുഞ്ഞാടിന്റെ പവിത്രമായ വിവാഹവിരുന്നു കൂടിയാണ്. സെന്റ് അഗസ്റ്റിൻ ആനന്ദാധിക്യത്തിൽ ഉദ്ഘോഷിക്കുന്നു, വിശുദ്ധ കുർബാനയിലൂടെ 'നമ്മൾ ക്രിസ്തുവായിത്തീർന്നിരിക്കുന്നു.' ദൈവവുമായി നാം നടക്കുന്ന കൂട്ടായ്മയുടെ പരമോന്നത ആവിഷ്കാരം വിശുദ്ധ കുർബാനയിൽ നമുക്കു കണ്ടെത്താനാവും. ഈശോയുടെ തിരുശരീരവും തിരുരക്തവും നാമായി രൂപാന്തരപ്പെടുന്നു! ദൈവവമുമായുള്ള നമ്മുടെ ഉടമ്പടിയുടെയും സംസർഗ്ഗത്തിന്റേയും സൗഹൃദത്തിന്റേയും വിശുദ്ധ വിരുന്നാണ് വിശുദ്ധ കുർബാന.

ക്രിസ്തുവുമായി ഐക്യപ്പെട്ട്, അവിടുന്നുമായി ഒന്നായി, കൂട്ടായ്മയിൽ ജീവിക്കാതെ ഒരുവന് സ്വർഗ്ഗത്തിൽ നിത്യമായി ജീവിക്കുക

അസാധ്യമാണ്. ജീവന്റെ അപ്പമായ ഈശോമിശിഹായും അവിടുത്തെ ഭക്ഷിക്കുന്നവരും തമ്മിലുള്ള അഭേദ്യബന്ധത്തെ, സജീവമായ സംസർഗ്ഗത്തെ, അരക്കിട്ടുറപ്പിക്കുകയും അവിടുത്തെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുക നിത്യജീവൻ പ്രാപിക്കാൻ അത്യന്താപേക്ഷിതമാണെന്നു സ്ഥാപിക്കുകയുമാണ് യോഹന്നാൻ ആറാം അദ്ധ്യായം ലക്ഷ്യം വയ്ക്കുക.

## 7. വിശുദ്ധകുർബാന സ്വീകരണം

പരിശുദ്ധകുർബാനയിലെ ഒരുവന്റെ ഭാഗഭാഗിത്വം പരിപൂർണ്ണമാകുന്നത് ബലിവസ്തു ആഹരിച്ചു കഴിയുമ്പോഴാണ്.

വിശുദ്ധ കുർബാനയിലൂടെ ഈശോയുമായുള്ള ഒന്നാകൽ വിശ്വാസികളുടെ ആന്തരികമായ രൂപാന്തരീകരണം ഉളവാക്കുന്നു. നമ്മിലുള്ള സ്നേഹവും സത്യവും ജീവിതവിശുദ്ധിയും ദൈവത്തോടുള്ള നമ്മുടെ ഗാഢബന്ധം വ്യക്തമാക്കുന്നു. ദിവ്യബലിയിലൂടെ നമ്മിലേക്ക് എഴുന്നള്ളിവരുന്ന ഈശോ ആണ് ഈ പുണ്യങ്ങൾ നമ്മിൽ ഉളവാക്കി നമ്മെ രൂപാന്തരപ്പെടുത്തുന്നത്. ക്രിസ്തുവിലായിരിക്കുന്ന നമ്മൾ നമ്മുടെ ഓരോ പ്രവൃത്തിയിലൂടെയും നല്ല വ്യക്തികളായി തെളിയിച്ച്, ഈ പ്രതിഛായയുടെ സൗന്ദര്യം പ്രകാശിപ്പിക്കണം, വർദ്ധിപ്പിക്കണം. നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് മറ്റുള്ളവർ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തക്കവിധത്തിൽ നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ എന്ന നാഥന്റെ വചനം അങ്ങനെ നമ്മിൽ അന്വർത്ഥമാകും.

കാൽവരിയിലെ കല്പപാദപത്തിൽ ഭാഗഭാഗിത്വം വഹിച്ച് ക്രിസ്ത്യാനി ക്രിസ്തുവിന്റെ, ആത്മദാനപരമായ സ്നേഹത്തിൽ പങ്കുചേരുന്നു. തന്റെ എല്ലാ വിചാരങ്ങളിലും പ്രവൃത്തികളിലും ഈ സ്നേഹം അഭ്യസിച്ചു ജീവിക്കാൻ അവൻ സജ്ജീകൃതനാകുകയും സമർപ്പിതനാകുകയും ചെയ്യുന്നു. ധാർമ്മിക ജീവിതത്തിൽ അവന്റെ രാജകീയ പൗരോഹിത്യശുശ്രൂഷ പുണ്യമാകുകയും ഫലപ്രദമാകുകയും ചെയ്യുന്നു. ഇങ്ങനെ ജ്ഞാനസ്നാനത്തിൽ ഉടലെടുക്കുകയും സ്ഥൈര്യലേപനത്തിലും ദിവ്യകാരുണ്യത്തിലും പക്വതപ്രാപിക്കുകയും ചെയ്യുന്ന ഈ രാജകീയ ശുശ്രൂഷ, ദിവ്യകാരുണ്യവിരുന്നിലൂടെ, സ്നേഹസത്യവിശുദ്ധിയിൽ പക്വത പ്രാപിച്ച്, ദൈവവുമായുള്ള

അവന്റെ ഐക്യത്തെ, ക്രിസ്തുവിലുള്ള അവന്റെ ജീവിതത്തെ, ലോകത്തിനു വെളിപ്പെടുത്തുന്നു.

## 8. സ്വർഗ്ഗീയാരാധനയുടെ മുന്നാസ്വാദനം

രണ്ടാം വത്തിക്കാൻ സൂനഹദോസു പറയുന്നു: "സ്വർഗ്ഗീയമായ ആ ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനമെന്ന നിലയിലാണ് ഭൗമികമായ ഈ ആരാധനക്രമത്തിൽ (പരിശുദ്ധകുർബാനയിൽ) നാം പങ്കുചേരുന്നത്. കൗൺസിലിന്റെ വ്യക്തവും സാരവത്തുമായ ഈ വാക്കുകൾ വിശുദ്ധകുർബാനയുടെ അടിസ്ഥാനപരമായ ഒരു തലം നമുക്കു കാണിച്ചുതരുന്നു. ഈ തലം ദിവ്യബലിയുടെ യുഗന്ത്യോന്മുഖതയോടു ബന്ധപ്പെട്ടതാണ്. ഇതു ഭാവിമഹത്ത്വത്തിന്റെ മുന്നാസ്വാദനം മാത്രമല്ല, അതിന്റെ വാഗ്ദാനവുമാണ്. ഈ ബലി, ഈ കൂദാശ, ഈ വിരുന്ന് മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ശക്തി നമ്മിലേക്കു ചൊരിയുന്നു. അതുകൊണ്ടാണ് ഇതു 'പാഥേയം' എന്നു വിശേഷിപ്പിക്കപ്പെടുക. തീർത്ഥാടകരായ നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന ഈശോയുമായുള്ള മൗതികൈക്യം സ്വർഗ്ഗത്തിൽ "നാം അവിടുത്തെപ്പോലെ ആകുകയും അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യുന്ന" (1 യോഹ. 3:2) ആ ദിനത്തിലെ പരമമായ കണ്ടുമുട്ടലിനെ മുൻകൂട്ടി വ്യക്തമാക്കുന്നു. നിത്യരക്ഷയുടെ കാലികമായ ആസ്വാദനമാണ് ദിവ്യകാരുണ്യം. ക്രിസ്തുവിന്റെ പെസാഹായുടെ സ്മാരകമായ ഈ ദിവ്യകാരുണ്യം മനുഷ്യചരിത്രത്തിൽ നിത്യതയും അനന്തതയും സമ്മേളിപ്പിച്ചു സംവഹിക്കുന്നു.

## 9. പ്രവചനത്തിന്റെ പൂർത്തീകരണം

"ഇസ്രായേൽ ഗോത്രത്തോടും, യൂദാഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു... അവരുടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടിപോലെ ആയിരിക്കുകയില്ല അത്" (31:31 -32) എന്ന ജറമിയായുടെ പ്രവചനത്തിന്റെ സാക്ഷാത്കാരമാണ് പരിശുദ്ധകുർബാന. ദൈവരാജ്യത്തിലാണ് (സ്വർഗ്ഗത്തിൽ) ഇതുപരിപൂർത്തിയിലെത്തുക (ലൂക്കാ. 22: 15-18). ദിവ്യകാരുണ്യവിരുന്ന് കർത്താവിന്റെ അന്തിമ ആഗമനത്തെ ലക്ഷ്യം വയ്ക്കുന്നുവെന്നും പൗലോസ് ശ്ലീഹാ സ്പഷ്ടമായി പറയുന്നുണ്ട്.

വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ "ജീവന്റെ അപ്പ"ത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനത്തിലും ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്ക് എങ്ങനെ ദിവ്യകാരുണ്യം നയിക്കുന്നുവെന്നതും പ്രതിപാദിക്കപ്പെടുന്നുണ്ട്. ഈശോ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു: "ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും... എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയർപ്പിക്കും. ഇതു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പമാണ്. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു. എങ്കിലും മരിച്ചു. അതുപോലെയല്ല, ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ. 6:51, 54, 58). കാലത്തിന്റെ അതിരുകളെ അതിലംഘിക്കുന്ന ദൈവികജീവനെയാണ് 'നിത്യജീവൻ' എന്ന പ്രയോഗം അർത്ഥമാക്കുക. ഇതു ക്രിസ്തുവുമായുള്ള ഒന്നാകലായതുകൊണ്ട്, പരിശുദ്ധ കുർബാന നിത്യമായതും മരണത്തെ കീഴടക്കുന്നതുമായ ദൈവികജീവനിലുള്ള പങ്കാളിത്തമാണ്. ഈശോ വ്യക്തമാക്കിയിരിക്കുന്നു: "പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവനുണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും" (യോഹ. 6:39 -40).

## 10. സ്വർഗ്ഗം ഭൂമിയിൽ

പരിശുദ്ധ കുർബാനയിലൂടെ സ്വർഗ്ഗം ഭൂമിയിലാകുന്നു. പരമപരിശുദ്ധ ത്രിത്വവും മനുഷ്യനും ഒന്നാകുന്നു. ഈ കൂടിക്കാഴ്ച - ക്രിസ്തു തന്റെ സ്നേഹത്തിൽ നമുക്കായി ഒരുക്കുന്ന ഈ വിരുന്ന്, നാം ഒരിക്കലും അവഗണിക്കരുത്. അതിലുള്ള പങ്കുചേരൽ ഏറ്റവും യോഗ്യവും സന്തോഷപൂർണ്ണവുമായിരിക്കണം. ക്രൂശിതനും ഉത്ഥിതനുമായ ഈശോമിശിഹാ തന്നെയാണു തന്റെ ശിഷ്യരുടെ ഇടയിലേക്ക്, ഉത്ഥാനത്തിന്റെ പുതുമയിലേക്ക്, അവരെയെല്ലാം ഒന്നിച്ചു നയിക്കാൻ വന്നു ചേരുന്നത്. ദൈവവും തന്റെ ജനവും തമ്മിലുള്ള സ്നേഹത്തിന്റെ ഉടമ്പടിയുടെ ഈ ലോകത്തിലെ ഏറ്റം വലിയ പ്രകാശനമാണത്. ക്രൈസ്തവ സന്തോഷത്തിന്റെ അടയാളവും ഉറവിടവും ശാശ്വത വിരുന്നിലേക്കുള്ള വഴിയിലെ ഒരു ഘട്ടവുമാണത്.

ദിവ്യകാരുണ്യ ആഘോഷത്തിൽ അർപ്പകർ ക്രിസ്തുവുമായി അഗാധമായ ഒരു ഐക്യത്തിലേക്കു പ്രവേശിക്കുന്നു. ആ ഐക്യം സഹശുശ്രൂഷകരുമായുള്ള കൂട്ടായ്മയിലേക്കും നയിക്കുന്നു, നയിക്കണം. പൗലോസ് ശ്ലീഹാ ഈ സത്യം അവതരിപ്പിക്കുന്നതിങ്ങനെയാണ്. "അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്" (1 കൊറി. 10:17). സഭയുടെ ഐക്യത്തിന്റെയും കൂദാശയാണ് ദിവ്യകാരുണ്യം.

## 11. ക്രിസ്തുവും ശിഷ്യനും രണ്ടല്ല, ഒരു ശരീരമാണ്

മുന്തിരിച്ചെടിയും ശാഖകളും എന്ന പ്രഭാഷണത്തിൽ ഈശോ അടിവരയിട്ടു പറയുന്ന ഒരു വിഷയമാണിത്. ശാഖകൾ ജീവരസം സ്വീകരിക്കുന്ന മുന്തിരിച്ചെടിയോടു ചേർന്നുനിന്നെങ്കിൽ മാത്രമേ, അതു തഴച്ചുവളരുകയും ഫലം ചൂടുകയുമുള്ളൂ (യോഹ. 15:1-7). ഈ കൂട്ടായ്മയ്ക്കു വ്യക്തമായ രണ്ടു മാനങ്ങളുണ്ട്. ദൈവോന്മുഖതയും സഭാത്മകതയും. "പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. കാരണം, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കൊറീ. 10:17). ക്രിസ്തുവിന്റെ ശരീരത്തെ അതിന്റെ ഏകത്വത്തിലും ബഹുത്വത്തിലും ആവിഷ്കരിക്കുന്നു ഈ വാക്യം.

## 12. അയോഗ്യതയോടെ ഈ അപ്പം ഭക്ഷിച്ചാൽ

ഉപവിയുടെയും കൂട്ടായ്മയുടെയും മാനങ്ങൾ മറന്നു പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നവർ കുർബാനയുടെ ഉള്ളും ഉയിരും നഷ്ടപ്പെടുത്തുകയാണ്. വി. കുർബാന സ്നേഹവിരുന്നാകണമെങ്കിൽ അത് യഥാർത്ഥ സ്നേഹത്തിന്റെ ആവിഷ്കാരവും ഉറവിടവുമാവണം. "അയോഗ്യതയോടെ ഈ അപ്പം ഭക്ഷിക്കുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും" (1 കൊറി. 11:29). ദൈവത്തോടും മനുഷ്യരോടുമുള്ള ഉപവി എന്ന മഹത്തായ കല്പനയുടെ പൂർത്തീകരണത്തിലാണ് ക്രൈസ്തവ ജീവിതം പരിപക്വമാവുക. ഈ ഉപവി അതിന്റെ ഉറവിടം കണ്ടെത്തുന്നതു സ്നേഹത്തിന്റെ ബലിയും കൂദാശയുമായ വിശുദ്ധകുർബാനയിലാണ്. ഈശോമിശിഹായുടെ ശരീരരക്തങ്ങളാൽ പരിപോഷിതരാകുന്ന നാം പരിശുദ്ധാത്മാ

വിനാൽ പരിപൂരിതരായി, സ്നേഹത്തിൽ വേരു പാകി, ക്രിസ്തുവിൽ ഏകശരീരവും ഏക ആത്മാവുമായി ഭവിക്കണം.

വിശുദ്ധകുർബാന, അർപ്പകർക്ക്, ദൈവവുമായുള്ള സുനിശ്ചിതമായ ഒരു കണ്ടുമുട്ടലിന്റെ ഉച്ചകോടിയാകണം. സഹോദരരുമായുള്ള ഉപവിയുടെ സ്നേഹത്തിലും പരിണതഫലമായ ഐക്യത്തിലും ആഴപ്പെടുവാനും അതു സഹായിക്കണം. ദിവ്യഭോജ്യത്താൽ പോഷിപ്പിക്കപ്പെട്ടു മുന്നോട്ടു നീങ്ങുന്ന ശക്തവും സജീവവുമായ ദിവ്യകാരുണ്യസമൂഹമാകണം ലോകം മുഴുവനും. അപ്പോൾ "'വിശുദ്ധനഗരമായ പുതിയ ജറുസലേം, ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന്, ഇറങ്ങിവരുന്നതു നാം കാണും' (വെളി. 21:2).

പരിശുദ്ധ അമ്മയുടെ ഉദരത്തിൽ മാംസം ധരിച്ച ഈശോ ദിവ്യകാരുണ്യത്തിൽ തന്നെത്തന്നെ, ദൈവികജീവന്റെ സ്രോതസ്സായി, മനുഷ്യനു നൽകുന്നു. അവിടുന്നു ലോകത്തിന്റെ "ഏകരക്ഷകനാണ്, നിത്യജീവന്റെ അപ്പമാണ്." ലോകത്തെ മുഴുവൻ പരിപോഷിപ്പിക്കുന്നതിനായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ മനുഷ്യന് ആഹാരമായിത്തീരുന്ന വിസ്മയങ്ങളുടെ വിസ്മയമാണു വിശുദ്ധ കുർബാന. തന്റെ യുക്തിക്കും ഇന്ദ്രിയങ്ങൾക്കും അതീതമായ ഈ മഹാരഹസ്യത്തെ സമീപിക്കുവാൻ മനുഷ്യനെ സഹായിക്കുന്നതു വിശ്വാസമാണ്. പരിശുദ്ധ അമ്മയാണ് വിശ്വാസത്തിന്റെ ഏറ്റം ശ്രേഷ്ഠയായ ഗുരുനാഥ. ദൈവസ്നേഹത്തിന്റെ ഈ അഗാധതയ്ക്കുമുമ്പിൽ, നമ്മെത്തന്നെ വിശ്വാസത്തോടെ സമർപ്പിക്കുന്നതിനെക്കുറിച്ച് അമ്മ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധകുർബാനയിലെ ഈശോയോടുള്ള കൂട്ടായ്മയിലായിരിക്കാൻ അമ്മ നമ്മെ അനുനിമിഷം ക്ഷണിക്കുന്നു. അമ്മ തന്നെയാണല്ലോ ആദ്യത്തെ ദിവ്യസക്രാരി.

വിശുദ്ധ കുർബാനയിൽ ഈശോ നമുക്കുവേണ്ടി ഓരോനിമിഷവും തന്നെത്തന്നെ നിത്യപിതാവിന് അർപ്പിക്കുന്നു. അവിടുന്നു തന്നെയാണല്ലോ ബലിയർപ്പകൻ. അവിടുത്തേക്കു മാത്രമേ തന്റെ നിത്യപിതാവിനു സ്വീകാര്യമായ ബലിയർപ്പിക്കാൻ കഴിയൂ. ദിവ്യബലിയിൽ ഈശോയുടെ മരണത്തിലൂടെയുള്ള ആത്മസമർപ്പണം മാത്രമല്ല, അവി

ടുത്തെ മനുഷ്യാവതാരവും പീഡാനുഭവവും ഉയിർപ്പും അനുസ്മരിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള നമ്മുടെ പൂർണ്ണമായ ഒന്നിപ്പിന്റെ കൂദാശയാക്കി പരിശുദ്ധ കുർബാനയെ ദൈവം മാറ്റിയിരിക്കുന്നു.

# 5
# ബലി പുതിയനിയമത്തിൽ

പഴയനിയമ ബലിയെക്കുറിച്ചും ആരാധനയെക്കുറിച്ചുമുള്ള സങ്കല്പങ്ങൾ പുതിയനിയമത്തിൽ പൂർത്തീകരിക്കപ്പെട്ടു. കർത്താവായ ഈശോമിശിഹായിലാണ് ഇതു പൂർത്തീകരിക്കപ്പെട്ടത്. ആദിമക്രൈസ്തവർക്ക് ബലിയും ആരാധനയുമെല്ലാം മിശിഹായിലുള്ള ജീവിതത്തിന്റെ പുനരാവിഷ്കരണമായിത്തീർന്നു.

പുതിയനിയമത്തിൽ ഒരു ബലിയെ ഉള്ളൂ. അതു വിശുദ്ധ കുർബാനയാണ്. പുതിയനിയമബലിയുടെ അടിസ്ഥാനം അന്ത്യാത്താഴവേളയിൽ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കി നൽകിയതിനു ശേഷം 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' (ലൂക്കാ. 22:19) എന്ന മിശിഹായുടെ കല്പനയാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ഈ ബലിയുടെ അർത്ഥവ്യാപ്തി കുരിശിലെ ബലിയും സ്വർഗ്ഗത്തിൽ മിശിഹാ തമ്പുരാൻ പിതാവിനർപ്പിക്കുന്ന ബലിയും ഉൾക്കൊള്ളുന്നതാണ്. മനുഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങളും പുതിയനിയമബലിയുടെ ഭാഗം തന്നെ.

## ബലിയുടെ വിശദാംശങ്ങൾ

### 1. ജീവിതത്തിന്റെ സമർപ്പണം

അർപ്പകന്റെ ജീവിതത്തിന്റെ സമർപ്പണമായാലേ ബലി അവന്റേതാകുകയുള്ളൂ. വിശുദ്ധകുർബാനയിലെ പ്രധാന ബലിവസ്തു ഈശോ തന്നെയാണെന്നതു സുവിദിതമാണ്. അപ്പവും വീഞ്ഞും ഈശോയുടെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു. ഈശോയോടു ചേർന്നു നിന്നു ബലിയർപ്പിക്കുന്ന പുരോഹിതനും ദൈവജനവും അവിടുത്തോടൊപ്പം ബലിയർപ്പകരും ബലിവസ്തുക്കളുമാണ്, ആകണം. ഈ ബലിവസ്തുക്കളെയെല്ലാം പിതാവായ ദൈവം സ്വീകരിക്കുന്നു. പുരോഹിതനും ദൈവജനത്തിനും തന്റെ ആത്മാവിനെ നൽകി, അവിടുന്നു അവരെ ശക്തരാക്കി വിശുദ്ധീകരിക്കുന്നു. ഈ അനുഭവം അനുദിനജീവിതത്തിൽ അവിടുത്തേയ്ക്കു സാക്ഷികളാകാൻ അവർക്കു പ്രചോദനമാകുന്നു.

### 2. ബലി - ആരാധനയും സ്തുതിയും

ദൈവത്തിന് ആരാധനാ സ്തുതി സ്തോത്രങ്ങളർപ്പിക്കാനുള്ള സുന്ദരനിമിഷങ്ങളാണ് പരിശുദ്ധ കുർബാനയുടെ നിമിഷങ്ങൾ. മിശിഹാ നമുക്കു നൽകുന്ന രക്ഷയെ സ്തുതിച്ചു മഹത്ത്വപ്പെടുത്താനുള്ള അവസരവുമാണിത്. സങ്കീർത്തകൻ നിർദ്ദേശിക്കുന്നുണ്ടല്ലോ: കർത്താവിനെ സ്തുതിക്കുവിൻ; കർത്താവിന്റെ നാമത്തെ സ്തുതിക്കുവിൻ; കർത്താവിന്റെ ദാസരേ അവിടുത്തെ സ്തുതിക്കുവിൻ... (135:1) എന്ന്. വിശ്വാസിയുടെ പരമാരാധനയാണ് പരിശുദ്ധ കുർബാന; ഒപ്പം സർവ്വശ്രേഷ്ഠമായ സ്തുതിയുടെ ബലിയും.

### 3. മിശിഹായുടെ വിജയാഘോഷം

സഭാതനയർക്ക്, ലോകത്തെ കീഴടക്കിയ മിശിഹായുടെ, പോരാ, പരിശുദ്ധ ത്രിത്വത്തിന്റെ തന്നെ വിജയാഘോഷമായിത്തീരുന്നു പരിശുദ്ധകുർബാന. അവർക്കു ദൈവികശക്തി സ്വീകരിക്കാനും പരസ്പരം ആശ്വാസിപ്പിക്കാനും ഉള്ള സുമോഹന നിമിഷങ്ങളായി ദിവ്യബലി മാറുന്നു. യോഹന്നാൻ 16:33-ൽ ഇതു സുവ്യക്തമാണ്. "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കങ്ങളുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു". രോഗികൾ, പീഡിതർ, ദുഃഖി

തർ, മതപീഡനം അനുഭവിക്കുന്നവർ തുടങ്ങിയവർക്ക് ഏറെ ആശ്വാസദായകമാണ് ഈശോയുടെ മേലുദ്ധരിച്ച വചനം.

**4. വിശുദ്ധീകരണോപാധി**

വിശുദ്ധ കുർബാന അർപ്പകരെ "വിശുദ്ധരുടെ സഹപൗരന്മാരും ദൈവഭവനത്തിലെ അംഗങ്ങളുമാക്കുന്നു" (എഫേ. 2:19). ശ്ലീഹാ തുടരുന്നു: "മിശിഹായിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പുതിയ ആലയമായി അതു വളർന്നുകൊണ്ടുമിരിക്കുന്നു" (2:21). ദത്തുപുത്രരെ യഥാർത്ഥ തനയരായി മിശിഹായ്ക്കു സദൃശരാക്കാനും വിശുദ്ധിയിൽ വളർത്താനുമുള്ള ശിക്ഷണശുശ്രൂഷയാണ് പരിശുദ്ധ കുർബാന. മാതാപിതാക്കളോടൊപ്പം മറ്റു കുടുംബാംഗങ്ങളും ഒരു മനസ്സോടെ ബലിയർപ്പിക്കുമ്പോൾ അതു കൂടുതൽ കൂടുതൽ അനുഭവവേദ്യമാകും" (യോഹ. 15:1–5).

**5. സത്യത്തിലും ആത്മാവിലുമുള്ള ആരാധന**

"യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു" (യോഹ. 4:23) എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണമാണു പരിശുദ്ധ കുർബാന. "അങ്ങയുടെ വചനമാണല്ലോ സത്യം" എന്ന പരാമർശത്തിലൂടെ ഈശോ മേൽപ്പറഞ്ഞ സത്യമാണ് വ്യക്തമാക്കുന്നത്. ഇതുമൂലം വിശുദ്ധ കുർബാനയിൽ വചനത്തിന്റെ ശുശ്രൂഷയും അപ്പത്തിന്റെ ശുശ്രൂഷയും ഒത്തുചേർന്നിരിക്കുന്നു.

**6. സ്വർഗ്ഗീയാരാധനയിലെ പങ്കാളിത്തം**

കർത്താവിന്റെ തിരുബലി സ്വർഗ്ഗത്തിൽ ഈശോ പിതാവിനർപ്പിക്കുന്ന ബലി തന്നെയാണ്. ഈ സ്വർഗ്ഗീയബലി എന്നേയ്ക്കുമുള്ള ഏകബലിയാണ്. "എന്നാൽ, അവനാകട്ടെ പാപങ്ങൾക്കുവേണ്ടി എന്നേയ്ക്കുമായുള്ള ഏകബലി അർപ്പിച്ചു കഴിഞ്ഞപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി." നാം ബലിയർപ്പിക്കുമ്പോൾ ഈ നിത്യമായ ഏകബലിയിൽ ഭാഗഭാക്കുകളാകുകയാണ്.

**7. ജീവജലത്തിന്റെ ഉറവ**

ഓരോ വിശ്വാസിയിൽ നിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകത്തക്കവിധം ആത്മാവിനാൽ നിറയാനുള്ള മാർഗ്ഗമാണ് വിശുദ്ധ

കുർബാനയിലുള്ള പങ്കാളിത്തം. ഈ ആത്മാവു നമ്മെ വിശുദ്ധീകരിച്ചു നയിക്കുന്നു. ഓരോ വിശുദ്ധ കുർബാനയിലും പരിശുദ്ധാത്മാവിനാൽ പൂരിതരായി കർത്താവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിച്ചുകൊണ്ട് നമ്മൾ അരൂപിയിൽ നിറഞ്ഞവരായി മാറണം (യോഹ. 7:37-39).

**8. നിത്യജീവൻ**

"നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവിടുത്തെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്" (യോഹ. 6: 53-54). മിശിഹായുടെ വചനം അനുസരിച്ചു നിത്യജീവൻ അവകാശമാക്കാനും ഈശോയിൽ വസിക്കാനും ഈശോ മൂലം ജീവിക്കാനുമായി തന്റെ തിരുശരീരരക്തങ്ങൾ വിശുദ്ധ കുർബാനയിലൂടെ ഭക്ഷണപാനീയങ്ങളായി നമുക്കു ഈശോ നൽകുന്നു.

**9. വിവാഹ വിരുന്ന്**

മിശിഹായുടെ മണവാട്ടിയായ സഭ വിഹാഹനിശ്ചയം കഴിഞ്ഞ് മണവാളന്റെ വരവിനായി സർവ്വാഭരണവിഭൂഷിതയായി കാത്തിരിക്കുന്നു. തന്റെ രണ്ടാമത്തെ ആഗമനത്തിൽ മിശിഹാ എന്നേയ്ക്കുമായി സഭയെ തന്നോടു ചേർക്കും. മണവാട്ടിയുടെ കാത്തിരിപ്പിന്റെ സമയമാണിത്. ഈ സമാഗമത്തെപ്പറ്റി സഭയ്ക്കു പൂർണ്ണമായ ഉറപ്പുണ്ട്. അതിന്റെ മുന്നനുഭവത്തിൽ അവൾ ആഹ്ലാദിക്കുന്നു. കർത്താവേ വന്നാലും! 'മാറാനാത്ത' (വെളി. 22:20) എന്ന പ്രാർത്ഥന ഈ കാത്തിരിപ്പിനെയാണു കാണിക്കുന്നത്.

**10. അജഗണത്തിന്റെ സ്വർഗ്ഗോന്മുഖയാത്രയുടെ പാഥേയം**

വചനത്തിന്റെ അടിസ്ഥാനത്തിൽ ഈശോയും ദൈവജനവും തമ്മിലുള്ള ബന്ധം ഇടയനും ആടുകളും തമ്മിലുള്ള ബന്ധമായാണു തിരുസഭ കാണുന്നത്. നല്ലയിടയൻ ആടുകളെ മേച്ചിൽപ്പുറങ്ങളിലേയ്ക്കു നയിക്കുന്നു. പച്ചപ്പുൽപ്പുറങ്ങളിൽ അവർക്കു വിശ്രമം നൽകുന്നു. ശത്രുക്കളിൽ നിന്ന് അവരെ രക്ഷിക്കുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്നവനാണ്. ഇതുപോലെ തന്നെ ഈശോയും തന്റെ അജഗണത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ച് അവിടുത്തെ സംര

ക്ഷണവും പരിപാലനവും സ്വർഗ്ഗോന്മുഖയാത്രയുടെ സജീവാനുഭവവും ദൈവമക്കൾക്കു ലഭിക്കുന്നതു വി. കുർബാനയിലാണ്.

## 11. ഈശോ ബലിയർപ്പകനും ബലിവസ്തുവും

ദിവ്യബലിയിൽ ആദ്യന്തം ഈശോ തന്റെ ദൈവത്വത്തിന്റെ സകല മഹത്വങ്ങളിലും മനുഷ്യത്വത്തിന്റെ സകല മാനങ്ങളിലും, ബലിയർപ്പകനായും ബലിവസ്തുവായും സന്നിഹിതനാണ്. സാന്ദർഭികമായി ഈ സത്യം മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. അവിടുത്തെ സാന്നിദ്ധ്യം തന്റെ വ്യക്തിത്വവുമായി നമ്മെ ബന്ധപ്പെടുത്തുന്നു, ബന്ധപ്പെടുത്തണം. "ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു" (യോഹ. 15:5) എന്ന നാഥന്റെ ദിവ്യവചസ്സുകൾ ഇതിനോടു ചേർത്തുവായിക്കണം. ഞാനും ഈശോയും തമ്മിലുള്ള യഥാർത്ഥമായ ബന്ധം പൂർത്തിയാകുന്നത് ബലിയർപ്പണ സമയത്ത് ആത്മാവും ഹൃദയവും കൊണ്ട് ഈശോയോട് ഐക്യപ്പെട്ടിരിക്കുമ്പോഴും ഭയഭക്ത്യാദരവുകളോടെ അവിടുത്തെ തിരുശരീരരക്തങ്ങൾ അർപ്പകർ ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ മാത്രമാണ്. ദിവ്യബലിയുടെ പൂർത്തീകരണമായ ദിവ്യകാരുണ്യ സ്വീകരണം നടത്താത്ത വ്യക്തി ഈശോയുമായി ഒന്നാകുന്നില്ല. "ഈ ജനം  അധരംകൊണ്ട് എന്നെ സ്തുതിക്കുന്നു, ഇവരുടെ ഹൃദയം എന്നിൽ നിന്നു വളരെ അകലെയാണ്" എന്നു പ്രവാചകാധരങ്ങളിലൂടെ വിലപിക്കുന്ന കർത്താവിന്റെ വചനങ്ങൾ അത്തരം വ്യക്തികളെ സംബന്ധിച്ച് സാർത്ഥമാകുകയാണ്. ദിവ്യബലി ബന്ധത്തിന്റെ, ഒന്നാകലിന്റെ ബലിയും വിരുന്നും കൂദാശയുമാണ്. ഞാനും ഈശോയുമായുള്ള ബന്ധത്തിനു പുറമേ, ഞാനും പരിശുദ്ധ ത്രിത്വവുമായുള്ള ഒന്നാകലും പരിശുദ്ധകുർബാനയിൽ സംഭവിക്കണം. ബന്ധപ്പെടുത്തി പറയാവുന്ന മറ്റൊരു സത്യം, പരിശുദ്ധകുർബാന എല്ലാവരേയും വിശിഷ്യാ എല്ലാ ക്രൈസ്തവരെയും ബന്ധപ്പെടുത്തി, അടുപ്പിച്ച് ഒരു ആട്ടിൻകൂട്ടമാക്കേണ്ട പരമദിവ്യയാഥാർത്ഥ്യമാണെന്നതാണ്.

## 12. പരസ്പരബന്ധത്തിന്റെ സങ്കേതം

പരിശുദ്ധ കുർബാന പരസ്പരബന്ധത്തിന്റെ സങ്കേതമാണ്. സഹോദരരുമായി രമ്യപ്പെടാതെ ഞാൻ ബലിയർപ്പിച്ചാൽ ബലിവാസ്തവമാകും. എന്നാൽ അത് എനിക്ക് ഒന്നിനും ഉപകരിക്കുകയില്ല. "നീ ബലി

പീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24). "ദിവ്യ ബലിയെ അടിസ്ഥാനവും കേന്ദ്രബിന്ദുവുമാക്കിയല്ലാതെ ഒരു ക്രിസ്തീയസഭയും കെട്ടിപ്പടുക്കുക സാധ്യമല്ല" (വൈദികർ, 6). എല്ലാ കൂദാശകളുടെയും കേന്ദ്രവും പരമകാഷ്ഠയും പരിശുദ്ധ കുർബാനതന്നെയാണ് (പ്രേഷിതപ്രവർത്തനം, 9). കൂദാശകളില്ലാത്ത ക്രൈസ്തവ ജീവിതം സ്വർഗ്ഗപ്രാപ്തിയിലെത്തുകയില്ല.

### 13. ബലി ജീവിതമാകണം

അർപ്പകരുടെ പരസ്പര സ്നേഹവും സഹവർത്തിത്വവും ഐക്യവും ദിവ്യബലിയിലും തുടർന്നുള്ള ജീവിതത്തിലും പ്രസ്പഷ്ടമാകണം. ഒരു ക്രൈസ്തവന് അന്യനോ, നിന്ദ്യനോ, ശത്രുവോ ആയി ആരുമില്ല; അങ്ങനെ ആരും ഉണ്ടാകരുത്. സ്നേഹവും ഐക്യവും സത്യവും നീതിയും സഹാനുഭൂതിയും സഹവർത്തിത്വവും ഒക്കെയാണ് അവന്റെ മുഖമുദ്രകൾ. ഇവയുടെ മാത്രമല്ല, മറ്റെല്ലാ നന്മകളുടെയും പുണ്യങ്ങളുടെയും പ്രഭവസ്ഥാനം പരിശുദ്ധ കുർബാനയാണെന്ന വസ്തുത തറപ്പിച്ചുപറയാനും പ്രായോഗികതലത്തിൽ അഭ്യസിക്കാനും ഓരോ ക്രൈസ്തവനും ഒഴികഴിവില്ലാത്ത കടമയുണ്ട്.

സഹോദരങ്ങൾക്കോ സഹജീവികൾക്കോ എതിരായി എന്തെങ്കിലും മനസ്സിലുണ്ടെങ്കിൽ അവയെല്ലാം ക്രൈസ്തവൻ, എന്തിന് എല്ലാ മനുഷ്യരും, യഥാർത്ഥ മനുഷ്യരാകാൻ, ദൂരെയകറ്റണം. ആർക്കെതിരെ പാപം ചെയ്തുവോ അവനുമായി വേഗത്തിൽ രമ്യപ്പെടണം. ആൾ സമീപസ്ഥനല്ലെങ്കിൽ ഏറ്റം അടുത്ത അവസരത്തിൽ രമ്യപ്പെട്ടുകൊള്ളാമെന്നുള്ള ആത്മാർത്ഥമായ തീരുമാനം ചെയ്തിരിക്കണം. ദ്രോഹം ഏറ്റവൻ ദ്രോഹിയുടെ രമ്യത അംഗീകരിക്കണം അവനെ അനുഗ്രഹിച്ചു ക്ഷമ നല്കണം. മനുഷ്യരോട് അവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കുകയില്ല (മത്താ. 6:15). ഇവയുടെയെല്ലാം അംഗീകരണവും അനുസ്മരണവുമായി വേണം ദിവ്യബലിയിലെ സമാധാനാശംസയെ പരിഗണിക്കാൻ. ആത്മാർത്ഥമായി, സ്നേഹപൂർവ്വം, സമാധാനാശംസ

നൽകാൻ കഴിയാത്ത ഒരു വ്യക്തിയുടെ ബലി ദൈവത്തിനു സ്വീകാര്യമായിരിക്കുകയില്ല. വിശുദ്ധ ജോൺ ഡമഷീൻ പറയുന്നത്, തെറ്റുകുറ്റങ്ങളുടെ ഓർമ്മ പോലും കഴുകിക്കളഞ്ഞിട്ടുവേണം വിശുദ്ധ രഹസ്യങ്ങളെ സമീപിക്കാൻ എന്നാണ്. സീറോ മലബാർ കുർബാനയുടെ ആരംഭത്തിൽത്തന്നെ അർപ്പകരെല്ലാം പ്രഘോഷിക്കുന്നു:

അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം

### 14. ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രം

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രം പരമദിവ്യബലിയാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ അന്തഃസത്ത ഇതാണ്: പരിശുദ്ധത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ കന്യകാമറിയത്തിൽ നിന്നും മനുഷ്യനായി അവതരിച്ച്, സ്വർഗ്ഗപിതാവിനു നമ്മോടുള്ള സ്നേഹവും കാരുണ്യവും കരുതലും വെളിപ്പെടുത്തി, ഈ ഭൂമിയിൽ  ജീവിച്ചു. അവിടുന്നു കണ്ടുമുട്ടിയവർക്കെല്ലാം രക്ഷയും സമാധാനവും നൽകി. തന്റെ ഈലോകജീവിതത്തിന്റെ അവസാനം മർത്ത്യപാപങ്ങൾക്കു പരിഹാരമായി മരക്കുരിശിലേറി മരിച്ചു. മൂന്നാം നാൾ അവിടുന്ന് ഉയിർത്തെഴുന്നേറ്റു. തന്റെ സഹനമരണോത്ഥാനങ്ങളിലൂടെ അവിടുന്നു മാനവരാശിയുടെ മുഴുവൻ രക്ഷ സാധിച്ചു. ഈ രക്ഷയുടെ ഫലങ്ങൾ തിരുസ്സഭയിലൂടെ ലോകാവസാനം വരെ, വിശ്വസിക്കുന്നവർക്ക്, അവിടുന്നു പ്രദാനം ചെയ്യുന്നതു കൂദാശകളിലൂടെയാണ്, വിശിഷ്യ പരിശുദ്ധകുർബാനയിലൂടെയാണ്.

### 15. മിശിഹാരഹസ്യത്തിന്റെ ആവർത്തനം

മരണത്തെ ജയിച്ചടക്കിയ മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ രക്ഷയുടെ കേന്ദ്രബിന്ദു വിശുദ്ധകുർബാനയാണ്. രക്ഷയുടെ ഈ ദൗത്യം തിരുസ്സഭ ലോകാന്ത്യം വരെയും തുടരും. മിശിഹാരഹസ്യത്തിന്റെ പുനരാവിഷ്കരണവും അനുഷ്ഠാനവും ആഘോഷവുമായ വിശുദ്ധകുർബാന രക്ഷാകര രഹസ്യങ്ങളുടെ കൗദാശികമായ പുനരാവർത്തനവും ആഘോഷവും കൂടിയാണ്. ദിവ്യനാഥൻ വെളിപ്പെടുത്തിയ രക്ഷാപദ്ധതിയുടെ കാതൽ, മിശിഹാരഹസ്യമാണ്. പ്രസ്തുത മിശിഹാരഹസ്യമാണ് അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും

വിശുദ്ധകുർബാനയിൽ പുനരാവിഷ്ക്കരിക്കപ്പെടുക. ഒരു വ്യക്തി വിശ്വാസപൂർവ്വം, യോഗ്യതയോടെ വിശുദ്ധകുർബാനയിൽ പങ്കെടുക്കുമ്പോൾ, ഈശോയിലൂടെ പിതാവു നമുക്കു പ്രദാനം ചെയ്യുന്ന രക്ഷയിൽ അയാൾക്കു ഭാഗഭാഗിത്വം കിട്ടുന്നു. അവനെ സംബന്ധിച്ച രക്ഷാകര പദ്ധതി പൂർത്തിയാവുകയും ചെയ്യുന്നു.

# 6

# ദൈവത്തെ പ്രീതിപ്പെടുത്തുക

## 1. ചൈതന്യത്തിനു ചേർന്ന ജീവിതം

വിശുദ്ധ കുർബാന ഫലപ്രദമായി അർപ്പിക്കുന്നതിനു നമ്മൾ അതിന്റെ ചൈതന്യത്തിനു ചേർന്ന ജീവിതം നയിച്ച് അതിനായി ഒരുങ്ങിക്കൊണ്ടിരിക്കണം. ദൈവത്തിന്റെ ഹിതമനുസരിച്ചുള്ള ജീവിതമാണ് അവിടുത്തേയ്ക്കു പ്രിയങ്കരമായുള്ളത്. അവിടുത്തെ ഹിതമാകട്ടെ നമ്മുടെ നന്മയും വിശുദ്ധീകരണവും. നാം ദൈവഹിതം നിറവേറ്റുമ്പോഴാണു നമുക്കു നന്മയുണ്ടാകുക. മനുഷ്യർ പരസ്പരം സഹോദരരെപ്പോലെ സ്നേഹിക്കുകയും പരസ്പരം സഹായിച്ചു ജീവിക്കുകയും ചെയ്യുമ്പോൾ നിറവേറപ്പെടുന്നതു ദൈവഹിതം തന്നെയാണ്. അവയാണു നീതിയുടെ പ്രവൃത്തികൾ. മനുഷ്യരെല്ലാവരും ഏക പിതാവിന്റെ മക്കളാകയാൽ പിതാവിന്റെ സ്വഭാവത്തിനനുസരിച്ച് പരസ്പരം സഹോദരതുല്യം സ്നേഹിക്കുക എന്നതു നീതിയുടെ ഭാഗ

മാണ്. ഇത്തരത്തിലുള്ള നീതിയുടെ പ്രവൃത്തികളാണ് ഈശോ തന്റെ ജീവിതകാലത്തു ചെയ്തത്. ഇതേ പ്രവൃത്തികൾ തന്നെയാണ് ഇന്നു നാം തുടരേണ്ടതും.

വചനശുശ്രൂഷയുടെ അവസാനഭാഗത്തുള്ള "കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന കാർമ്മികന്റെ പ്രാർത്ഥനയുടെ അർത്ഥം ഇതുതന്നെയാണ്. പാപം മൂലം ദൈവത്തോടു ശത്രുതയിലായ നമുക്ക് അവിടുത്തോട് രമ്യതപ്പെടുന്നതിനുള്ള മാർഗ്ഗം അവിടുത്തേയ്ക്കു പ്രീതികരമായ പ്രവൃത്തികൾ ചെയ്യുക എന്നതാണ്. നന്മ പ്രവർത്തിച്ചു നമുക്കു നമ്മുടെ തെറ്റുകൾക്കു പരിഹാരം ചെയ്യാനാകും. കരുണാനിധിയായ കർത്താവ് സ്നേഹത്തിന്റെ ഈ നന്മപ്രവൃത്തികളിൽ സംപ്രീതനായി നമ്മുടെ കുറവുകൾ ക്ഷമിക്കും. അങ്ങനെ നമ്മൾ അവിടുത്തോട് അനുരഞ്ജിതരാകും. ബലിയർപ്പിക്കാൻ യോഗ്യരുമാകും.

ദൈവത്തെ പ്രീതിപ്പെടുത്തുന്ന ധാരാളം നന്മ പ്രവൃത്തികൾ ചെയ്ത് നിത്യവും വിശുദ്ധ കുർബാനയർപ്പണത്തിനായി ഓരോ വിശ്വാസിയും ഒരുങ്ങണം. ഈശോമിശിഹായുടെ ശരീരരക്തങ്ങൾ ഉൾക്കൊണ്ട്, അവയുടെ ശക്തിയാൽ, തുടർന്നും സത്പ്രവൃത്തികൾ നിർബന്ധമായും ചെയ്തുകൊണ്ടിരിക്കണം. ഇപ്രകാരമാണ് പരിശുദ്ധ കുർബാനയുടെ ജീവിതം നയിക്കാൻ നമുക്കു കഴിയുക. നമ്മുടെ സത്പ്രവൃത്തികൾ സ്വർഗ്ഗത്തിൽ നമുക്കു നിക്ഷേപങ്ങളാണ്.

## 2. രക്ഷയുടെ അച്ചാരം

പരിശുദ്ധകുർബാന നമ്മുടെ രക്ഷയുടെ അച്ചാരമാണ്. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ തമ്പുരാൻ മനുഷ്യനായതു മാനവരാശിയെ പാപത്തിൽനിന്നു രക്ഷിക്കാനാണെന്നു നാം കണ്ടതാണ്. രക്ഷിക്കുക എന്നാൽ വിമോചിപ്പിക്കുക എന്നാണർത്ഥം. അടിമത്തത്തിൽ കഴിയുന്നവർക്കാണല്ലോ വിമോചനത്തിന്റെ ആവശ്യം. പാപമാണു മനുഷ്യനെ അടിമപ്പെടുത്തിയിരുന്നത്, ഇപ്പോഴും അടിമപ്പെടുത്തുന്നത്. ഈശോ തന്റെ പരസ്യജീവിതകാലത്തു കണ്ടുമുട്ടിയ

വർക്കെല്ലാം രക്ഷ നൽകി. മനുഷ്യന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും അവിടുന്നവർക്കു വിടുതൽ കൊടുത്തു. പാപികൾക്കുമോചനവും രോഗികൾക്കു സൗഖ്യവും മരിച്ചവർക്കു പുതുജീവിതവും നൽകിയപ്പോൾ അവിടുന്ന് അവരെയെല്ലാം രക്ഷിക്കുകയായിരുന്നു. തുറന്നമനസ്സുമായി ഈശോയെ സമീപിച്ചവരെല്ലാം രക്ഷിക്കപ്പെട്ട അനുഭവം സ്വന്തമാക്കി. ഈശോയുടെ ജീവിതത്തിലെ സകല സംഭവങ്ങളുടെയും ലക്ഷ്യം മാനവരാശിയുടെ രക്ഷയാണ്. പരിശുദ്ധകുർബാനയിൽ ഈ സത്യം നാം പലപ്രാവശ്യം ഏറ്റുപറയുന്നുണ്ട്.

ഉദാഹരണത്തിന്, ബലിവസ്തുക്കളായ അപ്പവും വീഞ്ഞും ഒരുക്കി പ്രദക്ഷിണമായി ബലിപീഠത്തിലെത്തിച്ചശേഷം കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥന തന്നെ എടുക്കാം. ബലിവസ്തുക്കൾ സജ്ജീകരിച്ചിരിക്കുന്ന കാസായും പീലാസായും കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം ചൊല്ലുന്നു: "നമ്മുടെ രക്ഷയ്ക്കു വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാ വഴി പിതാവായ ദൈവം തന്റെ കൃപയാലും അനുഗ്രഹത്താലും ഈ ബലി നമ്മുടെ കരങ്ങളിൽ നിന്നും സ്വീകരിക്കുമാറാകട്ടെ"

നമ്മുടെ രക്ഷയ്ക്കായി ഈശോ രണ്ടുകാര്യങ്ങൾ സവിശേഷമായി ചെയ്തു: 1. അവിടുന്നു തന്നെത്തന്നെ സ്വയം ബലിയായി സമർപ്പിച്ചു. 2. 'ഇത് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ' എന്നു കല്പിച്ചതുവഴി അവിടുത്തെ സഹനമരണോത്ഥാനങ്ങളുടെ ഓർമ്മ ആചരിക്കുവാനും ആവർത്തിക്കുവാനുമുള്ള കല്പന അവിടുന്നു നൽകി. അതിനുള്ള അവകാശവും അധികാരവും നൽകി. അങ്ങനെ തന്റെ ഏകബലിയിലൂടെ നേടിയ രക്ഷ നമ്മൾ സ്വന്തമാക്കുന്നതിന് വഴിയൊരുക്കി. യോഗ്യതയോടെ ബലിയർപ്പിക്കുന്നതുവഴി നാം ഈ രക്ഷ നേടിയെടുക്കുന്നു.

### 3. വിശുദ്ധ കുർബാനയുടെ സ്ത്രീ

പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ പരിശുദ്ധഅമ്മയെ "വിശുദ്ധ കുർബാനയുടെ സ്ത്രീ" എന്നാണു വിശേ

ഷിപ്പിച്ചിരിക്കുന്നത്. മാതാവിനു വിശുദ്ധകുർബാനയുമായി അഭേദ്യമായ ബന്ധമാണുള്ളത്. അമ്മയെന്ന നിലയിൽ ഈശോയോടു മാതാവിനുള്ള ബന്ധം തന്നെയാണ് ഈ ബന്ധത്തിനും അടിസ്ഥാനം.

മംഗളവാർത്താവേളയിൽ മാതാവിന്റെ ഉദരത്തിൽ സംഭവിച്ചതും വിശുദ്ധ കുർബാനയുടെ അവസരത്തിൽ ഓരോ ബലിപീഠത്തിലും സംഭവിക്കുന്നതും സമാനസംഗതികളാണ്. കന്യകയായ മറിയത്തിൽ, അവളുടെ സമ്മതത്തോടെ, പരിശുദ്ധാത്മാവ് ആവസിച്ചപ്പോൾ, മിശിഹാ ജന്മമെടുത്തു. അതുപോലെ പരിശുദ്ധകുർബാനയിൽ പരിശുദ്ധാത്മാവ് ബലിപീഠത്തിലെ തിരുശ്ശരീരത്തിന്റെയും തിരുരക്തത്തിന്റെയും മേൽ എഴുന്നള്ളിവന്ന് അവയെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യരെ പാപങ്ങളിൽ നിന്നു മോചിക്കാനാണു മിശിഹാ മറിയത്തിൽനിന്നു ജന്മമെടുത്തത്. നമ്മുടെ രക്ഷയ്ക്കുവേണ്ടിത്തന്നെയാണ് ഇന്ന് അവിടുന്ന് ബലിപീഠത്തിൽ വീണ്ടും ജനിക്കുന്നതും മരിക്കുന്നതും ഉത്ഥാനം ചെയ്യുന്നതും. കന്യകാമറിയത്തിന്റെ ഉദരത്തിൽ സംഭവിച്ച മനുഷ്യാവതാരത്തിന്റെ തുടർച്ചയും പരിണത ഫലങ്ങളുമാണ് ഓരോ വിശുദ്ധ കുർബാനയിലും സംഭവിക്കുന്നത്.

"ഓരോ വിശുദ്ധകുർബാനയർപ്പണത്തിലും സഭയോടൊപ്പവും സഭയുടെ അമ്മയായും, പരിശുദ്ധമാതാവ് സന്നിഹിതയാണ്" എന്ന പരിശുദ്ധപിതാവിന്റെ പ്രഖ്യാപനം നാം ഒരിക്കലും വിസ്മരിക്കരുത്. അതുകൊണ്ടാണു ബലിയർപ്പണവേളയിൽ കാർമ്മികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നത്: "ദൈവമാതാവായ കന്യകാമറിയത്തിന്റെ സ്മരണ വിശുദ്ധബലിപീഠത്തിൽ ഉണ്ടാകട്ടെ."പരിശുദ്ധകന്യകാമറിയം തന്റെ ഉദരത്തിൽ ഈശോയെ സ്വീകരിച്ചു സംവഹിച്ചപ്പോഴുണ്ടായ അതേ അനുഭവമാണ് ബലിയർപ്പണത്തിന്റെ ഭാഗമായി മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുമ്പോൾ നമുക്കുമുണ്ടാകേണ്ടത്. ക്രിസ്തുവാഹകരാകാനുള്ള വിളിയാണു നമ്മുടേതും.

## 4. ദൈവം നമ്മോടുകൂടെ

'ഇമ്മാനുവേൽ' എന്ന ഈശോയുടെ പേരിന്റെ അർത്ഥം 'ദൈവം നമ്മോടു കൂടെ ആകുന്നു' എന്നാണല്ലോ. നിത്യമായി ജീവിക്കുന്ന ഈശോ ലോകാന്ത്യത്തോളവും കൂടെയിരിക്കുന്നവനാണെന്നു വാഗ്ദാ

നത്തിലൂടെ നാം മനസ്സിലാക്കുന്നു. ദൈവം ഇന്നു നമ്മോടു കൂടെയുണ്ട്. ഈ വിശ്വാസബോധ്യം വിശുദ്ധകുർബാനയിൽ നാം ഉദ്ഘോഷിക്കുന്നുണ്ട്. "ബലവാനായ കർത്താവു നമ്മോടുകൂടെ, നമ്മുടെ രാജാവു നമ്മോടുകൂടെ, നമ്മുടെ ദൈവം നമ്മോടുകൂടെ, യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും." നമ്മോടു കൂടെ വസിക്കുന്ന ഈ ദൈവത്തിന്റെ സാന്നിധ്യം സവിശേഷമാംവിധം നാം അനുഭവിക്കുന്നതു വിശുദ്ധകുർബാനയുടെ അർപ്പണവേളയിലാണ്. ദിവ്യബലിയർപ്പിക്കുമ്പോൾ എമ്മാവൂസിലേക്കു പോയ ശിഷ്യർക്കുണ്ടായ അനുഭവം നമുക്കും ഉണ്ടാകണം. നമ്മുടെ ഹൃദയം ജ്വലിക്കണം.

## 5. വിശ്വാസത്തിന്റെ ആഘോഷം

നമ്മുടെ വിശ്വാസത്തിന്റെ ആഘോഷമാണു വിശുദ്ധകുർബാന. നമ്മൾ വിശ്വസിക്കുന്ന സത്യങ്ങൾ സമൂഹമായി ഏറ്റുപറയുന്ന സന്ദർഭമാണിത്. അതുകൊണ്ടാണു വിശ്വാസസത്യങ്ങളുടെ സമാഹാരമായ വിശ്വാസപ്രമാണം കാർമ്മികനും ജനവും കൂടി ഒരുമിച്ച്, ആഘോഷമായി, ഉച്ചത്തിൽ ചൊല്ലുന്നത്.

വിശുദ്ധകുർബാനയിലെ സുപ്രധാന ഭാഗങ്ങൾക്കുമുമ്പു പുരോഹിതൻ ആരാധനാസമൂഹത്തിന്റെ പ്രാർത്ഥന യാചിക്കുന്നുണ്ട്. ജനത്തിനു നേരെ തിരിഞ്ഞ് ഇരുകരങ്ങളും നീട്ടിക്കൊണ്ടാണ് ഈ അപേക്ഷ അദ്ദേഹം നടത്തുന്നത്. പുരോഹിതൻ ദൈവത്താൽ പ്രത്യേകമാംവിധം തെരഞ്ഞെടുക്കപ്പെട്ടവനാണെങ്കിലും അദ്ദേഹം വിശ്വാസികളുടെ സമൂഹത്തിന്റെ ഭാഗം തന്നെയാണ്. മോശയെപ്പോലെ, ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യസ്ഥനായി അദ്ദേഹം വർത്തിക്കുന്നു.

സഹായാഭ്യർത്ഥനപ്രാർത്ഥനയിൽ ദൈവത്തോടും മനുഷ്യരോടും പുരോഹിതനുള്ള അഭേദ്യമായ ബന്ധം വ്യക്തമാണ്. കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായ ബലിപീഠം ചുംബിച്ചശേഷം "കർത്താവേ, ആശീർവ്വദിക്കണമേ" എന്ന് അദ്ദേഹം പ്രഥമത: പ്രാർത്ഥിക്കുന്നു. തുടർന്നു ജനത്തിനുനേരെ തിരിഞ്ഞ് "എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നും അപേക്ഷിക്കുന്നു. ഇത്രമഹത്തായ പരിശുദ്ധ രഹസ്യങ്ങൾ കൈകാര്യം ചെയ്യാനുള്ള അയോഗ്യതയെക്കു

റിച്ചുള്ള ചിന്തയാണ് പ്രാർത്ഥന യാചിക്കുവാൻ പുരോഹിതനെ പ്രേരിപ്പിക്കുന്നത്. ആരാധനാസമൂഹത്തിന്റെ പ്രതിനിധിയാണു താനെന്ന ബോധ്യവും ഇതിനു പിന്നിലുണ്ട്. ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ എന്നാണ് സമൂഹത്തിന്റെ മറുപടിയുടെ അർത്ഥം. “സകലത്തിന്റെയും നാഥനായ ദൈവം തന്റെ ആഭീഷ്ടം നിറവേറ്റാൻ നമ്മെ ശക്തരാക്കട്ടെ. ഈ കുർബാന അവിടുന്നു സ്വീകരിക്കട്ടെ. അങ്ങേയ്ക്കും ഞങ്ങൾക്കും ലോകം മുഴുവനും വേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാവുകയും ചെയ്യട്ടെ.”

“നമ്മെ ശക്തരാക്കട്ടെ” എന്നു പ്രാർത്ഥിക്കുന്നതിൽ നിന്നും ബലിയർപ്പണം ആരാധനാസമൂഹതത്തിന്റെ മുഴുവൻ പ്രവൃത്തിയാണെന്നു വ്യക്തമാകുന്നു. ദൈവത്തിനു സ്വീകാര്യമാം വിധം ബലിയർപ്പിക്കുവാൻ തങ്ങളെ യോഗ്യരാക്കുവാനും സമൂഹം പ്രാർത്ഥിക്കുന്നു. സമൂഹം മുഴുവനും ഒന്നുചേർന്നാണ് ബലി അർപ്പിക്കുന്നതെങ്കിലും സമൂഹത്തിന്റെ പ്രതിനിധിയും ദൈവം നിയോഗിച്ചവനുമായ പുരോഹിതനിലൂടെയാണ് ഇത് അർപ്പിക്കപ്പെടുക. യഥാർത്ഥ ബലിയർപ്പകനായ ഈശോമിശിഹായുടെ സ്ഥാനത്താണു കാർമ്മികൻ നിൽക്കുന്നത്. അദ്ദേഹം ധരിക്കുന്ന വസ്ത്രങ്ങൾ മഹത്ത്വപൂർണ്ണനായ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്നു.

പുരോഹിതൻ ബലിയർപ്പിക്കുന്നതു തനിക്കും ആരാധനാസമൂഹത്തിനും ലോകം മുഴുവനും വേണ്ടിയാണ്. കുർബാനയുടെ അർപ്പണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമല്ല അതിന്റെ രക്ഷാകരഫലങ്ങൾ കൈവരുന്നത്. ആർക്കെല്ലാം വേണ്ടി നമ്മൾ പ്രാർത്ഥിക്കുന്നുവോ അവർക്കെല്ലാം അതിന്റെ ഫലങ്ങൾ ലഭിക്കും. ലോകം മുഴുവനുംവേണ്ടി പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടവരാണ്. നമുക്കു പ്രിയപ്പെട്ടവരെയും നമ്മുടെ പ്രാർത്ഥനാസഹായം ആവശ്യമുള്ളവരെയും വിശുദ്ധകുർബാനയിൽ ഓർത്തു പ്രാർത്ഥിക്കണം. അതുവഴിയായി അവർക്കും ഈശോയുടെ രക്ഷാകരബലിയുടെ ഫലങ്ങൾ ലഭിക്കും.

ബലിയർപ്പിക്കുന്ന പുരോഹിതനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം പുരോഹിതഗണം മുഴുവനു വേണ്ടിയും പ്രാർത്ഥിക്കാൻ വിശ്വാസികൾക്കു കടമയുണ്ട്. പുരോഹിതന്മാരാകാനുള്ള പരാപരന്റെ വിളിക്കു ഉദാരമായി ഉത്തരം നൽകാൻ നമ്മുടെ യുവാക്കൾക്കു സാധിക്കേണ്ടതിനായും ദൈവജനം പ്രാർത്ഥിക്കണം. കുടുംബാംഗങ്ങളെല്ലാവരും

സഹായിച്ചു കുടുംബങ്ങളിൽ ദൈവത്തിന്റെ സ്വരം തിരിച്ചറിയുന്നതിനു സഹായകമായ അന്തരിക്ഷം നാം സൃഷ്ടിക്കുകയും വേണം.

വിശുദ്ധകുർബാനയിൽ നാം ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിന്റെ പ്രത്യേകാനുഗ്രഹം ലഭിക്കുന്ന വ്യക്തികളുടെ സ്വഭാവിക പ്രതികരണം സ്തുതിപ്പിന്റേതാണ്. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് രക്ഷിച്ച് ചെങ്കടൽ കടത്തി തങ്ങളെ സംരക്ഷിച്ചതിനെപ്രതി മോശയും ഇസ്രായേൽ ജനം മുഴുവനും ഒന്നുചേർന്നു ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തി. (പുറ. 15) ദൈവാനുഗ്രഹങ്ങൾക്കും ദൈവിക പരിപാലനയ്ക്കുമുള്ള ഭക്തന്റെ സ്തുതിപ്പുകളാണ് സങ്കീർത്തനങ്ങൾ മുഴുവൻ. മനുഷ്യാവതാരസമയത്തു മാലാഖമാരും ആട്ടിടയരും പരിശുദ്ധഅമ്മയും സഖറിയായും ദൈവത്തെ സ്തുതിക്കുന്ന രംഗങ്ങൾ വി. ലൂക്കാ തന്റെ സുവിശേഷത്തിന്റെ ആദ്യരംഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈശോയിൽ നിന്നു സൗഖ്യം പ്രാപിച്ചിവർ ദൈവത്തെ സ്തുതിക്കുന്ന സംഭവങ്ങൾ സുവിശേഷങ്ങളിലുടനീളം നാം കാണുന്നുണ്ട്.

ദിവ്യഗുരുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യസമൂഹം (നിരന്തരം) ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ട് ദൈവാലയത്തിൽത്തന്നെ ആയിരുന്നുവെന്നു വിശുദ്ധ ലൂക്കായുടെ സുവിശേഷം 24:53 വ്യക്തമാക്കുന്നു. നടപടി പുസ്തകവും ഇതുതന്നെ സാക്ഷ്യപ്പെടുത്തുന്നു. ആദിമ സഭാസമൂഹത്തിന്റെ ജീവിതശൈലിയും അതുതന്നെ ആയിരുന്നു. യഹൂദരുടെ പ്രാർത്ഥനയുടെ മുഖ്യഘടകം സ്തുതിപ്പായിരുന്നു. തിരുസ്സഭയുടെ പ്രാർത്ഥനകളിലും ഇതേ ശൈലി തന്നെ പ്രതിഫലിക്കുന്നു. വിശുദ്ധ കുർബാന ആദ്യന്തം സ്തുതിപ്പിന്റെ പ്രകീർത്തനങ്ങളാണ്. മിക്ക പ്രാർത്ഥനകളും അവസാനിക്കുന്നതു പരിശുദ്ധത്രിത്വത്തെ സ്തുതിച്ചുകൊണ്ടാണല്ലോ.

നമ്മെ സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിക്കുന്ന ദൈവം നമ്മുടെ ബഹുമാനത്തിന്, ആദരവിന്, ആരാധനയ്ക്ക്, സ്തുതിക്ക് ഏറ്റം അർഹനാണ്. ഈശോമിശിഹായിൽ അവിടുന്നു നമ്മെ രക്ഷിക്കുകയും മക്കളുടെ സ്ഥാനത്തേയ്ക്കുയർത്തുകയും ചെയ്തിരിക്കുന്നതിനാൽ അവിടുന്ന് ഏറ്റമധികം ബഹുമാന്യനാണ്, ആരാധ്യനാണ്, സ്തുത്യർഹനാണ്. ഈ സത്യമാണു വിശുദ്ധ കുർബാനയിൽ നാം ഏറ്റുപറയുന്നത്.

ദൈവം നൽകിയിട്ടുള്ളതും എന്നാൽ നന്ദി പറഞ്ഞു തീർക്കാനാവാത്തതുമായ എണ്ണമറ്റ അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞതാ പ്രകാശനമാണ് പരിശുദ്ധകുർബാന. അനുദിനവും അവിടുന്നു നൽകുന്ന ഓരോ നന്മയും ഓർത്തുകൊണ്ടാണ് അവിടുത്തേയ്ക്കു നമ്മൾ നന്ദി പറയുന്നത്, പറയേണ്ടത്. നന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തവിധം അത്രയേറെ അനുഗ്രഹങ്ങളാണ് അവിടുന്നു നമുക്കു നൽകിയിരിക്കുന്നത്, നൽകിക്കൊണ്ടിരിക്കുന്നത്.

## 6. ആരാധന ദൈവത്തിനു മാത്രം

ദൈവത്തിനു മാത്രം അർഹതപ്പെട്ടതാണ് ആരാധന. സ്രഷ്ടാവും രക്ഷകനും പരിപാലകനുമായ ദൈവവുമാണവിടുന്ന്. ആരാധിക്കുമ്പോൾ നാം അവിടുത്തെ നാഥനും കർത്താവുമായി ഏറ്റുപറയുകയാണ്. ഏറ്റം ശ്രേഷ്ഠമായ ആരാധനയാണു വിശുദ്ധകുർബാന. കുർബാന ആദ്യന്തം ആരാധനയാണ്. ആദ്യഭാഗത്തു തന്നെ മാലാഖമാരോടു ചേർന്നു "പരിശുദ്ധൻ" എന്നു പലപ്രാവശ്യം ഏറ്റുപറഞ്ഞു ദൈവത്തെ ആരാധിച്ചുകൊണ്ടാണു വിശുദ്ധകുർബാന നാം ആരംഭിക്കുന്നത്. തുടർന്നുള്ള നിരവധി പ്രാർത്ഥനകളിലൂടെ പരിശുദ്ധത്രിത്വത്തെ നാം ആരാധിക്കുന്നു. "ആരാധനയ്ക്കു യോഗ്യനേ നിന്നെ ഞങ്ങൾ ആരാധിച്ചീടുന്നിതാ."

സ്വർഗ്ഗീയാരാധന നടക്കുന്നത് ഏശയ്യാ കണ്ടു. മാലാഖമാർ ദൈവത്തെ "പരിശുദ്ധൻ" എന്നു പാടിപ്പുകഴ്ത്തുന്നത് അദ്ദേഹം കേട്ടു (ഏശ 6:1-7). ഇതിനു സമാനമായ ഒരു ദർശനം യോഹന്നാൻ ശ്ലീഹായ്ക്കും ഉണ്ടായി. സിംഹാസനസ്ഥനായ ദൈവത്തെ ആരാധിച്ചുകൊണ്ട് മാലാഖമാരും വിശുദ്ധരും "ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ"എന്നു പാടിപ്പുകഴ്ത്തുന്നതാണ് യോഹന്നാൻ കണ്ടതും കേട്ടതും. ഈ സ്വർഗ്ഗീയ ആരാധനതന്നെയാണ് പരമ പരിശുദ്ധകുർബാന. ഈ ദർശനത്തിലേയ്ക്കാണ് അനാഫൊറയുടെ ആരംഭത്തിൽ പുരോഹിതൻ ബലിയർപ്പകരെ ആഹ്വാനം ചെയ്യുന്നതും: "നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേയ്ക്കുയരട്ടെ." ആരാധകനുണ്ടാകേണ്ട ആന്തരികവും ബാഹ്യവും ആയ മനോഭാവങ്ങളെ സൂചിപ്പിച്ചുകൊണ്ടുള്ള ശുശ്രൂഷിയുടെ ആഹ്വാനം ഇപ്രകാരമാണ്: "നിങ്ങൾ ആദ

രപൂർവ്വം നിന്ന് ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ തന്റെ മാധ്യസ്ഥ്യം വഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി, നിശ്ശബ്ദരായി, ഏകാഗ്രതയോടും ഭക്തിയോടും കൂടെ നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ."

മാലാഖാമാരുടെ കീർത്തനങ്ങളോടു ചേർന്ന് കുർബാന മധ്യേ നാം ഇപ്രകാരം ചൊല്ലുന്നു: "ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അവിടുത്തെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന,, ദാവീദിന്റെ പുത്രന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന."

മാലാഖമാരുടെ കീർത്തനത്തോടു ചേർന്നാണ് ആരാധനാസമൂഹം ദൈവത്തെ പാടിപ്പുക്ഴ്ത്തുന്നത്. ഇപ്രകാരം നാം അവിടുത്തെ പാടിപ്പുകഴ്ത്തുമ്പോൾ ഈശോയെ എതിരേറ്റ ശിഷ്യന്മാരോടും അവിടുത്തെ ആരാധിക്കുന്ന മാലാഖമാരോടും ചേർന്നു നാമും അവിടുത്തെ പ്രകീർത്തിക്കുകയാണ്.

വിശുദ്ധകുർബാന നമ്മുടെ രക്ഷയുടെ സ്മാരകമാണ്. മിശിഹാരഹസ്യത്തിലെ പ്രഥമവും പ്രധാനവുമായ സംഭവം മനുഷ്യാവതാരം തന്നെയാണ്. നമ്മിലൊരുവനെപ്പോലെയാകാൻ പിതാവിനോടുള്ള തുല്യതയും മഹത്ത്വവും മാറ്റിവച്ചാണ് മിശിഹാ മനുഷ്യനായത്. "നിയമത്തിന് അധീനരായിരുന്നവരെ ഉദ്ധരിക്കുവാൻ നിയമത്തിനു വിധേയനാവുകയും ഞങ്ങളുടെ രക്ഷയുടെ സ്മാരകം ഏർപ്പെടുത്തകയും ചെയ്തു"വെന്നു കൂദാശ വചനങ്ങൾ ഉച്ചരിക്കുന്നതിനു തൊട്ടുമുമ്പുള്ള പ്രാർത്ഥനയിൽ പുരോഹിതൻ അനുസ്മരിക്കുന്നു. നിയമത്തിനു വിധേയരായവരെ ഉദ്ധരിക്കാനാണ് അവിടുന്നു മനുഷ്യനായി അവതരിച്ചത്.

## 7. ഊട്ടുശാലയിൽ ഊട്ടി ഉറപ്പിക്കപ്പെട്ട ഉടമ്പടിയുടെ നവീകരണം

സെഹിയോൻ ഊട്ടുശാലയിൽ വച്ച് ഉറപ്പിക്കപ്പെട്ട ഉടമ്പടിയുടെ നവീകരിക്കലാണ് ഓരോ വിശുദ്ധകുർബാനയിലും സംഭവിക്കുന്നത്.

ഈശോയുടെ തിരുരക്തം നമ്മെ ഉടമ്പടി ബന്ധത്തിൽ ഭാഗഭാക്കുക ളാക്കുന്നു. പാപമോചനത്തിനും രക്ഷയ്ക്കും നമ്മെ അവകാശികളു മാക്കുന്നു. ക്രൈസ്തവനാകുക എന്നു പറഞ്ഞാൽ മിശിഹായുടെ തിരു രക്തത്തിൽ കഴുകി വിശുദ്ധീകരിക്കപ്പെടുക എന്നൊരർത്ഥം കൂടിയുണ്ട്. വി. പത്രോസ് ശ്ലീഹാ ആദിമസഭയിലെ വിശ്വാസികളെ അഭി സംബോധന ചെയ്യുന്നത് "പിതാവായ ദൈവത്താൽ തെരഞ്ഞെടുക്ക പ്പെട്ടവരും യേശുക്രിസ്തുവിനു വിധേയരായിരിക്കുന്നതിനും അവന്റെ രക്തത്താൽ തളിക്കപ്പെടുന്നതിനും വേണ്ടി മുൻകൂട്ടി നിശ്ചയിക്കപ്പെട്ട വരും, ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടവരുമായവർ" എന്നാണ് (1പത്രോസ് 1,2). ഈശോമിശിഹായുടെ അമൂല്യരക്തത്താൽ രക്ഷിക്ക പ്പെട്ട സമൂഹമാണു തിരുസ്സഭ. റൂഹാക്ഷണ പ്രാർത്ഥനയ്ക്കു ശേഷ മുള്ള പ്രാർത്ഥനയിൽ നാം ഏറ്റുപറയുന്നു: "അങ്ങയുടെ അഭിഷിക്തന്റെ അമൂല്യരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ സന്തോഷത്തോടും പ്രത്യാ ശയോടും കൂടെ ഞങ്ങൾ അങ്ങേയ്ക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു" എന്ന്.

മിശിഹായുടെ രക്ഷാകര പ്രവർത്തനങ്ങളുടെ ദിവ്യരഹസ്യമായ പരിശുദ്ധകുർബാനയെ തിരുസ്സഭയെയാണ് മിശിഹാ ഏൽപ്പിച്ചിരിക്കു ന്നത്. കാരണം, അവളാണു മിശിഹായുടെ കാണപ്പെടുന്ന ശരീരവും ഭൂമിയിലെ തുടർച്ചയും. തന്റെ രക്ഷാകരപ്രവർത്തനങ്ങൾ ഈശോ ഇന്നു ഭൂമിയിൽ തുടർന്നുകൊണ്ടിരിക്കുന്നത് തിരുസ്സഭയിലൂടെയാണ്. ഈ രക്ഷാകരസംഭവം മുഴുവന്റെയും കേന്ദ്രമെന്ന നിലയിൽ വിശുദ്ധ കുർബാനയും തിരുസ്സഭയിലാണ് ആഘോഷിക്കപ്പെടുന്നത്. ഏറ്റം മനോ ഹരമായ രീതിയിൽ സഭ ആവിഷ്കരിക്കപ്പെടുന്നതും വിശുദ്ധകുർബാ നയുടെ ആഘോഷവേളയിലാണ്.

# 7

# സീറോ മലബാർ സഭയുടെ കുർബാന ഒറ്റനോട്ടത്തിൽ

## 1. കർത്തൃകല്പന

'ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന ദിവ്യനാഥന്റെ കല്പന അനുസ്മരിച്ചുകൊണ്ടാണ് സീറോമലബാർ കുർബാന ആരംഭിക്കുന്നത്.

'അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയകല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം'

ഒരു അനുസ്മരണം, ഒരു പ്രഖ്യാപനം, ഒരു ആഹ്വാനം- ഇങ്ങനെ മൂന്നു കാര്യങ്ങൾ ഈ ആമുഖത്തിൽ ഉണ്ട്. സെഹിയോൻ ഊട്ടുശാലയിൽ ഈശോ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കിപ്പകർത്തിയതിനുശേഷം നൽകിയ കല്പനയാണ് അനുസ്മരിക്കപ്പെടുക. കർത്താ

വിന്റെ തിരുനാമത്തിലാണു ബലിയർപ്പിക്കപ്പെടുന്നതെന്നതാണു പ്രഖ്യാപനം. ഒരുമയോടെ ബലിയർപ്പിക്കുവാനുള്ള ആഹ്വാനവും.

## 2. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

ഈശോമിശിഹായുടെ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങളാണ് വിശുദ്ധ കുർബാനയിൽ ക്രമാനുഗതമായി ആവിഷ്ക്കരിക്കപ്പെടുന്നതും ആഘോഷിക്കപ്പെടുന്നതും. ഈശോയുടെ പിറവി അനുസ്മരിച്ചുകൊണ്ടു വിശുദ്ധകുർബാന തുടരുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും" എന്ന മാലാഖമാരുടെ കീർത്തനം ബേത്‌ലഹേമിലേക്കു നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയാണു തുടർന്നു വരുന്നത്. ഇവ രണ്ടും നമ്മിൽ ദൈവസാന്നിദ്ധ്യാവബോധം ഉളവാക്കി പരിശുദ്ധത്രിത്വവുമായി നമ്മെ ഐക്യപ്പെടുത്തുന്നു. തുടർന്നുവരുന്നത് വിവിധ അവസരങ്ങളിൽ മാറിമാറിച്ചൊല്ലാനുള്ള പ്രാർത്ഥനകളാണ്.

## 3. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും

ഞായറാഴ്ചകളിലും സാധാരണ തിരുനാളുകളിലും ചൊല്ലുന്ന പ്രാർത്ഥനയിൽ "മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവ്വം നൽകിയ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനു ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ" എന്നു വൈദികൻ പ്രാർത്ഥിക്കുന്നു. ഓരോ പ്രാർത്ഥനയും അനുഷ്ഠിക്കപ്പെടുന്ന ഓരോ സംഭവവും, വൈദികന്റെയാകട്ടെ, സഹായിയുടെയാകട്ടെ, ജനത്തിന്റെയാകട്ടെ, നാം ജീവിക്കണം. അങ്ങനെ നാം ദിവ്യബലി ജീവിക്കുന്നവരാകണം, ഒപ്പം ദിവ്യബലിയാകണം.

## 4. ആരാധിക്കുക, സ്തുതിക്കുക

സങ്കീർത്തനം, ഗദ്യമായാലും പദ്യമായാലും, ബലിയിലെ പ്രാർത്ഥനകളെന്നപോലെ, പരിശുദ്ധത്രിത്വത്തെ ആരാധിക്കുക, സ്തുതിക്കുക, മഹത്ത്വപ്പെടുത്തുക, നന്ദി പറയുക ഇവയ്ക്കുള്ളതാണ്. ദിവ്യബലിയുടെ അടിസ്ഥാന ദൗത്യവും ലക്ഷ്യവും മാർഗ്ഗവും ഇതുതന്നെയാണ്. സാധാരണ ദിവസങ്ങളിൽ സാധാരണ ചൊല്ലാറുള്ള 15-ാം സങ്കീർത്തനം ബലിയർപ്പകർക്കുണ്ടായിരിക്കേണ്ട അവശ്യയോഗ്യതകൾ വ്യക്തമാക്കുന്നു.

തുടർന്നു റാസയിൽ ചൊല്ലേണ്ട പ്രാർത്ഥനകളും മദ്ബഹാഗീതങ്ങളുമാണ്. പ്രാർത്ഥനകളിൽ കാർമ്മികൻ മർമ്മപ്രധാനമായ ചിലകാര്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ആദ്യത്തെ പ്രാർത്ഥനയിൽ വൈദികൻ "മഹോന്നതനായ കർത്താവേ, അങ്ങയുടെ സംപൂജ്യമായ ത്രോണോസിന്റെയും സ്തുത്യർഹമായ സിംഹാസനത്തിന്റെയും സ്നേഹചൈതന്യം തുളുമ്പുന്ന ഭയഭക്തിജനകമായ പീഠത്തിന്റെയും മുമ്പാകെ അങ്ങയുടെ തെരെഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അങ്ങേക്കു നിരന്തരം സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും" എന്നു ചൊല്ലുന്നു.

രണ്ടാമത്തെ പ്രാർത്ഥനയിൽ അദ്ദേഹം ഉദ്ഘോഷിക്കുന്നു: "അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ അങ്ങയെ സ്തുതിക്കുകയും സാപ്രേന്മാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്നു ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു." മൂന്നാമത്തെ പ്രാർത്ഥനയിൽ ഇപ്രകാരമൊക്കെ ചെയ്യുക ഞങ്ങളുടെ പരമപ്രധാന്മായ കടമയാണെന്ന് സത്യസന്ധമായി ഏറ്റുപറയുന്നു. തുടർന്നുള്ള ഗാനങ്ങളിൽ

"നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം...
ശക്തിയെഴും കോട്ടയുമാം ദുഷ്ടനെയുമവൻ
കെണികളെയും അതുവഴി നാം തോല്പ്പിച്ചീടട്ടെ
ശരണം ഞങ്ങൾ തേടീടുന്നു തിരുനാമത്തിൽ
താതനുമതുപോലാത്മജനും ദിവ്യറൂഹായ്ക്കും സ്തുതിയെന്നെന്നും"

എന്നിങ്ങനെ ഗായകസംഘം പാടുന്നു. 'പാടുന്ന മനുഷ്യൻ ഇരുമടങ്ങു പ്രാർത്ഥിക്കുന്നു' (സെന്റ് അഗസ്റ്റിൻ)

## 5. വിശുദ്ധഗ്രന്ഥ പാരായണം

വചനശുശ്രൂഷയുടെ സമയത്ത് വിശുദ്ധ ഗ്രന്ഥത്തിൽ ഈശോയുടെ പരസ്യജീവിതം, അവിടുത്തെ പെസഹാരഹസ്യം, പ്രബോധനം, അത്ഭു

തങ്ങൾ, പ്രവചനങ്ങൾ, പഴയനിയമസംഭവങ്ങൾ, പ്രവാചകന്മാരുടെ പ്രബോധനങ്ങൾ തുടങ്ങിയവ നമ്മെ അനുസ്മരിപ്പിക്കുന്നു. അപ്പവും വീഞ്ഞും ഒരുക്കി ബലിപീഠത്തിലേയ്ക്കു പ്രദക്ഷിണമായി കൊണ്ടുവരുമ്പോൾ നാം ഈശോയുടെ കുരിശിന്റെ വഴിയേ അവിടുത്തെ അനുഗമിക്കുകയാണ്. കുരിശിൻ ചുവട്ടിൽ നിന്ന പരിശുദ്ധ അമ്മയേയും യോഹന്നാനെയും പോലെ കുരിശുമരണത്തിനും സംസ്കാരത്തിനും സാക്ഷികളാകാൻ പോവുകയാണു നാം

## 6. അനാഫൊറാ

വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമായ അനാഫൊറായിൽ ഈശോയുടെ മരണവും ഉത്ഥാനവും ആവർത്തിക്കപ്പെടുന്നു. നാം അവയെ ഓർമ്മിക്കുന്നു. രക്ഷാകരമായ ഈ മരണവും ഉത്ഥാനവും വഴി നമുക്കു ലഭിക്കുന്ന നിത്യജീവനെയാണ് വിഭജന ശുശ്രൂഷ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. തുടർന്നു നാം ഈശോയുടെ തിരുശ്ശരീരരക്തങ്ങൾ ഉൾക്കൊള്ളുമ്പോൾ, പാപമോചനം പ്രാപിച്ച്, നാം അവിടുത്തോട് ഒന്നായിത്തീരുന്നു. ഒപ്പം നമ്മൾ അവിടുത്തെ ദൃശ്യസഭയിൽ പരസ്പരം ബന്ധിതരും മിശിഹായുടെ മൗതിക ശരീരത്തിലെ അംഗങ്ങളുമാകുന്നു. യുഗാന്ത്യത്തിൽ മഹത്ത്വപൂർണ്ണനായി അവിടുന്നു വീണ്ടും വരുമ്പോൾ യോഗ്യതയോടെ അവിടുത്തെ സ്വീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും ഈ ദിവ്യരഹസ്യമാണ്.

വിശുദ്ധകുർബാന ഒരു ദിവ്യരഹസ്യമാണ്. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യമെന്നു വി. കുർബാനയെ വിശേഷിപ്പിക്കുന്ന നിരവധി പ്രാർത്ഥനകൾ നമ്മുടെ കുർബാനയിലുണ്ട്. ഈ രക്ഷാകര രഹസ്യത്തെപ്രതി ദൈവത്തിന് ആരാധനയും കൃതജ്ഞതയും അർപ്പിക്കുന്ന നിമിഷങ്ങളാണ് വിശുദ്ധകുർബാനയുടെ നിമിഷങ്ങൾ. ഇതു യോഗ്യതാപൂർവ്വം നിർവ്വഹിക്കാൻ വേണ്ട അനുഗ്രഹത്തിനായി ബലിയുടെ പ്രാരംഭത്തിൽ തന്നെ പുരോഹിതൻ പ്രാർത്ഥിക്കുന്നുണ്ട്.

## 7. അപ്പം മുറിക്കൽ ശുശ്രൂഷ

ആദിമക്രൈസ്തവരുടെ ജീവിതശൈലിയെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങളിൽ വി. ലൂക്കാ ഇപ്രകാരം എഴുതിയിരിക്കുന്നു: "അവർ

അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ താത്പര്യപൂർവ്വം സദാ പങ്കുചേർന്നു" (2:42). അവരുടെ പ്രഥമലക്ഷ്യം പ്രാർത്ഥിക്കുകയായിരുന്നു. തദവസരത്തിൽ അവർ മൂന്നു കാര്യങ്ങൾ ചെയ്തിരുന്നു. അപ്പസ്തോലന്മാരുടെ പ്രബോധനം അവധാനപൂർവ്വം പഠിച്ചിരുന്നു. ഒരു ആത്മാവും ഒരു മനസ്സും ഒരു ഹൃദയവുമായിരുന്ന ആ സമൂഹം കൂട്ടായ്മയിൽ ഉത്തരോത്തരം വളർന്നുകൊണ്ടിരുന്നു. പ്രസ്തുത സമ്മേളനങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടത് അപ്പം മുറിക്കൽ ശുശ്രൂഷയായിരുന്നു.

പൗരോഹിത്യപദവിയുള്ള അപ്പസ്തോലന്മാർ മാത്രമായിരുന്നു ആദ്യകാലങ്ങളിൽ അപ്പം മുറിക്കൽ ശുശ്രൂഷ നിർവ്വഹിച്ചിരുന്നത്. പിന്നീട് അവർ തങ്ങളുടെ കൈവയ്പ്പു വഴി മറ്റു പുരോഹിതരെ നിയമിച്ചു. അപ്പസ്തോലന്മാരുടെ പ്രബോധനം, പ്രാർത്ഥന, കൂട്ടായ്മ ഇവ അപ്പം മുറിക്കലിന്റെ ഭാഗങ്ങളായി മാറുകയും ചെയ്തു.

ഇന്നത്തെ നമ്മുടെ കുർബാനയാണ് ആദിമസഭയിൽ "അപ്പം മുറിക്കൽ" എന്നറിയപ്പെട്ടിരുന്നത്. അന്ത്യത്താഴവേളയിൽ ഈശോ ചെയ്ത കാര്യങ്ങൾ ആവർത്തിച്ചുകൊണ്ട് അവിടുത്തെ സഹനമരണോത്ഥാനങ്ങൾ മൗതികമായി പുനരാവിഷ്കരിച്ചിരുന്നതാണ് അപ്പം മുറിയ്ക്കൽ ശുശ്രൂഷയുടെ അന്തഃസത്ത.

## 8. എമ്മാവൂസ് സംഭവവും വിശുദ്ധ കുർബാനയും

(ലൂക്കാ 24)

രക്ഷയുടെ കേന്ദ്രമായ ജറുസലത്തു നിന്ന് രണ്ടു ശിഷ്യന്മാർ തങ്ങളുടെ സ്വന്തം നഗരമായ എമ്മാവൂസിലേക്കു പോകുന്നു. ഇവിടെ യഥാർത്ഥത്തിൽ സംഭവിക്കുന്നത് ഇതാണ്. ഈശോ പഠിപ്പിച്ച ജീവിതാവസ്ഥയിൽ നിന്ന് പഴയ ജീവിതസാഹചര്യങ്ങളിലേയ്ക്ക് അവർ മടങ്ങിപ്പോകുന്നു. രക്ഷയുടെ പ്രഭവസ്ഥാനത്തുനിന്നും അവർ അകന്നുപോകുമ്പോൾ മറ്റു ശിഷ്യന്മാരുമായുള്ള കൂട്ടായ്മയിൽ നിന്നുപോലും അവർ അകലുകയാണ്.

ഇവരെ ഉപേക്ഷിക്കാൻ ഈശോയ്ക്കു മനസ്സു വരുന്നില്ല. അപരിചിതനെപ്പോലെ അവരുടെ കൂടെ നടന്ന ഉത്ഥിതനായ മിശിഹാ വിശുദ്ധഗ്രന്ഥത്തിന്റെ ആഗോളപശ്ചാത്തലത്തിൽ തന്റെ

പെസഹാരഹസ്യത്തിന്റെ അർത്ഥവും ആഴവും അവർക്കു മനസ്സിലാക്കിക്കൊടുക്കുന്നു. ഈശോയുടെ വ്യാഖ്യാനങ്ങൾ കേട്ടപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുകൊണ്ടിരുന്നു എന്നാണ് പിന്നീട് അവർ പറഞ്ഞത് (24:27-32).

## 9. വഴിത്തിരിവ്

എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ ജീവിതത്തിൽ വഴിത്തിരിവിനു കാരണമായത് അപ്പം മുറിക്കലാണ്. ഈശോ അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ, അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ചു ശിഷ്യന്മാർക്കു നൽകി. അപ്പോൾ അവരുടെ ഉൾക്കണ്ണുകൾ തുറക്കപ്പെട്ടു. അവർ കർത്താവിനെ തിരിച്ചറിഞ്ഞു (24:30-31). അന്ത്യത്താഴവേളയിൽ അപ്പം മുറിക്കലുമായി ബന്ധപ്പെട്ട് ഈശോ ചെയ്ത കാര്യങ്ങൾ തന്നെയാണു എമ്മാവൂസിലും അവിടുന്ന് ആവർത്തിച്ചത്.

## 10. ഉയിർത്തെഴുന്നേറ്റ ഈശോയുടെ സാന്നിദ്ധ്യം

ഉയിർത്തെഴുന്നേറ്റ ഈശോയുടെ സാന്നിദ്ധ്യം ആദിമസഭ അനുഭവിച്ചറിഞ്ഞിരുന്നത് ഇത്തരത്തിലുള്ള അപ്പം മുറിക്കൽ ശുശ്രൂഷകളിലായിരുന്നു. അപ്പം മുറിക്കലിന്റെ സന്ദർഭങ്ങളിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം വിശ്വാസികൾ അനുഭവിച്ചിരുന്നു. അതുകൊണ്ടാണ് അവർ താത്പര്യപൂർവ്വം ഒരുമിച്ചുകൂടി അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടി വിരുന്നിൽ പങ്കുചേരുകയും ചെയ്തിരുന്നത് (നട. 2:43-47).

## 11. ഉത്ഥിതന്റെ സാന്നിദ്ധ്യം വിശുദ്ധർക്ക്

ഉത്ഥാനം ചെയ്ത ഈശോയെ അനുഭവിക്കുന്നതിനുള്ള വേദിയായാണു വിശുദ്ധ കുർബാന. കർത്താവിന്റെ ഈ സാന്നിദ്ധ്യം തിരിച്ചറിഞ്ഞാൽ അവിടുന്നു നൽകുന്ന ആശ്വാസവും ശാന്തിയും പ്രാപിക്കുക നമുക്ക് എളുപ്പമാകും. നമ്മുടെ എല്ലാ പ്രശ്നങ്ങളും പ്രതിസന്ധികളും രോഗവും വേദനയും പരിശുദ്ധ കുർബാനയിലെ ഈശോയ്ക്കു സമ്പൂർണ്ണമായി സമർപ്പിക്കണം. അവിടുന്നു, നമ്മോടുകൂടെ ആയിരുന്ന്, തക്കസമയത്ത്, ഏവർക്കും ഏറ്റം അനുഗ്രഹപ്രദമായ വിധത്തിൽ, അതു പരിഹരിച്ചുതരും. ഇത് അവിടുത്തെ വാഗ്ദാനമാണ്: 'ഞാൻ നിന്നോടു കൂടെയുണ്ടായിരിക്കും' (പുറ. 3:12).

## 12. ചരിത്രത്തിലെ ഈശോയോടൊപ്പം

വിശുദ്ധ കുർബാനയിൽ ഈശോയുടെ കല്പന അനുസ്മരിച്ചു കഴിഞ്ഞ് അവിടുത്തെ മനുഷ്യാവതാരം മുതലുള്ള സംഭവങ്ങൾ ഒന്നൊന്നായി അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും നാം അനുസ്മരിക്കുന്നുവെന്നു നാം സൂചിപ്പിച്ചു. ഇതുവഴി ഈശോയുടെ കാലത്തു നാം ജീവിച്ചിരുന്നാലെന്നതുപോലെ അവിടുത്തെ കാണാനും കേൾക്കാനും അവിടുന്നു നൽകുന്ന രക്ഷയും പാപമോചനവും അനുഭവിക്കാനും നമുക്കു സാധിക്കുന്നു.

## 13. നിത്യരക്ഷയ്ക്കുള്ള ഏകനാമം

കല്പന നൽകിയ ഈശോയുടെ നാമത്തിലാണു നാം ഒരുമിച്ചു ചേരുന്നത്. കാരണം, നമ്മുടെ രക്ഷയ്ക്കുവേണ്ടി നൽകപ്പെട്ടിരിക്കുന്ന ഏക നാമമാണിത്. നാമം വ്യക്തിയെ സൂചിപ്പിക്കുന്നു, ഇവിടെ തിരുനാമം ഈശോയെന്ന വ്യക്തിയെത്തന്നെയാണു സൂചിപ്പിക്കുക. ഒരുമയോടെ വേണം ബലിയർപ്പിക്കാൻ എന്നും കൂടി കാർമ്മികൻ അനുസ്മരിപ്പിക്കുന്നതു ശ്രദ്ധിച്ചല്ലോ. കാരണം, പരസ്പരസ്നേഹത്തിൽ കഴിയുന്നവർക്കേ സ്നേഹത്തിന്റെ ബലിയർപ്പിക്കാൻ അർഹതയുള്ളൂ. പരസ്പരരമ്യതയിൽ കഴിയുന്നവർക്കു മാത്രമേ ഒരുമ ഉണ്ടാകൂ. അതുകൊണ്ടു ജനം പ്രത്യുത്തരമായി പറയുന്നു: "അനുരഞ്ജിതരായ്ത്തീർന്നീടാം..." ഈശോയ്ക്കു ഹൃദയത്തിൽ നവ്യസിംഹാസനം ഒരുക്കാനും അവിടുത്തോടുള്ള സ്നേഹം കൊണ്ടു നിറഞ്ഞു ബലിയർപ്പിക്കാനും ജനം തീരുമാനമെടുക്കുന്നു.

## 14. ആത്മശോധനയ്ക്ക് അവസരം

വിശുദ്ധ കുർബാന അർപ്പിക്കാനണയുന്നവർക്ക് ഒരു ആത്മശോധന നടത്താനുള്ള അവസരം കൂടിയാണിത്. പരസ്പരമുള്ള ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നതിലാണ് അനുരഞ്ജനത്തിന്റെ അന്തഃസത്ത അടങ്ങിയിരിക്കുന്നത്. വെറുപ്പും വിദ്വേഷവും വൈരാഗ്യവും പകയും മനസ്സിൽ നിന്ന് അകറ്റി സമാധാനത്തിൽ കഴിയുമ്പോൾ, യോഗ്യതയോടെ ബലിയർപ്പിക്കാനും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാനും നമുക്കു സാധിക്കുന്നു.

# 8
# വിശദാംശങ്ങളിലേക്ക്

## 1. സ്വർഗ്ഗസ്ഥനായ പിതാവേ!

ഈശോ ലോകത്തെ പഠിപ്പിച്ച അതിവിശിഷ്ടമായ പ്രാർത്ഥനയാണ് ഇത്. ഈശോ നമുക്കു നൽകിയ ഏറ്റം വലിയ അറിവ് നാം ദൈവമക്കളാണെന്നതാണ്. നമ്മെ ദൈവമക്കളാക്കാൻ വേണ്ടിയാണ് അവിടുന്നു മനുഷ്യനായത്, പാടുപീഡകൾ സഹിച്ചത്, കുരിശിൽ മരിച്ചത്, പുനരുത്ഥാനം ചെയ്തത്. പിതൃപുത്രബന്ധത്തിന്റെ മഹാരഹസ്യമാണ് പരിശുദ്ധകുർബാന; അതിന്റെ ആഘോഷവുമാണത്. അതുകൊണ്ടാണ് "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപം കൊണ്ട് സീറോ മലബാർ കുർബാന ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും. കാർമ്മികനും സമൂഹവും ചേർന്ന് ഈ പ്രാർത്ഥന ചൊല്ലുന്നത് ദൈവത്തിന്റെ പിതൃത്വത്തെയും മനുഷ്യരുടെ പുത്രത്വത്തെയും ദ്യോതിപ്പിക്കുവാനാണ്.

പിതാവായ ദൈവത്തിനു മനുഷ്യർ നൽകുന്ന പരമോന്നത നന്ദിപ്രകാശനമാണു പരിശുദ്ധകുർബാന. അതുകൊണ്ട് ആരംഭത്തിൽത്തന്നെ

അവിടുത്തോടു പ്രാർത്ഥിക്കാൻ ഈശോ നമ്മെ പഠിപ്പിച്ച പ്രാർത്ഥന നാം ചൊല്ലുന്നു. പരമപിതാവു നമുക്കു പകർന്നുതന്നിട്ടുള്ളതും തന്നു കൊണ്ടിരിക്കുന്നതുമായ അനുഗ്രഹങ്ങൾക്കാണു നാം അവിടു ത്തേയ്ക്കു നന്ദി പറയുന്നത്. മിശിഹായിലൂടെ പിതാവു നമുക്കു നൽകിയ നിത്യരക്ഷയാണ് ഈ അനുഗ്രഹങ്ങളിൽ പരമപ്രധാനമായ ത്. തന്റെ പുത്രനിലൂടെ അവിടുന്നു പരിപൂർത്തിയിലെത്തിച്ച രക്ഷാ കര കർമ്മത്തെപ്രതി അവിടുത്തേയ്ക്കു നാം നൽകുന്ന കൃത ജ്ഞതാപ്രകാശനമാണു വിശുദ്ധ കുർബാന. കുർബാനയുടെ ആരംഭ ഭാഗത്ത് കാർമ്മികൻ ജനത്തിന്റെ പ്രതിനിധിയായി ഇപ്രകാരം പ്രാർത്ഥി ക്കുന്നു: “അങ്ങു നൽകിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശി പ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി, സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നിൽക്കുന്ന സഭയിൽ, ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതി ക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ.”

ദൈവത്തിന്റെ പിതൃത്വത്തെ അംഗീകരിക്കുന്ന നമ്മൾ കൂടെക്കൂടെ സ്നേഹപൂർവ്വം അവിടുത്തെ വിളിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു, അതിയായി ആഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ താൻ പഠിപ്പിച്ച പ്രാർത്ഥന തുടങ്ങുന്നതു ‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ’ എന്ന വിളിയോടെയാണ്. അവിടുത്തെ നാം ദൈവമായി ആരാധിച്ചു സ്തുതിച്ചു മഹത്ത്വപ്പെടുത്തണം. അതാണു പ്രാർത്ഥനയുടെ തൊട്ട ടുത്ത ഘടകം. ‘അങ്ങയുടെ നാമം പൂജിതമാകണമേ.’ ദൈവഭക്തൻ എപ്പോഴും ദൈവത്തിന്റെ തിരുഹിതം നിറവേറ്റും, നിറവേറ്റണം. സ്വാഭാ വികമായും അതാണു കർത്താവ് അടുത്തതായി സൂചിപ്പിക്കുന്നത്. ‘അങ്ങയുടെ രാജ്യം വരണമേ’. ദൈവം നിത്യസ്തുതിക്കർഹനാണ്. ഇക്കാര്യമാണ് നമ്മുടെ ആരാധനക്രമത്തിൽ തുടർന്നു നാം പ്രാർത്ഥി ക്കുന്നതും പ്രകീർത്തിക്കുന്നതും. ഈ പ്രകീർത്തനം അനുഗ്രഹപ്രദവും ആനന്ദദായകവുമാണ്. “അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ... അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശു ദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.”

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയുടെ ഈ ഭാഗം വിശുദ്ധ കുർബാനയിൽ നാം ചൊല്ലുമ്പോൾ മാലാഖവൃന്ദം മുഴുവനും വിശു

ദ്ധരും ഇതര സ്വർഗ്ഗവാസികളും ശുദ്ധീകരണ സ്ഥലത്തിൽ വേദനിക്കുന്ന ആത്മാക്കളും നമ്മോടൊപ്പം ഇത് ഏറ്റം ചൊല്ലുന്നുണ്ട്. 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന് ബലിയിൽ ചൊല്ലാൻ സാധിക്കുന്നത് നമുക്കു കിട്ടുന്ന ഒരു മഹാഭാഗ്യമാണ്. വലിയ അനുഭവത്തോടും ആനന്ദത്തോടും സ്വർഗ്ഗത്തിൽ ആയിരിക്കുന്ന പ്രതീതിയോടുകൂടി ഈ ഭാഗം നാം പ്രാർത്ഥിക്കണം, സ്വർഗ്ഗീയാനുഭൂതി ഉണ്ടാകണം. സ്വർഗ്ഗം മുഴുവൻ നമ്മോടൊപ്പം ബലിയർപ്പിക്കുന്നുണ്ട്.

തുടർന്നു നാം പ്രാർത്ഥനയുടെ പ്രാരംഭം മുതൽ തന്നെ വീണ്ടും ചൊല്ലുന്നു. കുറച്ചു ഭാഗം നമ്മൾ കൂട്ടിച്ചേർത്തതു കർത്താവിന്റെ പ്രാർത്ഥനയുടെ പരമമായ പ്രാധാന്യം ഒരു വിധത്തിലും കുറഞ്ഞു പോകരുതെന്നുള്ള തീവ്രമായ ആഗ്രഹം കൊണ്ടാണ്.

സ്വർഗ്ഗം ഭൂമിയിൽ അവതീർണ്ണമാക്കാൻ "അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം" എന്നു നാം പ്രാർത്ഥിക്കുന്നു.

മനുഷ്യന്റെ മൂന്ന് ആത്യാവശ്യങ്ങളാണ് ആഹാരം, വസ്ത്രം, വീട് ഇവ. "ഞങ്ങൾക്കു ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ" എന്ന ഭാഗം ഈ അടിസ്ഥാന ആവശ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ്. പരിശുദ്ധ കുർബാനയ്ക്കുവേണ്ടിയുള്ള ദാഹവും വചനത്തിനുവേണ്ടിയുള്ള ദാഹവും ഈ പ്രാർത്ഥനാശകലം ഉൾക്കൊള്ളുന്നു.

പ്രാർത്ഥനയുടെ അടുത്ത ഭാഗം അതിപ്രധാനമാണ്. അതിന്റെ ഉൾപ്പൊരുൾ നന്നായി മനസ്സിലാക്കി പറഞ്ഞിരിക്കുന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നതിൽ നാം ബദ്ധശ്രദ്ധരായിരിക്കണം. മൂന്നരവർഷം 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലാതിരുന്ന ഒരു മകനെ പരിചയപ്പെട്ടിട്ടുണ്ട്. കാരണം തെരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: "എനിക്ക് എന്റെ ഭാര്യയോടും മക്കളോടും ക്ഷമിക്കാൻ കഴിഞ്ഞിട്ടില്ല." നാല് അഞ്ച് ദിവസങ്ങളോളം, കിട്ടിയ സമയം അത്രയും പ്രയോജനപ്പെടുത്തി, കൗൺസലിംഗ് നടത്തി, ആ കുടുംബത്തെ സ്നേഹത്തിലേക്കും ഐക്യത്തിലേക്കും ഒരുമയിലേക്കും നയിക്കാൻ കഴിഞ്ഞതു ദൈവകൃപ ഒന്നുകൊണ്ടുമാത്രം. നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമായ കാര്യമാണ് ദ്രോഹിച്ചവരോടു ക്ഷമിക്കുക എന്നത്.

ഇതിന് ഒഴികഴിവില്ല. നമ്മുടെ കർത്താവിന്റെ പ്രബോധനങ്ങളെല്ലാം പകൽപോലെ അസന്നിഗ്ധമാണ്. അവിടുന്ന് അരുളിച്ചെയ്യുന്നു: "മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവു നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്താ. 6:14-15).

'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.'

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയുടെ ഈ ഘടകത്തിന്റെ പ്രാധാന്യം വ്യക്തമാക്കാൻ ഗത്സെമനിയിൽ രക്തം വിയർത്തപ്പോൾ പോലും ദിവ്യനാഥൻ മറന്നില്ല. അവിടുന്നു മുന്നറിയിപ്പു നൽകുന്നു: "പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" (മത്താ. 26:41). നമ്മുടെ കർത്താവിനെപ്പോലും പ്രലോഭിപ്പിക്കാൻ ശ്രമിച്ചവനാണു പിശാച്. പച്ചമരത്തോട് അങ്ങനെയെങ്കിൽ ഉണക്കമരത്തോട് അവൻ എന്തു ചെയ്യുകയില്ല! ആത്മാവിനെ നരകാഗ്നിയിൽ നശിപ്പിക്കാൻ കഴിവുള്ളവനെ (ദുഷ്ടാരൂപിയെ) ഭയപ്പെടണമെന്നു തന്നെയാണു കർത്താവു പറഞ്ഞിരിക്കുന്നത്.

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന കർതൃപ്രാർത്ഥന പൂർത്തിയാക്കാൻ ഫ്രാൻസിസ് അസ്സീസ്സിക്കു സാധിച്ചിട്ടില്ലെന്നാണ് അഭിജ്ഞമതം. അതിന്റെ തുടക്കത്തിൽത്തന്നെ അദ്ദേഹം തന്റെ പിതാവുമായി മിസ്റ്റിക് ഐക്യത്തിലാകുമായിരുന്നു. നാമും നമ്മുടെ സർവ്വശ്രദ്ധയും ആന്തരികസിദ്ധികളും പ്രയോജനപ്പെടുത്തി ഈ പ്രാർത്ഥന ഹൃദയത്തിന്റെ അഗാധതയിൽ നിന്നു ചൊല്ലണം. മാലാഖമാരുടെയും വിശുദ്ധരുടെയും സ്വർഗ്ഗവാസികളുടെയും ശുദ്ധീകരണ സ്ഥലത്തു വേദന അനുഭവിക്കുന്നവരുടെയും ജീവിച്ചിരിക്കുന്ന സകലരുടെയും സകല ജീവജാലങ്ങളുടെയും കൂട്ടായ്മയിൽ ഈ പ്രാർത്ഥന ചൊല്ലുന്നത് അങ്ങേയറ്റം അനുഗ്രഹപ്രദമായിരിക്കും.

## 2. കർതൃപ്രാർത്ഥനയ്ക്കു ശേഷമുള്ള പ്രാർത്ഥനകൾ

ഞായറാഴ്ചകളിലും സാധാരണ തിരുനാളുകളിലും കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥന രക്ഷാകരചരിത്രവും അതിന്റെ പിന്നിലെ

ദൈവസ്നേഹവും വെളിപ്പെടുത്തുന്നതും ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനുള്ള യോഗ്യത പിതാവിനോടു പ്രാർത്ഥിക്കുന്നതുമാണ്. "മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവ്വം നൽകിയ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനു ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ."

കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും ചൊല്ലാൻ മറ്റൊരു പ്രാർത്ഥനയുണ്ട്. കർത്താവിൽ വിശ്വസിക്കുകയും ആ വിശ്വാസം പരമാർത്ഥതയോടെ ഏറ്റു പറയുകയും ചെയ്യുന്നവരെ ശക്തരാക്കണമേ എന്നു പ്രാർത്ഥിച്ചതിനുശേഷം ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ പരിഹാര രഹസ്യങ്ങൾ വിശുദ്ധിയോടെ മാത്രമേ പരികർമ്മം ചെയ്യാവൂ എന്നും ഈ പ്രാർത്ഥന വ്യക്തമാക്കുന്നു. തുടർന്നുള്ള ഭാഗത്ത് അതിപ്രധാനമായ ഒരു നിർദ്ദേശവും ആശംസയുമാണ്. "നിർമ്മലഹൃദയത്തോടും വിശുദ്ധ വിചാരങ്ങളോടും കൂടെ അവർ അങ്ങേയ്ക്കു പുരോഹിത ശുശ്രൂഷ ചെയ്യുകയും അങ്ങു കനിഞ്ഞു നൽകിയ രക്ഷയെപ്രതി നിരന്തരം അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ."

സാധാരണ ദിവസങ്ങളിൽ വളരെ ഹ്രസ്വമായ, എന്നാൽ ഏറെ അർത്ഥസമ്പുഷ്ടമായ ഒരു ആശംസയാണ്, ആരാധന പ്രകരണമാണ് ഉള്ളത്. "ദൈവമേ, അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ സംപൂജ്യമായ നാമത്തിനു സ്വർഗ്ഗത്തിലും ഭൂമിയിലും എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ."

ഈ മൂന്നു പ്രാർത്ഥനകളിലായി ദൈവശാസ്ത്രപരമായ നിരവധി സത്യങ്ങൾ ഉൾച്ചേർത്തിരിക്കുന്നു. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി, പിതാവിന്റെ പ്രിയപുത്രൻ നൽകിയ ദിവ്യരഹസ്യങ്ങളുടെ പുനരവതരണമാണ് പരിശുദ്ധ കുർബാന എന്ന ദൈവശാസ്ത്രസത്യവും ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

അർപ്പകരുടെ ബലഹീനത ആദ്യ രണ്ടു പ്രാർത്ഥനകളിലും ഊന്നിപ്പറയുന്നു: "ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ." പരിശുദ്ധ കുർബാന വിശ്വാസത്തിലധിഷ്ഠിതമാണെന്നും ഈ പ്രാർത്ഥനകളിൽ നിന്നു വ്യക്തമാകുന്നുണ്ട്. മാമ്മോദീസായിൽ ലഭിച്ച പൗരോഹിത്യം ഉപയോഗിച്ചു ബലിയർപ്പകരെല്ലാം നിർമ്മലഹൃദയത്തോടും വിശുദ്ധ

വിചാരങ്ങളോടും ഈ പുരോഹിത ശുശ്രൂഷ ചെയ്യണമെന്നും ഈ പ്രാർത്ഥനകളിൽ നിന്നു വ്യക്തമാകുന്നുണ്ട്.

ദൈവത്തിന്റെ ഏകത്വവും ത്രിത്വവും ഉറപ്പിച്ചു പഠിപ്പിക്കുന്നതോടൊപ്പം ആ മഹനീയ ത്രിത്വത്തിന്റെ നാമത്തിന് എപ്പോഴും "സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിക്കേണ്ടത് അവശ്യാവശ്യകമാണെന്ന്" അവസാനത്തെ പ്രാർത്ഥനയിൽ അർത്ഥശങ്കയ്ക്കിടമില്ലാത്ത വിധം വ്യക്തമാക്കിയിരിക്കുന്നു.

## 3. സങ്കീർത്തനങ്ങൾ

ആരാധകനുണ്ടായിരിക്കേണ്ട ആത്മസമർപ്പണവും പ്രാർത്ഥനാരൂപിയും സങ്കീർത്തനങ്ങളിലെല്ലാം പ്രകടമാണല്ലോ. ദൈവത്തെ നിരന്തരം പുകഴ്ത്തണം, വാഴ്ത്തണം, അവിടുത്തേക്കു സ്തുതി പാടണം. കാരണം, നാഥൻ 'മഹിമ നിറഞ്ഞവനും പാരം സ്തുത്യനുമാണ്'. തലമുറകളോട് അവിടുത്തെ മഹനീയ കർമ്മങ്ങൾ വിവരിക്കണം. ദൈവം നൽകുന്ന നന്മകൾ അനുസ്യൂതം അനുസ്മരിക്കണം. അവിടുത്തെ കാരുണ്യം, ദയ, വിശ്വസ്തത, വീഴുന്നവരെ താങ്ങുന്ന മനോഭാവം, ബന്ധിതർക്ക് അവിടുന്നു നൽകുന്ന മോചനം, വിശക്കുന്നവർക്ക് ആഹാരം നൽകുന്നത്, അന്ധർക്കു കാഴ്ച പ്രദാനം ചെയ്യുന്നത്, ജനത്തിനു നീതി നടത്തികൊടുക്കുന്നത്, ഏവരെയും എപ്പോഴും കരുതുന്നത്, പൊട്ടിനുറുങ്ങിയ മനസ്സുകൾക്കു സൗഖ്യം പകരുന്നത്, മുകിലുകൾ കൊണ്ട് ആകാശം മൂടി മഴ പെയ്യിക്കുന്നത്, അവിടുത്തെ പാടിപ്പുകഴ്ത്തുന്ന കീർത്തനങ്ങൾ തുടങ്ങി നിരവധി സങ്കീർത്തനങ്ങൾ കുർബാനയിൽ ഉപയോഗിക്കുന്നുണ്ട്. രാജാവായ ദൈവത്തെ ഹല്ലേലൂയ്യ പാടി സ്തുതിക്കുന്ന സങ്കീർത്തനങ്ങളും കുറവല്ല. ആയുഷ്കാലം മുഴുവൻ കർത്താവിനെ പാടി സ്തുതിക്കാനുള്ള തീരുമാനം പ്രഖ്യാപിക്കുന്ന സങ്കീർത്തനങ്ങളും ഉണ്ട്. പീഡിതർക്കു ന്യായം നടത്തിക്കൊടുക്കുന്ന ദൈവത്തെയും സങ്കീർത്തനങ്ങൾ അവതരിപ്പിക്കുന്നു. ഹൃദയം തകർന്നവരെ സുഖപ്പെടുത്തുന്ന, ആകുലതകൾ ഇല്ലാതാക്കുന്ന, എളിയവരെ ഉയർത്തുന്ന, ദുഷ്ടരെ താഴ്ത്തുന്ന, തന്നെ ഭയപ്പെടുന്നവരെയും തന്റെ കൃപയിൽ പ്രത്യാശ വയ്ക്കുന്നവരെയും ഇഷ്ടപ്പെടുന്ന കർത്താവിനെ വെളിപ്പെടുത്തുന്ന സങ്കീർത്തനങ്ങളും ധാരാളമുണ്ട്.

സാധാരണ ദിവസങ്ങളിൽ വിശുദ്ധകുർബാനയിൽ ചൊല്ലുന്ന "കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും..." എന്നു തുടങ്ങുന്ന 15-ാം സങ്കീർത്തനം ബലിയർപ്പകർക്കുണ്ടായിരിക്കേണ്ട മനോഭാവങ്ങളെയും സ്വഭാവസവിശേഷതകളെയും വ്യക്തമാക്കുന്നതാണ്. അവയെ ഇങ്ങനെ സംഗ്രഹിക്കാം

1. കറ കൂടാതെ ജീവിക്കുക
2. നീതി പ്രവർത്തിക്കുക
3. ഹൃദയത്തിൽ സത്യം ഉണ്ടായിരിക്കുക
4. നാവു കൊണ്ടു വഞ്ചിക്കാതിരിക്കുക
5. സഹോദരനോടു തിന്മ ചെയ്യാതിരിക്കുക
6. അയൽക്കാരനെതിരായ പ്രേരണയ്ക്കു വഴങ്ങാതിരിക്കുക
7. ദുഷ്ടനോടു കൂട്ടു ചേരാതിരിക്കുക
8. ദൈവഭക്തനെ മാനിക്കുക
9. സത്യപ്രതിജ്ഞ ലംഘിക്കാതിരിക്കുക
10. അന്യായപലിശ വാങ്ങിക്കാതിരിക്കുക
11. കൈക്കൂലി വാങ്ങാതിരിക്കുക

# 9
# ഉത്ഥാനഗീതം

## 1. സർവ്വാധിപനാം കർത്താവേ

"സർവ്വാധിപനാം കർത്താവേ," എന്നു തുടങ്ങുന്ന ഉത്ഥാനഗീതം ഈശോയുടെ ദൈവത്വത്തെയും മനുഷ്യത്വത്തെയും ഏറ്റുപറയുന്നു. മനുഷ്യനായി അവതരിച്ച മിശിഹാതമ്പുരാൻ തന്റെ ഉത്ഥാനത്തിലൂടെയാണു നാഥനും കർത്താവുമായി ഉയർത്തപ്പെട്ടത്. ഈശോയുടെ ഉയിർപ്പ് ഉത്ഥാനത്തിലുള്ള നമ്മുടെ പ്രത്യാശ നമ്മിൽ ഉറപ്പിക്കുന്നു. നമ്മൾ അർപ്പിക്കുന്ന വിശുദ്ധകുർബാനയും സ്വീകരിക്കുന്ന ദിവ്യകാരുണ്യവും നമ്മുടെ ഉയിർപ്പിന്റെ അച്ചാരവും ഉത്ഥിതനായ മിശിഹായോടൊത്തുള്ള സ്വർഗ്ഗത്തിലെ പുതുജീവിതത്തിന്റെ ഉറപ്പുമാണ്.

ഈശോയുടെ ഉത്ഥാനഗീതത്തിലൂടെ അവിടുത്തെ കർത്തൃത്വം നാം ഏറ്റുപറയുമ്പോഴാണ് ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലമായ മദ്ബഹായെ മറച്ചിരിക്കുന്ന വിരി മാറ്റുന്നത്. ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിന്റെ പ്രതീകമാണു മദ്ബഹ; വിരിമാറ്റുന്നതു സ്വർഗ്ഗം തുറക്കപ്പെടുന്നതിന്റെ സൂചനയും. ആ സമയത്ത് തല കുമ്പിട്ട് ആചാരം ചെയ്യുമ്പോൾ ഈശോയുടെ കർത്തൃത്വം നാം ഏറ്റുപറയുകയാണ്. ഓരോ കുർബാനയിലും തികഞ്ഞ അവബോധത്തോടെ വേണം നാം

ഇതു ചെയ്യുവാൻ. ഉത്ഥാനഗീതത്തിനുശേഷമുള്ള കീർത്തനം അതി ശക്തമായവിധത്തിൽ പരിശുദ്ധപരമ ത്രിത്വത്തിന്റെ പരമപരിശുദ്ധിയെ പ്രഘോഷിക്കുന്നു. ഒപ്പം, ബലിയർപ്പകരെല്ലാം പരമകാരുണികന്റെ കൃപ യ്ക്കുവേണ്ടി ഏറ്റം എളിമയോടെ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ജനം രണ്ടു പ്രാവശ്യവും പുരോഹിതൻ ഒരു പ്രാവശ്യവും ഈ കീർത്തനം ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു. സ്വർഗ്ഗീയ ഗണങ്ങളോടു ചേർന്നു ബലിസമൂഹം മുഴുവനും 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശു ദ്ധൻ' എന്നു പാടിപ്പുകഴ്ത്തുന്നു.

## 2. കീർത്തനം

"സഹോദരരേ, നിങ്ങൾ സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കുവിൻ" എന്ന ശുശ്രൂഷിയുടെ ആഹ്വാനത്തോടെ ഉത്ഥാ നഗീതത്തിനു ശേഷമുള്ള കീർത്തനം ആരംഭിക്കുന്നു. പ്രത്യുത്തരമായി ജനം ദൈവത്തിന്റെ അനന്തശക്തിയിലും അമർത്യതയിലും പരമപരി ശുദ്ധിയിലുമുള്ള വിശ്വാസം ഏറ്റുപറയുന്നു. "പരിശുദ്ധനായ ദൈവ മേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളു ടെമേൽ കൃപയുണ്ടാകണമേ." സ്വർഗ്ഗസ്ഥരായ മാലാഖമാരും ഇതു തന്നെയാണു ചെയ്യുക (ഏശ. 6:3). വിശുദ്ധകുർബാനയുടെ ഈ ഭാഗത്ത്, മാലാഖമാരുടെ സ്വർഗ്ഗീയാരാധനയോടു ഭൂമിയിലെ ജനം സവി ശേഷമായ വിധത്തിൽ പങ്കുചേരുകയാണ്. തുടർന്നു വരുന്ന പ്രകീർത്തനം സങ്കീർത്തനങ്ങളോടു സാധർമ്യമുള്ളതും കർത്താവിന്റെ ജീവിതത്തിലെ പരമപ്രധാനപ്പെട്ട സംഭവങ്ങളുടെയും മാതാവിന്റെയും മറ്റു വിശുദ്ധരുടെയും വിശിഷ്യാ വിശുദ്ധ തോമാശ്ലീഹയുടെയും അനു സ്മരണങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്.

## 3. വചനശുശ്രൂഷ

ദൈവത്തിന്റെ വചനം ജീവനേകുന്നതാണ്, ശക്തി പകരുന്നതാണ്, വിശുദ്ധീകരിക്കുന്നതാണ്, ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ച യേറിയതാണ്, സമൂലപരിവർത്തനം വരുത്തുന്നതാണ്, സുഖപ്പെടുത്തു ന്നതാണ്; അതു പാറയെ തകർക്കുന്ന കൂടമാണ്, പിശാചിനെതിരായ ശക്തമായ ആയുധമാണ്; ആത്മാവിന്റെ ഭോജനമാണ്; അതു പ്രബോ ധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും ഉപയുക്തമാണ്. ഈ സത്യങ്ങളൊക്കെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ശ്രദ്ധയോടും ധ്യാനനി രതരായും നാം വചനം ശ്രവിക്കണം. പരിശുദ്ധാത്മാവിനോടു പ്രാർ

ത്ഥിച്ച്, പ്രാർത്ഥനാപൂർവ്വം വചനം ശ്രവിക്കണം. വചനം പ്രഘോഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് വചനം ശ്രവിക്കുമ്പോൾ സന്ദേശങ്ങൾ ഗ്രഹിച്ചെടുക്കാൻ വളരെ എളുപ്പമായിരിക്കും.

ദൈവവചനം ഈശോ തന്നെയാണ്. കാരണം, അത് അവിടുത്തെ വചനമാണെന്നതുതന്നെ. യോഹന്നാൻ 1:1 ഇവിടെ ചേർത്തുവായിക്കേണ്ടതാണ്. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു."ബലിയർപ്പിക്കുന്ന നാം ബലിയിലും ബലിക്കു പുറമേയും ഈ സത്യത്തെക്കുറിച്ച് അവബോധമുള്ളവരായിരിക്കണം.

## 4. സുവിശേഷത്തിനു മുമ്പുള്ള പ്രാർത്ഥനകൾ

സുവിശേഷ പാരായണത്തിനു മുമ്പു പുരോഹിതൻ രണ്ടു പ്രാർത്ഥനകൾ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നുണ്ട്. "പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത അങ്ങേക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു" എന്ന പ്രാർത്ഥനയാണ് ഒന്നാമത്തേത്. ഈ പ്രാർത്ഥനയിൽ ഈശോയുടെ ഇരു സ്വഭാവങ്ങളും (ദൈവ-മനുഷ്യ സ്വഭാവങ്ങൾ) തന്റെ വചനം വഴി അവിടുന്നു നമ്മുടെ ഇരുളടഞ്ഞ ബുദ്ധിയെ പ്രകാശിപ്പിക്കുന്ന കാര്യവും വ്യക്തമാക്കിയിരിക്കുന്നു. ദിവ്യബലി ആദ്യന്തം പരിശുദ്ധ ത്രിത്വത്തിന് അർപ്പിക്കപ്പെടുന്ന ആരാധനയും സ്തുതിയും കൃതജ്ഞതയുമാണെന്നും ഈ പ്രാർത്ഥന സൂചിപ്പിക്കുന്നു.

അടുത്ത പ്രാർത്ഥന, "ലോകത്തിന്റെ പ്രകാശവും സകലത്തിന്റേയും ജീവനുമായ മിശിഹായേ, അങ്ങയെ ഞങ്ങളുടെ പക്കലേയ്ക്കയച്ച അനന്തകാരുണ്യത്തിനു സ്തുതി" എന്നു പറഞ്ഞു പിതാവിനെ സ്തുതിക്കുന്നതാണ്. ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ തിരുസുതനെ, മാനവരാശിയെ രക്ഷിക്കുന്നതിന്, ലോകത്തിലേക്ക് അയച്ചതിനാണു പിതാവിനെ സ്തുതിക്കുന്നത്.

തുടർന്നുള്ള രണ്ടു പ്രാർത്ഥനകളും ഏറെ ശ്രദ്ധേയമാണ്; അത്യന്തം ഹൃദ്യമാണ്. വൈദികൻ പ്രാർത്ഥിക്കുന്നു, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കു

ന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മ ശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങ ളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കു ന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ.

അടുത്ത പ്രാർത്ഥനയിൽ ദൈവത്തെ സർവ്വജ്ഞനായ ഭരണ കർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവും എന്നു വിശേഷിപ്പിച്ചിരിക്കുന്നു. തുടർന്നാണു പ്രാർത്ഥന: അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനു ഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ.

## 5. പ്രകീർത്തനം

അനവദ്യസുന്ദരമായ ഒരു ഭാഗമാണ് പുതിയനിയമവായനകൾക്കു മുമ്പുള്ള പ്രകീർത്തനം. സകലത്തിന്റേയും സ്രഷ്ടാവും പരിപാലകനും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനും പവിത്രാതാവുമായ പരമോന്നതനെ പാടിപ്പുകഴ്ത്തുന്നതോടൊപ്പം ആഴിയും ഊഴിയും അംബരവും വാനവിതാനങ്ങളും എപ്രകാരം ദൈവമഹത്ത്വത്തെ പാടിപ്പുകഴ്ത്തു ന്നെന്നും എല്ലാറ്റിലും നമുക്കു ദൈവമഹത്ത്വം ദർശിക്കാമെന്നും ദർശിക്കണമെന്നും ധന്യരെ ആഘോഷപൂർവ്വം അനുസ്മരിക്കണ മെന്നും മറ്റുമുള്ള നിത്യസത്യങ്ങൾ ഈ ഭാഗത്തു നമ്മെ അനുസ്മരി പ്പിക്കുന്നു. ദൈവമഹത്ത്വം അനുസ്മരിച്ചു നാം ഹല്ലേലൂയ്യാ ഗീതം പാട ണമെന്നും ഇവിടെ ഉദ്ബോധനമുണ്ട്.

സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹായിലെ ബലിപീഠം സ്വർഗ്ഗീയ സിംഹാസനത്തിന്റെ പ്രതീകമാണ്. ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള അവബോധം അവിടുത്തെ പരിശുദ്ധിയെ പാടിപ്പുകഴ്ത്തുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

## 6. സുവിശേഷം

ദൈവവചനത്തിൽ ദൈവം പ്രത്യേകമാംവിധം സന്നിഹിതനാണ്. സുവിശേഷങ്ങൾ സവിശേഷമാംവിധം നമ്മുടെ കർത്താവിനെ തന്നെ യാണു പ്രതിനിധാനം ചെയ്യുന്നത്. അതുകൊണ്ടാണ് ദിവ്യബലിയിൽ ആദ്യന്തം സുവിശേഷഗ്രന്ഥം മദ്ബഹായിലെ ബലിപീഠത്തിൽ സൂക്ഷി ക്കുന്നതും സുവിശേഷവായനയ്ക്ക് മുമ്പ് ആഘോഷപൂർവ്വം പ്രദക്ഷി

ണമായി വചനവേദിയിലേയ്ക്ക് കൊണ്ടുവരുന്നതും. മനുഷ്യനെ പ്രകാശിപ്പിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന ഈശോയെയാണു സുവിശേഷപ്രദക്ഷിണ സമയത്തു നാം അനുസ്മരിക്കുന്നത്, അനുസ്മരിക്കേണ്ടത്. ഈ സമയത്തു കാർമ്മികൻ സുവിശേഷം കൊണ്ടു സ്വന്തം മുഖം മറയ്ക്കുന്നത് താനല്ല, മിശിഹായാണു സംസാരിക്കുന്നതെന്നു സൂചിപ്പിക്കാനാണ്.

## 7. ഒരുക്കപ്രാർത്ഥനകൾ

പ്രദക്ഷിണത്തിനു മുമ്പു കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥനകൾ മേൽപ്പറഞ്ഞ ആശയം വ്യക്തമാക്കുന്നവയാണ്. “പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു.”

ദൈവവചനം നന്നായി ശ്രവിക്കുന്നതിന്റെയും ഗ്രഹിക്കുന്നതിന്റെയും ലക്ഷ്യവും പ്രാർത്ഥന വ്യക്തമാക്കുന്നു. “അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ.” ജീവദായകമായ വചനത്തിന്റെ ഫലങ്ങൾ പ്രകടമാകേണ്ടതു വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും സത്യത്തിലുമാണല്ലോ.

## 8. കാറോസൂസാ

‘ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കുമെന്നാണല്ലോ’ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും വിശുദ്ധിയോടും വേണം നാം മദ്ധ്യസ്ഥപ്രാർത്ഥന നടത്താൻ. വിശ്വാസം പ്രതീക്ഷാനിർഭരമായിരിക്കണം. അപേക്ഷിച്ചതു ലഭിച്ചുവെന്ന് ഉറച്ചു വിശ്വസിക്കുന്നതാണിത്. ദൈവത്തിന്റെ സ്നേഹവും കരുണയും സർവ്വശക്തിയുമാണ് നമ്മുടെ പ്രത്യാശയ്ക്കു നിദാനം. ബലി അമൂല്യമായതുകൊണ്ട് ബലിമദ്ധ്യേയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് മറ്റേതു പ്രാർത്ഥനയേക്കാളും ശക്തി ഉണ്ടായിരിക്കും. മാദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് ഒരു സാർവ്വത്രികമാനമുണ്ട്. എങ്കിലും ചില കാര്യങ്ങ

ളൊക്കെ നാം മനസ്സിൽ നിയോഗം വച്ചു പ്രാർത്ഥിക്കേണ്ടി വരും. അതിനു നാം പഴുതു കണ്ടെത്തണം. ബലിയർപ്പണം സജീവമാകാൻ പ്രാർത്ഥനകൾ നാം സ്വാംശീകരിക്കണം.

കാറോസൂസായ്ക്കു ശേഷം, സാധാരണദിവസങ്ങളിൽ, വൈദികൻ ചൊല്ലുന്ന പ്രാർത്ഥനയ്ക്കു പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. പ്രാർത്ഥനയ്ക്കുണ്ടായിരിക്കേണ്ട ഒട്ടുമിക്ക സവിശേഷതകളും ഇതിനുണ്ട്. "കർത്താവേ, ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾ വഴി വർഷിക്കണമേ. അങ്ങയുടെ കൃപയും അനുഗ്രഹവും അങ്ങു കാരുണ്യാതിരേകത്താൽ തെരഞ്ഞെടുത്ത അങ്ങയുടെ അജഗണമായ ജനം മുഴുവന്റേയും കടങ്ങളുടെ പൊറുതിയ്ക്കും പാപങ്ങളുടെ പാപമോചനത്തിനും കാരണമാകട്ടെ."

ദിവ്യബലി യഥാർത്ഥത്തിൽ ചെയ്യുന്ന നിരവധി കാര്യങ്ങൾ ഈ പ്രാർത്ഥനയിൽ പരാമർശിച്ചിരിക്കുന്നു. വളരെ പ്രത്യേകമായി കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും വേണ്ടി പുരോഹിതൻ പ്രാർത്ഥിക്കുന്നു. ദിവ്യബലി രക്ഷയുടെ അച്ചാരമാണ്; കടങ്ങളുടെ പൊറുതിയുടെയും പാപങ്ങളുടെ മോചനത്തിന്റെയും ബലിയും കൂദാശയുമാണ്.

വൈദികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥനയിൽ സാർവ്വത്രികവും ശ്ലൈഹികവുമായ സഭയുടെ മേൽ കർത്താവായ ദൈവം തന്റെ  കരുണ നിറഞ്ഞ വലംകൈ നീട്ടാൻ പ്രാർത്ഥിക്കുന്നുണ്ട്.. സകല വിപത്തുകളിൽ നിന്നും അതിനെ സംരക്ഷിക്കാനും ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ ബലിയർപ്പിക്കാനും തന്നെയും മറ്റെല്ലാവരെയും യോഗ്യരാക്കണമേയെന്നും അദ്ദേഹം പ്രാർത്ഥിക്കുന്നു.

അടുത്ത പ്രാർത്ഥനയിൽ ദൈവത്തിന്റെ കരുണയുടെ മുഖം അവതരിപ്പിച്ച്, ജീവിതകാലം മുഴുവൻ എല്ലാവരും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്തുവാനുള്ള അനുഗ്രഹം പ്രാർത്ഥിക്കുന്നതോടൊപ്പം ദൈവത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാനുള്ള കൃപയും പുരോഹിതൻ യാചിക്കുന്നു.

# 10

# ദിവ്യരഹസ്യഗീതം

## 1. കൈകഴുകൽ ശുശ്രൂഷ

അടുത്തതായി ദിവ്യരഹസ്യഗീതമാണ്. അതിന്റെ ആരംഭത്തിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനയും കൈകൾ കഴുകുന്നതും ഏറ്റം അർത്ഥവത്താണ്. ബലിയർപ്പകർക്കുണ്ടായിരിക്കേണ്ട ആത്മീയാവസ്ഥയെ സൂചിപ്പിക്കുന്നതും അതിനുവേണ്ടിയുള്ള പ്രാർത്ഥനയുമാണിത്. "സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ." കൈകൾ തുടയ്ക്കുമ്പോൾ പുരോഹിതൻ പറയുന്നു: "കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചു നീക്കുകയും ചെയ്യട്ടെ."

## 2. വിശുദ്ധിയോടെ ബലിയർപ്പിക്കുക

ബലിയർപ്പിക്കുന്നവരുടെ കരങ്ങളും ഹൃദയവും വിശുദ്ധമായിരിക്കണം. "വിശുദ്ധ കുർബാന വിശുദ്ധർക്കുള്ളതാകുന്നു" എന്ന പ്രഖ്യാപനത്തിൽ 'വിശുദ്ധർ' എന്ന പദം മാമ്മോദീസാ സ്വീകരിച്ചവർ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും മുകളിൽപ്പറഞ്ഞ മാനസികാവസ്ഥയെയും അതു (വിശുദ്ധി)സൂചിപ്പിക്കുന്നുവെന്നതു സത്യമാണ്.

ഈയവസരത്തിൽ ഗായകസംഘം പാടുന്ന പാട്ടിന്റെ പൊരുളും നമ്മൾ മനസ്സിലാക്കണം.

"സ്നേഹഭയങ്ങളൊടണയുക നാം
അഖിലരുമൊന്നായ് സന്നിധിയിൽ
വാനവനിരയൊടു ചേർന്നേവം പാടാം,
ദൈവം പരിശുദ്ധൻ, പരിശുദ്ധൻ
നിത്യം പരിശുദ്ധൻ"

അർപ്പകർക്കുണ്ടായിരിക്കേണ്ട ശരിയായ മനോഭാവങ്ങളാണ് മേലുദ്ധരിച്ച വാക്കുകൾ സൂചിപ്പിക്കുക. ഇതു കൂടാതെ കർത്താവിൽ ദൃഢമായി ശരണപ്പെട്ടുകൊണ്ടുവേണം ബലിയർപ്പിക്കാൻ എന്നും ഇവിടെ വ്യക്തമാക്കുന്നു.

## 3. സെമിറ്റിക് ശൈലി

"വിശുദ്ധബലിപീഠത്തിന്മേൽ, മിശിഹായുടെ അമൂല്യമായ ശരീരവും രക്തവും" എന്ന പ്രഖ്യാപനം നാം ശരിയായി മനസ്സിലാക്കണം. യഥാർത്ഥത്തിൽ അപ്പവും വീഞ്ഞും ഈശോമിശിഹായുടെ തിരുശ്ശരീര രക്തങ്ങളായി മാറിയിട്ടില്ല. പിന്നെന്തുകൊണ്ട് ഈ പ്രഖ്യാപനം? ഇതു സെമിറ്റിക് ഭാഷകളുടെ ഒരു രീതിയാണ്. സംഭവിക്കാൻ പോകുന്ന ഒരു കാര്യം അതിന്റെ പരമമായ പ്രാധാന്യം മൂലം സംഭവിക്കുന്നതിനു മുമ്പേ തന്നെ സംഭവിച്ചതായി പ്രഖ്യാപിച്ച് സദസ്യരെ ഒരുക്കമുള്ളവരാക്കുകയാണ്, ആഴമായ വിധത്തിൽ സംഭവത്തെ ഉൾക്കൊള്ളുവാൻ പ്രേരിപ്പിക്കുകയാണ് ഈ രീതി അവംലബിക്കുന്നവരുടെ ലക്ഷ്യം. മാനവനിരയോടു (സൃഷ്ടിസാകല്യത്തോടു) ചേർന്നായിരിക്കണം ബലി

യർപ്പകർ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു ദൈവത്തെ പാടിപ്പുകഴ്ത്തുക.

## 4. നിരന്തര സ്തുതി-ആരാധനയുടെ ഭാവം

തുടർന്ന് റാസയിൽ അർച്ചു ഡീക്കൻ, സാധാരണ കുർബാനകളിൽ പുരോഹിതൻ, ആരാധനാസമൂഹത്തിന് എപ്പോഴും എന്നേക്കും ഉണ്ടായിരിക്കേണ്ട അവശ്യമനോഭാവം വ്യക്തമാക്കുന്നു

"അങ്ങയുടെ ആരാധ്യമായ ത്രിത്വത്തെ എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിക്കും."

അർപ്പിക്കപ്പെടുന്ന കുർബാന മിശിഹാ വഴി, പിതാവായ ദൈവം സ്വീകരിക്കാനുള്ള അപേക്ഷയാണ് അടുത്തത്. "നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തന്റെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും സംസ്ക്കാരത്തിന്റേയും ഉത്ഥാനത്തിന്റേയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാ വഴി, പിതാവായ ദൈവം, തന്റെ കൃപയാലും അനുഗ്രഹത്താലും, ഈ ബലി നമ്മുടെ കരങ്ങളിൽ നിന്നു സ്വീകരിക്കുമാറാകട്ടെ."

ദിവ്യരഹസ്യഗീതത്തിന്റെ അടുത്ത ഭാഗത്ത് വൈദികൻ പാടുന്നു:

"താതനുമതുപോലാത്മജനും<br>ദിവ്യറൂഹായ്ക്കും സ്തുതിയെന്നും"; ഒപ്പം തന്നെ,

"ദൈവാംബികയാകും/ കന്യാമറിയത്തെ/ സാദരമോർത്തീടാം/ പാവനമീബലിയിൽ" എന്ന് അർപ്പകരെ അദ്ദേഹം അനുസ്മരിപ്പിക്കുന്നുമുണ്ട്. അപ്പോൾ ഗായകസംഘം "ശാന്തിലഭിച്ചിടുവാൻ/ നിങ്ങൾ പ്രാർത്ഥിപ്പിൻ" എന്നു ഭക്തജനത്തോടു നിർദ്ദേശിക്കുന്നു. അടുത്തതായി പുരോഹിതൻ അർപ്പകരോട് ഉപദേശിക്കുന്നു: "മാർത്തോമ്മായെയും നിണ സാക്ഷികളെയും/ സൽക്കർമ്മികളെയും ബലിയിതിലോർത്തീടാം." ആരാധനാസമൂഹത്തോടൊപ്പമുള്ള ബലവാനായ കർത്താവിനെ, രാജാവായ ദൈവത്തെ, യാക്കോബിന്റെ ദൈവത്തെ എന്നുമുള്ള തുണയെന്ന് ഏറ്റുപറഞ്ഞു ഗായകസംഘം പ്രത്യുത്തരം നൽകുകയും ചെയ്യുന്നു.

മൃതരെല്ലാവരും മിശിഹായുടെ 'മഹിതോത്ഥാനത്തിൽ' പ്രത്യാശ വച്ച്, ഉത്ഥിതരാകാൻ കൊതിക്കുന്നുവെന്നു വൈദികൻ പ്രഖ്യാപിക്കുമ്പോൾ ഗായകസംഘം ബലിയർപ്പകരെയെല്ലാം നിർദ്ദേശിക്കുന്നു: "തിരുസ്സന്നിധിയിൽ/ ഹൃദയഗതങ്ങൾ

ചൊരിയുവിനെന്നേക്കും
നോമ്പും പ്രാർത്ഥനയും/ പശ്ചാത്താപവുമായ്
ത്രിത്വത്തെ മോദാൽ
നിത്യം വാഴ്ത്തീടാം".

ഇതോടൊപ്പം വൈദികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥനയ്ക്കു വളരെ പ്രാധാന്യമുണ്ട്. "കർത്താവായ ദൈവമേ, കഴുകിശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നിൽക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർത്ഥവിശ്വാസത്തോടെ അങ്ങേക്കർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ."

# 11
# അനാഫൊറ

## 1. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും

ബലിയുടെ മർമ്മപ്രധാനമായ ഭാഗ (കൂദാശ, അനാഫൊറ) ത്തേക്ക് ആരാധനാസമൂഹം കടക്കുകയാണ്. അതുകൊണ്ടുതന്നെയാണ് വിശുദ്ധീകരിക്കപ്പെട്ട ഹൃദയവും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയും ഉള്ളവരായി അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാനും ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നിൽക്കുവാനും എല്ലാവരേയും അനുഗ്രഹിക്കണമേയെന്നു വൈദികൻ തീക്ഷ്ണമായി പ്രാർത്ഥിക്കുന്നത്. യഥാർത്ഥ വിശ്വാസത്തോടെ മഹോന്നതമായ ഈ ബലിയർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്നും വൈദികൻ പ്രാർത്ഥിക്കുന്നു.

## 2. വിശ്വാസപ്രമാണം

ദിവ്യബലിയുടെ ഏതാണ്ടു കേന്ദ്രഭാഗത്താണു വൈദികനും ആരാധനാസമൂഹവും ചേർന്ന് തങ്ങളുടെ വിശ്വാസത്തിന്റെ മഹാരഹസ്യ

ങ്ങളടങ്ങുന്ന വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലുന്നത്. ഈ വിശ്വാസപ്രഖ്യാപനം പൈശാചിക ശക്തികളെ തുരത്താനും അർപ്പകർക്ക് ഏകാഗ്രതയും ഭക്തിയും കൈവരുന്നതിനും വളരെ സഹായിക്കും. വിശ്വാസപ്രമാണവും പ്രാർത്ഥനപോലെതന്നെ കരുതി, അനുഭവിച്ചു, ധ്യാനിച്ചു, ചൊല്ലേണ്ടതാണ്.

## 3. നന്ദിയുടെ ബലി

വിശ്വാസപ്രമാണത്തിനു ശേഷം സഹായിയെ ആശീർവ്വദിച്ചിട്ടു പുരോഹിതൻ താഴ്ന്ന സ്വരത്തിൽ ഉരുവിടുന്ന പ്രാർത്ഥന വളരെ സമ്പുഷ്ടവും അവസരോചിതവുമാണ്. നിരവധി മാനങ്ങൾ തന്നെയുണ്ട് ഇതിന്. ഇതിന്റെ ആദ്യഭാഗം കൃതജ്ഞതാബലിയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, അങ്ങേക്കു ഞാൻ നന്ദി പറയുന്നു. ദിവ്യബലിയുടെ അന്തഃസത്ത വെളിപ്പെടുത്തി, അതു സമർപ്പിക്കുവാനുള്ള തന്റെ അയോഗ്യതയും ഒപ്പം ദൈവത്തിന്റെ കരുണയും വൈദികൻ ഏറ്റുപറയുന്നു രണ്ടാമത്തെ ഭാഗത്ത്. “അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളെ അങ്ങേക്കു സമർപ്പിക്കുവാൻ പാപിയായിരുന്നിട്ടും എന്നെ അങ്ങു കാരുണ്യപൂർവ്വം യോഗ്യനാക്കി.” മൂന്നാം ഭാഗത്ത് ബലിയർപ്പണത്തിനു തനിക്കുള്ള നിയോഗങ്ങളെല്ലാം വൈദികൻ ഒന്നൊന്നായി ഏറ്റുപറയുന്നു. “അങ്ങയുടെ അജഗണമായ ജനത്തിന്റെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകം മുഴുവന്റെയും അനുരഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കും വേണ്ടി ഞാൻ ഇവ അനുഷ്ഠിക്കുന്നു.”

ഈ മഹാകർമ്മം നിർവഹിക്കുന്നതിൽ തന്റെ അയോഗ്യതയെക്കുറിച്ചു കൂടുതൽ കൂടുതൽ ബോധവാനാകുന്ന പുരോഹിതൻ ബലി തന്റെ കരങ്ങൾ വഴി പൂർത്തിയാകാൻ ദൈവമക്കളുടെ പ്രാർത്ഥന യാചിക്കുന്നതു ഹൃദയസ്പർശിയായ ഒരു രംഗമാണ്. സമൂഹത്തിന്റെ മറുപടി ബലി അർപ്പിക്കപ്പെടുന്നതു ലോകം മുഴുവനും വേണ്ടിയാണെന്നു വ്യക്തമാക്കുന്നു. അർപ്പകരെല്ലാം, ഈ സത്യം ഗ്രഹിച്ചു ബലിയർപ്പിക്കണം. “സകലത്തിന്റെയും നാഥനായ ദൈവം തന്റെ അഭീഷ്ടം

നിറവേറ്റാൻ നമ്മെ ശക്തരാക്കട്ടെ. ഈ കുർബാന അവിടുന്നു സ്വീക രിക്കട്ടെ. അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനും വേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാകുകയും ചെയ്യ ട്ടെ."

അനാഫൊറയ്ക്കു തൊട്ടുമുമ്പ് പുരോഹിതൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥന ഹൃദയാവർജ്ജകവും അനുതാപജന്യവുമാണ്. "കർത്താവും ദൈവവുമായ മിശിഹായേ, ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ. ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യം നിമിത്തം നീ കോപിക്കരുതേ. നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വ ത്തോടെ സമയത്തിന്റെ സമാപ്തിയിൽ പ്രത്യക്ഷനാകുമ്പോൾ തിരു സന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും സ്വർഗ്ഗീയ ഗണങ്ങളോടു ചേർന്നു നിന്നെ സ്തുതിക്കുന്നതിനും ഞങ്ങൾ യോഗ്യ രാകുവാൻ വേണ്ടി ഈ ബലി നിന്റെ അവർണ്ണനീയമായ കൃപയാൽ പവിത്രീകരിക്കണമേ. ഞങ്ങളുടെ പാപങ്ങൾ തുടച്ചു നീക്കാൻ ഇതിനു ശക്തി നൽകുകയും ചെയ്യേണമേ."

## 4. ഒന്നാം പ്രണാമജപം (ഗ്ഹാന്ത)

ദിവ്യബലിയുടെ അതിപ്രധാനഭാഗമാണ് അനാഫൊറ. ഇതുവരെ യുള്ള ശുശ്രൂഷകൾ ഈ മഹാനിമിഷങ്ങളിലേക്കുള്ള, ഈ മഹാസംഭ വത്തിലേക്കുള്ള നല്ല ഒരുക്കമാണ്. ഒരുക്കം ദീർഘമാണ്, കാരണം സംഭവം അത്രപരമപ്രധാനമാണ്. കാർമ്മികൻ ഭയഭക്ത്യാദരവുകളോടെ കുനിഞ്ഞുനിന്ന്, കരങ്ങൾ കൂപ്പി, ഒന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു. ഈ ജപത്തിന്റെ ആഴവും വ്യാപ്തിയും വളരെ വലുതാ ണ്.

ആദ്യമായി ദൈവം തന്റെ മക്കളുടെ മേൽ ചൊരിഞ്ഞിട്ടുള്ള ആയി രമായിരം നന്മകൾക്കു പുരോഹിതൻ നന്ദി പറയുന്നു. "ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങളുടെ മേൽ വർഷിച്ച സമൃദ്ധ മായ അനുഗ്രഹങ്ങളെപ്രതി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു." അടു ത്തതായി അദ്ദേഹം ദൈവത്തിന്റെ കാരുണ്യാതിരേകം പ്രകീർത്തിക്കു ന്നു. "അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യ ങ്ങളുടെ ശുശ്രൂഷകരാകുവാൻ എളിയവരും പാപികളുമായിരുന്നിട്ടും ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി.''

അവസാനഭാഗം യാചനാപ്രാർത്ഥനയാണ്. "അങ്ങുനൽകിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൈകാര്യം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു."

## 5. സമാധാനാശംസ

ഒന്നാം പ്രണാമജപം കഴിഞ്ഞു സമാധാനാശംസയാണ്. ഇവിടെ പലരും പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്ന ഒരു കാര്യം ജനങ്ങളെ ആശീർവ്വദിക്കുന്നതിനു മുമ്പ് പുരോഹിതൻ തന്നെത്തന്നെ ആശീർവ്വദിക്കുന്നുണ്ടെന്നുള്ള  കാര്യമാണ്. ബലിപീഠം ഭക്തിപൂർവ്വം ചുംബിച്ചതിനുശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചുകൊണ്ട്, ദൈവത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിച്ചതിനുശേഷം, ഇപ്പോഴും എപ്പോഴും എന്നേക്കുമെന്ന് പറഞ്ഞ് തന്റെ മേൽ കുരിശടയാളം വരച്ചാണ് വൈദികൻ സ്വയം ആശീർവ്വദിക്കുന്നത്.

അനന്തരം ജനങ്ങളുടെ നേരെ തിരിഞ്ഞ് സമാധാനം + നിങ്ങളോടുകൂടെ എന്നുപറഞ്ഞ് അവരെയും ആശീർവ്വദിക്കുന്നു.

ചിന്തയും മനനവും പഠനവും നമ്മെ ബോധ്യപ്പെടുത്തും, ഈ സമാധാനം ഈശോ തന്നെയാണ്, പരിശുദ്ധാത്മാവു തന്നെയാണ് എന്ന്. ഈശോ പറഞ്ഞില്ലേ, 'എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു ' വെന്ന്. ഇതുലോകം തരുന്ന സമാധാനം പോലെയല്ല. ഈശോയും പരിശുദ്ധാത്മാവും ഉള്ളിടത്തു പിതാവും ഉണ്ടായിരിക്കും. "ഞാനും പിതാവും ഒന്നാകുന്നു." പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന, പിതാവിന്റെയും പുത്രന്റെയും ആത്മാവാണു പരിശുദ്ധാത്മാവ്. അതുകൊണ്ട് പരമശ്രേഷ്ഠദിവ്യബലിയിൽ സമാധാനം ആശംസിക്കപ്പെടുമ്പോൾ (മൂന്നുപ്രാവശ്യമാണ് സമാധാനം ആശംസിക്കപ്പെടുന്നത്) പരിശുദ്ധത്രിത്വം നമ്മിലേക്ക്, നമ്മിൽ ഇടമുണ്ടെങ്കിൽ, വരുമെന്നുള്ളത് ഒരു നഗ്നസത്യമാണ്.

## 6. യോഗ്യതയോടെ മാത്രം

പരിശുദ്ധ ത്രിത്വം നമ്മിലേക്ക് എഴുന്നള്ളി വരുന്നുവെന്ന സത്യത്തിൽനിന്ന് ഒരു കാര്യം വ്യക്തം. ഭക്തിയോടും ശ്രദ്ധയോടും

വിശുദ്ധിയോടും കൂടി മാത്രമേ ബലിയർപ്പിക്കാവൂ. പൗലോസ് ശ്ലീഹായുടെ മുന്നറിയിപ്പ് അതിശക്തമാണ്. 'തന്മൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ തെറ്റു ചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം (ഗൗരവമായ പാപങ്ങളുണ്ടെങ്കിൽ നല്ല കുമ്പസാരം നടത്തിയതിനുശേഷം) ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും" (1 കൊറി. 11:27-29).

## 7. സഹായിയുടെ ചില പ്രാർത്ഥനകൾ

സമാധാനാശംസയ്ക്കുശേഷം, പ്രത്യേകാവസരങ്ങളിൽ, സഹായി ചൊല്ലുന്ന പ്രാർത്ഥന പലവിധത്തിൽ ശ്രദ്ധേയമാണ്. ഈ ലോകം വിട്ട്, നിത്യത പ്രാപിച്ചിരിക്കുന്നവർക്കു സ്വർഗ്ഗസൗഭാഗ്യം സംസിദ്ധമാകുന്നതിനും ലോകസമാധാനത്തിനും കാലങ്ങൾ അനുഗൃഹീതവും ഐശ്വര്യപൂർണ്ണവുമാകുന്നതിനും ദിവ്യബലിയർപ്പിച്ചു ദിവ്യകാരുണ്യം അനുഭവിക്കുന്ന സകലർക്കും പ്രത്യേകിച്ച് പ്രസ്തുതബലിയിൽ സംബന്ധിക്കുന്നവർക്കും മറ്റെല്ലാവർക്കും ആ ബലിയിൽ ആരെങ്കിലും പ്രത്യേകം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ അവർക്കും വേണ്ടിയാണ് സഹായിയുടെ ഈ സുന്ദരവും സാരഗർഭവുമായ പ്രാർത്ഥന.

തുടർന്നുവരുന്നതു എല്ലാദിവസവും സഹായി ചൊല്ലുന്ന പ്രാർത്ഥനയാണ്. അതു ദിവ്യബലിയർപ്പിക്കുന്നവർക്കുണ്ടായിരിക്കേണ്ട മനോഭാവങ്ങൾ സുതരാം വ്യക്തമാക്കുന്നുണ്ട്. "നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടും കൂടെ കർത്താവിനു നന്ദി പറയുകയും അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവ്വം നിന്ന് ഇവിടെ അനുഷ്ഠിക്കുന്നവയെ സൂക്ഷിച്ചുവീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ തന്റെ മാദ്ധ്യസ്ഥ്യം വഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗ്ഗ

ത്തിലേക്കുയർത്തി നിശ്ശബ്ദരായി, ഏകാഗ്രതയോടും ഭക്തിയോടും ശ്രദ്ധയോടും കൂടെ നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ."

## 8. നന്ദിപ്രകാശനം

വിശുദ്ധകുർബാന നന്ദിപ്രകാശനമാണല്ലോ. ഈ നന്ദിപ്രകാശനം അനുതാപത്തോടും വിശുദ്ധിയോടും ആയിരിക്കണം. ബലിയർപ്പകനിലുണ്ടായിരിക്കേണ്ട അവശ്യഭാവമാണ് അനുതാപം. പാപികളിൽ ഒന്നാമനാണു താനെന്ന ബോദ്ധ്യവും മേലിൽ പാപം വെറുത്തുപേക്ഷിക്കാനുള്ള ഉറച്ച തീരുമാനവുമുണ്ടെങ്കിൽ അനുതാപമുണ്ടെന്ന് അനുമാനിക്കാം. അനുതാപമുള്ളവൻ പാപമോചകനായ, പരമകാരുണികനായ, കർത്താവിനെ വിളിച്ചപേക്ഷിക്കും.

ആദരപൂർവ്വമേ, കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ മാത്രമേ, ആരാധനാമനോഭാവത്തോടെ മാത്രമേ അനുതാപി ബലിയർപ്പിക്കുകയുള്ളൂ. ഇക്കാര്യവും സഹായി അർപ്പകരെ അനുസ്മരിപ്പിക്കുന്നു. ഭയഭക്തിജനകമായ രഹസ്യങ്ങളാണു കൂദാശ ചെയ്യപ്പെടുന്നതെന്നും അദ്ദേഹം വ്യക്തതയോടെ അനുസ്മരിപ്പിക്കുന്നു. 'സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി'യാണു പുരോഹിതൻ തത്സമയം പ്രാർത്ഥിക്കുന്നതെന്ന് എടുത്തുപറയുന്നു. സഹായിയുടെ തുടർന്നുള്ള നിർദ്ദേശങ്ങളെല്ലാം ദിവ്യബലിയുടെ ആരാധ്യത വ്യക്തമാക്കുന്നവയാണ്. കണ്ണുകൾ താഴ്ത്തുക, വിചാരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തുക, പരിപൂർണ്ണ നിശ്ശബ്ദരാകുക (ആന്തരികവും ബാഹ്യവുമായി), ഏകാഗ്രതയോടും ഭക്തിയോടും കൂടെ ഹൃദയത്തിൽ പ്രാർത്ഥിക്കുക ഇത്രയുമൊക്കെ ചെയ്യാൻ കഴിഞ്ഞാൽ യോഗ്യമായ മനോഭാവത്തോടെ ബലിയുടെ ഹൃദയഭാഗത്തേക്കു പ്രവേശിക്കാനാവും.

# 12

# ത്രിത്വത്തിന്റെ മഹത്ത്വത്തിനും സമൂഹത്തിന്റെ നന്മയ്ക്കും

## 1. സജീവവും വിശുദ്ധവുമായ ബലി

തുടർന്നു വൈദികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥനകളുടെ പൊരുളറിയുന്നത് ദിവ്യബലിയിലെ സജീവ ഭാഗഭാഗിത്വത്തിനു വളരെയധികം സഹായിക്കും. തന്റെ അയോഗ്യതയെക്കുറിച്ചു തികഞ്ഞ ബോധ്യമുള്ള പുരോഹിതൻ പ്രാർത്ഥിക്കുന്നു: "കർത്താവേ, ശക്തനായ ദൈവമേ, ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ. അദ്ദേഹം തുടരുന്നു, സകലത്തിന്റെയും നാഥാ, അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി സജീവവും വിശുദ്ധവുമായ ഈ ബലി തിരുസന്നിധിയിൽ അർപ്പിക്കാൻ, അങ്ങയുടെ അനുഗ്രഹത്താൽ, എന്നെ യോഗ്യനാക്കണമേ."കൂദാശ ചെയ്യപ്പെടാൻ പോകുന്ന ബലിവസ്തുക്കളിൽ ഈശോയുടെ തിരുശ്ശരീരരക്തങ്ങൾ കണ്ടുകൊണ്ടെന്ന പോലെ പുരോഹിതൻ പ്രാർത്ഥിക്കുന്നു. "കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും നീ എന്നെ

യോഗ്യനാക്കി. അപ്രകാരം തന്നെ, വിധിദിവസത്തിൽ, നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ."

## 2. ധൂപാർപ്പണം

ആഘോഷമായ ദിവ്യബലിയിൽ നാലു പ്രാവശ്യം ധൂപാർപ്പണം ഉണ്ട്. അതിനായി ധൂപം വെഞ്ചരിക്കുന്ന പ്രാർത്ഥനകളുടെയെല്ലാം അന്തഃസത്ത ഒന്നു തന്നെയാണ്. അനാഫൊറയിലുള്ള ആദ്യത്തെ ധൂപപ്രാർത്ഥന ഉദ്ധരിക്കാം. "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത്, അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ."

ഈ ചെറുപ്രാർത്ഥനയിലും ത്രിത്വസ്തുതിയുണ്ട്. അവിടുത്തെ നാമത്തിലാണു ധൂപം ആശീർവ്വദിക്കപ്പെടുന്നതെന്നും അവിടുത്തെ ബഹുമാനത്തിനാണ് ധൂപാർപ്പണം നടത്തുന്നതെന്നും പ്രാർത്ഥന വ്യക്തമാക്കുന്നു. "ഇത് അവിടുത്തെ പ്രസാദത്തിനും തന്റെ അജഗണത്തിന്റെ പാപമോചനത്തിനും കാരണമാകട്ടെ"യെന്ന ആശംസാപ്രാർത്ഥന എത്ര ഹൃദയാവർജ്ജകം!

## 3. കൂദാശവചനങ്ങൾക്കു തൊട്ടുമുമ്പുള്ള പ്രാർത്ഥനകൾ

അടുത്തതായി, കൂദാശവചനങ്ങൾക്കു തൊട്ടുമുമ്പുള്ള പ്രാർത്ഥനകളിലേയ്ക്കും അനുഷ്ഠാനങ്ങളിലേയ്ക്കും നാം പ്രവേശിക്കുകയാണ്. ആദ്യമായി കാർമ്മികൻ "നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ (തന്റെയും സന്നിഹിതരായിരിക്കുന്ന സകലരുടെയുംമേൽ) ഉണ്ടായിരിക്കട്ടെ" എന്ന് ആശംസിച്ചുകൊണ്ട് രഹസ്യ (ബലിവസ്തുക്കൾ) ങ്ങളുടെ മേൽ റൂശ്മാ ചെയ്യുന്നു. തുടർന്ന്, അവരുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക്, ദൈവത്തിലേക്ക്, ഉയർത്താൻ ജനങ്ങളോടു കാർമ്മികൻ നിർദ്ദേശിക്കുന്നു. കാരണം, സകലത്തിന്റെയും നാഥനായ ദൈവത്തിനാണു കുർബാന (ബലി) അർപ്പിക്കപ്പെടുന്നത്. ചിന്തകൾ വിണ്ണിലേക്കു ഉയർത്തുന്നത് ന്യായവും യുക്തയവും ആകുന്നുവെന്ന് ജനം ഏറ്റുപറയുന്നു. ചിന്ത

കൾ സമഗ്രമായി സ്വർഗ്ഗത്തിൽ നിക്ഷേപിക്കേണ്ട നിർണ്ണായക നിമിഷങ്ങളിലാണല്ലോ അവർ.

കുർബാനയുടെ പവിത്രതയെ ഓർത്തും തന്റെയും ജനങ്ങളുടെയും അയോഗ്യതയെ ഓർത്തും കാർമ്മികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥന എല്ലാവരും ചേർന്ന് ഉറക്കെച്ചൊല്ലിയരുന്നെങ്കിൽ എന്ന് ഓർത്തിട്ടുണ്ട്. കാരണം അത് അത്ര അർത്ഥവത്തും ഹൃദയസ്പർശിയും അനുതാപജന്യവുമാണ്. "കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും അസൂയയിലും വഞ്ചനയിലും വിദ്വേഷത്തിലും (വൈരാഗ്യത്തിലും) നിന്നു വിമുക്തമാക്കണമേ! അങ്ങയുടെ കരുണയാൽ തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ! വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശാപൂർവ്വം അനുഷ്ഠിക്കാൻ ഞങ്ങൾക്ക് ആത്മധൈര്യം നൽകുകയും ചെയ്യണമേ.!"

## 4. രണ്ടാം പ്രണാമ ജപം

തുടർന്നുള്ള രണ്ടാം പ്രണാമജപത്തിൽ "അങ്ങയുടെ മഹത്ത്വമേറിയ നാമം എല്ലാ അധരങ്ങളിലും നിന്നു സ്തുതിയും എല്ലാ നാവുകളിൽനിന്നു കൃതജ്ഞതയും എല്ലാ സൃഷ്ടികളിലും നിന്നു പുകഴ്ചയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു സകലത്തെയും കനിവോടെ സൃഷ്ടിക്കുകയും മനുഷ്യവംശത്തോട് അളവറ്റ കൃപകാണിക്കുകയും ചെയ്തു... സ്വർഗ്ഗീയ സൈന്യങ്ങൾ അങ്ങയുടെ തിരുനാമം പ്രകീർത്തിക്കുന്നു."

പ്രണാമജപത്തിൽ പറഞ്ഞ സത്യം അരക്കിട്ടുറപ്പിക്കുന്നതാണ് "ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചു കൊണ്ട് അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു" എന്ന പ്രഖ്യാപനം. സ്വർഗ്ഗവാസികളോടു ചേർന്നു ബലിയർപ്പകർ ത്രിത്വൈകദൈവത്തെ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടിപ്പുകഴ്ത്തുന്നു. ജനം പ്രത്യേകം ഏറ്റുപറയുന്നു, "അവിടുത്തെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന; ദാവീദിന്റെ പുത്രന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരാനിരിക്കുന്നവനുമായവൻ അനുഗ്രഹീതനാകുന്നു."

ഈ സമയം വൈദികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥനയിൽ പരിശുദ്ധ ത്രിത്വത്തെ ഏറ്റുപറഞ്ഞു പ്രകീർത്തിക്കുകയാണ്. "ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു. അങ്ങു മാത്രമാകുന്നു യഥാർത്ഥ പിതാവ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും അങ്ങിൽ നിന്നാകുന്നു. നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു. സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു. റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു. എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു." ഉത്ഥാനഗീതത്തിന്റെ മറ്റൊരു രൂപവും പരിശുദ്ധ ത്രിത്വത്തിനുള്ള ഒരു പുനർസമർപ്പണവുമായ ഈ പ്രാർത്ഥനയ്ക്കു ശേഷം പ്രവാചക വചനങ്ങളിൽ കാർമ്മികൻ തന്റെ പാപാവസ്ഥയും തജ്ജന്യമായ അയോഗ്യതയും ഏറ്റുപറയുന്നു. തുടർന്ന് അദ്ദേഹം പ്രാർത്ഥിക്കുന്നു. "കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ. അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ... നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും സ്തോത്രങ്ങളോടു ചേർക്കണമേ." അവസാനമായി "ഭൂവാസികളെ സ്വർഗ്ഗവാസികളോടൊന്നിപ്പിച്ച അങ്ങയുടെ അനന്തകാരുണ്യത്തിനു" സ്തുതി പാടുകയും ചെയ്യുന്നു.

## 5. മൂന്നാം പ്രണാമജപം

തുടർന്നു മൂന്നാം പ്രണാമജപമാണ്. കൂദാശാവചനങ്ങൾ ഉച്ചരിക്കുന്നതിനുള്ള ഏറ്റം അടുത്ത ഒരുക്കമാണിത്. കാർമ്മികൻ സ്വർഗ്ഗീയ ഗണങ്ങളോടു ചേർന്ന് ദൈവത്തിനു കൃതജ്ഞത അർപ്പിക്കുന്നു. വചനമാകുന്ന ദൈവത്തെ വാഴ്ത്തുന്നു. ബലിയർപ്പണത്തിൽ കർത്താവു വിധേയനാകുന്ന ശൂന്യവത്ക്കരണത്തെയും പ്രകീർത്തിക്കുന്നു. അവിടുത്തെ മനുഷ്യത്വം ഊന്നിപ്പറയുന്നു. രക്ഷാകരമായ രഹസ്യം തിരുമനസ്സധിയിൽ അർപ്പിച്ചുകൊണ്ട് ജപം അവസാനിപ്പിക്കുന്നു.

13

# THE HIGH POINT

## 1. കൂദാശ

We have reached the high point of the mystery, the moment of moments. പുരോഹിതന്റെ കരങ്ങളും നാവും ഉപയോഗിച്ച്, വചനം ഉച്ചരിച്ച്, ഈശോ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കി മാറ്റുന്നു! മാലാഖമാരും വിശുദ്ധരും ഭയഭക്ത്യാദരവുകളോടെയാണ് ഈ മഹാസംഭവം വീക്ഷിക്കുന്നത്. ശുദ്ധീകരണ സ്ഥലത്തു വേദനിക്കുന്ന ആത്മാക്കൾ വലിയ പ്രത്യാശയോടും യാചനയോടും കൂടി ദിവ്യരഹസ്യങ്ങളെ ഉറ്റുനോക്കുന്നു. പുരോഹിതനോടൊപ്പം ബലിയർപ്പിക്കുന്ന ആരാധനാസമൂഹം ഇവിടെ എത്രമാത്രം ഭയഭക്ത്യാദരവുകളോടെ, വിശുദ്ധവിചാരങ്ങളോടെ ഈ ബലിയർപ്പിച്ചാലും അത് അധികമായിപ്പോവുകയില്ല. പുരോഹിതൻ തന്റെ അയോഗ്യത തന്റെ വാക്കുകളിലും പ്രവൃത്തികളിലും വ്യക്തമാക്കുന്നുണ്ട്. ആരാധനാസമൂഹത്തിനും തികഞ്ഞ അയോഗ്യതാബോധം ഉണ്ടായിരിക്കണം.

കൂദാശവചനങ്ങൾ ഉച്ചരിച്ചുകഴിഞ്ഞു പുരോഹിതൻ പ്രണാമജപം തുടരുന്നു. ഈ പ്രാർത്ഥനയിൽ പുരോഹിതൻ ഈശോ നമുക്കു നൽകുന്ന അനുഗ്രഹങ്ങൾ അക്കമിട്ട് ഏറ്റുപറയുന്നു. പ്രസ്തുത പ്രാർത്ഥന തുടങ്ങുന്നത് ഇപ്രകാരമാണ്; "നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്ത വിധം അത്ര വലിയ അനുഗ്രഹമാണു നീ ഞങ്ങൾക്കു നൽകിയിരിക്കുന്നത്." ഏഴ് അനുഗ്രഹങ്ങളാണ് പരാമർശിക്കപ്പെടുന്നത്.

നമ്മുടെ രക്ഷയുടെ വിവിധവശങ്ങളാണ് ഈ നന്ദിപ്രകാശനത്തിൽ ഊന്നിപ്പറയുക. അപ്പവും വീഞ്ഞും ഈശോയുടെ തിരുശ്ശരീരരക്തങ്ങളായി മാറിക്കഴിഞ്ഞുടനെ കൃതജ്ഞതാസൂചകമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ വിവരിച്ചു പറയുന്നതു തികച്ചും അവസരോചിതമാണ്.

1. നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിച്ചു.
2. അധഃപതിച്ചു പോയ ഞങ്ങളെ സമുദ്ധരിച്ചു.
3. മൃതരായ ഞങ്ങളെ ജീവിപ്പിച്ചു.
4. പാപികളായ ഞങ്ങളെ (ഞങ്ങളുടെ) കടങ്ങൾ ക്ഷമിച്ചു വിശുദ്ധീകരിച്ചു.
5. ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നൽകി.
6. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി.
7. ഞങ്ങളുടെ ബലഹീനമായ മനുഷ്യപ്രകൃതിയെ നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ മഹത്ത്വമണിയിച്ചു.

അടുത്തത് ആശീർവ്വാദ പ്രാർത്ഥനയാണ്. കൃതജ്താപ്രകാശനം ആഴപ്പെടുത്താൻ അനുഗ്രഹങ്ങൾക്കെല്ലാം ഒരിക്കൽകൂടി കൃതജ്ഞത പ്രകാശിപ്പിച്ചാണ് റൂശ്മ ചെയ്യുക. ഒപ്പം ഈശോയ്ക്കു "സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു."

## 2. സാർവ്വത്രികപ്രാർത്ഥന

തുടർന്നു കാർമ്മികൻ കൈകൾ വിരിച്ചു പിടിച്ചു കൊണ്ടു ചൊല്ലുന്നത് ഒരു സാർവ്വത്രിക പ്രാർത്ഥനയാണ്. പരിശുദ്ധപിതാവ്, സഭാപി

താവ് (മേജർ ആർച്ചുബിഷപ്പ്), രൂപതയുടെ പിതാവ്, വിശുദ്ധ കത്തോലിക്കാസഭ, പുരോഹിതന്മാർ, ഭരണകർത്താക്കൾ, മേലധികാരികൾ, ക്ലേശിതർ, ദുഃഖിതർ, ദരിദ്രർ, പീഡിതർ, രോഗികൾ, ആകുലർ, മരിച്ച വിശ്വാസികൾ, സന്നിഹിതരായിരിക്കുന്ന ആരാധനാസമൂഹം, കാർമ്മികൻ എല്ലാവരും ഈ പ്രാർത്ഥനയുടെ പരിധിയിൽ വരുന്നു. കൂടാതെ പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകർ ഇവരുടെ അനുസ്മരണവും അവരോടുള്ള ആദരവും ബഹുമാനവും ഈ പ്രാർത്ഥന ലക്ഷ്യം വയ്ക്കുന്നുണ്ട്. വൈദികൻ ചൊല്ലുന്ന എല്ലാ പ്രാർത്ഥനകളും ബലിയർപ്പകരായ ദൈവജനം വൈദികനോടു ചേർന്നു മനസ്സിൽ ചൊല്ലണം. മാമ്മോദീസായിൽ അവർ സ്വീകരിച്ച പൗരോഹിത്യത്തിന്റെ ശക്തിയിലും അടിസ്ഥാനത്തിലുമാണ് അവർ ബലിയർപ്പിക്കുക. ഈശോ സ്ഥാപിച്ച മാമ്മോദീസാ സ്വീകരിച്ചവരെല്ലാം പുരോഹിതരാണ്.

ഇതിനുശേഷം ഐച്ഛികമായി ചൊല്ലാനുള്ള ഒരു പ്രർത്ഥനയുണ്ട്. പക്ഷേ, വളരെയേറെ പ്രധാനപ്പെട്ടതും സാകല്യസ്വഭാവമുള്ള ഒരു പ്രാർത്ഥനയാണിത്. കാർമ്മികൻ പ്രാർത്ഥിക്കുന്നു. “ദൈവമേ, അങ്ങയുടെ കാരുണ്യത്തിനും കൃപാധിക്യത്തിനും യോജിച്ചവിധം അങ്ങയുടെ ജനത്തോടും എളിയവനായ എന്നോടും വർത്തിക്കണമേ. എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം അങ്ങു പ്രവർത്തിക്കരുതേ; അങ്ങയുടെ കൃപയാൽ യഥാർത്ഥ വിശ്വാസത്തോടെ ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശ്ശരീരരക്തങ്ങൾ വഴി ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ.”

### 3. നാലാം പ്രണാമജപം

ഇനിയും വരുന്നതു നാലാം പ്രണാമജപമാണ്. ഇവിടെ കാർമ്മികൻ ഈശോയുടെ ശരീരരക്തങ്ങൾ പിതാവിനു സമർപ്പിക്കുന്നു. ദൈവമാതാവായ കന്യകമറിയം, നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാർ, ഇവരുടെ പാവനസ്മരണ ഉളവാക്കാൻ പിതാവിനോടു വൈദികൻ പ്രാർത്ഥിക്കുന്നു. “ജീവിതകാലം മുഴുവൻ അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നൽകണമേ.” എന്ന് അതിതീക്ഷ്ണമായി അദ്ദേഹം പ്രാർത്ഥിക്കുന്നു. അടുത്തതായി, കർത്താവു മാത്രമാണ് യഥാർത്ഥപിതാവായ ദൈവമെന്നും അവിടുത്തെ പ്രിയ പുത്രനായ

ഈശോമിശിഹായെ അങ്ങു ലോകത്തിലേക്കയച്ചുവെന്നു ഭൂവാസികളെല്ലാവരും അറിയണമെന്നും കാർമ്മികൻ വിശദാംശങ്ങളുദ്ധരിച്ചു പ്രാർത്ഥിക്കുന്നുണ്ട്. എളിയവരായ തങ്ങൾ പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യത്തെ സന്തോഷത്തോടെ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നുവെന്നു പ്രഖ്യാപിച്ച് നാലാം പ്രണാമജപം കാർമ്മികൻ ഉപസംഹരിക്കുന്നു.

# 14

# റൂഹാക്ഷണപ്രാർത്ഥന

## 1. പ്രാർത്ഥന

കാർമ്മികൻ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് റൂഹാക്ഷണ പ്രാർത്ഥന ആരംഭിക്കുന്നു. തുടർന്നു മിശിഹായുടെ ശരീരരക്തങ്ങളിന്മേൽ "അവിടുന്ന് ആവസിച്ച് ഇതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ" എന്നു പ്രാർത്ഥിക്കുന്നു. അർപ്പകരുടെ "കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടുമൊന്നിച്ചു സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ" എന്നും കാർമ്മികൻ പ്രാർത്ഥിക്കുന്നു.

രണ്ടാം ഭാഗത്ത് കാർമ്മികൻ ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ പ്രതി അവിടുത്തെ പ്രകീർത്തിക്കുന്നു; ഒപ്പം അവിടുത്തേക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

തുടർന്ന്, അദ്ദേഹം സജീവവും പരിശുദ്ധവും ജീവദായകവുമായ ദൈവത്തിന്റെ തിരുനാമത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിലും വിശിഷ്യാ, പരിശുദ്ധ കത്തോലിക്കാ സഭയിലും ശാന്തിയും സമാധാനവും പുലർത്തണമെന്നും സഭയെയും രാഷ്ട്രത്തെയും ഐക്യത്തിൽ സംരക്ഷിക്കണമെന്നും യുദ്ധങ്ങൾ ഒഴിവാക്കണമെന്നും യുദ്ധപ്രിയരായി ഭിന്നിച്ചു നിൽക്കുന്ന ജനതകളെ ചിതറിക്കണമെന്നും വിനയത്തിലും ദൈവഭയത്തിലും സമാധാനപൂർവ്വകവും ശാന്തവുമായ ജീവിതം നയിക്കാൻ താനുൾപ്പെടുന്ന ആരാധനാസമൂഹത്തിനു സാധിക്കട്ടെയെന്നും സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായോടു പുരോഹിതൻ പ്രാർത്ഥിക്കുന്നു.

തദനന്തരം, തന്റെ കാരുണ്യത്തിനൊത്തവിധം ദൈവത്തിനു തന്നോടു കരുണ തോന്നണമേയെന്നും അവിടുത്തെ കാരുണ്യാതിരേകത്തിനനുസൃതമായി തന്റെ പാപങ്ങൾ മായിച്ചുകളയണമേയെന്നും കാർമ്മികൻ, അത്യന്തം എളിമയോടെ, ദൈവത്തോടു പ്രാർത്ഥിക്കുന്നു.

## 2. റൂഹാക്ഷണ പ്രാർത്ഥനയുടെ ലക്ഷ്യങ്ങൾ

വിശുദ്ധ കുർബാനയിൽ പരിശുദ്ധാത്മക്ഷണം ലക്ഷ്യമാക്കുന്നതു താഴെപ്പറയുന്ന കാര്യങ്ങളാണ്.

1. ബലിവസ്തുക്കളെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യുക
2. ഇപ്രകാരം പവിത്രീകരിക്കപ്പെട്ട തിരുശ്ശരീരരക്തങ്ങൾ അർപ്പകരുടെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാക്കിത്തീർക്കുക
3. മരിച്ചവരുടെ ഉയിർപ്പിലുള്ള പ്രത്യാശ ഏവരിലും വളർത്തുക
4. സ്വർഗ്ഗത്തിൽ വിശുദ്ധരോടൊന്നിച്ചു പുതുജീവന് അർപ്പകരെ അർഹരാക്കുക

പവിത്രീകരിക്കുക എന്നതു പരിശുദ്ധാത്മാവിന്റെ ധർമ്മമാണ്. റൂഹാക്ഷണ പ്രാർത്ഥനയോടെ അനാഫൊറ പൂർത്തിയാകുന്നു.

ഈശോ വിശുദ്ധകുർബാന സ്ഥാപിച്ചത് നമ്മുടെ രക്ഷയ്ക്കു വേണ്ടിയാണ്. ഈ രക്ഷ പാപത്തിൽ നിന്നുള്ള രക്ഷയാണ്. അതുകൊണ്ടുതന്നെ വിശുദ്ധകുർബാനയിൽ സജീവമായും അർത്ഥപൂർണ്ണമായും പങ്കെടുത്താൽ അതുവഴിയും നമുക്കു പാപമോചനം ലഭിക്കും.

അനുരഞ്ജന കാറോസൂസായിലെ ശുശ്രൂഷിയുടെ ആഹ്വാനം പാപമോചനത്തോടു ബന്ധപ്പെടുത്തിവേണം നാം മനസ്സിലാക്കാൻ. "അനുതാപത്തിൽ നിന്നുളവാകുന്ന ശരണത്തോടെ അപരാധങ്ങളിൽ നിന്നു പിന്തിരിഞ്ഞുകൊണ്ടും പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടും സഹോദരരുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട് കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം." ഇതിനു മറുപടിയായി സമൂഹം ചൊല്ലുന്ന പ്രാർത്ഥനയും പാപമോചനത്തിനുള്ളതാണ്. "കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ." മേൽപ്പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാത്ത ആർക്കും പാപമോചനം ലഭിക്കുകയില്ല.

## 3. സുഗന്ധപൂരിതരാക്കണമേ

ആഘോഷമായ കുർബാനകളിൽ ധൂപം ആശീർവ്വദിച്ചു കൊണ്ട് കാർമ്മികൻ, വലിയ അനുതാപതത്തോടെ, തന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെന്നും ധൂപമർപ്പിക്കുന്ന ശുശ്രൂഷിയെ സുഗന്ധപൂരിതനാക്കണമെന്നും ദൈവത്തിന്റെ കാരുണ്യം കാത്തുനിൽക്കുന്ന ജനത്തെ സുഗന്ധപൂരിതരാക്കണമെ (വിശുദ്ധീകരിക്കണമെ) ന്നും ബലിപീഠത്തെയും പാപമോചകമായ തിരുശ്ശരീരരക്തങ്ങളെയും സുഗന്ധപൂരിതമാക്കണമെന്നും കർത്താവായ ദൈവത്തോട് അത്യന്തം വിനയത്തോടെ പുരോഹിതൻ പ്രാർത്ഥിക്കുന്നു.

അടുത്ത പ്രാർത്ഥനയിൽ കാർമ്മികൻ, ഈശോയുടെ തിരുശ്ശരീരരക്തങ്ങൾ സ്വീകരിക്കാനുള്ള തന്റെയും ജനത്തിന്റെയും തികഞ്ഞ അയോഗ്യത ഏറ്റുപറയുകയും ദൈവത്തിന്റെ അനന്തകരുണയിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ടു സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളെ സമീപിക്കുന്നുവെന്നു വ്യക്തമാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം നമ്മുടെ അയോഗ്യതയെ യോഗ്യതയാക്കി മാറ്റുന്നു.

ഈശോമിശിഹായോടുള്ള പ്രാർത്ഥനയാണ് അടുത്തത്. “നിന്റെ തിരുനാമത്തിനു സ്തുതിയും നാഥനായ നിനക്ക് ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ” എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ തുടർന്നു പ്രഖ്യാപിക്കുന്നതു മഹാസത്യങ്ങളാണ്. “സജീവവും ജീവദായകവുമായ ഈ അപ്പം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയതും ലോകത്തിനു മുഴുവനും ജീവൻ നൽകുന്നതുമാകുന്നു. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല. പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യും.”

# 15

# നിത്യജീവന്റെ അപ്പം

**1. എഴുന്നള്ളിപ്പ്** (Elevation)

ഈശോമിശിഹായെ കരങ്ങളിലെടുത്തുയർത്തിക്കൊണ്ടാണ് കാർമ്മികൻ തൊട്ടുമുമ്പു പരാമർശിച്ച പ്രാർത്ഥന ചൊല്ലുക. പ്രാർത്ഥനയ്ക്കു പ്രത്യുത്തരമെന്നോണം ജനം "ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു" എന്ന ദിവ്യനാഥന്റെ വാക്കുകൾ പല്ലവിയായി പാടിയിട്ട് സാദരം, വലിയവിശ്വാസത്തോടെ പ്രഖ്യാപിക്കുന്നു:

"രക്ഷകനീശോ തൻ
ശിഷ്യരെ അറിയിച്ച
ദിവ്യരഹസ്യമിതാ
സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നൽകീടുമപ്പം ഞാൻ
സ്നേഹമൊടെന്നെ കൈക്കൊൾവോ
നെന്നിൽ നിത്യംജീവിക്കും
നേടുമവൻ സ്വർഗ്ഗം നിശ്ചയമായ്"

"സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും" (യോഹ. 6:51) എന്ന ദിവ്യനാഥന്റെ ദിവ്യവചസ്സുകളാണ് ഇവിടെ ഇതിവൃത്തം.

അടുത്തതായി പല്ലവിയിൽ സമൂഹം പ്രഖ്യാപിക്കുന്നു: "നിന്റെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകന്മാർ" എന്ന്. ബലിപീഠത്തിൽ നടക്കുന്ന മഹാസംഭവത്തെ

"ക്രോവേസ്രാപ്പേന്മാ
രുന്നത ദൂതന്മാർ
ബലിപീഠത്തിങ്കൽ
ആദരവോടെ നിൽക്കുന്നു
ഭയഭക്തിയോടെ നോക്കുന്നു
പാപകടങ്ങൾ പോക്കിടുവാൻ
കർത്താവിൻ മെയ് വിഭജിക്കും
വൈദികനെ വീക്ഷിച്ചീടുന്നു."

വലിയ സത്യങ്ങളുൾക്കൊള്ളുന്ന ഈ ഗാനശകലങ്ങളൊക്കെ നമ്മെ ബലിയിൽ സന്നിഹിതമാക്കുന്ന സ്വർഗ്ഗത്തിലേക്കുയർത്തണം. നമ്മുടെ വിശ്വാസം, ദിവ്യബലിയുടെ ഓരോ ഘട്ടത്തിലും ആഴവും പരപ്പുമുള്ളതാകണം. സംഭവിക്കുന്നതെല്ലാം നാം അനുഭവിക്കണം. അങ്ങനെയാണ് നമ്മുടെ ബലി സജീവമാവുക. നമുക്കു ബലി ജീവിക്കാൻ കഴിയുക.

"തിരുസ്സന്നിധിയിങ്കൽ
പാപികളേവരെയും
മാടിവിളിച്ചവനാം
അനുതാപികളാമേവർക്കും
വാതിൽ തുറന്നു കൊടുത്തവനാം
കരുണാമയനാം കർത്താവേ,
നിൻ സവിധേ വന്നനവരതം
നിൻ സ്തുതികൾ
ഞങ്ങൾ പാടട്ടെ"

ദൈവം സ്വഭാവത്താലേ തന്നെ കാരുണ്യവാനാണ്. അവിടുത്തെ സ്നേഹത്തിന്റെ സവിശേഷത അതു കരുണാർദ്രമാണെന്നതാണ്. നേരത്തെ ഈ സ്നേഹത്തെക്കുറിച്ചു സൂചിപ്പിച്ചതാണ്. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ എന്നു നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ ഈ കരുണയെയാണു നാം അനുസ്മരിക്കുന്നതും അവിടുത്തെ അനുസ്മരിപ്പിക്കുന്നതും. ദൈവത്തിന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രമാണ് വിശുദ്ധ കുർബാനയാകുന്ന ദിവ്യരഹസ്യങ്ങൾ സമർപ്പിക്കുവാൻ എളിയവരും പാപികളുമായ നമ്മൾ അർഹരാകുന്നത്. "ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോടു ദയ തോന്നണമേ. അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി എന്റെ പാപങ്ങൾ മായിച്ചുകളയണമേ." എന്നു സങ്കീർത്തകനോടു ചേർന്നു നാം പ്രാർത്ഥിക്കുമ്പോഴും ഈ സത്യമാണു നമ്മൾ പ്രഘോഷിക്കുന്നത്.

# 16

# കർത്താവിന്റെ സമാധാനം

## 1. സമാധാനാശംസകൾ

ദിവ്യബലിയിൽ കാർമ്മികൻ മൂന്നു പ്രാവശ്യം ആരാധനാ സമൂഹത്തിനു സമാധാനം അശംസിക്കുന്നുണ്ട്. സുവിശേഷഗ്രന്ഥം ഉപയോഗിച്ചു കാർമ്മികൻ സമൂഹത്തിനു സമാധാനം ആശംസിക്കുന്നതാണ് ഒന്നാമത്തേത്. പരസ്യജീവിതകാലത്ത് അനേകർക്കു സമാധാനം പ്രദാനം ചെയ്ത, ഉത്ഥാനാനന്തരം ശിഷ്യന്മാർക്കു സമാധാനം അരുളിയ കർത്താവു തന്നെയാണ് ഇന്നു നമുക്കും സമാധാനം നൽകുന്നത്. കാരണം, സുവിശേഷഗ്രന്ഥം മനുഷ്യനായി അവതരിച്ച ഈശോയുടെ തന്നെ പ്രതീകമാണ്.

രണ്ടാമതായി, അനാഫൊറയുടെ ആരംഭത്തിൽ, മിശിഹായുടെ സിംഹാസനത്തിന്റെയും കബറിടത്തിന്റെയും പ്രതീകമായ ബലിപീഠം ചുംബിച്ച്, അവിടെനിന്നും സമാധാനം സ്വീകരിച്ചശേഷം, കാർമ്മികൻ ആ സമാധാനം ആരാധനാസമൂഹത്തിനും ആശംസിക്കുന്നു. ശുശ്രൂഷി കാർമ്മികനിൽ നിന്ന് ഏറ്റുവാങ്ങുന്ന സമാധാനം സമൂഹത്തിനു കൈമാറുന്നു.

ആധുനികലോകത്തിന്റെ ഏറ്റം വലിയ പ്രശ്നം പാപബോധമില്ലായ്മയാണ്. പാപബോധമില്ലാത്തതു ദൈവചിന്ത ഇല്ലാത്തതുകൊണ്ടാണ്. ഇത് അരാജകത്വവും അസമാധാനവും സൃഷ്ടിക്കുന്നു. ഇന്നു മാനവഹൃദയങ്ങളിൽ സമാധാനമില്ല. തന്മമൂലം കുടുംബങ്ങളിൽ സമാധാനമില്ല. സമാധാനരാജാവായ ഈശോയ്ക്കു മാത്രമേ മാനവഹൃദയങ്ങളിലും തദ്വാരാ കുടുംബങ്ങളിലും ലോകത്തു തന്നെയും സമാധാനം സംസ്ഥാപിക്കാനാവൂ. അവിടുന്ന് ഇതു സാധിക്കുന്നത് പിതാവിന്റെയും തന്റെയും ആത്മാവായ പരിശുദ്ധാത്മാവു വഴിയാണ്.

വിശുദ്ധ കുർബാന സ്വീകരണത്തിനു മുമ്പാണ് മൂന്നാമത്തെ സമാധാനാശംസ നൽകുന്നത്. വിശുദ്ധ കുർബാനസ്വീകരണം വിശുദ്ധിയോടെ ആയിരിക്കണമെന്നു കാർമ്മികൻ തുടർന്ന് ഉദ്ബോധിപ്പിക്കുന്നു. ഇതും നമ്മൾ മുമ്പു പരാമർശിച്ചിട്ടുള്ളതാണ്.

## 2. വിശുദ്ധിയോടെ മാത്രം

ദൈവം പരമപരിശുദ്ധനാകയാൽ അവിടുത്തെ സമീപിക്കുന്നവർക്കും വിശുദ്ധിയുണ്ടാകണം. ഈ ലോകത്തിലെ ചിന്തകളിൽ നിന്നും പ്രവർത്തനരീതികളിൽ നിന്നും അകന്നുനിന്ന് ദൈവികമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കുമ്പോഴാണ് ഒരുവൻ വിശുദ്ധി പ്രാപിക്കുന്നത്. ഈ ലോകത്തിന്റെ വഴികൾ സ്വാർത്ഥതയുടെയും മറ്റെല്ലാത്തരം തിന്മകളുടേതുമാണ്. ഇതിൽനിന്നുമാറി പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിലൂടെ ചരിക്കുമ്പോൾ, വിശുദ്ധസ്ഥലത്ത് സ്വാതന്ത്ര്യത്തോടെ വ്യാപരിക്കാനുള്ള, അർഹത നമുക്കുണ്ടാകും. വിശുദ്ധിയിലേക്കാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്.

ദൈവതിരുമുമ്പിൽ നിൽക്കുമ്പോൾ ദൈവത്തിന്റെ സ്വഭാവത്തിനു ചേർന്നവിധം വേണം നാം വ്യാപരിക്കാൻ. അവിടുന്നു നമ്മുടെ സ്രഷ്ടാവും പരിപാലകനുമാണ്. നമ്മൾ അവിടുത്തോട് എല്ലാറ്റിനും കടപ്പെട്ടിരിക്കുന്നു. ഈ ബോധ്യത്തോടെ ദൈവസന്നിധിയിൽ വ്യാപരിക്കുന്നവർക്കുണ്ടാകുന്ന വികാരങ്ങളാണ് ഭക്തി, ശ്രദ്ധ, വിശുദ്ധി എന്നിവ. അതുകൊണ്ടാണു കാർമ്മികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നത്: "ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യാൻ ഞങ്ങളെ എല്ലാവരെയും ദയാപൂർവ്വം

യോഗ്യരാക്കണമേ." എന്ന്. ഇതിനു ദൈവത്തിന്റെ പ്രത്യാകാനുഗ്രഹവും കൃപയും ലഭിക്കേണ്ടതുണ്ട്. ഇവിടെ പ്രത്യേക പ്രാർത്ഥന അത്യന്താപേക്ഷിതമായി വരുന്നു.

## 3. ദൈവതിരുവിഷ്ടം എപ്പോഴും നിറവേറ്റുക

അത്ഭുതകരമായ ഒരു സത്യമാണു ജനങ്ങൾ അടുത്തപ്രാർത്ഥനയിൽ പ്രഖ്യാപിക്കുന്നത്. "അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകരായ ക്രോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും ബലിപീഠത്തിനു മുമ്പിൽ ഭയഭക്തികളോടെനിന്ന് കടങ്ങളുടെ പൊറുതിക്കായി മിശിഹായുടെ ശരീരം വിഭജിക്കുന്ന വൈദികനെ സൂക്ഷിച്ചു വീക്ഷിക്കുന്നു."

മിശിഹാ മുറിഞ്ഞത് മനുഷ്യന്റെ പാപങ്ങൾക്കു പരിഹാരമായി മരിക്കാനാണ്. അവിടുത്തെ മരണമാണു നമുക്കു പാപത്തിന്മേൽ വിജയം നേടിത്തന്നത്. അവിടുത്തെ മുറിവുകൾ നമ്മെ സുഖപ്പെടുത്തുകയും ചെയ്യുന്നു. പുരോഹിതൻ തിരുനാഥന്റെ തിരുശ്ശരീരം മുറിക്കുമ്പോൾ അവിടുത്തെ മരണം ആവർത്തിക്കപ്പെടുന്നു. അവിടുത്തെ മരണത്തിലൂടെയാണു നാം ആധ്യാത്മികജീവൻ പ്രാപിക്കുന്നത്. വി. ഫ്രാൻസിസ്സ് അസ്സീസ്സിയുടെ സമാധാന പ്രാർത്ഥനയുടെ അവസാനത്തിൽ അദ്ദേഹം പ്രഖ്യാപിക്കുന്നത് ഒരു മഹാസത്യമാണ്. 'മരിക്കുമ്പോഴാണു നാം നിത്യജീവനിലേക്കു ജനിക്കുന്നത്.' നാം പാപത്തിനു മരിച്ച് നിത്യജീവൻ അവകാശപ്പെടുത്തണമെന്നതാണ് ഇതിലെ പ്രധാന പ്രമേയം.

## 4. നീതിയുടെ വാതിൽ

ജനം തുടർന്നു അതിതീക്ഷ്ണമായി പ്രാർത്ഥിക്കുന്നു, "നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ." ഈശോയ്ക്ക് ഇപ്പോൾ ഇതു ചെയ്യാൻ കഴിയും. കാരണം അവിടുന്നു സാത്താനെ പരാജയപ്പെടുത്തി മാനവരാശിക്കു നിത്യജീവൻ സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു.

തുടർന്നുള്ള ഭാഗത്ത്, മരിച്ചു നവജീവൻ പ്രാപിച്ചവർ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന കാര്യം വ്യക്തമാക്കിയിരിക്കുന്നു. "അങ്ങയുടെ സന്നിധിയിൽ... രാപകൽ അങ്ങേയ്ക്കു സ്തുതി പാടുക." മരണാനന്തരം ഇതിനുള്ള കൃപലഭിക്കാനുള്ള അനുഗ്രഹയാചനയാണ് അവസാനഭാഗം.

തുടർന്നു കാർമ്മികൻ ഏറ്റുപറയുന്നു: "കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ യഥാർത്ഥമായി വിശ്വസിച്ചു കൊണ്ട് ഈ വിശുദ്ധരഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശ്ശരീരരക്തങ്ങളെ അങ്ങയുടെ അനുഗ്രഹത്താലും കാരുണ്യത്താലും ഞങ്ങൾ വിഭജിച്ചു റൂശ്മ ചെയ്യുന്നു."

## 5. എല്ലാറ്റിന്റെയും അടിത്തറ വിശ്വാസം

ക്രൈസ്തവജീവിതം വിശ്വാസത്തിന്റെ ജീവിതമാണ്. നമ്മുടെ കൂദാശകളുടെയെല്ലാം, വിശിഷ്യാ വിശുദ്ധ കുർബാനയുടെ അടിസ്ഥാനം, വിശ്വാസമാണ്. യഥാർത്ഥ വിശ്വാസത്തോടെ ബലിയർപ്പിക്കുന്നവർക്ക് അതു ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും ഏകാഗ്രതയോടുമല്ലാതെ അർപ്പിക്കുക അസാദ്ധ്യമാണ്. ജീവിതത്തിലാകമാനമുള്ള നമ്മുടെ വിശ്വാസത്തിന്റെ സജീവതയെക്കുറിച്ചു നാം ആത്മശോധന ചെയ്തുനോക്കണം. പലപ്പോഴും ശിഷ്യന്മാരെപ്പോലെ നാം പ്രാർത്ഥിക്കണം, "കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ" എന്ന്. തുടർന്ന്, കാർമ്മികൻ തിരുശ്ശരീരം കൊണ്ടു തിരുരക്തവും തിരുരക്തം കൊണ്ടു തിരുശ്ശരീരവും റൂശ്മ ചെയ്യുന്നു. മുറിച്ചു റൂശ്മ ചെയ്യപ്പെട്ട തിരുശ്ശരീരം കൂട്ടിച്ചേർത്തു കാസായുടെ മുകളിൽ പിടിച്ചു കൊണ്ടു പുരോഹിതൻ ചൊല്ലുന്നു: "സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്ത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും കലർത്തപ്പെടുകയും പരസ്പരം യോജിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു."

## 6. പുനരുത്ഥാനം ആവർത്തിക്കപ്പെടുന്നു

ദിവ്യരഹസ്യങ്ങൾ പരസ്പരം യോജിപ്പിക്കപ്പെടുന്നത് നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. അവിടുത്തെ പുനരുത്ഥാനമാണു നമ്മുടെ വിശ്വാസത്തിന്റെ ആണിക്കല്ല്. ഈശോമിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമാണെന്നു വി. പൗലോസ്ശ്ലീഹാ തറപ്പിച്ചു പറയുന്നുണ്ടല്ലോ. നമ്മുടെ ദൈവം ജീവി

ക്കുന്ന ദൈവമാണ്. “ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇട യിൽ അന്വേഷിക്കുന്നത് എന്തിന്?” (ലൂക്കാ. 24:5). വീണ്ടും പുറപ്പാട് 3:14 പറയുന്നു: “ഞാൻ ആകുന്നവൻ ആകുന്നു” (Iam who am). താൻ നിത്യം ജീവിക്കുന്ന സജീവനായ ദൈവമാണെന്നർത്ഥം.

ഈശോയുടെ പുനരുത്ഥാനത്തെക്കുറിച്ചു നാലു സുവിശേഷകരും പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധ മത്തായിയുടെ വാക്കുകൾ ഇവിടെ ഉദ്ധ രിക്കാം. “സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം (ഞായർ) രാവിലെ മഗ്ദലനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടി മാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു.” വസ്ത്രം മഞ്ഞു പോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: “ഭയപ്പെടേണ്ടാ, ക്രൂശിക്കപ്പെട്ട ഈശോയെയാണു നിങ്ങൾ അന്വേഷി ക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിച്ചെ യ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നു കാണുവിൻ. വേഗംപോയി അവന്റെ ശിഷ്യന്മാരോട്, അവൻ മരിച്ചവരു ടെയിടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും നിങ്ങൾക്കുമുമ്പേ ഗലീലി യിലേക്കു പോകുന്നെന്നും അവിടെവച്ച് നിങ്ങൾ അവനെ കാണുമെന്നും പറയുവിൻ. ഇതാ, ഇക്കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു.” അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യ ന്മാരെ വിവരം അറിയിക്കാൻ ഓടി. അപ്പോൾ ഈശോ എതിരേ വന്ന് അവരെ അഭിവാദനം ചെയ്തു. അവർ അവനെ സമീപിച്ചു പാദങ്ങ ളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു. ഈശോ അവരോടു പറഞ്ഞു: “ഭയപ്പെ ടേണ്ട; നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക” (മത്താ. 28:1-10).

## 7. പരിപൂർണ്ണ ദൈവത്വത്തിലും പരിപൂർണ്ണ മനുഷ്യത്വത്തിലും

ദിവ്യബലിയിൽ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, പീഡാ നുഭവം, കുരിശുമരണം, പുനരുത്ഥാനം (പെസഹാരഹസ്യങ്ങൾ) ഇവ

ആവർത്തിക്കപ്പെടുന്നു. തന്റെ പരിപൂർണ്ണദൈവത്വത്തിലും പരിപൂർണ്ണ മനുഷ്യത്വത്തിലുമാണ് ഈശോ പരിശുദ്ധകുർബാനയിൽ സന്നിഹിത നാകുന്നത്. അവിടുത്തെ ദൈവത്വത്തിലും മനുഷ്യത്വത്തിലും നാം അവിടുത്തെ ആരാധിക്കണം, സ്തുതിക്കണം, മഹത്ത്വപ്പെടുത്തണം, അവിടുത്തേക്കു നന്ദി പറയണം. "സഗ്ദീനൻമാർ ലാലാഹൂസാക്, വൽനാശൂസാക് ദ്ലാ പൂലാഗ്ഗാ." "കർത്താവേ, അങ്ങയുടെ അവിഭ ക്തമായ ദൈവത്വത്തെയും മനുഷ്യത്വത്തെയും ഞങ്ങൾ ആരാധിക്കു ന്നു." ഈശോമിശിഹാ തന്റെ സർവ്വമഹത്ത്വത്തിലും, പൂർണ്ണ മനുഷ്യ ത്വവും പൂർണ്ണ ദൈവത്വവുമായാണു പിതാവിന്റെ വലതുഭാഗത്ത് ഉപ വിഷ്ടനായിരിക്കുക.

നാം പാരാമർശിച്ചുകൊണ്ടിരിക്കുന്ന പ്രാർത്ഥനയുടെ അവസാന ഭാഗത്ത് പുരോഹിതൻ പ്രാർത്ഥിക്കുന്നു: "കർത്താവായ ദൈവമേ, ഇവി ടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധസഭയ്ക്കും ഞങ്ങൾക്കെല്ലാ വർക്കും ഈ രഹസ്യങ്ങൾവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതവും ലഭിക്കുമാറാകട്ടെ."

# 17

# മഹത്തമം

## 1. പാപപ്പൊറുതിയും മറ്റ് അനുഗ്രഹങ്ങളും

ദിവ്യബലിയിൽ നാം ദൈവത്തെ സ്നേഹിക്കുകയും നന്ദിപറയുകയും സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും ആരാധിക്കുകയും മഹത്ത്വപ്പെടുത്തുകയും പുകഴ്ത്തുകയും വാഴ്ത്തുകയും കീർത്തിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുക മാത്രമല്ല, അവിടുത്തോടു പാപപ്പൊറുതിയും മറ്റനുഗ്രഹങ്ങളും യാചിക്കുകയും ചെയ്യുന്നുണ്ട്. The Eucharist is the Supreme Form of all these. ഇതിനേക്കാൾ മഹത്തമമായി മറ്റൊന്നുമില്ല.

ദിവ്യരഹസ്യങ്ങൾ ഉൾക്കൊള്ളാൻ ഒരുങ്ങുന്ന വൈദികൻ "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ" എന്നു പറഞ്ഞു തന്നെത്തന്നെ ആശീർവ്വദിക്കുന്നു.

## 2. അനുതാപം

വിശുദ്ധകുർബാന സ്വീകരണത്തിനു മുമ്പുള്ള സുദീർഘമായ അനുതാപശുശ്രൂഷയാണ് അടുത്തത്. അതിനു മുമ്പു ശുശ്രൂഷി നടത്തുന്ന ആഹ്വാനവും ഏറെ ശ്രദ്ധേയമാണ്. "നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം."

അനുതാപശുശ്രൂഷയിൽ ഊന്നിപ്പറയുന്ന ഒരു കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. യോഗ്യതയോടെ വിശുദ്ധകുർബാന സ്വീകരിക്കുന്നവർ പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുന്നു. മറ്റൊരുകാര്യം, ഈശോയുടെ തിരുശ്ശരീരരക്തങ്ങളുടെ സ്വീകരണം നമ്മുടെ ശരീരങ്ങളുടെ ഉയിർപ്പിന്റെയും ആത്മാക്കളുടെ രക്ഷയുടെയും അച്ചാരമാണ് എന്നതാണ്.

## 3. പരിശുദ്ധകുർബാന സ്വീകരണത്തിനുശേഷം

പരിശുദ്ധകുർബാന സ്വീകരണത്തിനുശേഷം പുരോഹിതൻ മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായോടു പ്രാർത്ഥിക്കുന്നു: "ഞങ്ങൾ ഭക്ഷിച്ച തിരുശ്ശരീരവും പാനം ചെയ്ത തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും തിരുസന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ."

പൂർണ്ണ അറിവോടും പൂർണ്ണ സമ്മതത്തോടും അയോഗ്യതയോടെ വിശുദ്ധ കുർബാനയിലെ ബലിവസ്തുവായ ഈശോയെ ഒരുവൻ ഹൃദയത്തിൽ സ്വീകരിച്ചാൽ നിശ്ചയമായും അത് അവന് ശിക്ഷാവിധിക്കു കാരണമാകും. മേലുദ്ധരിച്ച പ്രാർത്ഥനയിൽ അപ്രകാരമുള്ള അയോഗ്യതയെക്കുറിച്ചല്ല പരാമർശിക്കുന്നത്. പുരോഹിതനും ജനങ്ങളും ബലഹീനതമൂലം എന്തെങ്കിലും കുറവു വരുത്തിവച്ചിട്ടുണ്ടെങ്കിൽ അതിന്റെ പൊറുതിയും മോചനവുമാണ് പ്രാർത്ഥിക്കുന്നത്.

## 4. കർത്താവിനു നിരന്തരം സത്ഫലങ്ങൾ പുറപ്പെടുവിക്കുക

വൈദികന്റെ ഈ പ്രാർത്ഥനയ്ക്കുശേഷം, കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാനതിരുനാളുകളിലും, ജനം ചൊല്ലുന്ന പ്രാർത്ഥന അങ്ങേയറ്റം ഹൃദയസ്പർശിയും നിരവധി കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. "കടങ്ങളുടെ പൊറുതിക്കായി

വിശുദ്ധകുർബാന സ്വീകരിച്ച തങ്ങളുടെ കരങ്ങളെ ശക്തിപ്പെടുത്ത ണമെന്ന്" അവർ കർത്താവിനോട് പ്രാർത്ഥിക്കുന്നു. ദൈവമായ കർത്താവിന് എല്ലാദിവസവും സൽഫലങ്ങൾ സമർപ്പിക്കുവാൻ തങ്ങ ളുടെ കരങ്ങളെ യോഗ്യമാക്കണമേ എന്നും വിശുദ്ധസ്ഥലത്തു സ്തുതി കീർത്തനം പാടിയ തങ്ങളുടെ അധരങ്ങളെ സ്വർഗ്ഗത്തിൽ ദൈവത്തെ സ്തുതിച്ചു മഹത്ത്വപ്പെടുത്താൻ അർഹമാക്കണമേ എന്നും സമൂഹം തുടർന്നു പ്രാർത്ഥിക്കുന്നു.

ദൈവസ്തുതികൾ കേട്ട കാതുകൾ ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെയെന്നും അവിടുത്തെ അളവറ്റ കാരുണ്യം കണ്ട കണ്ണുകൾക്ക് കർത്താവിന്റെ അനുഗ്രഹദായകമായ പ്രത്യാഗമനം കാണാൻ ഇടവരട്ടെയെന്നും ജനം സ്വയം ആശംസിക്കുന്നു.

## 4. സത്യവും ജീവനും

ദൈവത്തെ പരിശുദ്ധൻ എന്നു പാടിപ്പുകഴ്ത്തിയ നാവുകളെ സത്യം മാത്രം പറയാൻ സന്നദ്ധമാക്കണമേയെന്നു ദൈവാലയത്തിൽ സഞ്ച രിച്ച പാദങ്ങൾക്കു പ്രകാശത്തിന്റെ സ്ഥലത്തു സഞ്ചരിക്കാൻ ഇടയാ കട്ടെയെന്നും ഈശോ മിശിഹായുടെ സജീവ ശരീരം ഉൾക്കൊണ്ട തങ്ങ ളുടെ ശരീരങ്ങൾക്കു നവജീവൻ പ്രദാനം ചെയ്യണമേയെന്നും കർത്താ വിനെ ആരാധിച്ച തങ്ങളുടെ സമൂഹത്തെ അനുഗ്രഹങ്ങൾ കൊണ്ടു സമ്പന്നമാക്കണമേയെന്നും അവിടുത്തെ അനന്തമായ സ്നേഹം തങ്ങ ളിൽ എന്നും നിലനില്ക്കട്ടേയെന്നും അവിടുത്തേക്കു സ്തുതിയുടെ ബലികളർപ്പിക്കാൻ കർത്താവിനോടുള്ള സ്നേഹത്തിൽ അവർ വളര ട്ടേയെന്നും ഏവരുടെയും യാചനകൾക്കു വാതിൽ തുറക്കണമേയെന്നും തങ്ങളുടെ ബലിയർപ്പണം കർത്തൃസന്നിധിയിൽ സ്വീകാര്യമാകട്ടെ എന്നും ജനം പ്രാർത്ഥിക്കുന്നു.

ഞായറാഴ്ചകളിലും ഓർമ്മത്തിരുനാളുകളിലും ജനം ചൊല്ലുന്ന പ്രാർത്ഥനയിൽ എല്ലാ ഉപദ്രവങ്ങളും തങ്ങളിൽ നിന്നകറ്റണമെന്നും ദേശത്തു സമാധാനവും കൃപയും വർദ്ധിപ്പിക്കണമെന്നും പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്. രണ്ടാമത്തെ ആഗമനത്തിൽ തിരുസ്സന്നിധിയിൽ തങ്ങൾ ജീവൻ കണ്ടെത്തട്ടെയെന്നും കർത്താവിന്റെ അഭീഷ്ടമനുസ രിച്ച് അവിടുത്തെ എതിരേല്ക്കാനുള്ള കൃപ നൽകണമേ എന്നുമാണു തുടർന്നു പ്രാർത്ഥിക്കുന്നത്.

# 18

# കർത്താവിന്റെ കാരുണ്യം വലുത്

## 1. നാഥനെ നിരന്തരം പ്രകീർത്തിക്കുക

കർത്താവു കാണിച്ച കാരുണ്യം വലുതാണെന്നും മർത്യരായ തങ്ങളിൽ അവിടുത്തെ സ്നേഹം ഉദയം ചെയ്തെന്നും ജനം നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നു കർത്താവിന്റെ ദാനങ്ങളെപ്രതി അവിടുത്തേക്കു സ്തുതി അർപ്പിക്കുന്നു. "കനിവോടെ കടങ്ങൾ പൊറുക്കുന്നവനേ" എന്ന് അഭിസംബോധന ചെയ്ത്, ഉന്നതങ്ങളിൽ നിന്നുള്ള ദാനം വാഴ്ത്തപ്പെട്ടതാകട്ടെ എന്നും ജനം ആശംസിക്കുന്നു. ദൈവമായ കർത്താവിനു കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ, അവിടുത്തെ കരുണയാൽ തങ്ങളെല്ലാവരും യോഗ്യരാകട്ടെ എന്നും അവർ ആശംസാരൂപത്തിൽ പ്രാർത്ഥിക്കുന്നു. നാഥനായ അവിടുത്തെ എല്ലാ സമയവും പ്രകീർത്തിക്കാനുള്ള കൃപ യാചിച്ചുകൊണ്ടു ഈ സുദീർഘമായ പ്രാർത്ഥന അവസാനിപ്പിക്കുന്നു.

## 2. മനോവിശ്വാസത്തോടെ അവിടുത്തെ എതിരേല്ക്കാൻ

ഇവിടെ സാധാരണ ദിവസങ്ങളിൽ ചൊല്ലുന്ന പ്രാർത്ഥന കൂടുതൽ സംക്ഷിപ്തമാണ്. തങ്ങൾ വിശ്വാസപൂർവ്വം സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ തങ്ങളുടെ കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈശോമിശിഹായിൽ വിശ്വസിച്ച സകലരുടെയും കറകളും കടങ്ങളും അവിടുത്തെ തിരുശ്ശരീരരക്തങ്ങളാൽ നിർമ്മാർജ്ജനം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തതു നന്ദിപൂർവ്വം ഏറ്റുപറയുകയും കർത്താവു മഹത്ത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമ്പോൾ മനോവിശ്വാസത്തോടെ അവിടുത്തെ എതിരേല്ക്കുവാനും സ്വർഗ്ഗീയഗണങ്ങളോടുകൂടെ അവിടുത്തെ സ്തുതിക്കുവാനും യോഗ്യരാക്കണമേ എന്നും പ്രാർത്ഥിക്കുന്നു.

## 3. സ്തുതിയും കൃതജ്ഞതയും

ഈ പ്രാർത്ഥന കഴിയുമ്പോൾ "പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളെ സമീപിച്ച് ഇവയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കെല്ലാവർക്കും ഇവയുടെ ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം" എന്നുപറഞ്ഞ് ദൈവത്തിനു കൃതജ്ഞതാസ്തോത്രങ്ങൾ അർപ്പിക്കാൻ സഹായി സമൂഹത്തെ ആഹ്വാനം ചെയ്യുന്നു.

അപ്പോൾ ജനം ഏറ്റം ഹൃദ്യമായി പ്രതികരിക്കുന്നു: "അവർണ്ണനീയമായ ഈ ദാനത്തിനു കർത്താവേ അങ്ങേക്കു സ്തുതി" പരിശുദ്ധകുർബാന കർത്താവിന്റെ അവർണ്ണനീയ ദാനമാണ്. ഇതിന് എത്ര നന്ദി പറഞ്ഞാലും മതിയാകുകയില്ല.

ഞായറാഴ്ചകളിലും തിരുനാളുകളിലും വൈദികൻ ചൊല്ലുന്ന രണ്ടു വിടവാങ്ങൽ പ്രാർത്ഥനകൾ ഉണ്ട്. കർത്താവിന്റെ മഹനീയനാമത്തിന് എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുക യോഗ്യവും യുക്തവുമാണെന്നു വൈദികൻ ഏറ്റുപറയുന്നു. തുടർന്നു കർത്താവു കാരുണ്യപൂർവ്വം ചെയ്തനന്മകൾ ഏറ്റുപറയുകയാണ്. തിരുവചനങ്ങളുടെ മാധുര്യം ആസ്വദിക്കുവാനും മാലാഖമാരോടുകൂടെ തിരുനാമത്തെ സ്തുതിക്കുവാനും അവിടുത്തെ ദാനമായ ദിവ്യരഹസ്യങ്ങ

ളിൽ പങ്കുകൊള്ളുവാനും മഹോന്നതനായ ദൈവത്തിനു സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾ ഇടവിടാതെ ആലപിക്കുവാനും ബലഹീനനായ തന്നെയും ബലഹീനരായ ജനത്തെയും കാരുണ്യപൂർവ്വം യോഗ്യരാക്കിയതിനു പരിശുദ്ധത്രിത്വത്തോടുള്ള കൃതജ്ഞതാപ്രകാശനമാണ് ഈ പ്രാർത്ഥനയുടെ അന്തഃസത്ത.

## 4. ദൈവത്തെ പ്രസാദിപ്പിക്കുക

അടുത്തതു ജനത്തിനുള്ള ആഹ്വാനമാണ്. കർത്താവിന്റെ "അമൂല്യമായ തിരുശ്ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ നമ്മുടെ കർത്താവും ദൈവവും രാജാവും രക്ഷകനും ജീവദാതാവുമായ മിശിഹാ കൃപാപൂർവ്വം നമ്മെ യോഗ്യരാക്കി. (അതുകൊണ്ട്) വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുംവഴി തന്നെ പ്രസാദിപ്പിക്കാൻ അവിടുന്നു നമ്മെ അനുഗ്രഹിക്കട്ടെ."

രണ്ടാംഭാഗത്ത് സകലത്തിന്റെയും നാഥനായ കർത്താവിനോടു പ്രാർത്ഥിക്കുകയാണ്: "ഞങ്ങൾ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ ഈ അച്ചാരം നിന്റെ കാരുണ്യാധിരേകത്താൽ ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള പ്രത്യാശയ്ക്കും നിന്റെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച എല്ലാവരോടുമൊന്നിച്ചു സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ."

## 5. ഉന്നതങ്ങളിൽ നിന്നുള്ള ആരാധ്യമായ ദാനത്തിനു സ്തുതി

സാധാരണദിനങ്ങളിലെ ഒന്നാമത്തെ പ്രാർത്ഥനയിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ദിവ്യരഹസ്യങ്ങൾ കടങ്ങളുടെ മോചനത്തിനായി കർത്താവായ ദൈവം കാരുണ്യപൂർവ്വം നൽകിയതിനു മഹനീയ ത്രിത്വത്തിനു സ്തുതിയും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ തങ്ങൾ കടപ്പെട്ടവരാകുന്നുവെന്ന് അവിടുത്തോട് സസന്തോഷം ഏറ്റുപറയുന്നു.

രണ്ടാമത്തെ പ്രാർത്ഥനയിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ കുർബാനവഴി, മനുഷ്യവർഗ്ഗത്തിന്റെ

പ്രതീക്ഷയായ മിശിഹാ, തങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്ത, ഉന്നതങ്ങളിൽ നിന്നുള്ള, ആരാധ്യമായ ദാനത്തെ വൈദികൻ വാഴ്ത്തുന്നു.

## ഹൂത്താമ്മ

ഇതു സമാപനാശീർവ്വാദമാണ്. കർത്താവിന്റെ വാഗ്ദാനമനുസരിച്ച് മിശിഹാ എല്ലാവരെയും അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ, ദിവ്യരഹസ്യങ്ങളിൽ പങ്കുകൊണ്ട എല്ലാവരെയും ദൈവം മഹത്ത്വമണിയിക്കട്ടെ, കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ ബലിയർപ്പകരെല്ലാവരും  മുദ്രിതരാക്കട്ടെ, എല്ലാവരും എല്ലാ വിപത്തുകളിൽ നിന്നും എപ്പോഴും സംരക്ഷിതരുമാകട്ടെ എന്നതാണ് ആശീർവ്വാദത്തിന്റെ സംക്ഷേപം.

# ഉപസംഹാരം

## 1. അവസാനം വരെ സ്നേഹിച്ചു

"ലോകത്തിൽ തനിക്കു സ്വന്തമായവരെ അവൻ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു"(യോഹ. 13:1). സ്വയം ശൂന്യനായി, മനുഷ്യനായി അവതരിച്ച്, കുരിശിലെ ത്യാഗവും യാഗവുമായി, ഏറ്റം ചെറുതായി, തനിക്കു സ്വന്തമായുള്ളവരെ അവിടുന്ന് അവസാനംവരെ സ്നേഹിച്ചു. 'എല്ലാം പൂർത്തിയായി' എന്നു പ്രഖ്യാപിച്ചുകൊണ്ടാണല്ലോ അവിടുന്ന് അന്ത്യശ്വാസം വലിച്ചത്. പരിശുദ്ധ കുർബാനയിലൂടെ അവിടുന്നു നമ്മിൽ വസിക്കുന്നു,നമ്മുടെ മധ്യേ ജീവിക്കുന്നു. ഈ സ്നേഹസാന്നിദ്ധ്യം അനശ്വരമാണ്.

## 2. പരിശുദ്ധ കുർബാനയും പാദക്ഷാളനവും

പരിശുദ്ധ കുർബാനയോട് അഭേദ്യമായി ബന്ധപ്പെട്ട്, അതിന് ഉപോദ്ബലകമായി നിൽക്കുകയാണു കർത്താവു നടത്തിയ പാദക്ഷാളനം. "ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു" (യോഹ. 13:15).

എന്നരുളിച്ചെയ്ത് എളിമയുടെ ശുശ്രൂഷയിൽ നാം ഉത്തരോത്തരം വളരണമെന്നു വ്യക്തമാക്കാനാണ് അവിടുന്ന് ഇത്ര ചെറുതായത്. സർവ്വംസ്പർശിയായ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ബലിയും ജീവകാരുണ്യവും സത്താപരമായി ബന്ധപ്പെട്ടിരിക്കുന്ന യഥാർത്ഥ്യങ്ങളാണ്. പരിശുദ്ധ കുർബാനയും പുതിയകല്പനയും (യോഹ. 13:34) ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്.

ബലിപീഠത്തിലെ ഭാഗഭാഗിത്വവും സഹോദരരെ സ്നേഹിക്കുന്നതിനുള്ള കടമയും പരസ്പരപൂരകങ്ങളാണ്. ഈശോമിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്ന നാം പരസ്പരം പാദങ്ങൾ കഴുകാനും കടപ്പെടുന്നു. യഥാർത്ഥ എളിമയിലൂടെ നാം "സ്വയം ശൂന്യനാക്കി ദാസവേഷം ധരിച്ച" (ഫിലി. 2:7) വന്റെ പ്രതിരൂപങ്ങളാകുവാൻ പ്രതിജ്ഞാബദ്ധരാകുകയാണ്.

## 3. പരിശുദ്ധ കുർബാനയും അനുരഞ്ജന കൂദാശയും

പരിശുദ്ധ കുർബാനയും അനുരഞ്ജനകൂദാശയുമായും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കുർബാനയ്ക്ക് ഒരുക്കമായി വിശുദ്ധ കുമ്പസാരം എന്ന കൂദാശ സ്വീകരിക്കാൻ പരിശുദ്ധപിതാവു ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ സഭാതനയരെയെല്ലാം സസ്നേഹം ആഹ്വാനം ചെയ്തിട്ടുണ്ട്. പരിശുദ്ധ കുർബാന അർത്ഥസമ്പുഷ്ടമായി അർപ്പിക്കാൻ, യോഗ്യതയോടെ അർപ്പിക്കാൻ, വിശുദ്ധി അത്യന്താപേക്ഷിതമാണ്. ദിവ്യകാരുണ്യം യോഗ്യതയോടെ സ്വീകരിക്കാൻ പ്രാപ്തി നൽകുന്നതും പാപംവഴി ഒരുവനു നഷ്ടപ്പെട്ട ദൈവകൃപ, പ്രസാദവരം,പുനഃസ്ഥാപിക്കുന്നതും അനുരഞ്ജനകൂദാശയാണ്. തന്റെ ജ്ഞാനോദ്ദീപകവും ക്ഷമാപൂർവ്വവുമായ ഉപദേശം വഴി കുമ്പസാരക്കാരൻ അനുതാപിയെ ഈശോയുമായി ഒരു ആഴമേറിയ കൂട്ടായ്മയിലേക്കു നയിക്കുന്നു.

## 4. വിശുദ്ധ കുമ്പസാരം അത്യന്താപേക്ഷിതം

ദൈവവുമായി വിഛേദിക്കപ്പെട്ടതോ ദൃഢതയില്ലാതിരുന്നതോ ആയ ബന്ധം പുനഃസ്ഥാപിക്കാൻ കുമ്പസാരം എന്ന കൂദാശ കൂടിയേ കഴിയൂ. കുമ്പസാരം വഴി പുനഃസ്ഥാപിക്കപ്പെട്ട ബന്ധത്തെ പരിശുദ്ധ കുർബാന പൂർണ്ണഫലദായകത്വത്തിലേക്കു നയിക്കുന്നു.

## 5. സഭയുടെ ആത്മീയനന്മ മുഴുവൻ പരിശുദ്ധ കുർബാനയിൽ

സഭയുടെ ആത്മീയനന്മ മുഴുവൻ പരിശുദ്ധ കുർബാനയിൽ ഉൾച്ചേർന്നിരിക്കുന്നു. അതായത്, പരിശുദ്ധാത്മാവിലൂടെ മനുഷ്യജീവൻ നൽകപ്പെട്ടതും ദൈവത്വം മൂലം ജീവദായകവുമായ തന്റെ ശരീരത്തിലൂടെ, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ, പെസഹാക്കുഞ്ഞാടായ ക്രിസ്തുവിനെത്തന്നെ പരിശുദ്ധകുർബാനയിൽ നമുക്കു ലഭിക്കുന്നു. അങ്ങനെ, ക്രിസ്തുവിനോടൊപ്പം നമ്മെത്തന്നെയും നമ്മുടെ എല്ലാ പ്രവൃത്തികളെയും സൃഷ്ടി സാകല്യത്തെയും നിത്യപിതാവിനു, ക്രിസ്തുവിലൂടെ, സമർപ്പിക്കുന്നതിനു അർപ്പകർ ക്ഷണിക്കപ്പെടുന്നു, നയിക്കപ്പെടുന്നു.

## 6. യുഗാന്ത്യോന്മുഖത

മനുഷ്യന്റെ യുഗാന്ത്യോന്മുഖത പരിപക്വമാകുന്നത് ഈശോമിശിഹായുടെ തിരുശരീരരക്തങ്ങളിലാണ്. കാരണം, ആ തിരുശരീരരക്തങ്ങളിൽ നിന്നാണ് ആത്മീയ ജീവനും രക്ഷയും രക്ഷിക്കപ്പെട്ടവരിലേക്കു ചൊരിയപ്പെട്ടിരിക്കുന്നത്. സ്വയം ദാനത്തിന്റെ പരമകാഷ്ഠയുമാണിത്. നിത്യജീവൻ പ്രാപിക്കുന്നതിന് അർപ്പകരുടെ ആധ്യാത്മികവ്യക്തിത്വം വളർന്നു വികസിക്കണം. അവരുടെ അസ്തിത്വം തന്നെ ഈശോയുടെ ശരീരരക്തങ്ങളോട് അനുരൂപപ്പെടണം. ആവുന്നത്ര യോഗ്യതയോടെ ദിവ്യരഹസ്യങ്ങളെ സമീപിക്കുന്നവരിൽ, പരിശുദ്ധകുർബാന ചൊല്ലുന്നവരിലെല്ലാവരിലും ഇവയെല്ലാം നിഗൂഢമായി സംഭവിക്കുന്നുണ്ട്.

തനിക്കായി നൽകപ്പെട്ട തിരുശ്ശരീരത്താലും തനിക്കായി ചിന്തപ്പെട്ട തിരുരക്തത്താലും പരിപോഷിപ്പിക്കപ്പെടുന്ന വിശ്വാസി തന്നെത്തന്നെ ദൈവത്തിനും ദൈവമക്കൾക്കും ദാനമായി നൽകുന്നതിനുള്ള ശക്തി വിശുദ്ധ കുർബാനയിൽ നിന്നു കൈവരിക്കണം. ഇല്ലെങ്കിൽ അവനെ സംബന്ധിച്ചിടത്തോളം ബലി അപൂർണ്ണമായി നിലകൊള്ളും. സെന്റ് അഗസ്റ്റിൻ പറയുന്നുണ്ട്: "നിങ്ങൾ സ്വീകരിക്കുന്നതെന്തോ അതായിത്തീരുക. നിങ്ങൾ ആയിരിക്കുന്നതെന്തോ അതു സ്വീകരിക്കുക."

## 7. ഈശോയെ കാണാൻ കൂടെക്കൂടെ പോകുക

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ യുവജനങ്ങളെ (എല്ലാവരെയും) ഉപദേശിക്കുന്നു: "പ്രിയ യുവജനങ്ങളേ, രക്ഷകനായ ഈശോമിശിഹായെ കാണാൻ പോകുക! പരിശുദ്ധ കുർബാനയിൽ അവിടുത്തെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുക. ഈ കാലഘട്ടത്തിൽ അവിടുത്തെ അപ്പസ്തോലന്മാരാകുന്നതിനുള്ള ധൈര്യം അവിടുന്നിൽ നിന്നു നിങ്ങൾ ആർജ്ജിക്കുക. ഇരുപത്തൊന്നാം നൂറ്റാണ്ട് എങ്ങനെ ആയിരിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അതിനെ എങ്ങനെ നിങ്ങൾ രൂപപ്പെടുത്തുന്നുവോ, അങ്ങനെ ആയിരിക്കും അത്."

## 8. ക്ഷമിക്കുന്ന സ്നേഹം

മനുഷ്യാവതാരത്തിനും പീഡാനുഭവത്തിനും കുരിശുമരണത്തിനും കർത്താവിനെ പ്രേരിപ്പിച്ചതു ക്ഷമിക്കുന്ന സ്നേഹമാണ്. ബലിയർപ്പകർക്കുണ്ടായിരിക്കേണ്ട അവശ്യഭാവമാണു ക്ഷമിക്കുന്ന സ്നേഹം. എത്ര വ്യക്തമായ ഭാഷയിലാണ് കർത്താവ് ഈ സത്യം നമുക്കു വ്യക്തമാക്കിത്തന്നിരിക്കുന്നത്. "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെ വച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24). പരിശുദ്ധകുർബാന ചൊല്ലുന്ന എല്ലാവരും (വൈദികനും ജനങ്ങളും) അനുരഞ്ജിതരായ്, ഹൃത്തിൽ നവമൊരു പീഠമൊരുക്കി ഗുരുവിനോടുള്ള സ്നേഹത്താൽ നിറഞ്ഞു ബലിയർപ്പിക്കണമെന്ന നിർദ്ദേശം പരിശുദ്ധ കുർബാനയുടെ തുടക്കത്തിൽത്തന്നെ നൽകപ്പെടുന്നു.

അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീ യാഗം
തിരുമുമ്പാകെ അണച്ചീടാം

ഈ ക്ഷമ പൂർണ്ണവും വ്യവസ്ഥയില്ലാത്തതും അനുഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതുമായിരിക്കണം.

## 9. ആദിമസഭാംഗങ്ങൾ

എല്ലാവരുമായി അനുരഞ്ജിതരായാണ് ആദിമസഭാംഗങ്ങൾ ജീവിച്ചിരുന്നത്. അതുകൊണ്ട് പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം അവർക്ക് വളരെ എളുപ്പമായി. "അവർ ഏകമനസ്സോടെ താത്പര്യപൂർവ്വം ദൈവാലയത്തിൽ ഒരുമിച്ചുകൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും (പരിശുദ്ധകുർബാന ചൊല്ലുകയും) ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ (സ്നേഹവിരുന്ന്) പങ്കുചേരുകയും ചെയ്തിരുന്നു. അവർ സദാ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു" (നട.2: 46,47). രണ്ടാം അധ്യായം 42-ാം വാക്യം ഏറെ വിഖ്യാതമാണ്. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു."

## 10. പരിശുദ്ധകുർബാനയിലൂടെ കർത്താവിനോട് ഒട്ടിനിൽക്കുക

തങ്ങളുടെ ഐക്യത്തിന്റെയും അതിന് ആവശ്യകമായ ശൂന്യവത്ക്കരണത്തിന്റെയുമെല്ലാം അടയാളമായ, ഒരേ അപ്പത്തിലുള്ള ഭാഗഭാഗിത്വം, ഐക്യത്തിന്റെ സ്രോതസ്സായ ദൈവത്തോട് ഒട്ടിനിൽക്കാൻ ആദിമക്രൈസ്തവർക്ക് അങ്ങേയറ്റം സഹായകമായി. വിശുദ്ധ കുർബാനയിൽ നിന്ന് ഉരുത്തിരിയുന്ന ഐക്യം, കൂട്ടായ്മ, കൂട്ടുത്തരവാദിത്വം, പങ്കുവയ്ക്കൽ ഇവ ആദിമക്രൈസ്തവരുടെ മുഖമുദ്രകളായിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസവും അവിടുത്തോടുള്ള ഐക്യവും വഴി അവർക്കു കൈവന്ന ദൈവമക്കളുടെ സ്വാതന്ത്ര്യം ഉത്തരവാദിത്വപൂർവ്വം ഉപയോഗിക്കാൻ അപ്പസ്തോലന്മാർ അവർക്കു സ്നേഹപ്രേരിതമായ പ്രചോദനം നൽകിയിരുന്നു. ദിവ്യകാരുണ്യാനുഭവം ക്രൈസ്തവ ജീവിതശൈലിക്ക് അടിസ്ഥാനവും മാനദണ്ഡവും മാതൃകയുമായി മാറ്റുന്നതിൽ ആദിമക്രൈസ്തവർ വിജയിച്ചു.

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും" (യോഹ. 6:56) എന്ന തിരുലിഖിതം അതിന്റെ സകല മാനങ്ങളിലും സംഗ്രഹിച്ചവരാ

യിരുന്നു ആദിമക്രൈസ്തവ സമൂഹം. അവർക്കു ബലിയർപ്പണം തങ്ങളുടെയും തങ്ങൾക്കുള്ളവയുടെയും തങ്ങൾക്കുള്ളവരുടെയും ഒരു സമ്പൂർണ്ണ സമർപ്പണമായിരുന്നു. ദിവ്യബലിയർപ്പണം വഴി അർപ്പകരെല്ലാം ഈശോമിശിഹായുമായി സത്താപരമായി ഐക്യപ്പെടുന്നു, അവിടുന്നുമായി പൂർണ്ണതയുടെ പൂർണ്ണതയിൽ ഒന്നാകുന്നു, ഒന്നാകണം. അവർ ഈശോയുമായി ഏകശരീരമാകുന്നു. ഇതിനെയാണു ക്രിസ്തുവിലുള്ള ജീവിതമെന്നു നാം വിശേഷിപ്പിക്കുക

മാമ്മോദീസായിലൂടെ ക്രിസ്തുവുമായി ഐക്യപ്പെട്ട ക്രിസ്ത്യാനിയുടെ ഈ ഐക്യം പരിശുദ്ധകുർബാനയിൽ ആഴപ്പെടുകയും പരിപക്വമാകുകയും ചെയ്യുന്നു. ഈ ഐക്യത്തിലായിരിക്കുമ്പോൾ മാത്രമാണ് ക്രിസ്ത്യാനിക്ക് നന്മ ചെയ്തു ചുറ്റി സഞ്ചരിക്കാൻ സാധിക്കുക. ഈശോ, യാതൊരു സംശയത്തിനും ഇടമില്ലാത്ത വിധം വ്യക്തമാക്കുന്നു: "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല" (യോഹ. 15:5).

## 11. ജ്ഞാനസ്നാനവും കുമ്പസാരവും ആവർത്തിക്കപ്പെടുന്നു

വിവിധമാനങ്ങളിൽ വിശുദ്ധ കുർബാനയിൽ ജ്ഞാനസ്നാനവും വിശുദ്ധ കുമ്പസാരവും അവർത്തിക്കപ്പെടുന്നുണ്ട്. (അനുതാപ ശുശ്രൂഷയിലും ഇതര പ്രാർത്ഥനകളിലുമായി) നാം അർപ്പിക്കുന്ന ഓരോ ദിവ്യബലിയിലും ഇവയൊക്കെ സംഭവിക്കണം. പരിശുദ്ധകുർബാന പാപമോചനബലിയും പാപപരിഹാരബലിയുമാണ്. ഈ സത്യങ്ങളെല്ലാം ഉൾക്കൊണ്ടു ബലിയർപ്പിക്കുന്നവർക്കേ അത് സർവ്വംസ്പർശിയായ ഒരു അനുഭവമായി മാറുകയുള്ളൂ.

## 12. എപ്പോഴും ബലിജീവിതം നയിക്കാൻ

എപ്പോഴും ബലിജീവിതം നയിക്കേണ്ടവനാണു ക്രിസ്ത്യാനി. അവൻ ചലിക്കുന്ന ദൈവാലയവും ചരിക്കുന്ന സക്രാരിയുമായിരിക്കണം. ഇതാണ് അവന്റെ സർവ്വോത്കൃഷ്ടമായ വിളി. അവന്റെ പരമോന്നത ദൗത്യമാണ് ബലിയർപ്പിക്കുക. ഇപ്രകാരം ബലിയർപ്പിച്ച് മനുഷ്യപുത്രന്റെ "ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ

അവനെ ഉയിർപ്പിക്കും" (യോഹ. 6:54). എന്നാൽ "മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവനുണ്ടായിരിക്കുകയില്ല" (യോഹ. 6:53). യോഗ്യതയോടെ ബലിയർപ്പിക്കുന്നവർക്ക് അത് സകല അനുഗ്രഹങ്ങളുടെയും വറ്റാത്ത ഉറവിടവും കൃപയുടെ ഭാണ്ഡാഗാരവുമാണ്.

## 13. പരിശുദ്ധത്രിത്വത്തിന്റെ സ്നേഹം സമാഹരിച്ച്

പരിശുദ്ധ ത്രിത്വത്തിനു നമ്മോടുള്ള സ്നേഹം മുഴുവൻ സമാഹരിച്ചു നമുക്കു സമ്മാനിക്കാൻ കഴിയുന്നതു പരിശുദ്ധ കുർബാനയിലൂടെ മാത്രമാണ്. ഈശോ തന്റെ ചങ്കിലെ ചോര കൊണ്ടു വിരചിച്ച, സ്നേഹത്തിന്റെ മഹാകാവ്യമാണത്. ദൈവത്തിന്റെ ശക്തി മുഴുവൻ, ദൈവത്തിന്റെ സ്നേഹം മുഴുവൻ നമ്മിലേക്ക് ഒഴുകുന്നു. ഇതു പരമസ്നേഹസായൂജ്യമാണ്. വി. കുർബാനയിലൂടെ ദൈവം തന്റെ സ്നേഹത്തിന്റെ തണൽ വിരിച്ച് എപ്പോഴും നമ്മെ സംരക്ഷിക്കുന്നു. ആ സ്നേഹാമൃതം കൊണ്ടു നമുക്കു മൃഷ്ടാന്നം നൽകുന്നു. ഏതു സഹനത്തിലും പരാജയത്തിലും രോഗത്തിലും തകർച്ചയിലും പരാധീനതകളിലും നാം ഒട്ടിനിൽക്കേണ്ട, സുരക്ഷിതത്വം കണ്ടെത്തേണ്ട ബലിഷ്ഠമായ കോട്ടയാണു പരിശുദ്ധകുർബാന. പരിശുദ്ധകുർബാനയോടു ചേർന്നു നിൽക്കുന്നവനെ ദൈവം ചൂഴ്ന്നുനിൽക്കും.

## 14. ഹൃദയഭാരം അത്യുച്ചകോടിയായിരിക്കുമ്പോൾ

പരിശുദ്ധകുർബാന സ്ഥാപിക്കാൻ ഈശോയെ നിർബന്ധിച്ചത്, അവിടുത്തെ സ്നേഹം ഒന്നു മാത്രമാണ്. വേദനയുടെ പാരമ്യത്തിലായിരിക്കുമ്പോൾ, ഹൃദയം സംഘട്ടനത്താൽ അതിശക്തമായി മിടിക്കുമ്പോഴാണ്, ഹൃദയഭാരം അത്യുച്ചകോടിയിലായിരിക്കുമ്പോഴാണ് അവിടുന്ന് പരിശുദ്ധകുർബാന എന്ന കൂദാശ സ്ഥാപിച്ചത്. അധികം വൈകാതെ രക്തം വിയർക്കുകയും ചെയ്തു.

## 15. ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല

ഈ ബലിയിൽ അനുനിമിഷം നല്ലയിടയൻ തന്റെ ആടുകൾക്കു വേണ്ടി അവസാനത്തുള്ളി രക്തവും ചിന്തിമരിക്കുന്നു. തന്റെ ചങ്കുകുത്തിത്തുറന്നാണ് രക്തവും വെള്ളവും ചിന്തുക. പരിശുദ്ധ കുർബാന

യിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ നിഴലുപോലെ എപ്പോഴും നമ്മോ ടൊപ്പമുണ്ട്. ഈ അവബോധത്തിൽ നാം ജീവിക്കണം. നമുക്കു വേണ്ടി സ്വയം ദാനം ചെയ്യുന്നത് അവിടുന്നു മാത്രമാണ്. ദാനങ്ങളല്ല, ദാതാവിനെയാണു നാം തേടേണ്ടത്. അവിടുത്തെ സാന്നിദ്ധ്യം, സംരക്ഷണം, കരുതൽ, ഉറപ്പ് ഇവയെക്കുറിച്ചു നമുക്കു ബോധ്യമുണ്ടാവണം. അപ്പോൾ നാം അവിടുത്തോട് ആലോചന ചോദിച്ചു ജീവിതം ക്രമപ്പെടുത്തും. എന്റെ ഇഷ്ടമല്ല, അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെയെന്നു നാം ആത്മാർത്ഥമായി പ്രഖ്യാപിക്കും. സക്രാരിയിലെ അവിടുത്തെ സാന്നിദ്ധ്യവും നമുക്ക് ആത്മധൈര്യം പകർന്നുതരുന്നു. ഇരുളിൽ പ്രകാശമായി, അഗ്നിസ്തംഭമായി, മേഘത്തൂണായി അവിടുന്നു നമ്മെ നയിക്കും. "അവിടുന്നു നമുക്ക് ഒരു പുതിയ ഹൃദയം തരും. ഒരു പുതുചൈതന്യം നമ്മിൽ നിക്ഷേപിക്കും. ശിലാഹൃദയം മാറ്റി മാംസള ഹൃദയം തരും. തന്റെ ആത്മാവിനെ നമ്മിൽ സന്നിവേശിപ്പിക്കും. എല്ലാ അശുദ്ധിയിൽ നിന്നും നമ്മെ മോചിപ്പിക്കും" (എസെ. 36:26,27-29). കരുണ, കരുതൽ, അലിവ് ഇവയൊക്കെ നമുക്കു കൈമുതലാവും. അവിടുന്നു നമ്മെ വീണ്ടെടുക്കും. ദിവ്യകാരുണ്യം ജീവകാരുണ്യത്തിലേക്കു നയിക്കണമെന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

## 16. പുത്രന്റെ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുക

ബലി ജീവിതം നയിച്ചു നാം പുത്രന്റെ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടണം. ഇതാണ് ദൈവപിതാവ് എപ്പോഴും ആഗ്രഹിക്കുന്നത്. വിശുദ്ധരാകാൻ വിളിക്കപ്പെട്ട നമുക്ക് വിശുദ്ധിയിൽ വളരുന്നതിനുള്ള ഏറ്റം നല്ലവഴി ബലിജീവിതമാണ്. വിശുദ്ധിയിൽ ജീവിക്കുക, പരിശുദ്ധത്രിത്വത്തിൽ ജീവിക്കുക, പരിശുദ്ധാത്മാവിൽ ജീവിക്കുക, ക്രിസ്തുവിൽ ജീവിക്കുക എന്നൊക്കെ പറയുന്നത് ഒരേ യാഥാർത്ഥ്യം തന്നെയാണ്. ഇതിന് ഒരുവനെ ഏറ്റമധികം സഹായിക്കുന്നതു പരിശുദ്ധ കുർബാനയാണ്.

## 17. അനന്തയോഗ്യത, അനന്യശക്തി

ഒരു ബലിക്ക് അനന്തമായ യോഗ്യതയാണുള്ളത്; അനന്യമായ ശക്തിയാണുള്ളത്. ദിവ്യബലിവഴി നമ്മുടെ ഹൃദയങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തന മണ്ഡലങ്ങളാകുന്നു. ഈശോയ്ക്കുവേണ്ടി,

ഈശോയെ മഹത്ത്വപ്പെടുത്തി ജീവിക്കാൻ അനന്തയോഗ്യതയും ശക്തിയുമുള്ള പരിശുദ്ധകുർബാനയിലെ ഈശോ നമ്മെ സഹായിക്കുന്നു. നമുക്കു ജീവിക്കുക പരിശുദ്ധ കുർബാനയാകണം. അതു നമ്മുടെ സാരസർവ്വസ്വവുമാകണം. പരിശുദ്ധകുർബാനയ്ക്കുവേണ്ടി ജീവിക്കുക. സഹനം+സ്നേഹം= പരിശുദ്ധകുർബാന. ഈശോ നമ്മെ അനുഗ്രഹിക്കാനുയർത്തുന്ന തന്റെ ദിവ്യകരത്തിന്റെ നിഴലാണ് അവിടുത്തെയും നമ്മുടെയും സഹനം.

## 18. ഈശോ നമ്മെ മനസ്സിലാക്കുന്നു

ബലിയിൽ ഈശോ നമ്മെ മനസ്സിലാക്കുന്നു. അതു നമുക്കു രക്ഷയാകുന്നു. നാം അവിടുത്തെ അടുത്ത് അറിയുന്തോറും കൂടുതൽ കൂടുതൽ ക്ഷമിക്കാനും സ്നേഹിക്കാനും നമുക്കു സാധിക്കുന്നു. കാണാനാഗ്രഹിക്കുന്നവനു സ്വയം കാണിക്കയായി കൊടുക്കുന്നവനാണു നമ്മുടെ കർത്താവ്. പൂ ചോദിക്കുന്നവനു പൂന്തോട്ടം കൊടുക്കുന്നവനാണവിടുന്ന്.

സഭയുടെ ചങ്കും വിശാലമായ ചക്രവാളവുമാണ് വിശുദ്ധ കുർബാന. അതു നമ്മുടെ അസ്തിത്വത്തിന്റെ ഭാഗമാകുമ്പോൾ നമ്മുടെ അലകുംപിടിയും മാറും. നാം തീക്ഷ്ണതയോടെ ദിവ്യബലിയിൽ സംബന്ധിക്കണം. ആദിമക്രൈസ്തവരെപ്പോലെ താത്പര്യപൂർവ്വം ബലിയർപ്പിക്കണം. നല്ല ഒരുക്കത്തോടെ ബലിയർപ്പിക്കണം. കുർബാനയ്ക്കുശേഷം നന്ദിപറഞ്ഞു കൊണ്ടിരിക്കണം. പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു നന്ദി പറയുക. ഭക്തിപൂർവ്വം ബലിയർപ്പിക്കുന്നവർ ഈശോയുടെ തിരുമുറിവുകളിലാണിരിക്കുന്നത്. ഒരു പുതിയ സമർപ്പണമനോഭാവത്തോടെ വേണം ഓരോ ദിവസവും ബലിയർപ്പിക്കാൻ. ഓരോ കുർബാനയും പുത്തൻകുർബാനയാണ്.

## 19. യോഗ്യതയോടെ ബലിയർപ്പിക്കുന്നവർ ദൈവാലയമായി മാറും

യോഗ്യതയോടെ ബലിയർപ്പിക്കുന്നവരിൽ പരിശുദ്ധാത്മാവു വന്നു വാസം ചെയ്യും. അവിടുന്നു നമ്മെ എല്ലാ നന്മയും പഠിപ്പിക്കും. തിന്മയെ ദൂരെയകറ്റും. മുറിയുന്ന തിരുവോസ്തിയിൽ നിറവാർന്ന ദൈവസ്നേഹമാണു നാം കാണുക. ഉയരുന്ന കാസായിൽ നമുക്കായ് ഒഴുകുന്ന

സ്നേഹധാര നമുക്കു കാണാം. എല്ലാ മുറിവുകളും കുറവുകളും കാസാ യിലും പീലാസയിലുമായി കാഴ്ച വച്ച് വല്ലഭനെ നാം വാഴ്ത്തണം. ഓരോ നിമിഷവും ദൈവകൃപ നമ്മിലേയ്ക്കൊഴുക്കുന്ന സ്നേഹ നിർഝരിയാണു പരിശുദ്ധ കുർബാന. ജീവാത്മാവു പരമാത്മാവിൽ ലയിക്കുന്ന, ലയിക്കേണ്ട സുന്ദരനിമിഷമാണു പരിശുദ്ധ കുർബാനയുടെ നിമിഷം. 'ആത്മനാഥാ ഞാൻ, നിന്നിൽച്ചേരണം'.

## 20. നാം അർപ്പിക്കുന്ന ദിവ്യബലിയുടെ മാഹാത്മ്യം

ഭക്തിപൂർവ്വം നാം അർപ്പിക്കുന്ന കുർബാനകൾ നമ്മുടെ മരണസ മയത്ത് നമുക്ക് ഏറ്റവും വലിയ ആശ്വാസമായിരിക്കും.

നാം അർപ്പിക്കുന്ന ഓരോ കുർബാനയും നമ്മോടൊപ്പം വിധിസ്ഥ ലത്തുവന്ന് നമുക്കുവേണ്ടി നിഖിലേശസമക്ഷം ക്ഷമാപണം ചെയ്യും.

നമ്മുടെ ഭക്തിതീക്ഷ്ണതകൾക്കനുസരിച്ച് നാം അർപ്പിക്കുന്ന ഓരോ കുർബാനയും നമ്മുടെ കാലത്തിനടുത്ത ശിക്ഷ കുറയ്ക്കും.

നാം കുർബാന അർപ്പിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തോടു (ഒപ്പം ദൈവത്വത്തോടും) കാണിക്കാവുന്ന ഏറ്റവും വലിയ ബഹുമാനമാണ് നാം കാണിക്കുക.

നാം അർപ്പിക്കുന്ന കുർബാനവഴി നമ്മുടെ വീഴ്ചകൾക്കും കുറവു കൾക്കും അനാദരവുകൾക്കും കർത്താവു തന്നെ പരിഹാരം ചെയ്യുന്നു.

നാം അർപ്പിക്കുന്ന കുർബാനയെപ്രതി നാം ഉപേക്ഷിക്കുമെന്നു പ്രതിജ്ഞ ചെയ്തിട്ടുള്ള സകല പാപദോഷങ്ങളെയും കർത്താവു പൊറുക്കുന്നു.

നാം അർപ്പിക്കുന്ന കുർബാന നമ്മുടെ മേൽ പിശാചിനുള്ള ശക്തിയെ തകർക്കുന്നു.

നാം ഭക്തിപൂർവ്വം അർപ്പിക്കുന്ന കുർബാന ശുദ്ധീകരാത്മാക്കളെ ഏറ്റവുമധികം ആശ്വസിപ്പിക്കുന്നു.

നാം അർപ്പിക്കുന്ന കുർബാന നമുക്കു വന്നു ഭവിക്കാനിരിക്കുന്ന അനേകം ആപത്തുകളിലും അനർത്ഥങ്ങളിലും നിന്ന് നമ്മെ രക്ഷിക്കും.

നാം അർപ്പിക്കുന്ന ഓരോ കുർബാനയും നമ്മുടെ ശുദ്ധീകരണ സ്ഥലത്തെ വാസത്തിന്റെ ദൈർഘ്യം കുറയ്ക്കുന്നു.

നാം അർപ്പിക്കുന്ന കുർബാനയുടെ സമയത്ത്, ഭയഭക്തിബഹുമാനാദരവുകളോടെ പരിശുദ്ധ ത്രിത്വത്തെ ആരാധിച്ചുകൊണ്ടു നിൽക്കുന്ന അനേകായിരം മാലാഖമാർ നമ്മുടെ ചുറ്റും നിൽക്കുന്നുണ്ട്.

നാം അർപ്പിക്കുന്ന കുർബാനവഴി എല്ലാക്കാര്യങ്ങളിലും നാം അനുഗ്രഹിക്കപ്പെടും.

നാം ഇപ്പോൾ അർപ്പിക്കുന്ന കുർബാന മരണശേഷം നമുക്കുവേണ്ടി മറ്റാരെങ്കിലും അർപ്പിക്കുന്ന അനേകം കുർബാനകളേക്കാൾ നമുക്ക് ഉപകാരപ്രദമായിരിക്കും.

നാം അർപ്പിക്കുന്ന കുർബാനയിൽ മറ്റുനിയോഗങ്ങൾക്കു പുറമേ അന്നത്തെ പ്രത്യേക വിശുദ്ധന്റെ ബഹുമാനാർത്ഥം എന്ന നിയോഗം കൂടി ഉണ്ടായിരുന്നാൽ കൂടുതൽ ഫലം ഉണ്ടായിരിക്കും.

ദൈവമേ, നന്ദി!

# പരിശുദ്ധകുർബാന

റവ. ഡോ. ജോസഫ് വട്ടക്കളം



പരിശുദ്ധകുർബാന, ഒരു ക്രിസ്ത്യാനിക്ക്, പരിശുദ്ധ ത്രിത്വത്തിനു നൽകാവുന്ന പരമാരാധനയാണ്, അനുപമമായ കൃതജ്ഞതാ പ്രകാശനമാണ്, സമുന്നത സ്തുതിപ്പാണ്, പ്രത്യാശനിർഭരമായ പാപപ്പരിഹാര യാചനയാണ്, സ്നേഹം തന്നെയായ പരിശുദ്ധ ത്രിത്വത്തോടുള്ള പരമോന്നത സ്നേഹപ്രകാശനമാണ്, അവിടുന്നുമായുള്ള അതിവിശുദ്ധമായ കൂട്ടായ്മയാണ്.

ഒപ്പം, പരിശുദ്ധ ത്രിത്വത്തിനു മനുഷ്യമക്കളോടുള്ള അനന്തമായ, നിത്യമായ, അതുല്യമായ സ്നേഹത്തിന്റെ സുമോഹനസമ്മാനവുമാണു പരിശുദ്ധകുർബാന.

പരിശുദ്ധകുർബാനയിൽ, പരിശുദ്ധകുർബാനയിലൂടെ, പരമകാരുണികനായ പരമോന്നതൻ പാപിയായ മനുഷ്യനോടു കാണിക്കുന്ന സ്നേഹാതിരേകം ആവിഷ്കരിക്കാൻ പരിമിതവിഭവനായ മനുഷ്യനു പറ്റിയ വാക്കുകളില്ല. അവൻ എന്തൊക്കെയോ പറഞ്ഞുവയ്ക്കുന്നുവെന്നുമാത്രം.

എങ്കിലും പരിശുദ്ധകുർബാനയുടെ ആഴവും അർത്ഥവും ഒരുപരിധിവരെ അറിയുവാനും മനസ്സിലാക്കുവാനും ഈ ഗ്രന്ഥത്തിന്റെ വായനക്കാർക്ക് സാധിക്കും, തീർച്ച.

MERIT BOOKS
P.B. No. 2050, Ernakulam - 682 018

Price: ₹80